PROCEEDINGS
of
THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION 1948/1124.

VOL. II—No. 11.

Wednesday, the 18th August 1948/2nd Chingom 1124.

The Travancore Legislative Assembly met in the Legislative Chamber, public offices, at eleven of the clock on Wednesday, the 18th August 1948/ nd Chingom 1124, with the President (the Hon'ble Mr. A. J. John) in the chair.

QUESTIONS AND ANSWERS.

ഫീൽഡാഫീസറന്മാർ.

364. **MR. P. K. KRISHNAN SASTRI** (*Meenachil II—Pulaya*): അടിയിൽ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്ക സമുദായങ്ങളുമായി ഏററവും അടുത്തു പെരുമാറാൻ സൌകര്യമുള്ള ഫീൽഡാഫീസറന്മാർക്കു കൂടുതൽ അധികാരങ്ങൾ നൽകാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE. MR. G. RAMACHANDRAN : ഫീൽഡാഫീസറന്മാക്ക് ഇപ്പോൾ തന്നെ അവരുടെ ജോലികൾ ശരിയായി നടത്തിക്കൊണ്ടു പോകാനുള്ള അധികാരങ്ങൾ നൽകിയിട്ടുണ്ടു്. അതിനാൽ തൽക്കാലം കൂടുതൽ അധികാരം കൊടുക്കേണ്ട ആവശ്യമുണ്ടെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല.

MR. P. K. KRISHNAN SASTRI : ഇന്നത്തെ നിലയ്ക്കു ഫീൽഡാഫീസർമാക്ക് പിന്നോക്ക സമുദായങ്ങളുമായി പെരുമാറുവാൻ വേണ്ടിടത്തോളം സൗകര്യം കിട്ടുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE. MR. G. RAMACHANDRAN : കുറേക്കൂടി അധികാരം കൊടുത്താൽ അതിനു പരിഹാരം ഉണ്ടാകുമെന്നു ഗവണ്മെൻറിനു തോന്നുന്നില്ല.

വൈദ്യസഹായം.

365. MR. T. T. KESAVAN SASTRI (*Kunnathunad I—Puraya*): കുന്നത്തുനാട്ട താലൂക്കിൽചേർന്ന, പെരിയാററിന്റെ വടക്കേക്കരെയുള്ള യാതൊരു ഗവണ്മെന്റു വൈദ്യസഹായങ്ങളുമില്ലാതെ സ്ഥലവാസികൾ സങ്കടപ്പെടുന്ന വിവരവും, ഒരു ഡിസ്പെൻസറി സ്ഥാപിച്ചു സഹായിക്കേണ്ട വിവരവും പൊതുജനങ്ങൾ ചേർന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഗവണ്മെന്റിൽ നിന്നും അതിന് എന്തു നടപടികൾ നടത്തിയെന്നും പറയുവാൻ ദയവുണ്ടാകുമോ ?

HON' BLE MR. G. RAMACHANDRAN : ഉണ്ട്. അത് ഗവണ്മെന്റിന്റെ പര്യാലോചനയിലിരിക്കുകയാണ്.

കുട്ടനാട്ട വെള്ളപ്പൊക്കം.

366. MR. T. T. KESAVAN SASTRI : കുട്ടനാട്ട് ചേർന്ന കൈനകരി, പുളിംകുന്ന്, രാമൻകരി, വെളിയനാട്, മുതലായ സ്ഥലങ്ങളിലെ വെള്ളപ്പൊക്കം നിമിത്തം വീടുകൾ ഒഴുകിപ്പോയും, താമസസൗകര്യങ്ങൾ നഷ്ടപ്പെട്ടും സങ്കടപ്പെടു കൂലിവേലത്തൊഴിലാളികളുടെ സങ്കടം ഗവണ്മെന്റു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നും, ഗവണ്മെന്റിൽ നിന്നും ഇവർക്ക് ഏതെങ്കിലും സഹായങ്ങൾ നൽകിയിട്ടുണ്ടോ എന്നും പറയുവാൻ ദയവുണ്ടാകുമോ. ?

HON'BLE. MR. A. THANU PILLAI : Government have not received any reports regarding the matter as far as the present season is concerned.

കമ്പൗണ്ടിംഗ് ക്ലാസ്.

367. MR. T. T. KESAVAN SASTRI : മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ പുതിയതായി ആരംഭിച്ചിട്ടുള്ള കമ്പൗണ്ടിംഗ് ക്ലാസിൽ പ്രവേശനം അനുവദിച്ചിട്ടുള്ള അദ്ധ്യേതാക്കളുടെ ജാതിതിരിച്ചുള്ള പട്ടിക എങ്ങനെയെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE. MR. G. RAMACHANDRAN : പ്രവേശനം അനുവദിച്ചിട്ടുള്ള അദ്ധ്യേതാക്കളുടെ ജാതിതിരിച്ചുള്ള പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

Hindu		*Christian*
Brahmin	I	Syrian Catholic 2
Nadar	1	
		Latin Catholic 2

Ezhava	4	Jacobite	2
Nair	6	S. I. U. C.	4
Vellala	1	Marthomite	2
Pulaya	1	Muslim	1
Other Hindus	3		30

വിമുക്തഭടന്മാരുടെ നിയമനം.

368. **MR. T. T. KESAVAN SASTRI** : വാർസർവീസുകാരായ എത്ര അപേക്ഷകർക്കു ഇതേവരെ ഗവർമെൻറു സർവീസിൽ ജോലികൊടുത്തിട്ടുണ്ടെന്നും, അവർ യഥാക്രമം ഏതെല്ലാം ജാതിക്കാരാണെന്നും, ഏതെല്ലാം ജോലികളിലാണിവരെ നിയമിച്ചിട്ടുള്ളതെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE. MR. C. KESAVAN : ൧൯൪൭ ജൂൺമാസംവരെ ഗവർമെൻറുസർവീസിൽ റിക്രൂട്ടുചെയ്ത വിമുക്തഭടന്മാരുടെ എണ്ണം ൪൧൩൧ ആണ്. ഈ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക തയാറാക്കിയിട്ടില്ല. അവയുടെ പൂർണ്ണവിവരങ്ങൾ മാസാമാസം ഗസററിൽ പരസ്യപ്പെടുത്തുന്നുണ്ട്. അതിൽനിന്ന് അറിയാൻ കഴിയുന്നതാണ്.

MR. T. T. KESAVAN SASTRI : ആകെ നിയമിച്ചിട്ടുള്ളവരിൽ സ്ത്രീകളെത്ര, പുരുഷന്മാരെത്ര എന്നു പറയുമോ?

HON'BLE. MR. C. KESAVAN : നോട്ടീസുവേണം.

MR. T. T. KESAVAN SASTRI : നിയമിച്ചിട്ടുള്ളവരുടെ ലിസ്റ്റാണോ ഗസററിൽ പരസ്യംചെയ്തിട്ടുണ്ടെന്നു പറഞ്ഞതു്, അതോ നിയമിക്കാൻ പോകുന്നവരുടെ ലിസ്റ്റാണോ?

HON'BLE. MR. C. KESAVAN: നിയമിച്ചിട്ടുള്ളവരുടെ ലിസ്ററാണു.

MR. K. A. MUHAMMED (*Quilon IV—Muslim*) : ഇപ്പോൾ നടക്കുന്ന നിയമനങ്ങളിൽ എത്ര ശതമാനമാണു വിമുക്തഭടന്മാർക്കു കൊടുക്കുന്നതു്?

HON'BLE MR. C. KESAVAN : കുറേക്കാലത്തേക്കു് വിമുക്തഭടന്മാർക്കു തന്നെ ഉദ്യോഗങ്ങൾ കൊടുത്തിരുന്നു. അടുത്തകാലത്തു് അതിനു മാററംവരുത്തി, സമുദായങ്ങളോടൊപ്പം റൊട്ടേഷൻ അനുസരിച്ചു് അവരെക്കൂടി നിയമിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിരിക്കുന്നു.

തിരുവിതാംകൂർ നാളികേരക്കമ്മിററി ആക്ട്

369. MR. MOHAMMED MUSTAFA (*Pathanapuram Muslim*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ നാളികേരക്കമ്മിററി ആക്റ്റ് (൧൧൨൦) നടപ്പിൽ വരുത്തിയതിനുശേഷം ആ നിയമപ്രകാരം ഇതുവരെ സെസ്സ് ഇനത്തിൽ ഗവൺമെൻറ് ആകെ എന്തു തുക വസൂൽ ചെയ്തിട്ടുണ്ട്?

(ബി) ഈ തുക എങ്ങിനെ വിനിയോഗിക്കുന്നു?

HON'BLE MR. T. M VARGHESE : (എ) തിരുവിതാംകൂർ നാളികേരക്കമ്മിററി ആക്റ്റ് ൧൧൨൧-ൽ നടപ്പിൽ വരുത്തിയശേഷം ഇതുവരെ ആകെ ൩,൩൭,൮൭൭ രൂപ ൧൨ ചക്രം ൩ കാശു വസൂൽ ചെയ്തിട്ടുണ്ട്.

(ബി) ഈ തുകയിൽ പിരിവിന് ചെലവായ തുക നീക്കി, ബാക്കി നാലുലക്ഷം രൂപാ മിച്ചമുള്ളതു് ഇൻഡ്യൻ സെൻട്രൽ കോക്കനട്ട്കമ്മിററിക്ക് കൊടുത്തിട്ടുണ്ട്. അതു തെങ്ങിൻെറ രോഗനിവാരണത്തിനു വേണ്ട മാർഗ്ഗങ്ങൾ അന്വേഷിക്കാനും, തേങ്ങയുടെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും നല്ല കമ്പോളങ്ങൾ കണ്ടുപിടിക്കുന്നതിനും, കൊപ്രാ, വെളിച്ചെണ്ണ, പിണ്ണാക്ക്, മുതലായവ വിററഴിക്കുന്നതിനുള്ള നടപടികൾ നടത്തുന്നതിനുംമററുമായി സെൻട്രൽകമ്മററി ചിലവാക്കുന്നു.

MR. K. A. MUHAMMED : ഇൻഡ്യാഗവൺമെൻറിൻെറ സെൻട്രൽ കോക്കനട്ട് കമ്മററിയല്ലേ റിസർച്ചുംമററും നടത്തുന്നതു്? നേരേമറിച്ച് ഈ സെസ്സുമൂലം കിട്ടുന്ന പണം ഇതിൻെറ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനല്ലേ ചെലവാക്കേണ്ടതു്?

HON'BLE. MR. T.M. VARGHESE : സെൻട്രൽ കോക്കനട്ട്കമ്മിറ്റിയിൽ ൫൦ ശതമാനംതുക തിരുവിതാംകൂർ ഗവൺമെൻറും, ബാക്കി ൫൦ ശതമാനംതുക ഇൻഡ്യാഗവൺമെൻറും കൂടി എടുത്താണു പ്രവർത്തനം നടത്തുന്നതു്. ഈ പണം ഉപയോഗിച്ചാണ് ഈ കമ്മിററി തെങ്ങിനെയും തേങ്ങയേയുംപററി പൊതുവെ റിസർച്ചുചെയ്യുന്നതിനും തെങ്ങിൻെറ രോഗം കണ്ടുപിടിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്നതു്. ഈ കാര്യങ്ങൾക്കുമാത്രമേ കമ്മിററിക്കാർ ആ പണം ചെലവാക്കുന്നുള്ളു. വ്യവസായവും കമ്മിററിയുമായി യാതൊരു ബന്ധവുമില്ല.

MR. T. A. ABDULLA :(*Ambalapuzha I—Muslim*) : ഈ സെസ്സ് ഫാക്ടറി ആക്ടിൽ ഉൾപ്പെടാത്ത മില്ലുകളിൽ നിന്നു പിരിക്കുന്നുണ്ടോ?

HON' BLE. MR. T. M. VARGHESE : ഫാക്ടറി ആക്ടിൽ ഉൾപ്പെട്ട മില്ലുകളിൽനിന്നു മാത്രമെ പിരിക്കുന്നുള്ളു എന്നാണു ഗവണ്മെൻറിൻെറ അറിവ്.

Sea Boats.

370 MR, P. S. MUHAMED (*Moovattupuzha I—Muslim*) : Will the Honourable Minister for Marine be pleased to state:

(*a*) whether it is brought to the notice of the Government that two sea boats of the Government were broken recently ;

(*b*) if so, whether Government be pleased to state the reasons fcr breakage ; and

(*c*) whether Government made any investigation on it and if so, what are the results and who is responsible for the same?

HON' BLE. MR. T. M. VARGHESE : (എ) ലാൻറിംഗ് ആൻറു ഷിപ്പിംഗ്ഫീസു കമ്മിററിവക രണ്ടുബോട്ടുകൾ അടുത്തകാലത്തു കടലിൽ നശിച്ചിട്ടുണ്ട്.

(ബി). അങ്ങനെ നഷ്ടപ്പെടുവാൻ കാരണം ൧൯൪൯ ജൂൺ ൯-ാംനു രാത്രിയിൽ അവിചാരിതമായി ഉണ്ടായ ഭയങ്കരമായ മഴയും കോളിളക്കവുമാണ്. വള്ളം പിടിച്ചു കെട്ടുവാൻ ശ്രമം ചെയ്തുവെങ്കിലും കാററിൻെറ ശക്തിമൂലം അതു കെട്ടു ഉറപ്പിക്കുവാൻ കഴിഞ്ഞില്ല.

(സി). ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്. കാററും കോളുമുണ്ടായി പ്രതിവിധി ചെയ്യാൻ കഴിഞ്ഞിടത്തോളം ചെയ്തുവെങ്കിലും ആ പ്രതിവിധികളൊന്നും മതിയാകാത്ത വിധത്തിൽ കോളിളക്കത്തിൻെറ ശക്തിനിമിത്തം ഈ ബോട്ടുകൾ നഷ്ടപ്പെട്ടിട്ടുള്ളതാണ്. വള്ളം നഷ്ടപ്പെട്ടതിൽ ഗവണ്മെൻറിനു നേരിട്ടുള്ള നഷ്ടമൊന്നുമില്ല. ആലപ്പുഴയുള്ള ലാൻറിംഗ് ആൻറു ഷിപ്പിംഗ് ഫീസു കമ്മിററിയുടെ വകയാണ് ആ ബോട്ടുകൾ. അതു നഷ്ടപ്പെട്ടതുകൊണ്ടു ജനങ്ങൾക്കുണ്ടാകുന്ന നഷ്ടം ഗവണ്മെൻറിനു നഷ്ടമാണു എന്ന രീതിയിൽ നഷ്ടമുണ്ടാകുന്നയുള്ളു. ഈ വള്ളങ്ങൾ ഉണ്ടാക്കുവാൻ ഗവണ്മെൻറു കുറെ രൂപാ കടം കൊടുത്തിട്ടുണ്ട്. പലിശക്കാണ്. അതിൽ ൧൪,൭൦൨ രൂപാ തിരിച്ചു കിട്ടിയിട്ടുണ്ട്. ബാക്കി കിട്ടുവാനുള്ളതു കൃത്യമായി ഈടാക്കത്തക്ക വ്യവസ്ഥയും ചെയ്തിട്ടുണ്ട്. ആ നിലയിൽ ഗവണ്മെൻറിനു നേരിട്ടുള്ള നഷ്ടമൊന്നും ഇതുകൊണ്ടു ഉണ്ടാകാനില്ല.

MR. P. S. MUHAMMED: ഈ വള്ളങ്ങൾ സൂക്ഷിക്കേണ്ടതു് ഈ ഫിസ്സ കമ്മിററിയുടെ ചുമതലയാണോ, അതോ ഗവൺമെൻറു ഉദ്യോഗസ്ഥന്മാരുടെ ചുമതലയാണോ?

HON' BLE. MR. T. M. VARGHESE.: ഗവൺമെൻറു ഉദ്യോഗസ്ഥന്മാരാണു അതിനു ചുമതലപ്പെട്ടിരിക്കുന്നതു്.

MR. K R. ELANKAT (*Trivandrum IV—General*) : കമ്മിററിക്കു കടംകൊടുത്തതുക എത്രയാണെന്നു പറയാമോ?

HON' BLE. MR. T. M VARGHESE : മൂന്നു ലക്ഷം രൂപാ കടം കൊടുത്തിണ്ടു്.

Accounts of the food Department.

371. MR. PAUL THALIATH (*Parur III—General*): Will the Honourable Minister for food be pleased to state:

(*a*) whether the accounts of 1120, 1121 and 1122 of the purchasing and distributing sections of the Food department have been audited?

(*b*) if the answer to (a) is in the affirmative whether the audit officers have submitted reports;

(*c*) if the answer to (b) is in the affirmative whether any loss has been sustained by Government due to the negligence of any of the officers of the department; and

(*d*) if the answer to (c) is in the affirmative the names of such officers and the accounts so lost by such officers respectively?

HON'BLE MR. K M. KORAH: (*a*) Yes.

(*b*) Audit reports for period ending 1120 have been submitted to Government separately for each food grains Depot, except in certain cases where the matter is under further correspondence. Audit reports for 1121 and 1122 are under preparation.

(*c*) No.

(*d*) Does not arise in view of the answer to C.

MR. PAUL THALIAT : ഉദ്യോഗസ്ഥന്മാരുടെ കുററംകൊണ്ടു് ഗവൺമെൻറിനു ഒരു സംഖ്യയും നഷ്ടപ്പെട്ടിട്ടില്ലെന്നാണോ പറയുന്നതു്?

HON'BLE MR. K. M. KORAH : എന്നു പറഞ്ഞില്ല. ആ റിപ്പോർട്ടു് ആഗസ്റ്റ് ൯-ാംനു-യാണു് കിട്ടിയതു് എന്നാണു പറഞ്ഞതു്. ഇപ്പോൾ അതു പഠിച്ചുകൊണ്ടിരിക്കുകയാണു്.

വയ്ക്കം ബസ്സ്റ്റാൻറു്.

372. MR. V. MADHAVAN (*Vaikom II—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രി സദയം മറുപടി നല്കുമോ?

(എ) വയ്ക്കം-കോട്ടയം ലൈനിൽ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽനിന്നും എക്സ്പ്രസ് സർവീസു നടത്തുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ വയ്ക്കത്തു ഡിപ്പാർട്ടുമെൻറുവക ബസ്സ് സ്റ്റാൻറുണ്ടോ?

(സി) വയ്ക്കത്തു രാത്രിയിൽ ബസ്സ് സൂക്ഷിക്കുന്നുണ്ടോ?

(ഡി) ഉണ്ടെങ്കിൽ എവിടെ സൂക്ഷിക്കുന്നു?

(ഇ) അവിടെ യാത്രക്കാർക്ക് ഇരിക്കുന്നതിനു വല്ല സൗകര്യവും ചെയ്തിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : (*a*) Yes.

(*b*) No.

(*c*) Yes.

(*d*) In the Taluk Co-operative buildings as a temporary measure.

(*e*) No.

MR. V. MADHAVAN : അവിടെ യാത്രക്കാർക്കു ഇരിക്കാൻ സ്ഥലസൗകര്യം ഉണ്ടാക്കിയിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : ഷെഡ്ഡും യാത്രക്കാർക്കു ഇരിക്കാനുള്ള സ്ഥലവും അഞ്ചലാഫീസുകാമ്പൗണ്ടിൽ പണിയാൻ ആലോചിച്ചുവരുന്നു. അവിടെ കെട്ടിടം പണിതുകഴിയുമ്പോൾ ഈ സൗകര്യമെല്ലാം ഉണ്ടാകുന്നതാണ്.

MR. V. MADHAVAN : ഷെഡ്ഡില്ലാത്തതുകൊണ്ടു ഒരു കണ്ടക്ടരുടെ കയ്യിലുണ്ടായിരുന്ന പണം മോഷണം പോയതായി ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN : അറിവില്ല.

MR. K. A. MATHEW (*Thiruvalla IV—General*) : ഷെഡ്ഡില്ലാത്തതിനാൽ ബസ്സുകൾ മഴ നനഞ്ഞു എളുപ്പത്തിൽ നാശപ്പെടുകയില്ലേ?

HON'BLE MR. A. ATCHUTHAN : ഇപ്പോൾ കോവാപ്പറേറ്റിവു സൊസൈററി ബിൽഡിംഗിൽ ബസ്സുകൾ സൂക്ഷിച്ചുവരുന്നു. എത്രയും വേഗത്തിൽ പുതിയ കെട്ടിടം പണിയിപ്പിച്ചു ബസ്സുകൾ അങ്ങോട്ടേക്കു മാററുവാൻ ശ്രമിച്ചുവരികയാണ്.

Forest lands assigned to Forest Industries, Travancore Ltd.

373. MR. PAUL THALIAT : Will the Honourable Minister for Indutsries be pleased to state,

(*a*) whether any forest lands have been assigned to Forest Industries, Travancore Ltd.

[Mr. Paul Thaliat]

(*b*) if the answer to (a) is in the affirmative the total acreage so given;

(*c*) whether any agreement has been executed with this company with regard to this transfer of lands; and

(*d*) if the answer to (c) is in the affirmative will the Government be pleased to place a copy of the same on the table?

HON'BLE MR T. M. VARGHESE : വനത്തിൽ ഒരു ഭാഗവും തിരുവിതാംകൂർ ഫാറസ്റ്റ് ഇൻഡസ്ട്രീസിന് അസൈൻചെയ്തു കൊടുത്തിട്ടില്ല. എന്നാൽ മലയാററൂർ റിസർവിൻെറ ഏതാനംഭാഗം വനത്തിൽനിന്നും തടി വെട്ടുവാനുള്ള അവകാശം ആ കമ്പനിക്കു കൊടുത്തിട്ടുണ്ട്.

(ബി) ൧൧൬ സ്കൂയർ മൈൽ.

(സി) തടി വെട്ടുന്നതിനായി മേല്പടി കമ്പനിക്കാർ ഒരു എഗ്രിമെൻറ് എഴുതി വച്ചിട്ടുണ്ട്.

(ഡി) അതിൻെറ പകർപ്പ് മേശപ്പുറത്തു വച്ചിരിക്കുന്നു.

MR. PAUL THALIAT : തടി വെട്ടിക്കഴിഞ്ഞശേഷം ഈ വനഭൂമി ഗവണ്മെൻറിലേക്കു തിരിയെ കിട്ടത്തക്ക വല്ല വ്യവസ്ഥയുമുണ്ടോ?

HON'BLE MR. T. M. VARGHESE : തടി മാത്രമേ കൊടുത്തിട്ടുള്ളു. ആ നിലയിൽ ഒരു വ്യവസ്ഥയും കൂടാതെതന്നെ ആ വനഭാഗങ്ങളെ ഗവണ്മെൻറുസ്ഥലം എന്നപോലെതന്നെ കരുതാവുന്നതാണ്.

MR. K. A. MUHAMMED : എഗ്രിമെൻറനുസരിച്ച് ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസ് കമ്പനിക്കു മാത്രമേ വിറകു വില്ക്കുവാൻ പാടുള്ളു എന്നു വ്യവസ്ഥ ചെയ്തിരിക്കെ, വേറെ ആളുകൾക്കും ഈ ഫാറസ്ററു ഇൻഡസ്ട്രീസുകമ്പനി വിറകു വില്ക്കുന്നു എന്നു കേൾക്കുന്നതു ശരിയാണോ?

HON'BLE MR. T. M. VARGHESE : ഗവണ്മെൻറിനു അതേപ്പററി അറിവില്ല.

MR. PAUL THALIAT : തടിയും വിറകും എടുത്തതിനുശേഷം റീപ്ലാൻറു ചെയ്യുവാൻ എഗ്രിമെൻറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : അങ്ങനെ വ്യവസ്ഥയില്ല.

MR. K. A. MUHAMMED : ദിവസംതോറും ഇത്ര ടൺ വിറക് കമ്പനിയെ ഏല്പിക്കണമെന്നുണ്ടല്ലോ. ആ വിറകെല്ലാം കമ്പനി ഉപയോഗിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : ആവശ്യമുള്ള വിറകുതന്നെ കിട്ടുന്നില്ല എന്നു കമ്പനിക്കു പരാതിയുണ്ട്. അവിടെ ശരിയായ പ്രൊഡക്ഷൻ ഉണ്ടാകാത്തതിൻെറ കാരണങ്ങളിൽ ഒന്ന് ആവശ്യമുള്ളിടത്തോളം വിറക് തക്കസമയത്തു കിട്ടുന്നില്ലെന്നുള്ളതാണ്. എന്നാൽ അടുത്തകാലത്ത് ആവശ്യമുള്ള വിറകു കിട്ടിവരുന്നുണ്ടെന്നു ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസ് കമ്പനിക്കാരിൽനിന്നു അറിവു കിട്ടിയിട്ടുണ്ട്.

MR. K. A. MOHAMMED : എസ്റ്റിമേററനുസരിച്ചുള്ള പ്രൊഡക്ഷൻ ഉണ്ടാകാത്തതു വിറകിൻെറ കുറവുകൊണ്ടാണോ? അതോ മിഷ്യനറിയുടെ കുഴപ്പം കൊണ്ടാണോ?

HON'BLE MR. T. M. VARGHESE : കാരണങ്ങളിൽ ഒന്ന് വിറകിൻെറ കുറവാണെന്നേ പറഞ്ഞിട്ടുള്ളു. മിഷ്യനറിയുടെ ചില ദൂഷ്യങ്ങളും ഉണ്ടായിരുന്നു. അവയെല്ലാം എക്സ്പേർട്ടിനെ വരുത്തി പരിശോധിപ്പിക്കുകയും നീക്കുകയും ചെയ്തിട്ടുണ്ട്.

MR. P. K. KUNJU (*Karunagapalli II—Muslim*) : തടി വെട്ടി ഇറക്കുന്നതിന് ഇത്ര കൊല്ലത്തേക്കു എന്നു കാലാവധി വല്ലതും നിശ്ചയിച്ചിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ആ വ്യവസ്ഥ മേശപ്പുറത്തു വച്ചിട്ടുണ്ട്. കാലാവധി നിശ്ചയിച്ചിട്ടുണ്ടെന്നു അതിൽനിന്നു കാണാവുന്നതാണ്.

MR. K. A. MOHAMMED : ഫാറസ്റ്റ് ഇൻഡസ്ട്രീസിന് തടി ആലുവായ്ക്കു കൊണ്ടുപോകുന്നതിനായി ഡ്രഡ്ജറുകൾ കൊടുത്തിട്ടുണ്ടോ

HON'BLE MR. T. M. VARGHESE : കൊടുത്തിട്ടുണ്ട്.

MR. K. A. MOHAMMED : ആ ഡ്രഡ്ജറുകൾ മററുചില ആവശ്യങ്ങൾക്കായി ഇപ്പോൾ ഉപയോഗിക്കുന്നു എന്നു കേൾക്കുന്നതു വാസ്തവമാണോ?

HON'BLE MR. T. M. VARGHESE : ആ ആവശ്യത്തിനു മാത്രമല്ല, ഡ്രഡ്ജറുകൾ കൊടുത്തിട്ടുള്ളതു്. ഇപ്പോൾ കുട്ടനാട്ടിലെ കൃഷിക്കു ഡ്രഡ്ജറുകൾ ഉപയോഗിച്ചുവരുന്നുണ്ട്. അവിടത്തെ എക്കൽ എടുത്തു മാററുവാൻ വേണ്ടി ഡ്രഡ്ജറുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ കുന്നത്തുനാട്ടിലുള്ള ലിഫ്ററ് ഇറിഗേഷൻ സംബന്ധിച്ചുള്ള ജോലികൾക്കും ഡ്രഡ്ജറുകൾ ഉപയോഗിച്ചുവരുന്നുണ്ടെന്നും ഗവണ്മെൻറിനറിയാം. ഇങ്ങനെ രണ്ടുമൂന്നു കൊല്ലങ്ങളായി മററാവശ്യങ്ങൾക്കുവേണ്ടിയും ഡ്രഡ്ജ

[Hon'ble Mr. T. M. Varghese]

റുകൾ ഉപയോഗിച്ചുവരുന്നു. കൂടാതെ ചവറയിൽ മിനറൽസ് എടുക്കുന്ന സ്ഥലം വളരെ കുറവായതുകൊണ്ടും നിവൃത്തിയുള്ളിടത്തോളം വളരെ കുറച്ചു സ്ഥലങ്ങൾ മാത്രമേ മിനറൽസ് എടുക്കുവാൻവേണ്ടി ഉപയോഗപ്പെടുത്താവൂ എന്നു അവിടത്തെ ആളുകളുടെ പരാതിയുടെ ഫലമായി ഗവണ്മെൻറു അന്വേഷണം നടത്തി നീണ്ടകരയും അടുത്തുതന്നെ ഒരു മിനറൽ ഡിപ്പോ ഉണ്ടെന്നു കണ്ടുപിടിക്കപ്പെട്ടതുകൊണ്ടും ഒരു ഡ്ര[illegible] രണ്ടുമൂന്നുദിവസത്തിനകം അവിടെ ചേരുവാൻ ഏർപ്പാടു ചെയ്തിട്ടുമുണ്ട്. ഫാറസ്റ്റു ഇൻഡസ്ട്രീസ് കമ്പനിക്കാരുടെ ആവശ്യത്തിനു മാത്രമല്ല ഡ്രഡ്ജറുകൾ വിട്ടുകൊടുത്തിട്ടുള്ളതു്.

MR. K. A. MOHAMMED: ഡ്രഡ്ജറുകൾ ആവശ്യത്തിനുകിട്ടാത്തതുകൊണ്ടു ഇറിഗേഷൻ ജോലിക്കു കുഴപ്പമുണ്ടാകുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

MR. PRESIDENT : ആ ചോദ്യം ഉത്ഭവിക്കുന്നില്ല.

MR. ABDUL AZIZ (*Trivandrum I—Muslim*) : വിറകിനുള്ള തടി അല്ലാതെ മററാവശ്യങ്ങൾക്കും ഉള്ള തടികൾ അവർ അവിടെനിന്നും വെട്ടുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : വില്ക്കാൻ കൊള്ളാവുന്ന തടികൾ എല്ലാം വെട്ടുന്നുണ്ട്, വിൽക്കുന്നുമുണ്ട്.

MR. T. A. ABDULLA : ഫാറസ്റ്റ് ഇൻഡസ്ട്രീസ് വിൽക്കുന്ന തടിക്കുള്ള വിലയും മാക്കററുവിലയും തമ്മിൽ വലിയ അന്തരമുണ്ടെന്നറിയാമോ?

HON'BLE MR. T. M. VARGHESE : അതു ഗവണ്മെൻറിനറിവില്ല. അങ്ങനെ പരാതി വന്നതുകൊണ്ടു അതിനെപ്പററി അന്വേഷണം നടത്തിയതിൽ യാതൊരു അന്തരവും ഇല്ലെന്നുള്ള വിവരമാണ് ഗവണ്മെൻറിനു ലഭിച്ചതു്.

MR. T. A. ABDULLA : ഒരു ടൺ വിറകിനു് ഒരുരൂപാ എന്ന [illegible]ക്കല്ലേ ഇപ്പോൾ അവിടെ വിററുവരുന്നതു്?

HON'BLE MR. T. M. VARGHESE : അതെ.

MR. T. A. ABDULLA : ആലുവാ മുതലായ സ്ഥലങ്ങളിൽ ഒരു ടൺ വിറകിനു് ൨൫ രൂപാ വിലയുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. M. VARGHESE : വിറകു വെട്ടുന്ന സ്ഥലത്തെ വിലയാണു ഈ ഒരു രൂപാ. ആലുവായിലെ വിലയും ഈ സ്ഥലത്തെ വിലയും തമ്മിൽ താരതമ്യപ്പെടുത്തുന്നതു ശരിയല്ല.

MR. T. A. ABDULLA : ആ വിറക് ആലുവായിൽനിന്നു കൊണ്ടുവരുന്നതിനു ൨൪ രൂപായുടെ ചെലവു വരുമോ?

HON'BLE MR. T. M. VARGHESE : അതേപ്പററി അന്വേഷിച്ചില്ല.

MR. P. T. CHACKO (*Kottayam II—General* : ഫാറസ്റ്റ് ഇൻഡസ്ട്രീസുകാർ വിറകുവെട്ടുന്ന ജോലി മററാളുകൾക്കു കൊടുത്തിരിക്കുകയാണെന്നു അറിയാമോ:

HON'BLE MR. T. M. VARGHESE : അങ്ങനെ ചെയ്തിട്ടുണ്ടാവും. എന്നാൽ ഗവണ്മെൻറുമായുള്ള എഗ്രിമെൻറിന് തടസ്സമില്ലാത്ത വിധത്തിലും അവർ ഏറെറടുത്തിരിക്കുന്ന ഉത്തരവാദിത്വത്തിനു ഭംഗം വരാത്തവിധത്തിലും അതു ചെയ്തിരിക്കാം.

MR. P. T. CHACKO : ഈ വിറക പറവൂർ മുതലായ സ്ഥലങ്ങളിൽ കൊണ്ടുചെന്നു വിൽക്കുന്നുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

MR. T. M. VARGHESE : ഗവണ്മെൻറിനു അതേപ്പററി അറിവില്ല. അതിനെപ്പററി വേണ്ട അന്വേഷണം നടത്താം.

MR. PAUL A. THALIATH : വെട്ടി ഒഴിയുന്ന സ്ഥലത്ത് കൃഷി നടത്തുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : അതേ സംബന്ധിച്ച പൂർണ്ണമായ വിവരം എനിക്കറിഞ്ഞുകൂടാ. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൻെറ ചാർജ്ജ വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി മി. സി. കേശവൻ അതേപ്പററി പറയുന്നതായിരിക്കും.

HON'BLE MR. C. KESAVAN : വെട്ടി ഒഴിയുന്ന സ്ഥലങ്ങൾ കൃഷിക്കു കൊടുക്കുന്നുണ്ട്. ടാങ്കിയോ സിസ്റ്റപ്രകാരമാണു കൊടുക്കുന്നതു്. കൂടാതെ ഗവണ്മെൻറിൽനിന്ന് നേരിട്ടും പ്ലാൻറു ചെയ്യുന്നുണ്ട്. പ്രധാനമായി നെൽകൃഷിക്കാണു സ്ഥലം വിട്ടുകൊടുക്കുന്നതു്.

MR. T. A. ABDUL : ഈ അന്വേഷണങ്ങൾ, അതായതു് തടി വിൽക്കുന്നതിനെ സംബന്ധിച്ചുള്ള അന്വേഷണങ്ങളും മററും ഗവണ്മെൻറിൽനിന്നുമാത്രം ചെയ്യാതെ ജനപ്രതിനിധികളെക്കൂടി ചേർത്തു ചെയ്യുന്നതു നല്ലതാണെന്നു തോന്നുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : അതു നന്നാണെങ്കിൽ ഗവണ്മെൻറിനു അതിൽ വിരോധമുണ്ടാകുമെന്നു തോന്നുന്നില്ല.

MR. VARGHESE AUGUSTIN (*Ambalapuzha III—General*) : കാട്ടിൽനിന്നും തടി കൊണ്ടുവരുമ്പോൾ ഇറോഷൻ ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ നടത്തുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : ഈ ചോദ്യത്തിന് ഇതുസംബന്ധമായി ബന്ധമൊന്നുമില്ലെങ്കിലും ഉണ്ടെന്നാണ് മറുപടി.

രമണൻ — പാഠപുസ്തകം.

874. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ ?

(എ) ഗവൺമെൻറിൽനിന്നും ഈ വർഷത്തേക്ക് തിരഞ്ഞെടുത്ത 'രമണൻ' എന്ന പാഠപുസ്തകത്തെപ്പററി നാട്ടിൽ ധാരാളം പ്രതിഷേധം ഉണ്ടെന്നുള്ള കാര്യം ഗവൺമെൻറിനറിയാമോ ?

(ബി) പ്രസ്തുത പുസ്തകം പിൻവലിക്കുന്നതിന് എന്തു നടപടികൾ ഗവൺമെൻറു കൈക്കൊണ്ടു ?

HON'BLE MR. T. M. VARGHESE : (എ) പ്രതിഷേധസൂചകമായി ചില ഹർജികൾ ഗവൺമെൻറിനു കിട്ടിയിട്ടുണ്ട്. എന്നാൽ ആ പരാതികളിൽ പറഞ്ഞിരിക്കുന്നതുപോലെ അത്ര ആക്ഷേപകരമായ വിധത്തിലാണ് അതിൻെറ രചനയും ഭാഷയുമെന്ന് ഗവൺമെൻറിന് ബോദ്ധ്യപ്പെട്ടിട്ടില്ല. എങ്കിലും പരാതി ഉണ്ടായിരിക്കുന്നതുകൊണ്ട് പ്രതിഷേധാർഹങ്ങളെന്നു പറയപ്പെടുന്ന ഏതാനും ഭാഗങ്ങൾ പഠിപ്പിക്കേണ്ട എന്നു നിർദ്ദേശിച്ചിട്ടുണ്ട്. അതു് ആക്ഷേപങ്ങൾ ശരിയാണെന്നു സമ്മതിച്ചതുകൊണ്ടല്ല.

(ബി) ഈ ബുക്ക അപ്രൂവ് ചെയ്തതു ഈയിടെയാണല്ല. ൧൧൨൦-ൽ ടെക്സ്റ്റ്ബുക്ക് കമ്മിററി ഇതു തേഡ്ഫാറത്തിലേക്ക് കൊള്ളാമെന്ന് നിർദ്ദേശിച്ചു. വളരെ വിശ്വാസവും ബഹുമാനവുമുള്ള പല ആളുകളും ചേർന്നിട്ടുള്ള ഒരു കമ്മിററിയായിരുന്നു അതു്. കമ്മിററിയുടെ പേരുവിവരം താഴെ പറയുന്നതാണ്.

(൧) മിസ്റ്റർ പി. അനന്തൻപിള്ള എം. എ.
(൨) മിസ്റ്റർ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ
(൩) മിസ്റ്റർ കൈനിക്കര എം. പത്മനാഭപിള്ള
(൪) ഡാക്ടർ കെ. ഗോദവർമ്മ
(൫) മിസ്റ്റർ എം. ആർ. കൃഷ്ണവാര്യർ
(൬) മിസ്റ്റർ എ. ശങ്കരപ്പിള്ള
(൭) മിസ്റ്റർ എ. എൻ. സത്യനേശൻ
(൮) മിസ്റ്റർ ജോൺ കട്ടക്കയം
(൯) മിസ്റ്റർ എം. കേശവപ്പണിക്കർ

(൧൦) മിസ്റ്റർ റ്റി. റ്റി. കേശവൻശാസ്ത്രി

(൧൧) മിസ്റ്റർ ഷാഹുൽ ഹമീദ്

(൧൨) ശ്രീമതി ദേവകി അന്തർജ്ജനം

ഈ ആളുകൾ അടങ്ങിയ ടെക്സ്റ്റുബുക്കുകമ്മിറ്റിയാണു ൯-മന എന്ന പാഠപുസ്തകം തേഡ്ഫാറത്തിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നതു്. ഈ പുസ്തകം അസഭ്യമെന്നോ ആക്ഷേപകരമെന്നോ ഗവണ്മെൻറിനു തോന്നിയിട്ടില്ല. എങ്കിലും പരാതികൾ ഉണ്ടായല്ലോ എന്നു കരുതി ആ ഏഴാം അദ്ധ്യായം പഠിപ്പിക്കണ്ട എന്നു് നിർദ്ദേശിച്ചിട്ടുണ്ടു്.

MR K. A MATHEW : ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുകയും ടെക്സ്റ്റുബുക്കായി അംഗീകരിക്കുകയും ചെയ്തശേഷം അതിലെ ഏതാനും ഭാഗം വായിക്കണ്ട എന്നു പറഞ്ഞാൽ വിദ്യാർത്ഥികൾ ആ ഭാഗംതന്നെ പ്രത്യേകം വായിക്കുമെന്നുള്ള വസ്തുത സെക്കാളജി അറിയാവുന്ന ആരും സമ്മതിക്കുമെന്നു് ഗവണ്മെൻറിനറിയാമോ ?

HON'BLE MR. T. M. VARGHESE : അതുകൊണ്ടാണു് അതു് വായിക്കുന്നതിനും തരക്കേടില്ല എന്നു പറഞ്ഞതു്.

MR. K. A. MATHEW : ആ പുസ്തകംതന്നെ മാറ്റേണ്ടതാണെന്നു ഗവണ്മെൻറിനു് തോന്നിയിട്ടുണ്ടോ ? അഥവാ അതു മാറ്റിയില്ലെങ്കിൽ ഇതിൽ പറയുന്ന ഏഴാം അദ്ധ്യായം എങ്കിലും മാറ്റേണ്ടതാണെന്നു് ഗവണ്മെൻറിനു് തോന്നിയിട്ടുണ്ടോ ?

HON'BLE MR. T. M. VARGHESE : ആ അദ്ധ്യായം മാറ്റിയില്ലെങ്കിലും ദൂഷ്യം ഒന്നും വരാനില്ല. അതുകൊണ്ടു് പുസ്തകം മാറ്റണമെന്നു് ഗവണ്മെൻറിനു് അഭിപ്രായമില്ല. എന്നാൽ ജനപക്ഷത്തുനിന്നും ഉണ്ടാകുന്ന ഏതു പരാതികളേയും സ്വീകരിക്കുന്നതിനും അതേപ്പററി അന്വേഷിക്കുന്നതിനും ഗവണ്മെൻറിനു മനസ്സുണ്ടെന്നു് പ്രത്യക്ഷപ്പെടുത്തുന്നതിനു വേണ്ടിയാണു് ഏഴാം അദ്ധ്യായം പഠിപ്പിക്കണ്ടാ എന്നു പറഞ്ഞതു.

MR. K. A. MATHEW : ഈ പുസ്തകത്തെപ്പററി അഭിപ്രായം പറയേണ്ടതു് കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരും അദ്ധ്യാപികകളുമാണെന്നും അല്ലാതെ ഗവണ്മെൻറല്ലെന്നും അറിയാമോ ?

HON'BLE MR. T. M. VARGHESE : യോഗ്യന്മാരായ ആളുകൾ അടങ്ങിയ ടെക്സ്റ്റുബുക്കുകമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചാണു് ഈ പുസ്തകം തെരഞ്ഞെടുത്തിട്ടുള്ളതു്. അവക്കു തെററു പററാം. അങ്ങിനെ തെററുവന്നാൽ മററുവിധത്തിൽ അന്വേഷണം നടത്താം. ആ നിലയിൽ ഗവണ്മെൻറു് ഈ പുസ്തകത്തെപ്പററി അതിലേക്കു് പ്രാപ്തന്മാരായ

[Hon'ble Mr. T. M. Varghese]

മററാളുകളോടും ചോദിക്കുകയുണ്ടായി. അവരിൽനിന്നും ഗവണ്മെൻറിനു കിട്ടിയ അഭിപ്രായം ഈ പുസ്തകം മാററിയേ തീരു എന്നില്ലെന്നാണു്.

ലിഫ്ററു ഇറിഗേഷൻ.

375. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

(൧) തിരുവല്ലാത്താലൂക്കിൽ എവിടെനിന്നെല്ലാം ൧൧൨൧, ൧൧൨൨, ൧൧൨൩ ഈ വർഷങ്ങളിൽ ലിഫ്ററു ഇറിഗേഷൻ ഏർപ്പെടുത്തണമെന്നുള്ള അപേക്ഷകൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടു്?

(൨) അതിൽ എവിടെയെല്ലാം അനുവദിച്ചു?

(൩) ബാക്കിയുള്ള സ്ഥലങ്ങളിൽ അനുവദിക്കാതിരുന്നതിൻെറ കാരണമെന്തു്?

HON'BLE MR. K. M. KORAH: (൧) പമ്പാ, മണിമല ഈ ആറുകളുടെ തിരമുള്ള പല പ്രദേശത്തുനിന്നും ഇതുസംബന്ധിച്ചു് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്. അപേക്ഷകളുടെ താലൂക്കു തിരിച്ചുള്ള പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതും, അതിനാൽ ആവശ്യപ്പെട്ടപ്രകാരം വർഷംതിരിച്ചുള്ള പട്ടിക നൽകുവാൻ സാധ്യമല്ലാത്തതുമാകുന്നു.

(൨) താഴെ പറയുന്ന സ്ഥലങ്ങളിൽ അതാതിനെതിരെ കാണിച്ചിട്ടുള്ള വർഷങ്ങളിൽ ലിഫ്ററു് ഇറിഗേഷൻ നടത്തിയിട്ടുണ്ടു്.

(൧)	മുഴവങ്ങാടി	൧൧൨൧, ൧൧൨൨, ൧൧൨൩.
(൨)	കവിയൂർ പുഞ്ച	൧൧൨൨, ൧൧൨൩.
(൩)	തോണ്ടറ നദിയുടെ വടക്കേക്കരയുള്ള നെൽപ്പാടങ്ങൾ	൧൧൨൩.
(൪)	കററൂർ നെൽപ്പാടങ്ങൾ	൧൧൨൩.

(൩) പമ്പാനദിയുടെ ഇരുപാർശ്വങ്ങളിലുമുള്ള നിലങ്ങൾക്കു് ലിഫററു് ഇറിഗേഷൻ ലഭ്യമാക്കുന്നതിനു് സമഗ്രമായ ഒരു എസ്റ്റിമേററു് പരിഗണനയിൽ ഇരിക്കുന്നു.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിലെ

ചില ഉദ്യോഗസ്ഥന്മാർ

376 MR. P. K. KRISHNAN SASTRI: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തിരുവിതാംകൂർ പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിൻെറ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിൽ പ്രോപ്പഗൻറാ ആഫീസർ' ആരെന്നും, അദ്ദേഹത്തിൻെറ പരീക്ഷായോഗ്യതകളെന്തെന്നും, എന്തു പ്രോപ്പഗൻറാവക്കാണ നടത്തുന്നതെന്നും എവിടെയാണെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

(ബി) ആർഗനൈസിംഗ് സൂപ്രവൈസർ ആരെന്നും, അദ്ദേഹത്തിൻെറ പരീക്ഷായോഗ്യതകളെന്തെന്നും, എന്തു വക്കാണ് നടത്തുന്നതെന്നും എവിടെയാണെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

(സി) വെൽഫയർ ആഫീസർ ആരെന്നും അദ്ദേഹത്തിൻെറ പരീക്ഷായോഗ്യതകളെന്തെന്നും, അദ്ദേഹത്തിൻെറ ജോലിസ്ഥലം എവിടെയെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : എ. (1) മി. കെ. പി. തമ്പി.

(2) വാർദ്ധായിൽ മിസ്റ്റർ ജെ. സി. കുമരപ്പയുടെ കീഴിൽ ഗ്രാമപ്പുനരുദ്ധാരണം സംബന്ധിച്ചുള്ള പരിശീലനം സിദ്ധിച്ചിട്ടുണ്ട്.

(3) ഹെൽത്തു്, സാനിട്ടേഷൻ, ക്ലൻലിനസ, വിദ്യാഭ്യാസം ഈ വഴികളിൽ ഗവണ്മെൻറിൽനിന്നും പിന്നോക്കസമുദായക്കാർക്ക് ലഭിക്കുന്നതും ലഭിക്കാവുന്നതുമായ സഹായങ്ങളേപ്പററി പ്രചരണം നടത്തുന്നു.

(4) പിന്നോക്കസമുദായങ്ങളുടെ കാളനികളും സെററിൽമെൻറുകളും ഉള്ള സ്ഥലത്തു് പ്രധാനമായി പ്രചരണം നടത്തുന്നു.

ബി. (1) പേരു് മിസ്റ്റർ കെ. വാസുദേവൻ എന്നാണ്.

(2) ഇ. എസ്സ്. എൽ. സി. പാസ്സായിട്ടുണ്ട്. കമ്പനി നിയമം സംബന്ധിച്ച പരിശീലനം സിദ്ധിച്ചിട്ടുണ്ട്.

(3) ജോയിൻറ് സ്റ്റാക്ക കമ്പനിനിയമം അനുസരിച്ച് അസോസിയേഷൻ രൂപീകരിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു.

(4) തിരുവിതാംകൂർ ഒട്ടുക്ക് അദ്ദേഹത്തിനു് ജോലിയുണ്ട്.

സി. (1) പേരു് മിസ്റ്റർ എം. സി. ദാസ്സ് എന്നാണ്.

(2) മദ്രാസിലും തിരുവിതാംകൂറിലും ഉള്ള വെൽഫയർജോലികളിൽ പരിശീലനം സിദ്ധിച്ചിട്ടുണ്ട്. സംഘടനാജോലികളിൽ പ്രത്യേക താല്പര്യമുണ്ട്.

[Hon'ble Mr. G. Ramachandran]

(ബ) ദേവികുളം, പീരുമേട്, പത്തനംതിട്ട, തൊടുപുഴ, നെടുമങ്ങാട്, കൽക്കുളം, വിളവങ്കോട്, തോവാള എന്നീ താലൂക്കുകളിലുള്ള മലവർഗ്ഗക്കാരുടെ ഇടയിലാണ് പ്രത്യേകം ജോലിചെയ്യുന്നത്.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെന്റിലെ ചില ഉദ്യോഗങ്ങൾ.

377. MR. P. K. KRISHNAN SASTRI: താഴെ പറയുന്ന ചോദ്യത്തിന് തിരുവിതാംകൂർ പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ?

പ്രോപ്പഗാൻറാ ആഫീസർ, വെൽഫെയർ ആഫീസർ, ആർഗനൈസിംഗ് സൂപ്പർവൈസർ എന്നീ ഉദ്യോഗങ്ങൾക്ക് പിന്നോക്കസമുദായങ്ങളിൽപ്പെട്ടവർ അപേക്ഷിച്ചിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN: ഇല്ല.

പിന്നോക്കസമുദായസംരക്ഷകഉദ്യോഗത്തിനുള്ള അപേക്ഷ.

378. MR. P. K. KRISHNAN SASTRI: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്കസമുദായസംരക്ഷകഉദ്യോഗത്തിന് പിന്നോക്കസമുദായത്തിൽപ്പെട്ട ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആരെല്ലാമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിന് ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN: No one belonging to any back ward community has applied for the place of the Protector of Backward Communities.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെന്റിലെ ഉദ്യോഗങ്ങൾ.

379. P. K. KRISHNAN SASTRI: താഴെ പറയുന്ന ചോദ്യത്തിന് പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെന്റിലെ വിവിധ ഉദ്യോഗങ്ങളിൽ പിന്നോക്കസമുദായത്തിൽപെട്ട ആളുകളെ നിയമിക്കുന്നതു

ന്നായിരിക്കും എന്നു ഗവണ്മെൻറ് കരുതുന്നുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ഭയമുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : പിന്നോക്കസമുദായങ്ങളിൽ നിന്നും തക്കതായ ആളുകളെ കിട്ടുന്നപക്ഷം അങ്ങനെ ചെയ്യുന്നതു് നന്നായിരിക്കുമെന്നാണു് ഗവണ്മെൻറിനു് തോന്നുന്നതു്.

MR. P. K. KRISHNAN SASTRI : ഇപ്പോഴും പിന്നോക്കസമുദായത്തിൽനിന്നും തക്കതായ ആരും ഇല്ലെന്നാണോ പറയുന്നതു് ?

HON'BLE MR. G. RAMACHANDRAN : ഇപ്പോഴും ചോദിച്ചിരിക്കുന്നതു് പ്രത്യേകം ഒരുദ്യോഗത്തെപ്പററിയാണു്. അതിനു് തക്കതായ ഒരാളെ ഇതുവരെ കിട്ടിയില്ല.

MR. P. K. KRISHNAN SASTRI : ഗവണ്മെൻറ് പരീക്ഷകളൊന്നും തന്നെ ഇല്ലാത്ത പലരും ഈ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗങ്ങൾ വഹിക്കുന്നുണ്ടെന്നു അനുമാനിക്കാൻ വകയുണ്ടു്. മി. കെ. പി. തമ്പിതന്നെ കുമരപ്പയുടെ കീഴിൽ പരിശീലനം നടത്തിയെന്നുമാത്രമേ പറയുന്നുള്ളു. അദ്ദേഹത്തിനു് എവിടെയാണു് ജോലിയെന്നറിയുന്നില്ല.

MR. PRESIDENT : ഇപ്പോഴും ഒരു പ്രസംഗം ചെയ്യുവാൻ മെംബർക്കു് അവകാശമില്ല. ഉപചോദ്യങ്ങളുണ്ടെങ്കിൽ ചോദിക്കാം.

MR. P. K. KRISHNAN SASTRI : പിന്നോക്കസമുദായത്തിൽ പരീക്ഷായോഗ്യതയുള്ളവരുണ്ടെങ്കിൽ അവരെത്തന്നെ ഈ ഡിപ്പാർട്ടുമെൻറിൽ നിയമിക്കുമോ ?

HON'BLE MR. G. RAMACHANDRAN : അതേപ്പററി ആലോചിക്കുന്നതാണു്.

Telephone and Electricity for Varapuzha.

880. MR. ALEXANDER VAKAYIL (*Parur II—Latin Catholic*): Will the Honourable Minister for Electricity be pleased to state whether the Government will make arrangements to extend telephone connection and electric line from Parur to Varapuzha in the Parur taluk ?

HON'BLE MR. A. ATCHUTHAN: Extension of phone to Varapuzha is scheduled for 1126 M. E. and the work will be completed in that year.

Extension of power lines to Varapuzha will be given when supply position to line materials and load conditions of the place improve.

Ban on the export of Tapioca and Fruits.

881. MR. E. K. MADHAVAN (*Parur I—General*): Will the Honourable Minister for Excise be pleased to state whether the Government have received any representation regarding the lifting of the ban on the export of tapioca and fruits and vegetables from the State?

HON'BLE MR. K. M. KORAH: Yes.

MR. E. K. MADHAVAN: ഇതു സംബന്ധിച്ചു എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ ?

HON'BLE MR. K. M. KORAH: പൈനാപ്പിളിന്റെ നിരോധനം നീക്കുന്നതിനു നടപടികൾ നടത്തിവരുന്നു.

MR. E. K. MADHAVAN: കപ്പയുടെ നിരോധനം നീക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ടോ ?

HON'BLE MR. K. M. KORAH: ഇപ്പോഴത്തെ ആഹാരദൗർലഭ്യം പരിഗണിക്കുമ്പോൾ കപ്പ പുറത്തേക്കുവിടുന്നതു് ആശാസ്യമാണെന്നു തോന്നുന്നില്ല.

Land owned by Cochinites.

382. MR. E. K. MADHAVAN: Will the Honourable Minister for Food be pleased to state the extent of paddy cultivating land in each Pakuthy in Parur Taluk owned by Cochinites and the quantity of paddy procured from such land in each Pakuthi and the rate of procurement per acre per year during the years 1121, 1122 and 1123 from these lands ?

HON'BLE MR. C. KESAVAN: A list is given below:

Serial No.	Pakuthy.	Extent of paddy lands owned by Cochinites		Quantity of Paddy (in paras) purchased during			Rate of procurement per acre per year.
		Acre	cent	1121 (Paras)	1122 (Paras)	1123 (Paras)	
1	Varapuzha	66	11	2500	2700	3000	No rate of procurement fixed on acreage or yearly basis.
2	Ezhikara	67	85	2396	2550	2708	
3	Kottuvally	117	58	3062	2985	3100	
4	Parur	147	56	4280	6890	6780	
5	Vadakekkara	88	70	230	990	825	
6	Puthenvelikara	430	..	6860	7200	6508	
7	Puthenchira	601	34	6289	6250	6016	
8	Airoor	197	97	545	1880	1400	
9	Alengad	73	36	396	1182	972	
10	Kodungalloor	48	..	307	790	764	
11	Chengamanad	112	75	1700	1400	1070	
12	Parakadavu	281	10	6000	6120	4600	

MR. E. K. MADHAVAN: ഇതിൻെറ ആകത്തുക അറിഞ്ഞാൽ കൊള്ളാം.

HON'BLE MR. C. KESAVAN: ആകെ സ്ഥലം രണ്ടായിരത്തി ഒരു നൂററി എഴുപത്തിഏഴ് ഏക്കർ മുപ്പത്തിഎട്ട് സെൻറ്.

൧൧൨൧-ൽ വാങ്ങിച്ച നെല്ല ൩൪,൭൬൭ പറ.

൧൧൨൨-ൽ വാങ്ങിച്ച നെല്ല ൪൦,൪൪൫ പറ.

൧൧൨൩-ൽ വാങ്ങിച്ച നെല്ല് ൩൫,൫൪൩ പറ.

Kudiyans of Edappally Swaroopam.

383 MR. E. K. MADHAVAN: Will the Honourable Minister for Land be pleased to state whether the Government have received any representation regarding the disabilities of the Kudiyans of the Edappally Swaroopam?

HON'BLE MR. C. KESAVAN: ഉണ്ട്.

MR. E. K. MADHAVAN: അതിന്മേൽ എന്തെങ്കിലും നടപടി നടത്തിയോ?

HON'BLE MR. C. KESAVAN: മററു കാര്യങ്ങളോടൊപ്പിച്ച് ഇടവക ബില്ല് സംബന്ധിച്ചുള്ള ആലോചനകൾ കൂടി ഗവണ്മെൻറ് നടത്തിവരുന്നു. ഇക്കാര്യം ഇതിനു മുമ്പും പറഞ്ഞിട്ടുള്ളതാണ്.

Edappally Swaroopam Tenants' dues.

384 MR. E. K. MADHAVAN. Will the Honourable Minister for Land be pleased to state.

(*a*) whether the Edappally Swaroopam demands rupees three per para of paddy due to them from the tenants of the Swaroopam; and

(*b*) if the answer to part (*a*) is in the affirmative will the Government instruct them to collect the dues only at the rate of Rs. 1/8/0 per para of paddy?

HON'BLE MR. C. KESAVAN: (എ) അങ്ങനെ അല്ല.

(ബി) എയുടെ ഉത്തരംമൂലം ഉത്ഭവിക്കുന്നില്ല.

MR. E. K. MADHAVAN: ഇപ്പോൾ എന്തു വിലവച്ചാണ് നെല്ല വാങ്ങുന്നത്?

HON'BLE MR. C. KESAVAN: സർക്കാരിൽ നിന്നും വാങ്ങുന്ന വില തന്നെ അവരും വാങ്ങുന്നുണ്ട്.

Settlement Pattom.

385 MR. P. V. URUMESE THARAKAN: (*Shertala I—General*): Will the Honourable Minister for Food be pleased to state.

(*a*) what is meant by Settlement Pattom with reference to the purchasing of paddy by the Government from the cultivations;

(*b*) what is meant by excess with reference to the purchasing of paddy by the Government;

(*c*) whether the Government are aware that the Settlement Pattom varies with different taluks, different paddy fields and even different survey numbers of the same block of paddy field;

(*d*) whether the Government are awre that the so called Settlement Pattoms were fixed during the last Kandezhuthu without any serious study of the productivity of the different fields;

(*e*) whether it is the policy of the Government to command the whole produce of paddy from the cultivator less what is requested for domestic consumption, seeds and absolute agricultural wages and

(*f*) if so, will the Government be pleased to consider the desirability of doing away with these difficult nomenclatures and fixing upon certain other basis whereby they could purchase paddy from the cultivators equitably?

HON'BLE MR. K. M. KORAH (a) Settlement pattom is the pattom fixed at the last settlement.

(b) Excess is the quantity of paddy remaining with the land holders after selling the settlement pattom due to Government and after allowing an adequate margin under the rules towards seeds, cultivation expenses and domestic consumption.

(c) Yes.
(d) No.
(e) Yes.
(f) The matter is under consideration.

MR. P. V. URUMESE THARAKAN: സെററിൽമെൻറ് പാട്ടത്തിനു പകരം നീതിപൂർവകമായ മറെറന്തെങ്കിലും ഉപാധികൾ സ്വീകരിക്കുമോ ?

HON'BLE MR. K. M. KORAH: ഗവണ്മെൻറ് അതെപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

Machayil canal

386. MR. M. DANIEL JOSE: (*Neyyattinkara III—S. I. U. C.*) Will the Honourable Minister for Public Works be pleased to state

(*a*) has the Government received any petition from Machayil, Neyyattinkara Constituency III for the repair of a canal; and

(*b*) if so, whether steps will be taken to meet the request?

HON'BLE MR. A. ATCHUTHAN: (a) Yes.

(b) Yes. The investigation of the problem is being taken up.

Eviction of tenants.

387 MR. A. NESAMONY (*Vilavancode S. I. U. C.*): Will the Honourable Minister for Labour be pleased to state;

(*a*) are the Government aware that tenants are forcibly ejected by landlords and proverthicars from their holdings and houses in the pakuthies of Atoor, Aruvikara and Ponmana in Kalkulam taluk;

(*b*) has any representation been made to Government on this behalf;

(*c*) has any request been made by groups of persons for the acquisition of their house sites by the Government for their benifit;

(*d*) has the Government taken any steps towards acquisition; and

(*e*) does the Government intend to introduce legislation to stop this kind of eviction?

HON'BLE MR. C. KESAVAN. Answer to part (a) No.

(*b*) Does not arise in view of the above answer.

(*c*) Yes.

(*d*) The matter is being enquired into.

(*e*) Does not arise in view of the answer to part (a)

MR. A. NESAMONY: Will the Government consider the possibility of some arrangement according to the Rent Control Order for the rural areas as well?

HON'BLE MR. C. KESAVAN: Yes, it would be considered.

Retirement.

388 MR. A. NESAMONY: Will the Honourable Minister for General Administration be pleased to state:

(*a*) when was the age of Government servants raised from 55 to 58;

(*b*) why was it so raised;

(*c*) why has it been now reduced to 55;

(*d*) was not the promotion of Government servants who are to retire on the completion of 55 years of age on 1-1-1124 barred for the last three years;

(*e*) does the Government contemplate paying any compensation to those (i) whose prospects of promotion were barred, and (ii) whose salaries and pension have been adversely affected; and

(*f*) does the Government propose to grant them the legitimate leave they are entitled to?

HON'BLE MR. A. THANU PILLAI. (*a*) In May 1945.

(b) To minimise the expenditure on account of pension charges and avoid the grant of extension of service in individual cases.

(*c*) To improve the efficiency of service.

(*d*) No.

[Hon'ble Mr. A. Thanu Pillai]

(e) No. Officers can get promotions only in accordance with the rules and conditions existing for the time being.

(f) Compensatory allowances in lieu of eligible leave, and leave allowances are proposed to be granted.

Tax Receipt.

389. MR. P. CHACKO: (*Thiruvella V - General*) Will the Honourable Minister for Land be pleased to state.

(a) whether the Government are aware that tax receipt form given by the Kalloopara Pakuthy authorities is different from the forms prescribed by the Government for other pakuthies; and

(b) Will the Government order for the use of the form prescribed by the Government without any delay?

HON'BLE MR. C. KESAVAN: (a) and (b) There is no material difference between the tax receipt form used by the Edapally Swarupam authorities for Kalloopara pakuthy and the one prescribed by Government for use in other pakuthies.

Disabilities of the Ryots of the Kalloopara Pakuthy.

390 MR P. CHACKO : Will the Honourable Minister for Land be pleased to state:

(a) whether the Government be pleased to make enquiries about the disabilities of the ryots of the Kalloopara pakuthy in the matter of pokkuvaravoo, Ottivilakkom and payment of tax in kind and about the Mal-administration of the Kallooppara pakuthy by the Edappally Chief;

(b) in the interest of the citizens of the Kalloopara pakuthy will the Government be pleased to assume the management of the same;

(c) will the Government be pleased to state the extent and population of the Kalloopara pakuthy; and

(d) will the Government be pleased to consider the question of dividing the pakuthy into two or three pakuthies for the proper administration of the pakuthy?

HON'BLE MR. C. KESAVAN: (a) Yes.

(b) No.

(c) Extent 35 sq. miles, population 57,486.

(d) Yes.

Opening of Libraries and Reading Rooms

MR. N. V. CHACKO (*Kunnathunad III—General*): Will the Honourable Minister for Education be pleased to state.

(a) whether the Government are taking vigorous steps for opening Libraries and Reading rooms in all the Karas of the several parts of the State; and

(b) if they are not taking such steps, whether they will be pleased to take such steps without delay?

HON'BLE. MR T. M. VARGHESE: നാട്ടിന്റെ നാനാഭാഗങ്ങളിലും ധാരാളമായി സ്ഥാപിക്കുന്നതിന് ആവശ്യമുള്ള പ്രവർത്തനങ്ങൾ ഗവണ്മെന്റ് ചെയ്യുന്നുണ്ട്. കൂടാതെ ട്രാവൻകൂർ ലൈബ്രറി അസോസിയേഷൻ എന്ന ഒരു സ്ഥാപനം ഉണ്ട്. ആ സ്ഥാപനത്തെക്കൊണ്ടും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. രണ്ടുവർഷമായി അവർ ധാരാളം ജോലിചെയ്യുന്നു. ൯൩ ലൈബ്രറികൾ നാമാവശേഷമായതിനെ ഉദ്ധരിച്ചിട്ടുണ്ട്. ൩൨ ലൈബ്രറികൾ പുതുതായി ഈ അസോസിയേഷൻ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ ൩൦൦ ലൈബ്രറികൾ ഇതിൽ അഫിലിയേററ് ചെയ്തിട്ടുണ്ട്. ഇങ്ങനെ ഗവണ്മെന്റ് പലവിധത്തിൽ ലൈബ്രറികളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

MR. N. V. CHACKO: തിരുവനന്തപുരത്തുള്ള പബ്ളിക്ക് ലൈബ്രറി ഇല്ലാതാക്കുന്നതിന് നടപടികൾ എടുക്കുന്നതായി ഗവണ്മെന്റിനറിയാമോ?

HON'BLE MR. T. M. VARGHESE: അങ്ങിനെയൊന്നും ഗവണ്മെന്റിന്റെ അറിവിൽപ്പെട്ടിട്ടില്ല.

Valiathura Pier.

392\. **MR. K. A. MUHAMMED** (*Quilon IV—Muslim*): Will the Honourable Minister for Ports be pleased to state.

(a) the estimated damage done to the Valiathura Pier by the dashing of the ship;

(b) whether they propose to repair the Pier in the near future,

(c) whether any contract is given to salvage any portion of the pier?

HON'BLE MR. T. M. VARGHESE: എ. വലിയതുറ പിയറിന് നാശം സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടുണ്ടായ നാശത്തിന്റെ തുകെത്തുക വിലവച്ചിട്ടില്ല. അതിന്റെ അവശിഷ്ടങ്ങൾ കടലിൽ താഴ്ന്നതിന്റെ ശേഷം കപ്പൽ കമ്പനിക്കാരും ഗവണ്മെന്റും കൂടി ചേർന്ന് ഒരു ജോയിന്റ് സർവെ നടത്തിയശേഷം തുകെത്തുക നിർണ്ണയിക്കേണ്ടതായിട്ടാണിരിക്കുന്നത്. സംഭവം ഉണ്ടായശേഷം ഒരു ക്രിമിനൽകേസ് മജിസ്ത്രേട്ടുകോടതിയിൽ നടക്കുന്നുണ്ട്.

MR. ABDUL AZIZ. May I say that the case is subjudice?

HON'BLE MR. T. M. VARGHESE: ഇപ്പോൾ പറയുന്നത് സബ ജുഡിസ് അല്ല. ആ ക്യാപ്ററനെ ൨ ലക്ഷം രൂപായുടെ ജാമ്യം വാങ്ങി

[Hon'ble Mr. T. M. Varghese]

ച്ച് വിട്ടിട്ടുണ്ട്. ജോയിൻറ് സർവേയുടെ റിപ്പോർട്ട് വന്നതിന് ശേഷം നഷ്ടപ്പെട്ട തുക ഈടാക്കുന്നതിനുള്ള നടപടി നടത്തും.

ബി. പിയർ പുതുതായി ഉണ്ടാക്കുകയാണോ വേണ്ടതെന്ന് അതു സംബന്ധിച്ചുള്ള വിവരങ്ങൾ വന്നതിനു ശേഷമേ തീരുമാനിക്കാനൊക്കുകയുള്ളു.

അദ്ധ്യാപകന്മാരുടെ പ്രമോഷൻ.

393. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

Education ഡിപ്പാർട്ടുമെൻറിൽ ൧൧൨൨—൧൧൨൩ ഈ ആണ്ടുകളിൽ ൨-ാംഗ്രേഡിൽനിന്നും ൧-ാംഗ്രേഡിലേക്കും ൩-ാംഗ്രേഡിൽ നിന്നും ൨-ാംഗ്രേഡിലേക്കും പ്രത്യേക പരിഗണനകൾ ആസ്പദമാക്കി പ്രമോഷൻ നൽകിയിട്ടുള്ള ഡിപ്പാർട്ടുമെൻറൽ അദ്ധ്യാപകന്മാരുടെയും ഇൻസ്പെക്ടറന്മാരുടെയും പേരുകൾ തരുന്നതിനും അപ്രകാരം promotion നൽകുന്നതിന് ഉണ്ടായ കാരണങ്ങൾ പ്രസ്താവിക്കുന്നതിനും ഗവൺമെൻറിനു സന്മനസ്സുണ്ടാകുമോ ?

HON'BLE MR. T. M. VARGHESE: ൧൧൨൨, ൧൧൨൩ ഈ ആണ്ടുകളിൽ രണ്ടാംഗ്രേഡിൽ നിന്നും ഒന്നാംഗ്രേഡിലേക്ക് ഉയർത്തപ്പെട്ട ഉദ്യോഗസ്ഥന്മാർ.

൧. മി. കെ. ജെ. ലിനോസ്.

൨. മി. കെ. ജി. മാധവൻ, അവരാണ്. കൂടാതെ മിസ്സിസ്. അന്നമ്മ മാത്യുവിനെ മൂന്നാംഗ്രേഡിൽ നിന്നും രണ്ടാംഗ്രേഡിലേക്കും പ്രമോട്ടു ചെയ്തിട്ടുണ്ട്.

ഇങ്ങനെ കയററം ചെയ്യുന്നതിനുള്ള കാരണം സീനിയോറിററി അല്ല, കാര്യക്ഷമത മാത്രമാണ്.

MR. K. A. MATHEW: ഏതു കാര്യത്തിനുള്ള കാര്യക്ഷമതയാണെന്നു പറയുമോ ? പ്രത്യേകം പരിഗണിക്കാൻ വല്ലതും കാണുമോ ?

HON'BLE MR. T. M. VARGHESE: പ്രത്യേക പരിഗണനയെ അർഹിക്കുന്ന പലതും കാണും. എങ്കിലും അറിവിൽപ്പെട്ടിട്ടുള്ളതു പറയാം. മി. ലിനോസ് അദ്ധ്യാപകവൃത്തിയിലിരുന്ന കാലത്തു തന്നെ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽ പബ്ലിസിററി അസിസ്റ്റൻറായി നിയമിച്ച് വളരെ സ്തുത്യർഹമായ നിലയിൽ പ്രവർത്തിച്ചു. മി. കെ. ജി.

മാധവൻ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാരുടെ സ്റ്റൈക്ക് അനാശാസ്യമായി വർദ്ധിക്കാതിരിക്കുവാൻ വളരെ സാമർത്ഥ്യത്തോടും വിവേകത്തോടും കൂടി പ്രവർത്തിച്ചു. മിസ്സിസ്. അന്നാമ്മ മാത്യു ആദ്യം ഒരു അണ്ടർ ഗ്രാഡുവേററ് ടീച്ചർ ആയിട്ടാണ് ജോലിയിൽ പ്രവേശിച്ചത്. പിന്നീട് അവർ ബി. എ. പാസായി. ആ കാര്യം അവഗണിച്ചു പുത്തനായി രണ്ടുപേരെ അവരുടെ മുകളിൽ നിയമിച്ചു. ഈ വിവരം അവർ ഗവണ്മെൻറിനെ അറിയിച്ചപ്പോൾ അകാരണമായി അവരുടെ അവകാശങ്ങൾ വിഗണിക്കപ്പെട്ടതാണെന്ന് ഗവണ്മെൻറിന് ബോദ്ധ്യം വരികയും അവർക്ക് ശരിയായ റാങ്ക് കിട്ടാൻവേണ്ടി ൩-ാം ഗ്രേഡിൽ നിന്നും ൨-ാം ഗ്രേഡിലേക്ക് പ്രമോട്ടുചെയ്യുകയും ചെയ്തു.

Bunchy Top disease.

394. MR. PAUL A. THALIAT: Will the Honourable Minister for Agriculture be pleased to state:

(*a*) whether any amount has been spent in 1123 towards the destruction of plantain trees affected with bunchy top disease;

(*b*) if the answer to (a) is in affirmative the amount so spent with the number of plantain trees so destroyed;

(*c*) whether any special staff is maintained now;

(*d*) if the answer to (c) in the affirmative the monthly expenditure incurred for the purpose; and

(*e*) if the answer to (c) is in the negative the date on which the entire staff was disbanded?

HON'BLE MR. K. M. KORAH: (*a*) Yes. An amount has been spent in 1123 towards the destruction of plantain trees affected with the disease.

(*b*) Rs. 28,745-Chs. 5, Cash 14. The number of Plantains destroyed comes to 19067.

(*c*) Yes.

(*d*) Rs. 2,824.

(*e*) The staff will be disbanded from 1-1-1124.

Purchase of food grains.

395. MR. PAUL A. THALIAT: Will the Honourable Minister for Food be pleased to state:

(*a*) the amount of investment by Government for the purchase of food grains as on 30-11-1123;

(*b*) whether this amount has been overdrawn from banks;

(*c*) if the answer to (b) is in the affirmative the names of those banks from which such amounts are overdrawn; and

(*d*) the rate of interest charged by each bank for such overdraft arrangements?

HON. MR. K. M. KORAH: (*a*) The balance outstanding invested as at the close of 10-8-1123 is Rs. 4,30,64,467 in round figures.

[Hon'ble Mr. K. M. Korah.]

(*b*) This amount is included in the over-draft account with the Imperial Bank of India, Trivandrum.

(*c*) The Imperial Bank of India, Trivandrum.

(*d*) Interest at 3 per cent. is charged on the amount of over-draft.

തിരുവല്ലാതാലൂക്കിൽ ലിഫ്റ്റ്. ഇറിഗേഷൻ.

396. MR. MANNAR K. GOPALAN NAIR (*Thiruvella I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇലക്ട്രിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവല്ലാതാലൂക്കിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുന്നതിന് വല്ല പദ്ധതിയും ഗവണ്മെന്റിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതേപ്പററി എന്തു നടപടി എടുത്തു?

Hon'ble Mr. K, M, Korah (a) Yes

(b) The scheme is under consideration.

MR. MANNAR K. GOPALAN NAIR : ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ച് തിരുവല്ലാ താലൂക്കിലുള്ള കോവാപ്പറേറ്റീവ് സൊസൈററിയിൽ നിന്നും എന്തെങ്കിലും നിവേദനം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : തിരുവല്ലാ താലൂക്കിൽനിന്നു മാത്രമല്ല വളരെ സ്ഥാപനങ്ങളിൽ നിന്നും നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. അതിന്റെ ഫലമായി [illegible] രൂപയുടെ ഒരു സ്കീം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതുകൊണ്ടു അതു ഫലപ്രദമാക്കുന്നതിനുള്ള പദ്ധതികളെപ്പററി ഗവണ്മെന്റ് ആലോചിച്ചുവരുന്നു.

Bridge over Meenachil River.

397. MR. K M. CHANDY (*Meenachil I—General*): Will the Honourable Minister for Public Works be pleased to state:

(*a*) whether the Government have at any time decided to construct a bridge at Palai over the Meenachil river;

(*b*) what amount has been spent on the whole in connection with the abovesaid bridge; and

(*c*) whether the Government are aware of the necessity of a bridge over Meenachil river at Palai; and

(*d*) whether it would be possible for the Government to construct the said bridge in the near future?

HON'BLE MR. A. ATCHUTHAN: (*a*) Yes.

(*b*) Rs. 55,372.

(*c*) Yes; and

(*d*) Yes.

MR. K. M. CHANDY : ഇത്രയും രൂപാ പാലം കെട്ടുന്നതിനു മാത്രമാണോ ചിലവാക്കിയിട്ടുള്ളത്?

HON'BLE MR. A. ATCHUTHAN : അതെ.

MR. P. T. CHACKO : ഈ ജോലി തുടങ്ങിയിട്ട് എത്ര കൊല്ലമായിട്ടുണ്ടെന്നു പറയാമോ?

HON'BLE MR. A ATCHUTHAN : കുറേക്കാലമായി.

MR. P. T. CHACKO : ഈ അടുത്ത കാലത്തെങ്ങാനും അതിന്റെ ജോലി പൂത്തിയാകുമെന്നു വിശ്വസിക്കാൻ വല്ല ന്യായവുമുണ്ടോ?

HON'BLE MR. A. ATCHUTHAN : ലോലവൽ ബ്രിഡ്ജ് ആയതുകൊണ്ടു വെള്ളത്തിന്റെ ശല്യം ഉണ്ടാകാറുണ്ടു. അതുണ്ടാകാതിരിക്കാൻ എന്തെല്ലാമാണു ചെയ്യേണ്ടതു് എന്നുള്ളതിനെപ്പററി ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കയാണു്.

Maintenance of Thamarakulum—Parakai Road.

398. MR P. THANULINGOM NADAR (*Agasteeswaram—Hindu Nadar Reserved*):

கன்னியம் தங்கிய மராமத்து மந்திரியவர்கள் பின்னே தந்திருக்கும் கேள்விகளுக்கு தயவு செய்து பதில் சொல்வார்களா?

1. தாமரைக்குளம்—பறக்கை ரோட்டிற்கு 1123-ம் ஆண்டு பட்ஜெட்டில் குறிப்பிட்டிருக்கும் சீர்திருத்த வேலை செய்து முடிக்கப் பட்டிருக்கிறதா? இல்லையானால் ஏன்?

HON'BLE MR. A. ATCHUTHAN: Improvements to the road have been completed.

Cross-bar Construction in Cape Pakuthy.

399. MR. P. THANULINGOM NADAR

கனம் மராமத்து மந்திரி கீழ் குறிப்பிட்டிருக்கும் கேள்விக்கு தயவு செய்து பதில் தருவார்களா?

1. கன்னியாகுமரி பகுதியில் சர்வே 1440 ம் 1441-ம் நம்பர் வஸ்துக்களின் பக்கத்தில் ஒரு கிறஸ்பார் கட்டி அந்தக் காலை 600 அடி நீட்டுவதாக 1123-ம் ஆண்ட் பட்ஜெட்டில் குறிப்பிட்டிருக்கும் வேலை செய்யப் பட்டிருக்கிறதா? இல்லையானால் ஏன்?

HON'BLE MR. A. ATCHUTHAN : No. An estimate is under preparation. Further action will be taken after scrutiny and consideration of the estimate.

MR. D. GNANASIGAMONY : Was not the estimate originally prepared.

HON'BLE MR. A. ATCHUTHAN : Yes. An estimate was originally prepared. On scrutiny it was found to be insufficient.

MR. D. GNANASIGAMONY : Will it be taken up this year ?

HON'BLE MR. A. ATCHUTHAN : Yes.

Improvement of tanks.

400. MR. P. THANULINGOM NADAR : கனம் பொதுமராமத்து மந்திரி கீழ் குறிப்பிட்டிருக்கும் கேள்விகளுக்கு தயவு செய்து பதில் தருவார்களா?

(a) அகஸ்தீஸ்வரம் தாலுகாவில் இது வரையில் எத்தனை குளங்கள் புதுப்பிக்கப் பட்டிருக்கின்றன?

(b) இன்னும் புதுப்பிக்கவேண்டிய குளங்கள் எத்தனை?

HON'BLE MR. A. ATCHUTHAN: (*a*) 223.

(*b*) About 165.

Pension or allowance given to Sir C. P. Ramaswami Aiyar.

401. MR. N. V. CHACKO : Will the Honourable Prime Minister be pleased to state :

(*a*) whether any pension or allowance is being given to Sir C. P. Ramaswami Aiyar from Travancore;

(*b*) if so, its rates or amount;

(*c*) whether annuity is being given to him;

(*d*) if neither pension nor allowance nor annuity is being given, the reason for not giving it; and

(*e*) was it claimed but refused, was it offered but refused?

HON'BLE MR. A. THANU PILLAI : For (*a*) and (*c*) answer is in the negative.

(*b*) The question does not arise.

(*d*) There was no provision therefor in the terms of his appointment.

(*e*) It was neither claimed and refused nor offered and refused.

ഓയിൽ എൻജിൻ കൃഷിക്കാർക്കു വാടകയ്ക്കു കൊടുക്കുന്ന നടപടി.

402. MR. P. K. KUMARAN ASARI (*Meenachil I—Kammala*) :

താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിഡിപ്പാർട്ടുമെന്റിന്റെ ചാർജ് വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ?

(എ) ഇലക്ട്രിക് മോട്ടറിന്റെ സഹായത്തോടുകൂടി വെള്ളം വററിക്കുന്നതിന് സൗകര്യമില്ലാത്ത പുഞ്ചപ്പാടങ്ങളിൽ സമയാസമയങ്ങളിൽ വെള്ളം വററിക്കുന്നതിന് ആവശ്യമുള്ള ഓയിൽഎൻജിൻ ഇല്ലാത്തതുകൊണ്ട് കൃഷിക്കാർ അനുഭവിച്ചുവരുന്ന വിഷമതകളെപ്പററി ഗവണ്മെന്റിൽ നിന്നു വല്ല അന്വേഷണവും ചെയ്തിട്ടുണ്ടോ?

(ബി) ഇലക്ട്രിസിററി ഇല്ലാത്ത സ്ഥലങ്ങളിൽ നെല്ലു വിതക്കേണ്ടകാലത്ത് വെള്ളം വററി കിട്ടാത്തതിനാൽ പല വിഷമതകളും കഷ്ടനഷ്ടങ്ങളും കൃഷിക്കാർ ആണ്ടുതോറും അനുഭവിച്ചുവരുന്നതു കൊണ്ട് ആവശ്യമുള്ള ഓയിൽ ഇൻജിൻ ഗവണ്മെന്റിൽ നിന്നും വിലക്കു വാങ്ങി കൃഷിക്കാർക്കു വാടകയ്ക്കു കൊടുക്കുന്നതിനോ, ഹയർപർച്ചേയിസ് സിസ്റ്റ

ത്താൽ വിൽക്കുന്നതിനോ, ഉള്ള ഏതെങ്കിലും പദ്ധതി രൂപീകരിക്കുന്നതിനു ഗവണ്മെൻറിൽ നിന്നും തീരുമാനിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തു?

(സി) അടുത്ത കൃഷിക്ക പ്രയോജനപ്പെടത്തക്കവണ്ണം സൗകര്യമുള്ള പാടങ്ങളിലേക്ക ത്രിഫെയിസ് ലൈയിൻ നീട്ടി അവിടെയുള്ള കൃഷിക്കാക്ക് ആവശ്യമുള്ള ഇലക്ട്രിസിററി നൽകുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിന് ദയവുണ്ടാകുമോ?

HON'BLE MR. A' ATCHUTHAN : (എ) ഉണ്ട്.

(ബി) വാടകയ്ക്കു കൊടുക്കുന്നതിനു വേണ്ടി ഏതാനും എൻജിനുകളും പമ്പുകളും കൃഷിഡിപ്പാർട്ടുമെൻറിൽ ഉണ്ട്. അവ ഡിപ്പാർട്ടുമെൻറിലെ വ്യവസ്ഥകളനുസരിച്ച് കൃഷിക്കാക്ക് കൊടുക്കുന്നതാണ്.

(സി) ലൈൻ നീട്ടാൻ സൗകര്യമുള്ള സ്ഥലങ്ങളിലെല്ലാം വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ.

MR P. K. KUMARAN ASARI ; മഴക്കാലങ്ങളിലും മററും കായലിൽ മട വീഴുന്ന അവസരത്തിൽ എൻജിനൊന്നും കിട്ടാതെ ഇരിക്കുന്നു എന്ന സംഗതി ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. M. KORAH : അങ്ങനെയും വന്നേക്കാം.

Government Investments.

403. MR. K. A. MUHAMMED : Will the Honourable Minister for Industries be pleased to state

(a) the investment of Government in the plywood Factory at Punaloor : and

(b) the invesetment of Government in the Vanchi Clay mines at Chathanoor?

HON'BLE MR. T. M. VARGHESE : (എ) പ്ലൈവുഡ് ഫാക്ടറിക്കുള്ള മൂലധനം ൧൦ ലക്ഷം രൂപാ.

(ബി) ൧൮൩൪൮ രൂപാ ൯ അണ ൯ പൈ.

MR. K. A. MOHAMMED : പ്ലൈവുഡ് ഫാക്ടററിയിൽ ഇപ്പോൾ ജോലി നടക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : ഇപ്പോൾ ജോലി നടത്താൻ സാധിക്കാതെയാണിരിക്കുന്നതു്.

MR. T. A. ABDULLA : ഈ ഫാക്ടററിയിൽ നിന്നും കിട്ടിയിട്ടുള്ള ആദായത്തിൻെറ ഡിവിഡൻറ് വിതരണം ചെയ്തിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ഡിവിഡൻറ് വാങ്ങിക്കാൻ ആരും ഇല്ലാത്തതുകൊണ്ടു് കൊടുത്തിട്ടില്ല.

MR. K. R. ELANKATH : അങ്ങിനെയാണെങ്കിൽ ഫാക്റററിയുടെ ഇൻവെസ്റ്റ്മെൻറ മുഴുവനും ഗവണ്മെൻറ് പണം ആയിരിക്കണമല്ലോ?

HON'BLE MR. T. M. VARGHESE : അതു് മുഴുവനും ഗവണ്മെൻറ് പണമാണു്.

MR. K. A. MOHAMMED : ഫാക്റററിയിൽ നിന്നും എന്തു ലാഭം കിട്ടിയിട്ടുണ്ടെന്നു പ്രസ്താവിക്കാമോ?

HON'BLE MR. T. M. VARGHESE : രണ്ടുലക്ഷത്തിൽ ചില്വാനം രൂപാ ലാഭം കിട്ടിയിട്ടുണ്ടു്. ശരിയായി ജോലി നടത്താമെങ്കിൽ ആണ്ടോടാണ്ടു് ഒരു വലിയ തുക ലാഭം ഉണ്ടാകുമെന്നു് നമുക്കു് പ്രതീക്ഷിക്കാം.

ഇംഗ്ലീഷ് ഹൈസ്കൂളുകളിലെ പൌരസ്ത്യഭാഷാദ്ധ്യാപകന്മാർ.

404. MR. ABDUL MAJEED (*Chirayinkil III—Muslim*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കുമോ?

ഇംഗ്ലീഷ് സ്കൂളുകളിൽ പൌരസ്ത്യഭാഷാദ്ധ്യാപകന്മാർക്കു പരീക്ഷായോഗ്യതയുടെപേരിൽ വിവിധശമ്പളസ്കെയിലുകൾ നൽകപ്പെടുന്നതിൻെറ അനൌചിത്യം ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : പൌരസ്ത്യഭാഷയിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള അദ്ധ്യാപകന്മാർക്കു് വിവിധസ്കെയിലുകളിൽ അവരുടെ പരീക്ഷായോഗ്യത അനുസരിച്ചു പ്രോൽസാഹനം കൊടുക്കുന്നു എന്നുള്ളതിനെപ്പററി പരാതികൾ ഉണ്ടായിട്ടില്ല. എങ്കിലും അതിനെപ്പററി അധികൃതമായിട്ടു് എന്തെങ്കിലും ഭേദഗതി ചെയ്യുന്ന കാര്യം ആലോചിക്കാം.

MR. ABDUL MAJEED : ഗവണ്മെൻറിന്നു് ആ അനൌചിത്യത്തെപ്പററി ഇപ്പോൾ ആലോചിക്കണമെന്നു് അഭിപ്രായം ഇല്ലേ?

HON'BLE MR. T. M. VARGHESE : അതു് അനൌചിത്യമാണോ അല്ലയോ എന്നാലോചിക്കുന്നതു് ഇപ്പോൾ വിഹിതമായിരിക്കുമെന്നു് വിചാരിക്കുന്നില്ല.

ആലപ്പുഴ മാതൃകാ തെങ്ങിൻതോട്ടം.

405 MR. K. SARANGADHARAN (*Ambalapuzha II—General*):

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) ആലപ്പുഴയുള്ള സർക്കാർ മാതൃകാ തെങ്ങിൻ തോട്ടത്തിൽ നിന്ന് ആണ്ടുതോറും ഗവൺമെൻറിനു എന്താദായം കിട്ടുന്നുണ്ട്?

(ബി) ഈ തോട്ടത്തിന് എന്തു വിസ്തീർണ്ണമുണ്ട്?

(സി) ടി തോട്ടം പാട്ടത്തിനു കൊടുത്തിരിക്കയാണോ?

(ഡി) ആണെങ്കിൽ പാട്ടത്തിൻെറ പ്രധാന വ്യവസ്ഥകൾ എന്തു്?

HON'BLE MR. K. M. KORAH: (എ) ഇപ്പോൾ ആലപ്പുഴ മാതൃകാ തെങ്ങിൻ തോട്ടം ഒന്നും ഇല്ല.

എ ഉത്തരത്തിൻെറ നിലയ്ക്കു് ബി. മുതൽ ഡി, വരെ ചോദ്യങ്ങൾ ഉൽഭവിക്കുന്നില്ല.

MR. K. SARANGADHARAN: അവിടെ ഒരു മാതൃകാതെങ്ങിൻതോട്ടം മുമ്പ് ഉണ്ടായിരുന്നില്ലേ?

HON'BLE MR. K. M. KORAH: ആലപ്പുഴെ ഒരു മാതൃകാ തെങ്ങിൻ തോട്ടം മുൻമ്പ് ഉണ്ടായിരുന്നു, എന്നാൽ ൧൧൨൭-ൽ അതു് നിരത്തലാക്കുകയും, ഭവനരഹിതരായ പിന്നോക്കസമുദായങ്ങൾക്ക് ഭവനനിർമ്മാണത്തിനു വേണ്ടി പിന്നോക്കസമുദായ സംരക്ഷകനെ ഏൽപ്പിക്കുകയുമാണ് ചെയ്തതു്.

മാതൃകാ തോട്ടങ്ങൾ.

406. MR. K. SARANGADHARAN: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ ഗവൺമെൻറു വകയായി ആകെ എത്ര മാതൃകാ തോട്ടങ്ങൾ ഉണ്ടു്?

(ബി) അവ എവിടെയെല്ലാം?

HON'BLE MR. K. M. KORAH: (എ) തിരുവിതാംകൂറിൽ ഗവൺമെൻറു വകയായി ആകെ ൧൧ മാതൃകാ തോട്ടങ്ങൾ ഉണ്ടു്.

(ബി) അവ താഴെ പ്പറയുന്നസ്ഥലങ്ങളിൽ ആകുന്നു:—

കന്യാകുമാരി, ഇപ്പുതിസാരം, ആരുവാമൊഴി, ഓച്ചിറ, പുളിയറ, കോന്നി, ആലുവാ, വട്ടവട, പേരൂർക്കട, അട്ടൂർ, മങ്കൊമ്പു്.

Recurrence of breaches of bunds.

407. MR. VARGHESE AUGUSTIN (*Ambalapuzha III—General*): Will the Hon'ble Minister for Public Works be pleased to state:

(*a*) whether there occurred any breach of puncha bunds in any of the puncha padams in Kuttanand in 1123;

(*b*) if the answer is in the affirmative in what all padams;

(*c*) what have the Government done to prevent the recurrence of such breaches; and

(*d*) what all relief measures were taken by the Government to help the cultivators of the padams?

HON'BLE MR. K. M. KORAH: Answer to part (*a*) is Yes.

(*b*) Details are not available.

(*c*) Schemes for harnessing the waters of the major rivers like the Periyar, Pamba and Manimala are under investigation.

(*d*) Relief measures such as meeting part of the cost of closing the breach expenditure on dewatering, besides the supply of seed.

MR. VARGHESE AUGUSTIN: എന്തു കാരണത്താലാണ് പുഞ്ചപ്പാടത്തു മട വീഴുന്നതെന്ന് പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH: വെള്ളം കൂടുതൽ വന്നു കെട്ടിനിൽക്കുന്നതുകൊണ്ടാണ് മട വീഴുന്നത്.

MR. VARGHESE AUGUSTIN: ഈ വെള്ളം എപ്പോഴും, എവിടെ നിന്നുമാണ് വരുന്നതെന്നറിയാമോ?

HON'BLE MR. K. M. KORAH: പുഞ്ചപ്പാടങ്ങളിൽ വെള്ളം നിറയുന്നത് വർഷകാലങ്ങളിലാണെന്നും, കായലിൽ വെള്ളം വരുന്നത് നദിയിൽ കൂടിയാണെന്നും, ഉള്ള സംഗതി രണ്ടാംക്ലാസിലെ പാഠം ആണ.

MR. VARGHESE AUGUSTIN: വേലിയേററം ഉണ്ടാകുമ്പോൾ പുഞ്ചപ്പാടങ്ങളിൽ വെള്ളം കൂടുതൽ കയറി മട വീഴുന്നതായിട്ട് ബഹുമാനപ്പെട്ട മന്ത്രി അവർകൾക്ക് അറിഞ്ഞുകൂടേ?

HON'BLE MR. K. M. KORAH: അങ്ങിനേയും വരാം.

Double crop fields.

408. MR. VARGHESE AUGUSTIN: Will the Hon'ble Minister for Agriculture be pleased to state:

(*a*) how many acres of double crop (ഇരുപ്പൂ) fields are now converted into sugarcane fields in Central Travancore along the fertile banks of the Pumpa, Manimala and Achancoil; and

(*b*) what is the estimated loss of paddy every year by such convertion?

HON'BLE MR. K. M. KORAH: (*a*) The total number of acres converted into sugar cane fields comes 3421 acres 53 cents.

(*b*) The estimated loss of paddy in this respect comes to 3,49,000 paras approximately.

MR. VARGHESE AUGUSTIN : എന്തു കാരണത്താലാണ് നിലത്തിനെ കരിമ്പുകൃഷിക്കായിട്ട് രൂപാന്തരപ്പെടുത്തിയതെന്നു പറയാമോ?

HON'BLE MR. K. M. KORAH : കരിമ്പ് കൃഷി കുറേക്കൂടി ആദായകരമാണെന്നു കണ്ടതുകൊണ്ടും അതു പഞ്ചസാരക്കമ്പനിക്ക് കൂടുതൽ പ്രോത്സാഹജനകമാകണമെന്നുമുള്ള ഉദ്ദേശംകൊണ്ടുമാണ് അങ്ങനെ രൂപാന്തരപ്പെടുത്തിയതു്.

Written Answers.

പരിപോഷണക്കമ്മിററി.

409. MR. MANNAR K. GOPALAN NAIR : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പരിപോഷണവകുപ്പിന്റെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) ധനപരിപോഷണ കമ്മിററി എന്നൊന്ന് നിലവിലിരിപ്പുണ്ടോ ?

(ബി) ൧൧൨൨-ൽ ആ സമിതി പാസ്സാക്കിയിട്ടുള്ള പ്രമേയങ്ങളുടെ ഒരു ലിസ്ററ് മേശപ്പുറത്തു വയ്ക്കുമോ ?

(സി) അവയിൽ ഏതെങ്കിലും നടപ്പിൽ വരുത്തിയിട്ടുണ്ടോ ?

HON'BLE MR. T. M. VARGHESE : (എ) നിലവിലിരിപ്പുണ്ട്.

(ബി) ലിസ്ററു മേശപ്പുറത്തു വച്ചിട്ടുണ്ട് *

(സി) അവയിൽ മിക്കപ്രമേയങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്. ചിലതു നടപ്പിൽ വരുത്താൻ വേണ്ടതു ശ്രമിക്കുന്നുണ്ട്.

Pre-University Schools.

410. MRS. DEVAKI GOPIDAS (*Kottayam I—General*): Will the Hon'ble Minister for Education be pleased to state:

(*a*) how many students are now admitted in the Pre-University schools at Trivandrum, Quilon and Changanacherry; and

(*b*) what was the total number of students who had appeared for the Pre-University examination during the last academic year and what was the total number that had passed ?

HON'BLE MR. T. M. VARGHESE: (*a*) 1080 (451 in the Pre-University school, Trivandrum 124 in N. S. S. Hindu Pre-University College, Changanacherry and 505 in the Sree Narayana College, Quilon)

(*b*) 590 appeared (353 from the Pre-University school, Trivandrum, 237 from N. S. S. Hindu Pre-University College, Changanacherry) 224 passed (173 from Pre-University school, Trivandrum, and 51 from the N. S. S. Hindu Pre-University College, Changanacherry)

---

* Vide Appendix A.

Head Clerk in the Registration Department.

411. MR. P. T. CHACKO (*Kottayam II—General*): Will the Hon'ble Minister for Registration be pleased to state :

(*a*) the number of Head Clerks in the Registration Department who have been reverted in 1120 M. E.;

(*b*) why they were reverted;

(*c*) the years of service put in by these clerks in the Department on an average;

(*d*) the years of service put in on an average by those who have been promoted and appointed in the place of those reverted head clerks;

(*e*) whether those appointed had any previous service as head clerks?

HON'BLE MR. C. KESAVAN: (*a*) 42.

(*b*) Some were reverted for want of vacancies while others were reverted to provide for graduates who passed the Registration Test in order to keep up the proportion of 3 : 1 between graduates and under-graduates among clerks.

(*c*) 25 years.

(*d*) 2 years.

(*e*) No.

Bribery in Income-tax Department.

412. MR. P. T. CHACKO: Will the Hon'ble Minister for Income-tax be pleased to state:

(*a*) whether Government are aware that persons having no taxable income are now being taxed heavily;

(*b*) whether the Government are aware that the public are forced to give bribes to escape exhorbitant assessment of income; and

(*c*) whether the Government propose to do anything in the matter?

HON'BLE MR. C. KESAVAN: (*a*) No.

(*b*) No.

(*c*) Does not arise in view of the answers to parts (a) and (b).

യുദ്ധസേവനംകഴിഞ്ഞു മടങ്ങിവന്നിട്ടുള്ളവർ.

---

413. MR. MANNAR K. GOPALAN NAIR: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) യുദ്ധസേവനം കഴിഞ്ഞ് മടങ്ങിവന്നിട്ടുള്ള തിരുവിതാംകൂർകാരുടെ മൊത്തം എണ്ണം എത്ര ?

(ബി) അവരിൽ എത്ര പേർക്ക് ഗവണ്മെൻറു സർവീസ്സിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

HON'BLE MR. C. KESAVAN: (A) 54,000.

(B) 4,161.

University Professors.

414. MR. A. P. UDAYABHANU (*Karunagapalli II—General*): Will the Hon'ble Minister for Education be pleased to state:

(*a*) the pay of Professors for English; and

(*b*) the pay of Professors for oriental languages?

HON'BLE MR. T. M. VARGHESE: (*a*) Rs. 450-50-500.

(*b*) Rs. 350-20-450.

കൃഷി.

415. MISS. ACCAMMA CHERIAN (*Changanacherry I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പിന്റെ ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) നെൽകൃഷിക്കായി ഇക്കൊല്ലം എത്ര ഏക്കർ വനം വിട്ടുകൊടുത്തിട്ടുണ്ട്? അതു് ഏതെല്ലാം വ്യവസ്ഥകളിലാണ്?

(ബി) പ്രസ്തുത കൃഷിയിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളും ഗവൺമെന്റ് ചെയ്തുകൊടുത്തിട്ടുണ്ട്?

(സി) ഭക്ഷ്യവിഷയത്തിൽ സ്വയം പര്യാപ്തത സിദ്ധിക്കത്തക്കവണ്ണം കൂടുതൽ വനവിഭാഗങ്ങൾ കൃഷിക്കായി വിട്ടുകൊടുക്കുവാൻ ഗവൺമെന്റു വിചാരിക്കുന്നുവോ?

HON'BLE MR. K. M. KORAH: (എ) ൧൧൨൪-൨൫-ലെ ഗവൺമെന്റ് പ്രസ്നോട്ടിൽ വിവരിക്കുന്ന കരാറുകളും ഉപാധികളും അനുസരിച്ചു് ൧൨,൦൦൦ ഏക്കർ വനപ്രദേശം കൃഷിചെയ്യുന്നതിനു പാട്ടമായി നൾകിയിട്ടുണ്ടു്.

(ബി) പാട്ടക്കാർക്കു നാമമാത്രവിലയിൽ ചെറിയ തടികൾ അവരുടെ ഉത്തമവിശ്വാസമായ ആവശ്യങ്ങൾക്കുവേണ്ടി സംഭരിക്കുന്നതിനും വിലകൂടാതെ പച്ചിലവളം ശേഖരിക്കുന്നതിനും ഉള്ള സകല സൗകര്യങ്ങളും നൽകിയിട്ടുണ്ടു്.

(സി) ഉണ്ടു്.

കുട്ടനാട്ടിലെ വെള്ളപ്പൊക്കം.

416. MR. K. RAMAKRISHNA PILLAI (*Ambalapuha I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

വർഷംതോറും കുട്ടനാട്ടിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം തടയുന്നതിന് സർക്കാർ ഏതെങ്കിലും പദ്ധതി തയ്യാറാക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN: Yes. Schemes for harnessing the waters of the major rivers like the Periyar, Pampa and Manimala are under investigation.

കൃഷിയാവശ്യത്തിനു വെള്ളം.

417. **MR. K. RAMAKRISHNA PILLAI :** താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

കുട്ടനാട്ടിലെ കൃഷി ആവശ്യത്തിനായി വെള്ളം സൗജന്യനിരക്കിൽ നൽകണമെന്നു കാണിച്ചു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. K. M. KORAH : ഉണ്ട്.

അഗാധജലമത്സ്യബന്ധനത്തെപ്പററി റിപ്പോർട്ട്

MR. WILSON PETER (*Shertalai III—Lattin Catholic*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) യൂണിവേഴ്സിററി പ്രൊഫസർ ഡാ: സി. സി. ജാൺ അഗാധജലമത്സ്യബന്ധനത്തെപ്പററി ബഹു: ഗവണ്മെൻറിന് ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ ?

(ബി) പ്രസ്തുത പദ്ധതിയുടെ സാദ്ധ്യതകളെപ്പററി മററാരെങ്കിലും ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ?

(സി) ഈ റിപ്പോർട്ടുകളുടെ കാപ്പികൾ മെമ്പറന്മാരുടെ അറിവിനായി മേശമേൽ വയ്ക്കുമോ ?

(ഡി) ഡാ. ജാണിൻെറ റിപ്പോർട്ടു ഉപസംഹരിക്കുന്ന ഭാഗത്ത് ഈ പദ്ധതിയുടെ വിജയത്തിൽ സംശയം രേഖപ്പെടുത്തിയിട്ടുണ്ടോ ?

(ഇ) ഉണ്ടെങ്കിൽ ഈ ഘട്ടത്തിൽ അതിനായി പൊതുസ്വത്തിൽ നിന്നും പണം വിനിയോഗിക്കുന്നതു ബുദ്ധിപൂർവ്വമാണോ?

HON'BLE MR. K. M. KORAH : (എ) ഇല്ല.

(ബി) ഇല്ല.

(സി) (ഡി) (ഇ) മുൻ ഉത്തരങ്ങളെ ആസ്പദമാക്കി നോക്കുമ്പോൾ ഈ ചോദ്യങ്ങൾ ഉത്ഭവിക്കുന്നില്ല.

APPENDIX

(*Vide* Answer to Question No. 409.)

LIST OF RESOLUTIONS.

Resolutions re :

1. A scheme for the development of rural areas in the State.
2. A scheme for the training of rural workers.
3. Development of the Trivandrum Broadcasting Station.
4. Controlling the prices of timber and firewood.
5. Allocation of lands from Reserve forests for cultivation.
6. Establishment of cattle pounds.
7. Establishment of rural libraries.
8. Development of bee keeping industry.
9. Popularisation of improved latrines in villages.
10. Improvement of markets—appointment of a committee.
11. Scientific methods for the extraction of lemon grass oil.
12. Utilisation of water available in the various rivers for irrigation purposes.
13. Rationalisation of coir industry—appointment of a Committee.
14. Introduction of crop insurance.
15. Manufacture and sale of agricultural implements.
16. Conversion of swampy areas into paddy fields.
17. Legislations for consolidation of holdings.
18. Establishment of firewood depots under the auspices of Forest Department.
19. Supply of cheap power to agriculturists.
20. Separation of irrigation from P. W. D.
21. Starting of a Medical College in the State.

MR. PRESIDENT : ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു.

MR. P. M. VARGHESE (*Thodupuzha I—General*) : സർ, എനിക്ക് അടിയന്തിരമായ ഒരു കാര്യം സഭയെ അറിയിക്കേണ്ടതുണ്ട്. അതായതു്, ചിങ്ങം ൧-ാം൹-യിലെ കേരളകൗമുദിയിൽ "പച്ചക്കള്ളം" എന്ന തലക്കെട്ടിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. മി. ററി. എം. വറുഗീസിനെയാണ് അതിൽ പച്ചക്കള്ളൻ ആയിട്ട് വിവരിച്ചിരിക്കുന്നതു്. ആ ലേഖനം വേണമെങ്കിൽ വായിക്കാം. വളരെ ഗൌരവമുള്ള ആരോപണമാണ് അതിൽ ഉള്ളതു്. ഇങ്ങനെ ഒരു മന്ത്രിയെക്കുറിച്ചുള്ള ആരോപണം കൊണ്ടുവന്നതു് അദ്ദേഹം ക്യാബിനററിലെ ഒരു അംഗമെന്ന നിലയിൽ കൂടിയാണ്. അതിനാൽ അതു ക്യാബിനററിനെ മുഴുവൻതന്നെ ബാധിക്കുമെന്നാണ് എനിക്കു തോന്നുന്നതു്.

MR. P. T. CHACKO: ആ ആരോപണം ഈ സഭയിൽ നടന്ന കാര്യങ്ങളെ കുറിച്ചാണോ ?

MR. P. M. VARGHESE: അതേ; അതുകൊണ്ടാണ് ഞാൻ ഇതു സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതു്.

MR. PRESIDENT: ലേഖനം ഞാൻ വായിച്ചിട്ടില്ല. അതിനാൽ ഉച്ച കഴിഞ്ഞു് സഭ കൂടുമ്പോൾ അതിനെപ്പററി ആലോചിക്കുന്നതാണ്. ലേഖനം ഏതു തീയതിയിലെ പത്രത്തിലാണ്?

MR. P. M. VARGHESE: ൧൧൨൪ ചിങ്ങം ൧-ാംനു- ചൊവ്വാഴ്ച.

ANNOUNCEMENT RE: THE ELECTION OF MEMBERS FOR THE PUBLIC ACCOUNT'S COMMITTEE AND THE UNIVERSITY SENATE.

MR. PRESIDENT: പബ്ലിക്ക് അക്കൗണ്ട്സ് കമ്മററിയിലേക്കും യൂണിവേഴ്സിററി സെനററിലേക്കും ഈ സഭയിൽനിന്നു അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നോമിനേഷൻ ഇന്നുച്ചയ്ക്കു് ഒരുമണിക്കു് സെക്രട്ടറിയെ ഏല്പിക്കേണ്ടതാണെന്നു് കഴിഞ്ഞ ദിവസം പ്രസ്താവിച്ചു. എന്നാൽ എല്ലാ പാർട്ടികളും കൂടി യോജിച്ചു് നോമിനേഷൻ ലിസ്ററു് കൊടുക്കുന്നതിനു് ഇതുവരെ നടപടികളും ഇല്ലായിരുന്നു എന്നും നോമിനേഷൻ തീയതി മാററിവച്ചാൽ യോജിച്ചുള്ള ഒരു ലിസ്ററു് നല്കുവാൻ സാധിക്കുമെന്നും എന്നെ അറിയിച്ചിരിക്കുന്നു. അതിനാൽ ആഗസ്ററു് ൨൪-ാംനു- ഉച്ചയ്ക്കു് ൧ മണിക്കുമുമ്പേ നോമിനേഷൻ ലിസ്റ്റ് സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്. അന്നു് വൈകുന്നേരം ഡെപ്യൂട്ടിപ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ നോമിനേഷനെപ്പററിയുള്ള സ്ക്രൂട്ടിനി നടത്തുന്നതാണ്. ആഗസ്റ്റ് ൨൫-ാംനു- വൈകുന്നേരം തെരഞ്ഞെടുപ്പു്, ആവശ്യമുണ്ടെങ്കിൽ നടത്തുന്നതായിരിക്കും. ഇനി ഫൈനാൻഷ്യൽ ബിസിനസ്.

Financial Business.

MR. PRESIDENT: ഇതേ സംബന്ധിച്ചു് എനിക്കു് പ്രസ്താവിക്കുവാനുള്ളതു് നിയമസഭാ ചട്ടം ൪൨-ാം റൂളനുസരിച്ചു് ഏഴു ദിവസമാണ് വോട്ടിങ്ങു് ഓഫ് ഡിമാൻഡ്സിനു് കണക്കപ്പെടുത്തിയിരിക്കുന്നതു്. ഒരു ദിവസം ൪ മണിക്കൂർ ഡിമാൻഡ്സിനു് ഉപയോഗിക്കുന്നതായി

രിക്കും, എന്നാണു പ്രസ്താവിച്ചിരുന്നതു്. എന്നാൽ, എല്ലാ ദിവസവും ഈ നാലു മണിക്കൂർ ഉപയോഗിക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം ൨ മണിക്കൂർമാത്രമേ ചർച്ച ചെയ്യുന്നതിനു സാധിച്ചിട്ടുള്ളു. അങ്ങനെ ഈ സഭയ്ക്കു ൨ മണിക്കൂർ നഷ്ടപ്പെട്ടിട്ടുണ്ടു. അതുകൂടി ചേർത്തു് ഇതിന്റെ സമയം ദീർഘിപ്പിക്കുന്നതാണു് എന്നു്, ഒരു പായിന്റു് ആഫ ആർഡർ റെയിസു ചെയ്തപ്പോൾ ഞാൻ പ്രസ്താവിച്ചു. എന്നാൽ അതിൽ പിന്നീടു് ഒട്ടും മററു സ്ഥലങ്ങളിലേ നടപടികളും നോക്കിയപ്പോൾ അങ്ങനെ ദീർഘിപ്പിക്കുവാൻ സാധിക്കുകയില്ലെന്നാണു് കാണുന്നതു്. ഉദാഹരണമായി മദ്രാസിൽ ൧൭ ദിവസമാണു് ധനാഭ്യർത്ഥനകൾക്കു ൧൯൪൬-ൽ നിശ്ചയിച്ചിരുന്നതു്. രണ്ടു ദിവസം ചർച്ച കഴിഞ്ഞപ്പോൾ അവിടത്തെ മന്ത്രിസഭാക്കുഴപ്പംകൊണ്ടു് മൂന്നു ദിവസം നടപടി നിർത്തിവയ്ക്കേണ്ടതായിവന്നു. പിന്നെ മന്ത്രിമാരുടെ സ്റ്റേററുമെൻറുകൾ മൂലം രണ്ടുദിവസം താമസം നേരിട്ടു. അങ്ങനെ നഷ്ടപ്പെട്ട അഞ്ചുദിവസം നീട്ടിവയ്ക്കണമെന്നു് ആവശ്യപ്പെടുകയും എന്നാൽ അതു് അനുവദിക്കാതിരിക്കുകയും ഡിമാൻഡ്സ് എല്ലാം നിശ്ചിത ദിവസങ്ങൾക്കുള്ളിൽതന്നെ പാസാക്കുകയും ചെയ്തു. അതിനാൽ ഇന്നു് അഞ്ചുമണി ആകുമ്പോഴേക്കും ഡിമാൻഡുകളെല്ലാം ഒന്നിനു് പുറകെ ഒന്നായി വിളിച്ചു് പാസാക്കുന്നതാണെന്നുള്ള വിവരം ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു.

VOTING OF DEMANDS FOR GRANTS.

DEMAND XIII—EDUCATION—(*contd.*)

MR. JOSEPH MALIAKAL (*Thodupuzha I—General*) : എനിക്കു് ഒരു സംഗതി അറിയിക്കുവാനുണ്ടു്. അതായതു് വിദ്യാഭ്യാസത്തിനു് മൂന്നു ഹെഡിങ്ങിലായിട്ടാണു് ചർച്ച [illegible]ന്നതെന്നു് പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചു് പലരും കട്ടുമോഷൻ അയച്ചിട്ടുണ്ടു്. കട്ടു് മോഷൻ അയച്ചിട്ടുള്ള മിസ്റ്റർ ഗോവിന്ദനും മിസ്റ്റർ മന്നത്തു പത്മനാഭപിള്ളയ്ക്കും, ഇതിനു മുമ്പു് കൈക്കൊണ്ട നടപടിയനുസരിച്ചു് പോകുകയാണെങ്കിൽ, മോഷനെ സംബന്ധിച്ചു് സംസാരിക്കുവാൻ സമയം കിട്ടിയെന്നും വരും ഇല്ലെന്നും വരും. അതിനാൽ മോഷനേ സംബന്ധിച്ചു് എല്ലാ പാർട്ടി അംഗങ്ങൾക്കും സംസാരിക്കുന്നതിനു് സമയം കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം.

MR. T. A. ABDULLA : May I know whether there is any difference of opinion in the Government as regards the speeches from the members of the opposition side?

MR. JOSEPH MALIAKAL : I do not know anything about it.

MR. T. A. ABDULLA : I am only making a suggestion.

MR. JOSEPH MALIAKAL : അതല്ല എല്ലാവർക്കും, പ്രത്യേകിച്ച് കട്ട് മോഷൻ അയച്ചിട്ടുള്ളവർക്ക്, സംസാരിക്കുന്നതിന് സമയം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. PRESIDENT : വിദ്യാഭ്യാസത്തെപ്പററി സംസാരിക്കണമെന്നുള്ളവരുടെ ലിസ്ററ് ചോദിച്ചപ്പോൾ തമിഴ്നാട് കാൺഗ്രസ് പാർട്ടിയിൽനിന്നും മുസ്ലിംലീഗ് പാർട്ടിയിൽനിന്നും ലിസ്റ്റ് തന്നിട്ടുണ്ട്. എന്നാൽ സ്റ്റേററുകാൺഗ്രസ് പാർട്ടിയിൽനിന്നും ഇതുവരെ ലിസ്റ്റ് കിട്ടിയിട്ടില്ല. അതിനാൽ ആർഡറിൽ പേര് വിളിക്കണമെന്നാണെങ്കിൽ അങ്ങനെ ചെയ്യാം; അതല്ല സ്റ്റേററുകാൺഗ്രസ് പാർട്ടിയിലെ വിപ്പ് ലിസ്ററ തരികയാണെങ്കിൽ അതുംകൂടി വച്ച് ഒരു മുറയ്ക്കു വിളിക്കാം. എന്താണ് വേണ്ടതെന്ന് സഭതന്നെ തീരുമാനിക്കേണ്ടതാണ്.

MR. K. P. NEELAKANTA PILLAI (*Chirayinkil I—General*) : എനിക്കും മോഷന് എഗൈൻസ്റ്റ് ആയിട്ട് സംസാരിക്കണമെന്നുണ്ട്. അതിനാൽ എനിക്ക് സംസാരിക്കുന്നതിന് സമയം വേണം.

MR. PRESIDENT : സ്റ്റേററുകാൺഗ്രസ് പാർട്ടിയിൽനിന്ന് ആർക്കെല്ലാം സംസാരിക്കണമെന്നുണ്ടോ അവരുടെ പേര് വിപ്പ് അറിയിക്കുന്നതു സൌകര്യമായിരിക്കും.

MR. K. R. ELANKATH : സർ, എനിക്ക് ഒരു കാര്യം പറയുവാനുണ്ട്. രണ്ടു പാർട്ടികളിൽനിന്നും പേരു തന്നിട്ടുണ്ട്. മററ പാർട്ടിയിൽനിന്നും പേര് തന്നിട്ടില്ലാത്ത സ്ഥിതിക്ക് ആതെ ആർഡർ അനുസരിച്ചു വിളിക്കുകയല്ലെങ്കിൽ ലിസ്റ്റ് തന്നിട്ടുള്ളതിന് അർത്ഥമില്ല. ഇത് പ്രസിഡൻറിൻെറ അധികാരത്തിൽ പെട്ടതാണ്.

MR. PRESIDENT : ഇതിനെ സംബന്ധിച്ച് നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. സ്റ്റേററുകാൺഗ്രസിൽനിന്നും പേരു തന്നില്ലെങ്കിൽ മുസ്ലീംലീഗും തമിഴ്നാട് കോൺഗ്രസുകാരും തന്നിട്ടുള്ള ലിസ്റ്റ് അനുസരിച്ച് വിളിച്ചിട്ട് ബാക്കി സൌകര്യമുള്ളതുപോലെ സ്റ്റേററുകാൺഗ്രസ് പാർട്ടിയിലുള്ളവരെ വിളിക്കുന്നതാണ്.

MR. K. SIVARAMA PILLAI: Sir, I support the motion for the reduction of the grant to the University. It is well known and widely talked of that the work turned out by our University is not satisfactory. From the pamphlet issued by the Vice Chancellor we have to learn that this was because of interference by the Legislature. It is also stated that University not being an autonomous body is not able to do the work satisfactorily. But from the speeches of the honourable members of this House what we should understand is because there is lack of supervision by this House, our University is not able to do its work satisfactorily. That alone is the correct state of affairs. From the different views expressed here namely by the Vice Chancellor on the one hand and this House on the other, so far as the University is concerned, my opinion is that it must be allowed to function as an autonomous body beyond doubt. But the existing Act is ill suited to it. Therefore suitable modifications have to be introduced in the University Act so that the University may be above party politics.

Here I wish to point out one or two features in the present working of the University. Firstly, a post called "Controller of Examinations" has been created for the University, a post unheard of in any other Indian University. Secondly, the University is widely advertising for the filling up of places as Professors and their subordinate ranks. In spite of bitter experience of the quality of work turned out by the imported professors for the last one decade in our University, the authorities are again advertising for such stuff. In spite of the fact that there are efficient Assistant Professors in our University who could be safely promoted to higher ranks and in whom the fate of our students could be entrusted for acquiring expert knowledge in the different branches of studies, the posts are advertised for. Again, about the proposed course of study for M. Sc. Botany, I have to say a word. I understand that orders were passed for the starting of Botany M. Sc. from the 15th of July last. Unfortunately that has not been given effect to because the Principal of the University and the Professor of Botany had not decided on the ratio of girls and boys to be admitted for the course. Though there are facilities for giving instruction in that branch for 12 students, only 9 students are at present eligible to take up that course. Of that, 4 are boys and 5 are girls and they could be safely admitted to that course. Instead of that, the Professor of Botany seems to have made out a statement to the effect that it is sheer waste to give higher education to our girl students and therefore their number should be restricted to 2. That view point has created a split between the Principal and the Professor and a decision on that is awaiting the arrival of the Vice-Chancellor from England. After that, the starting of the course may be made final. This is the state of affairs. Sir, the Vice-Chancellor and the officers of the University forget that so far as educational facility is concerned, there is no distinction to be made between sect and sect in a University. All students are to be

[Mr. K. Sivarama Pillai]

admitted. They are to be afforded equal facilities in the matter of education and it was on that ground the first Grade Women's College in Trivandrum was abolished. So then, a controversy should arise on this question between the Principal and the Professor and for that matter to postpone the beginning of studies for M. Sc. Botany is really deplorable. I urge Government to look into this serious matter at once and do the needful.

Sir, I wish to bring to the notice of our Government an important matter regarding the policy that is being adopted by them towards University education in general. During the discussion of the Demands for Grants on General Administration on the subject of recruitment to the Civil Services, Mr. Nesamony urged that efficiency should be the criterion for appointments. The learned Premier in his reply stated that though that is to be the ideal, in the present make-up of Travancore it is impossible to completely eschew communal considerations. Therefore we have to reckon with that view at least for the present hoping to abandon it in future. If that be the ideal of this Government, I ask why should communal colleges spring up year after year in our State? Sir, for 1948 two colleges, one under the auspices of the S. N. D. P. and the other under N. S. S. have been established in Trivandrum. In the matter of educational facilities, in future at least, could not our Government rise above communal considerations and abolish all communal colleges by taking them all under Government management. I ask in all seriousness, why a distinction should be shown for the N. S. S. college alone in the shape of awarding grant to the extent of 5 lakhs when there are a number of other colleges of efficient type which have applied for grants? Such colleges have survived well for the last 50 years and more and they are now denied the privilege of receipt of grants from Government.

MR. JOSEPH MALIECKAL: May I know whether any other college has applied for special grants?

MR. K SIVARAMA PILLAI: Yes, Sir, and I will give instances. For the last 60 years the Scot Christian College Nagercoil, of course a Second Grade College, has prospered. It was affiliated to the Madras University before our University came into being. It was considered to be one of the best colleges all those years and that reputation even now continues. In spite of repeated representations for elevating it to the First Grade, no response has come from Government in that behalf. So far as the N. S. S. College at Trivandrum is concerned, I wish to remind the Cabinet and this House of the answer given by the Honourable Minister for Education when it was brought to his notice last time by means of an adjournment motion that the N. S. S. College is not giving any facilities for Tamil education. His answer was that he would see that Tamilians are forthwith admitted in that institution and given all facilities to study such a language. After such an unequivocal reply from the Honourable Minister, I even now find to my sorrow that Tamil is

not a subject of tuition in the N. S. S. College and the Tamilians are denied the right to study in that in spite of the fact that the money contributed by Tamilians also forms a share of the grant towards that college. That is the position. Sir, in this connection I wish to remind the Cabinet of the decision of the India Government taken so recently as August 18 and reported in today's papers as regards communal institutions. It is reported that the Government of India is going to discourage the coming into existence of communal organisations in future and that no grant is to be awarded to institutions started by such bodies. But what do we find here. During the General Discussion of the Budget we found organisations formed by bodies other than State Congress being dubbed as communal organisations. If such is the attitude of Government, should it not by a gesture at least abolish the springing up of communal institutions of State Congress as well and see that no encouragement is given for institutions started by any communal organisation whatever in the State and thus save at least the future generation from being communal minded and to rise above communal politics.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*) : സർ, ഇവിടെ ഒരു യൂണിവേഴ്സിററി സ്ഥാപിച്ചപ്പോൾ നമ്മുടെ കുട്ടികൾക്കു ഉപരിവിദ്യാഭ്യാസത്തിനു സൗകര്യം കിട്ടുമെന്നുള്ള ഒരു പ്രതീക്ഷയായിരുന്നു എല്ലാവൎക്കും ഉണ്ടായിരുന്നതു്. ഇന്നു നമ്മുടെ രാജ്യത്തു ഉപരിവിദ്യാഭ്യാസത്തിനു പുറത്തുള്ള കാളേജുകളിൽ പോകുന്നവരുടെ സംഖ്യ വളരെ കൂടുതലാണ്. സ്കൂൾഫൈനൽ പരീക്ഷ പാസായതിനു ശേഷം കാളേജിൽ പ്രവേശനം കിട്ടുന്നതിന് വളരെ പാടുപെടുന്നു. വാസ്തവം പറഞ്ഞാൽ ഈ രാജ്യത്തു ഉദ്യോഗം കിട്ടുന്നതിനെക്കാൾ വിഷമമുള്ള ഒരു കാൎയ്യമാണ് കാളേജിൽ പ്രവേശനം ലഭിക്കുകയെന്നുള്ളതു്. കാളേജ് പ്രവേശനം ലഭിക്കുവാനുള്ള വൈഷമ്യങ്ങളെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനു ഒരു അടിയന്തിരപ്രമേയം ഈ സഭയിൽ അവതരിപ്പിക്കുകയും, ഗവണ്മെൻറ് ആലോചിച്ച് അക്കാൎയ്യത്തിൽ വേണ്ടതു ചെയ്യുന്നതാണെന്നുള്ള ഒരു ധാരണയിൽ അതു പിൻവലിക്കുകയും ചെയ്യുകയുണ്ടായി. ഇവിടെ കാളേജുപ്രവേശനം കിട്ടാതെ ഒട്ടനേകം വിദ്യാൎത്ഥിനീവിദ്യാൎത്ഥികൾ അമിതമായ ധനം ചെലവു ചെയ്തും, ബുദ്ധിമുട്ടുകൾ സഹിച്ചും വെളിയിലുള്ള കാളേജുകളെ അഭയം പ്രാപിക്കേണ്ടിവരുന്നുവെന്നകാൎയ്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തിക്കൊള്ളുന്നു. ഇതിനു ഉടനടി പരിഹാരം ഉണ്ടാക്കുകയെന്നുള്ളതു പ്രയാസം കുറഞ്ഞ ഒരു കാൎയ്യമല്ല. അതുകൊണ്ടു വിദ്യാഭ്യാസകാൎയ്യത്തിൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമുള്ള കുട്ടികളുടെ അവശതകൾ പരിഹരിക്കുന്നതിനു ഏതെങ്കിലും

[Mr Eapen Arakkal]
വ്യക്തികളോ, സ്ഥാപനങ്ങളോ ഒരുങ്ങുകയാണെങ്കിൽ അവർക്കു സഹായങ്ങൾ ചെയ്തുകൊടുത്തു പ്രോത്സാഹിപ്പിക്കേണ്ടതു ഗവണ്മെൻറിൻെറ കടമയാണ്. ഈ വർഷംതന്നെ കൊല്ലത്തു ഒരു കാളേജ് സ്ഥാപിക്കുന്നതിന് ഒരു സ്ഥാപനത്തിൻെറ അധികാരി തീവ്രമായ പരിശ്രമങ്ങൾ ചെയ്യുകയും ആവശ്യമുള്ള കെട്ടിടങ്ങളും മററു സജ്ജീകരണങ്ങളും ഒരുക്കുകയും ചെയ്തതിനു ശേഷം കാളേജു തുടങ്ങുന്നതിനു അനുവാദത്തിനു അപേക്ഷിച്ചിട്ടും അദ്ദേഹത്തിനു അനുമതി നൽകുവാൻ യൂണിവേഴ്സിററിക്കുകഴിഞ്ഞിട്ടില്ലെന്നുള്ളതു ഏററവും ഖേദനീയമായ ഒരു സംഗതിയാണ്.

MR. K. P. NILAKANTA PILLAI : അനുവാദം നൽകാതിരുന്നതു എന്തുകൊണ്ടാണെന്നറിയാമോ?

MR. EAPEN ARAKKAL : ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ഇപ്പോൾ സമയമില്ല. ഒരു സ്ഥലത്തു ഒന്നിലധികം കാളേജുകൾ ഉണ്ടാകുന്നതു മൽസരങ്ങൾക്കും കുഴപ്പങ്ങൾക്കും ഇടയാകുമെന്നാണു ഒഴികഴിവു പറയുന്നതു. നമ്മുടെ അയൽ രാജ്യമായ കൊച്ചിയിൽ ഇത്രയുംതന്നെ വലുതല്ലാത്ത എറണാകുളം പട്ടണത്തിൽ 4 കാളേജുകൾ ഉണ്ട്. അവയെല്ലാം യാതൊരു മൽസരവും കൂടാതെ കാര്യക്ഷമമായിത്തന്നെ നടത്തപ്പെടുന്നു. പ്രൈവററ് ഏജൻസികൾ മൂലധനം മുടക്കിയും മററും കാളേജുകൾ സ്ഥാപിക്കുന്നതിനു ഒരുങ്ങിയിരിക്കെ, യാതൊരു ധനാഭ്യർത്ഥനയും ചെയ്യാതെ ഗവണ്മെൻറിനോട് ഒരു കാശുപോലും ആവശ്യപ്പെടാതെ കയ്യിൽ നിന്നു ചെലവുചെയ്തു കാളേജു സ്ഥാപിക്കാൻ അനുവാദം ആവശ്യപ്പെട്ടിട്ടു എന്തുകൊണ്ടു കൊടുക്കാൻ സന്നദ്ധമാകുന്നില്ലാ എന്നുള്ള ചോദ്യത്തിനു ഇനിയും ശരിയായ മറുപടി കിട്ടിയിട്ടില്ല.

സർ, ഇനിയും പല കാര്യങ്ങളും എനിക്കു പറയാനുണ്ട്. ഇൻറർമീഡിയററു പരീക്ഷയ്ക്കു പാർട്ടുസിസ്റ്റം മദ്രാസ് യൂണിവേഴ്സിററിയിലും മററും വളരെ കാലമായി നടപ്പിലിരിക്കയാണ്. എന്നാൽ തിരുവിതാംകൂർ യൂണിവേഴ്സിററിയിൽ ഇൻറർമീഡിയററുപരീക്ഷയ്ക്കു പാർട്ടുസിസ്റ്റം ഇല്ലാത്തതുകൊണ്ടു വളരെ പ്രയാസം നേരിടുന്നുണ്ടെന്നു അനുഭവംകൊണ്ടറിയാം. ഒരിക്കൽ പഠിച്ചു പാസ്സായ വിഷയങ്ങൾ വീണ്ടും പഠിക്കുകയെന്നുള്ളതു വളരെ വിഷമമുള്ള ഒരു കാര്യമാണ്. മററു യൂണിവേഴ്സിററികളിൽ എങ്ങുംതന്നെ ഈ ഒരു രീതി നിലവിലിരിക്കുന്നില്ലെന്നുള്ളതു പ്രത്യേകം നാം ധരിക്കേണ്ടതാണ്.

ട്രെയിനിംഗ് കാളേജിൽ പഠിക്കുന്ന പ്രൈവററുസ്ക്കൂൾ അദ്ധ്യാപകന്മാരെപ്പററി ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളാം. മുൻപു ട്രെയിനിംഗിനു പോകുന്ന അദ്ധ്യാപകന്മാർക്ക് മാസം ൩൦ ഉറുപ്പിക സ്റ്റൈപ്പൻറു കൊടുത്തുകൊണ്ടിരുന്നു. ഇപ്പോൾ അതു ൩൦ രൂപയായി കുറച്ചിരിക്കുന്നു. ചെലവു വളരെ കൂടിയിരിക്കുന്ന ഇക്കാലത്തു ഈ മുപ്പതു രൂപ കൊണ്ടു കഴിച്ചുകൂട്ടുവാൻ അദ്ധ്യാപകന്മാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പ്രത്യേകിച്ചു പറയണമെന്നില്ല. എൽ. ററി. ക്കാരെയും ബി. ററി. ക്കാരെയും കിട്ടാൻ വിഷമമുള്ള ഇക്കാലത്തു അവരെ പ്രോൽസാഹിപ്പിക്കുന്നതിനായി ഈ ൩൦ രൂപാ എന്നു വച്ചിരിക്കുന്നതു ഒരു ൪൦ രൂപയെങ്കിലും ആയി വർദ്ധിപ്പിക്കണമെന്ന കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

MR. M. VARKEY (*Kunnathunad II—General*): സർ, യൂണിവേഴ്സിററിയിൽ ഒരു പാളിടെക്നിക് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് അഞ്ചു ലക്ഷം രൂപാ നീക്കിവച്ചിരിക്കുന്നതായി കാണുന്നു. മററു പല വിഷയങ്ങളിലുമെന്നപോലെതന്നെ ഇക്കാര്യത്തിലും ഉത്തരതിരുവിതാംകൂർ തിക്കച്ചും അവഗണിക്കപ്പെട്ടിരിക്കുന്നുവെന്നു പറയാതെ തരമില്ല. ഈ പാളിടെക്നിക് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്തുതന്നെ തുടങ്ങാൻ ഉദ്ദേശിച്ചിരിക്കുന്നു. ഒരു മെഡിക്കൽ കാളേജിനു ൧൦ ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ടു. അതും തിരുവനന്തപുരത്തുതന്നെ. എൻ. എസ്. എസ്. കാളേജിനു ൪ ലക്ഷം രൂപാ കൊളളിച്ചിട്ടുണ്ടു. അതും തിരുവനന്തപുരത്തുതന്നെ. ബധിരർക്കുള്ള ഒരു വിദ്യാലയം സ്ഥാപിക്കുവാൻ പോകുന്നതും തിരുവനന്തപുരത്താണ്. കൂടാതെ അഗ്രികൾച്ചറൽ കാളേജാരംഭിക്കുന്നതും തിരുവനന്തപുരത്തിനു സമീപമാണ്. ഇങ്ങനെ വിദ്യാഭ്യാസപരമായി വളരെ അസമത്വം നിലവിലിരിക്കുന്നതു ലജ്ജാകരമായ ഒരു പരമാർത്ഥം മാത്രമാണ്. കുന്നത്തുനാട്ടുതാലൂക്കിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഈ അടുത്ത കാലംവരെ അവിടെ ഒരു ഗവണ്മെൻറു ഹൈസ്ക്കൂൾപോലും ഉണ്ടായിരുന്നില്ല. ഒടുവിൽ വളരെ പണിപ്പെട്ടു ഒരു ഹൈസ്കൂൾ സമ്പാദിക്കുവാൻതന്നെ നാട്ടുകാർ പന്തിരായിരത്തോളം രൂപാ ചെലവാക്കേണ്ടിവന്നു. ഉത്തരതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പ്രാദേശികമായ ഈ അസമത്വങ്ങൾ നീക്കി പ്രാദേശികനീതി നടത്തുവാൻ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണം. എല്ലാ കാളേജുകളും തിരുവനന്തപുരത്തുതന്നെ സ്ഥാപിക്കാതെ പാളിടെക്നിക് ഇൻസ്റ്റിറ്റ്യൂട്ട് ആലുവായിലും അഗ്രികൾച്ചറൽ കാളേജു മൂവാററുപുഴ

[Mr. M. Varkey]

യിലും സ്ഥാപിക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. വിദ്യാഭ്യാസകാര്യത്തിലെന്നല്ലാ മററു പല കാര്യങ്ങളിലും ഉത്തരതിരുവിതാംകൂർ താരതമ്യേന കൂടുതൽ അവശതകൾ അനുഭവിക്കുന്നു എന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല, പെരിയാർ തിരുവനന്തപുരത്തു കൂടി ഒഴുകുന്നുണ്ടായിരുന്നെങ്കിൽ ഇതിനു മുൻപുതന്നെ അതിൽ ധാരാളം ഇറിഗേഷൻ പദ്ധതികൾ നടപ്പിൽ വരുത്തുമായിരുന്നുവെന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോൾ പെരിയാററിൽ ഇറിഗേഷൻ പദ്ധതികളില്ലെങ്കിൽ അതിനു കാരണം, അതു വടക്കൻതിരുവിതാംകൂറിലായിപ്പോയതാണെന്നു ഞാൻ സംശയിക്കുന്നു. വടക്കൻതിരുവിതാംകൂറിൽ ഇലക്ട്രിസിററി ഉൽപാദിപ്പിക്കുന്നുണ്ടെന്നു പറഞ്ഞേക്കാം. എന്നാൽ അതു തറയിൽപോലും തൊടുവിക്കാതെ കമ്പിമാർഗ്ഗം തെക്കൻതിരുവിതാംകൂറിലേക്കു കൊണ്ടുപോരികയാണ് ചെയ്യുന്നതു്. വടക്കൻ താലൂക്കുകൾക്ക് ആവശ്യാനുസരണം കൊടുക്കുന്നതുമില്ല. സമയം വളരെ കുറവാണ്. അതു കൊണ്ടു കിട്ടിയ ഈ സന്ദർഭത്തിൽ ബഡ്ജററു പ്രസംഗവും എല്ലാം കൂടെ ഇതിനകത്തു നിറുത്തികളയാമെന്നാണു ഞാൻ വിചാരിക്കുന്നതു്. ഇപ്പോൾ അഗ്രികൾച്ചറൽ സ്കൂളുകൾ റാന്നിയിലും, കൊട്ടാരക്കരയിലും, നാഗർകോവിലിലുമുണ്ടു്. എന്നാൽ ആലുവായിൽ ഉണ്ടായിരുന്നതു് നിറുത്തലാക്കി. വടക്കൻതിരുവിതാംകൂർ ഈ കാര്യങ്ങളിലെല്ലാം അവഗണിക്കപ്പെടുന്നു എന്നുള്ളതു എന്റെ മാത്രം അഭിപ്രായമല്ല. തിരുവിതാംകൂറിലെ ജനസംഖ്യയുടെ ഏകദേശം മൂന്നിലൊന്നു ഭാഗം വരുന്ന ഉത്തരതിരുവിതാംകൂറിലെ പൊതുജനങ്ങളുടെ അഭിപ്രായത്തെയാണ് ഞാൻ പ്രതിഫലിപ്പിക്കുന്നതെന്നു ഗവൺമെൻറു മനസ്സിലാക്കിയാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. (ബെൽ)

Miss. ACCAMMA CHERIAN: നമ്മുടെ വിമൻസ്കാളേജ് ഒരു ഒന്നാം ഗ്രേഡ് കാളേജായി ഉയർത്തുന്നതിനും അവിടെ ഹോംസയൻസ് പാഠപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമാണ് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചു സംസാരിക്കുന്നതു്. ഇവിടെ ഒരു ഒന്നാംഗ്രേഡ് കാളേജു പെൺകുട്ടികൾക്കായി ഉണ്ടായിരുന്നതാണ് ഇപ്പോൾ രണ്ടാംഗ്രേഡ് കാളേജായി മാററിയിരിക്കുന്നു. ഇതുകൊണ്ടു് വളരെ അസൗകര്യങ്ങൾ പെൺകുട്ടികൾക്ക് ഉണ്ടാകുന്നുണ്ടു. ആൺകുട്ടികളെക്കാൾ കൂടുതൽ മാർക്ക് കിട്ടുന്ന പെൺകുട്ടികൾക്കുപോലും ഇപ്പോൾ കാളേജിൽ പ്രവേശനം കിട്ടാൻ വളരെ വിഷമമായിട്ടാണ് വന്നിരിക്കുന്നതു്. അതുകൊണ്ടു് നമ്മുടെ വിമൻസ കാളേജ് ഒരു ഒന്നാംഗ്രേഡ് കാളേജാക്കി

ഉയർത്തേണ്ടതു് വളരെ അത്യാവശ്യമാണ്. ഉന്നതവിദ്യാഭ്യാസത്തിനായി പോകുന്ന പെൺകുട്ടികളിൽ അധികം പേർക്കും ഗൃഹഭരണങ്ങളിൽ ഏർപ്പെടേണ്ടതായി വരും. അതുകൊണ്ടു് ഹോം സയൻസ് വിദ്യാഭ്യാസപദ്ധതിയിൽ ഉൾപ്പെടുത്തുന്നതു വളരെ ഉപകാരപ്രദമായിരിക്കും. ഇപ്പോഴുള്ള സയൻസു, ബാട്ടണി, കെമിസ്ട്രി, ഫിസിക്സ് മുതലായവ മിക്കതും കുട്ടികൾക്കും പിന്നീടുള്ള ജീവിതത്തിനു് ഉപകരിക്കാതെയാണു് വന്നിരിക്കുന്നതു്. ചില പ്രത്യേക പരിതസ്ഥിതികളിലാണു് പെൺകുട്ടികൾ ഉന്നതവിദ്യാഭ്യാസത്തിനു പോകുന്നതു. പെൺകുട്ടികൾക്കു ആവശ്യമായ പാഠപദ്ധതികൾ ഈ കാളേജിൽ ഉൾപ്പെടുത്തിയാൽ അതു വളരെ നന്നായിരിക്കും. ആൺകുട്ടികൾക്കുള്ള കാളേജുകളിൽ ഹോംസയൻസുപോലുള്ള പാഠപദ്ധതികൾ ഉൾപ്പെടുത്തുന്നതു വളരെ വിഷമകരമായിരിക്കും. അതുകൊണ്ടു് വിമൻസു കാളേജുതന്നെ ഒരു ഒന്നാംഗ്രേഡ് കാളേജായി ഉയർത്തി പെൺകുട്ടികൾക്കു അനുയോജ്യമായ വിധത്തിൽ പാഠപദ്ധതികളിൽ ഭേദഗതിവരുത്തേണ്ടതു ഏററവും അത്യാവശ്യമാണ്. (ബെൽ)

MR. PRESIDENT : ഇവിടെ രണ്ടു കാളേജുകളെപ്പററി സംസാരം ഉണ്ടായതുകൊണ്ടു അതേപ്പററി സംസാരിക്കാൻ സമയം കൊടുക്കണമെന്നു് രണ്ടു ബഹുമാനപ്പെട്ട മെമ്പറന്മാർ ആവശ്യപ്പെട്ടിട്ടുണ്ടു. എൻ. എസ്. എസ്. കാളേജിനെപ്പററി സംസാരിക്കാൻ മി: മന്നത്തു പത്മനാഭപിള്ളയ്ക്കും, എസ്. എൻ. ഡി. പി. കാളേജിനെപ്പററി സംസാരിക്കാൻ മി: ആർ. ശങ്കറിനും സൗകര്യം കൊടുക്കണമെന്നു് ആവശ്യപ്പെട്ടിരിക്കയാണ്. സഭയുടെ അഭിപ്രായം എന്തെന്നറിഞ്ഞാൽകൊള്ളാം.

MR. JOSEPH MALIECKAL : ഒരു ലിസ്ററ് ഇരിക്കുന്ന സ്ഥിതിക്കു ആ ലിസ്റ്റു അനുസരിച്ചുതന്നെ പോകണമെന്നാണ് എന്റെ അഭിപ്രായം.

MR. K.A. MATHEW : മുന്നറിയാവശ്യം ബഹു: മന്ത്രി മറുപടി പറയുന്നതിനെക്കാൾ എല്ലാത്തിനുംകൂടി ഒരുമിച്ച് അവസാനം മറുപടി പറയുകയായിരിക്കും നല്ലതെന്നാണ് എനിക്ക് തോന്നുന്നതു്.

MR. K. P. NILAKANTA PILLAI : That would be a case of complexification. There is already one cut motion. If another cut motion is moved now technically how could all these motions be answered at the end, I cannot understand.

MR. PRESIDENT: അതല്ലാ. ഒന്നു രണ്ടു മെമ്പറന്മാർക്കുകൂടി സംസാരിക്കണമെന്നുണ്ടു്, ബഹു:മന്ത്രി മൂന്നു ഉപക്ഷേപങ്ങൾക്കുംകൂടി ഒരുമിച്ചു മറുപടി പറയുന്ന നടപടി സ്വീകരിക്കുന്നതായിരിക്കും സൗകര്യം.

MR. K. A. MOHAMMED: I know that the Minister may reply at the end.

MR. K. P. NILAKANTA PILLAI: I may suggest that the present cut motion may be withdrawn by the mover and a cwt motion under total allotment be moved so that all may speak and the reply may be given at the end by the Minister.

HON'BLE MR. T. M. VARGHESE: ഡിസ്കഷന് കൂടുതൽ സമയം കൊടുക്കുന്നതിനായി മൂന്നു പരിക്ഷേപങ്ങൾക്കുംകൂടി ഒരുമിച്ച് മറുപടി പറയുന്നതിൽ ഗവണ്മെൻറിന് അസൗകര്യം ഇല്ലെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

MR. PRESIDENT: മൂന്നുപരിക്ഷേപങ്ങൾക്കുംകൂടി ഒന്നായി മറുപടി പറയുന്ന നടപടി സ്വീകരിച്ചിരിക്കുന്നു.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*): യൂണിവേഴ്സിററിബഡ്ജററിൽ എൻ. എസ്സ്. എസ്സ്. കാളേജുകൾക്ക് ൫ ലക്ഷം രൂപാ നീക്കിവച്ചിരിക്കുന്നതിൽ എൻെറ സ്നേഹിതൻ മി. പി. എം. വർഗ്ഗീസിന് വലിയ അത്ഭുതവും അതിലേറെ വ്യസനവും ഉണ്ടായതായി കണ്ടു.

MR. K. A. MOHAMMED: മി. പി. എം. വർഗ്ഗീസ് പാർട്ടിയിലെ ഒരംഗമാണെന്നറിയാമോ?

MR. MANNATHU PADMANABHA PILLAI: അറിയാം. പുറകോട്ടുതിരിഞ്ഞുനോക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നെങ്കിൽ ഇതൊരു അത്ഭുതപൂർവ്വമായ സംഭവമായി അദ്ദേഹത്തിനു തോന്നുകയില്ലായിരുന്നു. ആലുവായിലെ യൂണിയൻ ക്രിസ്ത്യൻ കാളേജെന്ന പേരിൽ ക്രിസ്ത്യൻ യൂണിയനുവേണ്ടി ആരംഭിച്ച കാളേജിനു ആലങ്ങാട്ടു താലൂക്കുകച്ചേരി കെട്ടിടവും അതിരുന്ന ൧൮ ഏക്കർ സ്ഥലവും ഗവണ്മെൻറിൽനിന്നും സൗജന്യമായി കൊടുത്തിട്ടുണ്ട്. ആ താലൂക്കിലെ ഭരണാധികാരിയായ തഹശീൽദാരെക്കൂടെ കുടിയിറക്കിയശേഷം ഗൃഹപ്രവേശംചെയ്തു കാളേജു ആരംഭിച്ച കാര്യം ഇത്ര എളുപ്പം വിസ്മരിക്കാൻ സാധിക്കുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. അന്നുമുതൽ ഇന്നുവരെ ആ കാളേജിനു വേണ്ടി കെട്ടിടം പണിക്കും മററുമായി ഗവണ്മെൻറിൽനിന്നും അവർ വാങ്ങിച്ചിട്ടുള്ളതു് എത്രലക്ഷം രൂപായാണെന്നു അവർക്കും ഗവണ്മെൻറിനും നല്ലപോലെ അറിയാം. കോട്ടയത്തു സി. എം. എസ്. കാളേജിനും മററു വകകൾക്കുംകൂടി ൧൫൦ ഏക്കറോളം സ്ഥലം ഗവണ്മെൻറിൽനിന്നും സൗജന്യമായി കൊടുത്തിട്ടുണ്ട്. സെൻറു് ഒന്നിനു ൧൦൦൦

രൂപാവരെ വിലപിടിപ്പുള്ള സ്ഥലങ്ങളും അതിലുൾപ്പെട്ടിട്ടുണ്ട്. ആ കാളേജിന്റെ കെട്ടിടം പണിക്കും മററു ആവശ്യങ്ങൾക്കുമായി ഗവണ്മെന്റിൽനിന്നും ഈ ഒരു ശതവർഷകാലംകൊണ്ട് വാങ്ങിയിട്ടുള്ള പണത്തിന്റെ കണക്കു നോക്കിയാൽ ഏതാണ്ട് ഒരുകോടി രൂപായോളം വരുമെന്നാണ് തോന്നുന്നത്. അതുപോലെ ചങ്ങനാശേരി സെൻറുബെർക്ക്മെൻസ് കാളേജിനുവേണ്ടിയും ഏതാനും ലക്ഷം രൂപാ ഗവണ്മെന്റിൽനിന്നും കൊടുത്തിട്ടുണ്ട്. നാഗർകോവിലിലെ എൽ. എം. എസ്. കാളേജിന്റെ പണം മദ്രാസിൽനിന്നു വന്നതാണെന്നു മി. ശിവരാമപിള്ള പറഞ്ഞു.

MR. K. SIVARAMA PILLAI: ഞാൻ അങ്ങിനെ പറഞ്ഞില്ല.

MR. MANNATHU PADMANABHA PILLAI : ശരി, ഞാൻ പറഞ്ഞതു പിൻവലിക്കുന്നു. അതിനുള്ള വസ്തുവും പണവും നമ്മുടെ ഗവണ്മെൻറു കൊടുത്തതാണ്.

MR. A. NESAMONY (*Vilavancode—S. I. U. C.*) : *அது சரியல்ல. தெற்றுன அபிபிராயம் சொல்லக்கூடாது.*

MR. MANNATHU PADMANABHA PILLAI : തെററല്ല. ശരി, വളരെ ശരിയാണ്. അനവധിലക്ഷം രൂപായും സ്ഥലങ്ങളും ഗവണ്മെൻറിൽനിന്ന് ആ കാളേജിന്റെ വകയ്ക്കു് സൗജന്യമായി ലണ്ടൻമിഷൻകാർക്ക് കൊടുത്തിട്ടുണ്ട്. അതിനും പുറമേ ഏതാനും ആയിരം പറ നെല്ലു പാട്ടം കിട്ടുന്ന ഒന്നാംതരം നെൽകൃഷി സ്ഥലങ്ങളും കൂടി ഗവണ്മെൻറിൽനിന്നും എടുത്ത് കാളേജിന് കൊടുത്തിട്ടുണ്ട്. ഇങ്ങനെ രാജ്യത്ത് ഇതിനേക്കാളധികം ശതമാനക്കണക്കിന് ഭൂരിപക്ഷക്കാരായ ഹിന്ദുക്കളുണ്ടായിരുന്നകാലത്തു അവരുടെ പണം വിദ്യാഭ്യാസത്തിന്റെ പേരിൽ വാങ്ങി ഈ രാജ്യത്തെ ഹിന്ദുക്കളെ മതപരിവർത്തനം ചെയ്തു് ഒരു വിഭാഗം കൂടുകയും മറെറാരു വിഭാഗം കുറയുകയും ചെയ്യാനിടയാക്കിയ കാര്യം വിസ്മരണയുള്ളവരുടെ എല്ലാം ഓർമ്മയിൽപ്പെടുത്തുന്നു.

MR. A. NESAMONY : *இஷ்டம்போல் பேசுவதற்கு இது ப்ளாட்பாரமல்ல.*

MR. MANNATHU PADMANABHA PILLAI : ഇതു പ്ലാററ്ഫാറം അല്ല നിയമസഭതന്നെയെന്ന് എനിക്കു നല്ലവണ്ണം അറിയാം.

അതുപോലെതന്നെ ഇസ് എൻ. എസ്. എസ്. കാളേജിനു് അഞ്ചുലക്ഷം രൂപാ ഗ്രാൻറുകൊടുക്കുന്നതിൽ അത്ഭുതപ്പെടുന്നവരോട് അവർ വാങ്ങിയിട്ടുള്ള സംഖ്യയെല്ലാം കണക്കാക്കി വായിച്ചുകാരറു അവ

[Mr. Mannathu Padmanabha Pillai.]

കാശമുള്ളതുമാത്രമാണ് എൻ. എസ്. എസ്. ചോദിച്ചിരിക്കുന്നതെന്നും അതു വാങ്ങുകതന്നെ ചെയ്യുമെന്നും പറയാതെ നിവൃത്തിയില്ല. കൊല്ലത്തു ഒരു ബിഷപ്പ് യാതൊരു സഹായവും ആവശ്യപ്പെടാതെ കാളേജ് സ്ഥാപിക്കുവാൻ അനുവാദം ചോദിച്ചപ്പോൾ കൊടുത്തിട്ടില്ലെന്ന് യൂണിവേഴ്സിററിയുടെ മേൽ ഒരു വലിയ അപരാധം ചുമത്തിയിരിക്കുന്നു. കൊല്ലം പട്ടണം ഉണ്ടായിട്ട് എത്രയോ കൊല്ലമായി. അവിടെ ബിഷപ്പും അനുയായികളും ഉണ്ടായിട്ടും ശതവർഷം കഴിഞ്ഞു. ഇതുവരെ ആർക്കും അവിടെ ഒരു കാളേജ് ഉണ്ടാക്കണമെന്ന് തോന്നിയില്ല. കൊല്ലത്ത് വളരെ പ്രയാസപ്പെട്ട് ഒരു ഒന്നാംഗ്രേഡ് കാളേജ് സ്ഥാപിക്കാൻ എസ്. എൻ. ഡി. പി. യോഗക്കാര അനുവാദം വാങ്ങി. അവർ ഇക്കൊല്ലം ഒരു പ്രീ യൂണിവേഴ്സിററി കാളേജ് അവിടെ ആരംഭിക്കുകയും ചെയ്തു. അപ്പോൾ അതിന്റെ മൂക്കിൽതന്നെ മറെറാരു പ്രീ യൂണിവേഴ്സിററി കാളേജ് തുടങ്ങാൻ അവിടത്തെ ബിഷപ്പ് അനുവാദം ചോദിച്ചു. ഇങ്ങിനെയാണ് സമത്വവും സമുദായമൈത്രിയും അവർ പാലിക്കുന്നതു്. സർവസമുദായ മൈത്രിയെ തകർക്കാൻ ശ്രമിച്ചതു് അപരാധമല്ല. അതു മനസ്സിലാക്കി അനുവാദം കൊടുക്കാതിരുന്ന യൂണിവേഴ്സിററിക്കാണ് അപരാധം.

കൊല്ലത്തു് എസ്. എൻ. ഡി. പി. യോഗത്തിന് അനുവദിച്ചു കൊടുത്തിട്ടുള്ള കാളേജിന് എല്ലാ സഹായങ്ങളും ഗവൺമെൻറ് ചെയ്തു കൊടുക്കേണ്ടതാണ്. എൻ. എസ്. എസ്. കാളേജിനു് മാത്രം പണം കൊടുത്താൽ മതിയോ എന്നു ഒരു സ്നേഹിതൻ ചോദിക്കുകയുണ്ടായി. ആലപ്പുഴ സനാതന ധർമ്മകാളേജിനും അഞ്ചുലക്ഷം രൂപാ ഗ്രാൻറ് കൊടുത്തിട്ടുണ്ട്. അതുപോലെ എൻ. എസ്. എസ്. കാളേജിനും, എസ്. എൻ. ഡി. പി. കാളേജിനും കൊടുത്തേ തീരു. ഹിന്ദുക്കളുടെ എല്ലാ കാളേജുകൾക്കും കൊടുത്തേ തീരൂ. ഹിന്ദുക്കൾക്ക് അവരുടെ പങ്കു കൊടുത്തിട്ടേ മുമ്പു പണം വാങ്ങിയ ആളുകൾക്ക് കൊടുക്കാൻ പാടുള്ളു എന്നുപോലും പറയേണ്ടിയിരിക്കുന്നു.

MR. ABDUL AZIZ: ഞങ്ങൾക്കുംകൂടെ തരുമോ?

MR. MANNATHU PADMANABHA PILLAI: തീർച്ചയായിട്ടും തരണം. എല്ലാവർക്കും കൊടുക്കണം. ക്രിസ്ത്യാനികൾക്കും ഹിന്ദുക്കൾക്കും, മുസ്ലീങ്ങൾക്കും അവരവർ അർഹിക്കുന്നതു കൊടുക്കണം.

പ്രൈമറി വിദ്യാഭ്യാസം മാത്രം ഗവണ്മെന്റ് ഏറ്റെടുത്താൽ പോരാ. ഹൈസ്കൂൾ വിദ്യാഭ്യാസവും കാളേജ വിദ്യാഭ്യാസവും ക്രമേണ എങ്കിലും ഗവണ്മെന്റിന്റെ അധീനതയിൽ ആയിത്തീരേണ്ടതാണ്. വിദ്യാഭ്യാസം മുഴുവൻ ദേശീയമാക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അങ്ങിനെ ചെയ്യാതെ സമുദായ വിഭാഗങ്ങൾക്കായി വീതിക്കാനാണ് ഭാവമെങ്കിൽ ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും അവരവരുടെ വീതം കൊടുക്കേണ്ടിവരുമെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറന്മാരെ അറിയിച്ചുകൊള്ളുന്നു. അതു രാജ്യത്തിനു ഗുണകരമാണെന്നു ഞാൻ വിചാരിക്കുന്നില്ല. കാളേജ് വിദ്യാഭ്യാസം പോലും ദേശീയമാക്കണമെന്നാണു എന്റെ ആഗ്രഹം. അങ്ങനെ വിദ്യാഭ്യാസം മുഴുവൻ ദേശീയമാക്കുമ്പോൾ വിട്ടുകൊടുക്കാനാണ് എൻ. എസ്. എസ്. കാർ കാളേജുകൾ ഉണ്ടാക്കുന്നത്. അതുവരെ എല്ലാ സമുദായവിഭാഗങ്ങൾക്കും ന്യായമായി അവരുടെ ഓഹരി കൊടുക്കണം. (ബെൽ)

MR. R. SANKAR (*Quilon IV—General*) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീമാൻ മന്ദത്തു പത്മനാഭപിള്ള എസ്. എൻ. ഡി. പി. യോഗം ആരംഭിച്ച കാളേജിനെപ്പറ്റിയും ചില സംഗതികൾ പറയുകയും ആ കാളേജിനും സഹായധനം നൽകേണ്ടതാണെന്നു അഭ്യർത്ഥന ചെയ്യുകയും ചെയ്തതിൽ അദ്ദേഹത്തോടെനിക്കുള്ള കൃതജ്ഞത ആദ്യമായി രേഖപ്പെടുത്തിക്കൊള്ളുന്നു.

MR. K. S. JOSEPH (*Thiruvella VI—General*) : എസ്. എൻ. ഡി. പി-ക്കു് ഇപ്പോൾ കാളേജ് ഉണ്ടോ?

MR. R. SANKAR : കാളേജ് ഉണ്ട്.

MR. K. S. JOSEPH : എസ്. എൻ. ഡി. പി-ക്ക്, കൊല്ലത്ത് ഒരു പ്രീ യൂണിവേഴ്സിറ്റിസ്കൂൾ അല്ലേ ഉള്ളൂ?

MR. R. SANKAR : അവിടെ ഒരു കാളേജ് ഉണ്ട്. കാളേജിനുള്ള അനുവാദവും ഉണ്ട്. നിങ്ങൾ എന്തു പേർ വേണമെങ്കിലും വിളിച്ചുകൊള്ളുക; അതു് ഒരു കാളേജ് തന്നെയാണ്. കൊല്ലത്ത് എസ്. എൻ. ഡി. പി. യോഗത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിരിക്കുന്ന ഈ കാളേജ് ഇവിടെ പറയുന്ന അർത്ഥത്തിലുള്ള ഒരു കമ്മ്യൂണൽ കാളേജ് അല്ലാ എന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. തിരുവിതാംകൂറിൽ പല ഭാഗത്തുമുള്ള എല്ലാ സമുദായക്കാരേയും ആ കാളേജിൽ പഠിക്കാൻ അനുവദിച്ചിട്ടുണ്ട്. അതിനു പുറമേ എസ്. എൻ.

[Mr. R. Sankar.]

ഡി. പി. യോഗം ആരംഭിക്കുന്ന കാളേജ് എസ്. എൻ. ഡി. പി. യോഗം ഭരിക്കുവാൻപോലും നിശ്ചയിച്ചിട്ടില്ല എന്നും അതിൻെറ ഉടമസ്ഥാവകാശം പോലും എസ്. എൻ. ഡി. പി. യോഗം കൈവശം വച്ചുകൊണ്ടിരിക്കുവാൻ പോകുന്നില്ല എന്നും ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു. ആ കാളേജ് എസ്. എൻ. ഡി. പി. യോഗത്തിൻെറ ആഭിമുഖ്യത്തിൽ ആരംഭിച്ചു എന്നല്ലാതെ അതിൻെറ ഭരണം ഒരു ട്രസ്റ്റിനെ ഏല്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ആ ട്രസ്റ്റിലെ അംഗങ്ങൾ തിരുവിതാംകൂർകാരോ ഇൻഡ്യാക്കാരോ ഇൻഡ്യയ്ക്കു വെളിയിൽ ഉള്ളവരോ ആരായിരുന്നാലും എസ്. എൻ. ഡി. പി. യോഗത്തിനോ ഈഴവർക്കോ അതിൽ ഭേദം ഉണ്ടായിരിക്കുകയില്ല എന്ന് ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അറിവിനായി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ആരു വേണമെങ്കിലും അതു ഭരിക്കുവാൻ അവകാശമുണ്ട്. ഹിന്ദുവോ, മുസ്ലീമോ, ക്രിസ്ത്യാനിയോ ആരായിരുന്നാലും ശരി ശ്രീനാരായണൻെറ ധർമ്മത്തിൽ ആരെല്ലാം വിശ്വസിക്കുന്നു—കാളേജിൻെറ സ്ഥാപനത്തെ ആരെല്ലാം സഹായിക്കുന്നു—അവർക്കെല്ലാവർക്കും കൂടി ഉള്ളതാണ് ആ കാളേജ്.

കൊല്ലത്തു എസ്. എൻ. ഡി. പി. യോഗം ആരംഭിച്ചിരിക്കുന്ന കാളേജ് ഒരു കമ്മ്യൂണൽ കാളേജ് ആണെന്നു ഇവിടെ പറയുന്നതുകേട്ടു. അതു് തെററാണ്. കമ്മ്യൂണൽ കാളേജുകളും വലിയ സേവനം ചെയ്തിട്ടുണ്ട്. ചില കമ്മ്യൂണൽ കാളേജുകൾ ഇവിടെ ഉണ്ടായതിനാലാണ് ഇത്രത്തോളം വിദ്യാഭ്യാസം ഇവിടെ ഉണ്ടായിട്ടുള്ളതു്. ക്രിസ്ത്യാനികളാണ് ഇവിടെ ആദ്യം കാളേജ് തുടങ്ങിയതു്. അതിന് അവർക്ക്, അനേകകോടി നമസ്കാരം. പക്ഷെ ദേശീയത്വം പറയുന്ന ക്രിസ്ത്യാനികൾ ഇപ്പോൾ അവരുടെ കൈവശം ഇരിക്കുന്ന കാളേജുകൾ ആദ്യമായി ഗവൺമെൻറിനു് വിട്ടുകൊടുക്കണം. അവർ അതിനു തയാറാകുന്നപക്ഷം അതിനടുത്തദിവസം തങ്ങളുടെ കാളേജുകൾ വിട്ടുകൊടുക്കുവാൻ എൻ. എസ്. എസ്സും, എസ്. എൻ. ഡി. പി-യും തയാറാണ്. എൻ. എസ്. എസ്. ഹിന്ദുകാളേജെന്നു പേരിട്ടതുകൊണ്ടു മാത്രം അതൊരു കമ്മ്യൂണൽ കാളേജെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല.

MR. ABDUL AZIZ: ഈ പേർ ഒന്നു മാററിയാൽ പോരേ? പേരുകൊണ്ടാണല്ലോ കമ്മ്യൂണൽ കാളേജ് എന്നു പറയുന്നതു്. മഹാത്മാ ഗാന്ധി മെമ്മോറിയൽ കാളേജെന്നാക്കിയാൽ മതിയല്ലോ.

MR. R. SANKAR : കൊല്ലത്തു കാളേജ് തുടങ്ങിയവർ എന്തോ ഒരു
മഹാപാപം ചെയ്തതുപോലെ ഇവിടെ പറഞ്ഞുകേട്ടു. കൊല്ലത്തെ ശ്രീ
നാരായണകാളേജിൽ പ്രവേശനത്തിനപേക്ഷിച്ചിട്ടുള്ളവർക്കെല്ലാം പ്രവേ
ശനം അനുവദിച്ചിട്ടുണ്ട്. തക്ക സമയത്തു പ്രവേശനത്തിനപേക്ഷിച്ച
തിൽ ഒരാൾക്കുപോലും അഡ്മിഷൻ കൊടുക്കാതിരുന്നിട്ടില്ല. അഡ്മി
ഷൻ പൂർത്തിയായശേഷം ഒരു ഡസനോളം വിദ്യാർത്ഥികൾ അഡ്മി
ഷനുവേണ്ടി വന്നു. അഡ്മിഷൻ പൂർത്തിയായപ്പോൾ സ്ഥലമില്ലായെന്നു
പറഞ്ഞയച്ചു. അഡ്മിററു ചെയ്തിട്ടുള്ള ൧൧൦-ൽ പരം കുട്ടികളിൽ
൩൫൦ എണ്ണം ൧൯൪൭-നു മുമ്പ് പാസ്സായി കാളേജ് പ്രവേശനം
കിട്ടാതിരുന്നിട്ടുള്ളവരാണ്. അവരെക്കൂടി ഉൾപ്പെടുത്തിയാണ് ൧൦൦-ൽ
പരം വിദ്യാർത്ഥികളെ അവിടെ അഡ്മിററു ചെയ്തതു്. ൧൦൪
പേരെ ചേർക്കാനുള്ള അനുവാദവും സൗകര്യവും ഉണ്ട്. അടുത്തകൊല്ലം
അവിടെ കാളേജ് അഡ്മിഷൻ ആവശ്യപ്പെടുന്നവരായി ൪൦൦ വിദ്യാ
ർത്ഥികളിൽ കൂടുതൽ ഉണ്ടായിരിക്കുകയില്ല. സാമ്പത്തികാധഃപതനം
മൂലം അടുത്തകൊല്ലം ൩൦൦ വിദ്യാർത്ഥികൾപോലും കാളേജ് പ്രവേശ
നത്തിനുണ്ടാകയില്ല എന്നാണ് എനിക്ക് തോന്നുന്നതു്. ഈ നിലയ്ക്കു
കൊല്ലത്തു ഇനി ഒരു പുതിയ കാളേജ് ആവശ്യമില്ലെന്നു ഞങ്ങൾ ഈ
കണക്കുകൾ ഉദ്ധരിച്ചു യൂണിവേഴ്സിററിയെ അറിയിച്ചു. ആ വക്ക്
അതു ബോദ്ധ്യമായി. അവിടെ രണ്ടു കാളേജിന്റെ ആവശ്യം എന്താ
ണെന്നു എനിക്ക് മനസ്സിലാകുന്നില്ല. രണ്ടു കാളേജ് ഉണ്ടാകുന്നതു് രണ്ടും
നടക്കാതിരിക്കാൻ വേണ്ടിയാണ്. അനാവശ്യമായ മത്സരം ഉണ്ടാ
കാനും വർഗ്ഗീയ വഴക്കുകൾ വർദ്ധിപ്പിക്കുവാനും മാത്രമേ അതുപകരി
ക്കുകയുള്ളു.

യൂണിവേഴ്സിററിക്കാർ ശ്രീ നാരായണകാളേജിൽ ആദ്യത്തെ
കൊല്ലം പ്രീ യൂണിവേഴ്സിററി ക്ലാസ് തുടങ്ങണമെന്നാവശ്യപ്പെടുകയാൽ
ഈക്കൊല്ലം പ്രീ യൂണിവേഴ്സിററി ക്ലാസ് തുടങ്ങിയിരിക്കുകയാണ്.
അനുവാദം തന്നെങ്കിൽ ഈക്കൊല്ലംതന്നെ ബി. എ., ബി. എസ്. സി.
തുടങ്ങിയ കോഴ്സുകൾ എല്ലാംതന്നെ തുടങ്ങണമെന്നു വിചാരിക്കുന്നു.
അതിനുവേണ്ടി ഞങ്ങൾ അനുവാദത്തിനപേക്ഷിച്ചിട്ടുണ്ട്. ഞങ്ങൾ
ഗ്രാൻറിനും ആവശ്യപ്പെട്ടും, ഗ്രാൻറു കിട്ടുകയും ചെയ്യും. ഗ്രാൻറു
കിട്ടുമെന്നു ഞങ്ങൾക്കുറപ്പുണ്ട്. മി. മന്നത്തു പത്മനാഭപിള്ള പറഞ്ഞ
കണക്ക് ശരിയാണോ എന്നെനിക്കു അറിഞ്ഞുകൂടെങ്കിലും ഈ രാജ്യത്തുള്ള
സകല കാളേജുകൾക്കും സ്കൂളുകൾക്കും ഗവണ്മെൻറിൽനിന്നും സഹായ
ധനം നല്കിട്ടുണ്ട്. കോട്ടയത്തു ഒരു സിമ്മനാരിക്കുപോലും ഇവിടത്തെ

[Mr. R. Sankar.]

ഗവൺമെൻറു ധനസഹായം ചെയ്തിട്ടുണ്ട് എന്നുള്ള സംഗതി എല്ലാവർക്കും അറിവുള്ളതാണ്. കാളേജുകൾ എത്രയുണ്ടായാലും അതിനെ പ്രോത്സാഹിപ്പിക്കണം. കൊല്ലം ബിഷപ്പ് കൊല്ലത്തു ഒരു കാളേജ് വേണമെന്നാവശ്യപ്പെടുന്നു. ഇനി ഒരു കാളേജു കൂടി കൊല്ലത്താവശ്യമില്ലാത്തതിനാൽ കൊല്ലത്തു തുടങ്ങണമെന്നാലോചിക്കുന്ന കാളേജ് കായംകുളത്തോ മററോ തുടങ്ങുന്നതു പൊതുജനങ്ങൾക്കുപയോഗപ്രദമായിരിക്കും. അല്ലാതെ കൊല്ലത്തു വേറെ ഒരു കാളേജുകൂടി ആവശ്യമില്ല. അതിൻെറ പേരിൽ പ്രക്ഷോഭണത്തിൻെറ ആവശ്യവുമില്ല. ആരും ജയിലിൽ പോകുകയും വേണ്ട. സമാധാനമായി കഴിയുന്ന കൊല്ലത്തു കുഴപ്പങ്ങളുണ്ടാക്കാൻ ശ്രമിച്ചവർക്കല്ല കുററം, പ്രയാസപ്പെട്ടു കാളേജ് സ്ഥാപിച്ച ഞങ്ങൾക്കാണ് കുററം.

MR. EAPEN ARAKKAL : കൊല്ലത്തു ഒരു കാളേജ് തുടങ്ങണമെന്നു നേരത്തെ ആലോചനയുണ്ടായിരുന്നതായി അറിയാമോ?

MR. R. SANKAR : ആലോചന ഉണ്ടായിരുന്നു എന്നുതന്നെ ഇരിക്കട്ടെ. ഞങ്ങൾക്കാലോചനയുണ്ടായി ഞങ്ങൾ കാളേജു തുടങ്ങി. അതുകൊണ്ടു യാതൊരു തെററും വരാനില്ല. വർഗ്ഗീയചിന്ത വച്ചുകൊണ്ട് യാതൊന്നും അവിടെ എസ്. എൻ. ഡി. പി. യോഗം ചെയ്യുന്നില്ല. ശ്രീ നാരായണ കാളേജു യോഗത്തിൻെറ വകയെന്ന നില മാറി അടുത്ത ഭാവിയിൽ തന്നെ പബ്ളിക്കിൻെറ വകയായിത്തീരുമെന്നു പറഞ്ഞുകൊണ്ട് എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

MR. PRESIDENT : ഈ ഡിമാൻറിനെപ്പററി ഇവിടെ കിട്ടിയിട്ടുള്ള മൂന്നു ഉപക്ഷേപങ്ങളും ആദ്യമായി അവതരിപ്പിക്കാമെന്നാണ് വിചാരിക്കുന്നതു്, അതുകൊണ്ടു് അടുത്ത ഉപക്ഷേപം അവതരിപ്പിക്കുവാൻ ഞാൻ മി. കാപ്പനെ ക്ഷണിച്ചുകൊള്ളുന്നു.

MR. CHERIYAN J. KAPPAN : സർ, പ്രാഥമികവിദ്യാലയങ്ങളുടെ ഗ്രാൻറു വകയ്ക്കു കൊള്ളിച്ചിരിക്കുന്ന പത്തുലക്ഷം രൂപായിൽനിന്നും ഒരു രൂപാ വെട്ടിക്കുറയ്ക്കണമെന്നുള്ളതാണ് എൻെറ ഉപക്ഷേപം. എൻെറ ഉപക്ഷേപംകൊണ്ടുദ്ദേശിക്കുന്നതു്, പ്രൈമറിസ്കൂളുകൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള ഗ്രാൻറുമതിയാകയില്ലായെന്നും മതിയാകുമെന്നു ഗവൺമെൻറുദ്ദേശിക്കുന്നതു ഗവൺമെൻറിൻെറ തെററായ നയത്തിൻെറ ഫലമായിട്ടാണെന്നും, ആ നയം മാററണമെന്നും ഗവൺമെൻറിനെ ഉൽബോധിപ്പിക്കണമെന്നുള്ളതാണ്. എന്നാൽ ഇവിടെ ആദ്യമായി ഗവൺമെൻറിനെ ഒന്നു് അനുമോദിക്കാനുണ്ടു. അതു തിരു

വനന്തപുരം എൻ. എസ്സ്. എസ്സ്. കാളേജിനു അഞ്ചുലക്ഷം രൂപാ ഗവണ്മെൻറു ഗ്രാൻറനുവദിച്ചതിനാണ്. ഈ രാജ്യത്തു് വിദ്യാർത്ഥികൾക്കു കാളേജു് പ്രവേശനം ലഭിക്കാതെ വിഷമിച്ചിരുന്ന ഒരു കാലത്തു് ഒരു കാളേജു നടത്തി കാളേജു പ്രവേശനത്തിന്റെ വിഷമം പരിഹരിക്കാൻ മുന്നിട്ടു നിന്നു പ്രവർത്തിച്ച എൻ എസ്സ്. എസ്സ്-നെയും ഞാൻ കൃതജ്ഞതയോടെ സ്മരിക്കുന്നു. എന്നാൽ ഞാൻ പറയുന്നതു് എൻ. എസ്സ്. എസ്സിനു നൽകിയ പ്രോത്സാഹനം പോലെ വിദ്യാഭ്യാസവിഷയത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ വിഭാഗങ്ങളിലും ഉള്ള പ്രൈവററ് ഏജൻസികൾക്കും നൽകണം എന്നാണ്. അല്ലാതെ ഒരു കൂട്ടർക്കു പ്രോത്സാഹനം നൽകുകയും മററുള്ളവരെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന നയം ഗവണ്മെൻറു സ്വീകരിക്കരുതു്. വിദ്യാഭ്യാസത്തിന്റെ എല്ലാ വകുപ്പുകളിലും പ്രൈവററ് ഏജൻസികളെ പ്രോത്സാഹിപ്പിക്കുകയാണ് വിദ്യാഭ്യാസപുരോഗതിക്കു് സഹായകമായിട്ടുള്ളതെന്നാണ് വിദ്യാഭ്യാസവിചക്ഷണന്മാരുടെ അഭിപ്രായം. ഞാൻ ആദ്യമായി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാനുദ്ദേശിക്കുന്നതു് ഇൻഡ്യയിലെ സാഡ്ലർ കമ്മിററി റിപ്പോർട്ടാണ്. അതിൽ വിദ്യാഭ്യാസം രാഷ്ട്രത്തിന്റെമാത്രം ഉത്തരവാദിത്വത്തിൽ നടത്തേണ്ടതല്ലെന്നാണ് പറഞ്ഞിരിക്കുന്നതു്. അതു് രാഷ്ട്രത്തിന്റെ അധികാരത്തിന്റേയും സ്വകാര്യഏജൻസികളുടെ അവകാശത്തിന്റേയും മദ്ധ്യത്തിൽ അതിർത്തി സ്ഥാനത്തു് കിടക്കുന്ന ഒരു കാര്യമാണ്. അതു് പൊതുജനനന്മയുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നതിനാൽ രാഷ്ട്രത്തിനു് അതിന്റെ ഉത്തരവാദിത്വം തീർത്തു് കൈവിടാൻ നിവൃത്തിയില്ല. അതു് കുടുംബജീവിതവുമായി വളരെ ബന്ധമുള്ളതിനാൽ രാഷ്ട്രത്തിന്റെ മാത്രം ഉത്തരവാദിത്വത്തിൽ നൽകാവുന്നതുമല്ല. അതിനാൽ രാഷ്ട്രത്തിന്റെ ഉത്തരവാദിത്വവും സ്വകാര്യഏജൻസികളുടെ അവകാശവും കൂട്ടിഘടിപ്പിച്ചു് ഒരു പദ്ധതി രൂപീകരിക്കണമെന്നാണ് സാഡ്ലർകമ്മിററി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു്. തിരുവിതാംകൂർ ഗവണ്മെൻറിൽനിന്നും ഉണ്ടാക്കിട്ടുള്ള വിദ്യാഭ്യാസപുനഃസംവിധാനകമ്മററിയുടെ റിപ്പോർട്ടിൽ ഈ ഭാഗം പ്രത്യേകം എടുത്തു പറഞ്ഞിട്ടുമുണ്ടു്. ഈ വിദ്യാഭ്യാസപുനഃസംവിധാനകമ്മിററിയെ ൧൧൨൧-ൽ ആണ് നിയമിച്ചതു്. ഈ കമ്മിററിയുടെ അദ്ധ്യക്ഷനായിരുന്നതു് മി. പാപ്പുവർത്തു് ആണ്. അദ്ദേഹം കൂടി ഉൾപ്പെട്ട ൨൧ പേർ അടങ്ങിയ ഒരു വിദഗ്ദ്ധകമ്മിററി-എന്നു പറയുമ്പോൾ ഈ രാജ്യത്തു് വിദ്യാഭ്യാസത്തെപ്പററി അഭിപ്രായം പറയാൻ പ്രാപ്തിയുള്ള ആളുകൾ ചേർന്ന ഒരു കമ്മിററിയാണ്. ആ കമ്മിറ്റി

[Mr. Cheriyan J. Kappan]

റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു് അദ്ധ്യാപകന്മാർക്കു കൊടുക്കുന്ന ശമ്പളത്തിന്റെ ൫൦ ശതമാനം പ്രൈവറ്റ് വിദ്യാലയങ്ങൾക്കു ഗ്രാന്റായി കൊടുത്തു് പ്രൈവറ്റ് വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നാണ്. സാമുദായികമായി ഇവിടെ വളരെയൊക്കെ പറയുന്നതു കേട്ടു. സാമുദായികമായി നോക്കിയാൽ ആ വിദ്യാഭ്യാസപുനഃസംവിധാനക്കമ്മിററി ൫ ൭ നായന്മാരും, ൩ ക്രിസ്ത്യാനികളും, ൨ മുസ്ലീങ്ങളും ഉൾപ്പെട്ട കമ്മിററിയാണ്. ഇങ്ങനെയുള്ള ഒരു വിദഗ്ദ്ധക്കമ്മിററിയുടെ ഏകകണ്ഠമായ റിപ്പോർട്ടിനെ അവഗണിക്കാൻ സർ സി. പി. രാമസ്വാമി അയ്യരുടെ ഗവണ്മെന്റിനു ആവശ്യമുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ ജനകീയ ഗവണ്മെന്റിനു അങ്ങനെയുള്ള ഒരു വിദഗ്ദ്ധക്കമ്മിററിയുടെ റിപ്പോർട്ടിനെ അവഗണിക്കേണ്ട ആവശ്യമില്ല.

MR. T. A. ABDULLA: ആ വിദഗ്ദ്ധകമ്മിററിയെ നിയമിച്ചതാരാണ്?

MR. CHERIYAN J. KAPPAN: അന്നു നിലവിലിരുന്ന ഗവണ്മെന്റാണെന്നു സമ്മതിക്കുന്നു. എന്നാൽ ഈ കമ്മിററി അംഗങ്ങൾ വിദഗ്ദ്ധന്മാരല്ലെന്നു മി. അബ്ദുള്ളായ്ക്കുപോലും പറയുവാൻ സാദ്ധ്യമല്ല.

MR. A. NESAMONY: Does the Hon'ble Member know that the State Congress Party sponsored the motion for the nationalisation of education.

MR. CHERIYAN J. KAPPAN: ചോദ്യങ്ങൾക്കുത്തരം പറയുവാൻ വളരെ സന്തോഷമുണ്ട്. എന്നാൽ അതിനുള്ള സമയംകൂടി * അനുവദിക്കുന്നു എങ്കിൽ പ്രസംഗത്തിന്റെ അവസാനം ഉത്തരം പറയാം.

പിന്നെ മററൊരു സംഗതി പറയാനുള്ളതു് പ്രൈവറ്റ് വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തു വലുതായ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സംഗതി കൊണ്ടുതന്നെ ഇതു് ഈ രാജ്യത്തെ ജനസമൂഹത്തിനു സങ്കടമുണ്ടാക്കുന്നു എന്നു് ഗവണ്മെന്റിനു ബോദ്ധ്യമാകും. ബഡ്ജററിന്റെ പൊതുവിമർശനവേളയിൽ ബഹു: പ്രധാനമന്ത്രിയോടു ഈ വകുപ്പിനു ൪൦ ലക്ഷം രൂപാ മതിയാകുമോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു ഇപ്പോൾതന്നെ പല സ്ക്കൂളുകളും ഗവണ്മെന്റിന്റെ അധീനതയിൽ വന്നുകൊണ്ടിരിക്കുന്നു. ഇനിയും പലതും വരുമെന്നു പ്രതീക്ഷിക്കുന്നതുകൊണ്ടു് പത്തുലക്ഷം രൂപാ മതിയാകും എന്നാണ്. അതുപോലെ ഇപ്പോൾ പുതിയ സ്ക്കൂളുകൾക്കു അപേക്ഷ കൊടുക്കുകയാണെങ്കിൽ ഒരു പുതിയ വ്യവസ്ഥകൂടി ഉൾപ്പെടുത്തിവരുന്നു. അതായതു് നിർബന്ധിതവിദ്യാഭ്യാസം നടപ്പിലാക്കുന്ന അവസരം വരു

മ്പോൾ ആ സ്ഥലത്ത് ഇപ്പോൾ പുതുതായി അനുവദിക്കുന്ന സ്കൂളുകൾ ഗവൺമെൻറിനു വിട്ടുകൊടുക്കാം എന്നു ഒരു അണ്ടർടേക്കിംഗ് കൊടുക്കണം. ഇതിൽനിന്നും മനസ്സിലാകുന്നതു് പഴയ ഗവൺമെൻറിൻെറ നയമാണു് ഇന്നത്തെ ഗവൺമെൻറും തുടരുന്നതെന്നാണു്. എന്നാൽ എനിക്കതിനെപ്പററി പറയാനുള്ളതു് തിരുവിതാംകൂർ സ്റ്റേററുകാൺഗ്രസ്സിൽനിന്നും ഈ രാജ്യത്തിലെ ജനതതിക്കു കൊടുത്തിരിക്കുന്ന ഉറപ്പിനു വിപരീതമായിട്ട്—തിരുവിതാംകൂർ ജനതതി മനസ്സിലാക്കിയിരിക്കുന്നതിനു വിരുദ്ധമായിട്ടാണു്—ആ പഴയ നയം തുടരുന്നതെന്നാണു്. തിരുവിതാംകൂർ സ്റ്റേററുകാൺഗ്രസ്സു കൊല്ലത്തുവച്ചു നടത്തിയ വാർഷികയോഗത്തിലെ നിശ്ചയത്തിനു വിരുദ്ധമായിട്ടാണു് ഇതു നടപ്പിൽ വരുത്തുന്നതു് എന്നു വ്യക്തമാകുന്നു.

MR. P. S. NATARAJA PILLAI (*Trivandram V—General*) : സ്റ്റേററുകാൺഗ്രസ്സ് കൊല്ലത്തുവച്ചു പാസ്സാക്കിയ നിശ്ചയത്തിനു വിരുദ്ധമല്ലാ ഇതു എന്നാണു് ഒരു സ്റ്റേററു കാൺഗ്രസ്സ് അംഗമെന്ന നിലയിൽ എനിക്കു പറയാനുള്ളതു്.

MR. K. P. NILAKANTA PILLAI : May I rise to a point of order: whether a resolution passed at a Quilon meeting can be advanced as an argument in support of a motion in this House?

MR. PRESIDENT : Yes.

MR. CHERIYAN J. KAPPAN : അന്നു കൊല്ലത്തുവച്ചു പാസ്സാക്കിയ പ്രമേയത്തിൻെറ താല്പര്യത്തിനു വിരുദ്ധമായി അതിനെ വ്യാഖ്യാനിക്കാൻ ചിലർ നടത്തുന്ന കസർത്തുകൾ എന്തൊക്കെ ആയാലും അന്നു പാസ്സാക്കിയ നിശ്ചയത്തിനു വിരുദ്ധമാണിതെന്നു ബഹു: മെമ്പറന്മാർ മനസ്സിലാക്കണം. ആ ഉറപ്പിന്മേൽ ഒരു തെരെഞ്ഞെടുപ്പു നടത്തി രൂപീകരിക്കപ്പെട്ട സ്റ്റേററുകാൺഗ്രസ്സ് മന്ത്രിസഭ, ഇപ്പോൾ അതിനു വിപരീതമായ നയം സ്വീകരിക്കുകയാണെങ്കിൽ, എനിക്കു പറയാനുള്ളതു് ഈ മന്ത്രിസഭ ഉടനെ രാജിവച്ച് ഇതിൻെറ വെളിച്ചത്തിൽ വേറൊരു തെരഞ്ഞെടുപ്പു നടത്തി മറെറാരു മന്ത്രിസഭ രൂപീകരിച്ചു പ്രവത്തനം തുടങ്ങണമെന്നാണു്.

The House adjourned for lunch at 1 P. M. and re-assembled at 2 P. M., the President (Hon'ble Mr. A. J. John) in the Chair.

MR. CHERIYAN J. KAPPAN : സർ, മി. മന്നത്തു പത്മനാഭപിള്ളയും മി. ആർ. ശങ്കറും പറയുകയുണ്ടായി, സ്കൂളുകളും കാളേജുകളും സ്ഥാപിക്കുന്നതിനുള്ള തങ്ങളുടെ അവകാശം അവർ പിടിച്ചുവാങ്ങു ന്ന്.

MR. K. P. NILAKANTA PILLAI: I rise to a point of order. Now the motion about the University has already been discussed. This is a cut motion under Primary Education. That is why I pointed out that the whole issue would be complexified (*Laughter*). He is again going back to University Education.

MR. CHERIYAN J. KAPPAN: അവർ ഒരു ഭീഷണിപോലെ ആണ് അതു് പറഞ്ഞതു്. പക്ഷേ, അവരും ഈ ഒരു കാര്യം അറിയേണ്ടതുണ്ടു്. ഈ രാജ്യത്തെ ഒരു വിഭാഗം ആളുകൾക്ക് അവരുടെ മതവിശ്വാസപ്രകാരം ഒഴിച്ചുകൂടാൻവയ്യാത്ത ഒരു ചുമതലയായി നിർവഹിച്ചുപോരുന്നതും അവരുടെ പ്രാണവായുവിനെപ്പോലെ കരുതുന്നതുമായ ഒരു പ്രശ്നമാണ് ഇവിടത്തെ വിദ്യാഭ്യാസപ്രശ്നം എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഇതിനുവേണ്ടി ഇത്ര തീക്ഷ്ണമായി വാദിക്കുന്നതു്.

MR. T. A. ABDULLA: മെമ്പർ 'ഞങ്ങൾ' എന്നു പറഞ്ഞതു് ആരെ ഉദ്ദേശിച്ചാണ്?

MR. CHERIYAN J. KAPPAN: ആരാണോ പ്രൈവററു വിദ്യാലയങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും നടത്തിക്കൊണ്ടുപോകണമെന്നു് ആവശ്യപ്പെട്ടു പ്രക്ഷോഭണം നടത്തുകയും ചെയ്യുന്നതു്, അവരാണ്.

പ്രൈവററുവിദ്യാലയങ്ങൾ മുഴുവൻ ഗവൺമെൻറു് ഏറെറടുക്കണമെന്നു കരുതുമ്പോൾ, ഇവിടത്തെ ൨൫ ലക്ഷം ജനങ്ങളെ അതു് സാരമായി ബാധിക്കുന്ന ഒരു കാര്യമാണെന്നു് ഗവൺമെൻറു് മനസ്സിലാക്കണം. ഇവിടത്തെ വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കുമ്പോൾ, പ്രൈവററുവിദ്യാലയങ്ങളെ ഇന്നത്തെ നിലയിൽ വച്ചുകൊണ്ടുതന്നെ അതു് നടത്തിക്കൊണ്ടുപോകാൻ സാധിക്കുമോ എന്നാണ് ഗവൺമെൻറു ആലോചിക്കേണ്ടതു്. അല്ലാതെ പ്രൈവററുവിദ്യാലയങ്ങൾ മുഴുവനും ഏറെറടുത്തുകൊണ്ടല്ല അതു് നടപ്പിൽ വരുത്തേണ്ടതു. വളരെ ക്ലേശിച്ചും താൽപ്പര്യപ്പെട്ടും ജനങ്ങൾ നടത്തിക്കൊണ്ടുപോകുന്ന ഒരു വിദ്യാഭ്യാസരീതിയെ ഒരു തരത്തിലും മാററാതെ, പണ്ടത്തെ രീതിവച്ചുകൊണ്ടുതന്നെ, നിർബന്ധിതവിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിനു് യാതൊരു പ്രയാസവുമില്ല. ഇപ്പോഴത്തെ വിദ്യാഭ്യാസമന്ത്രി എ. ററി. സി. സി. യിൽ വർക്കിംഗ് കമ്മിററിയുടെ എന്തെങ്കിലും പ്രമേയം പാസ്സാക്കുന്ന സന്ദർഭത്തിൽ പലപ്പോഴും പറയാറുള്ളതു ഈ പ്രമേയത്തിനു് പല മാററങ്ങളും ഉണ്ടാക്കുവാൻ കഴിയും, എങ്കിലും ഈ പ്രമേയം ഇതേപടി ഒരക്ഷരം പോലും മാററാതെ, പാസ്സാക്കുവാൻ കഴിയുമോ എന്നാണ് ആദ്യമേ ആലോചിക്കേണ്ടതു് എന്നാണ്. ആ അഭിപ്രായം വളരെ ആദരണീയമാകുന്നു. ഇവിടെ ആലോചിപ്പാനുള്ളതു് ഇന്നത്തെ നിലയിൽതന്നെ,

പ്രൈവററ വിദ്യാലയങ്ങൾക്ക വേണ്ട പ്രോത്സാഹനം കൊടുത്തുകൊണ്ടു തന്നെ വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവും ആക്കിത്തീർക്കുന്നതിനു വൈഷമ്യം ഉണ്ടോ എന്നാണ്. വൈഷമ്യമില്ലെങ്കിൽ ആ രീതി അവലംബിക്കുന്നതായിരിക്കും അഭിലഷണീയമായിട്ടുള്ളത്.

സർ, മററു പല രാജ്യങ്ങളിലുമുള്ള അനുഭവം നോക്കുകയാണെങ്കിൽ അവിടെയെല്ലാം നിർബന്ധിതവിദ്യാഭ്യാസം ഏർപ്പെടുത്തിയിരിക്കുന്നതു് പ്രൈവററ ഏജൻസികളെ വച്ചുകൊണ്ടുതന്നെ ആണെന്നു കാണാം. പാശ്ചാത്യദേശത്തു് അതായതു്, ഹോളണ്ടു്, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങളിൽ നിർബന്ധിതവിദ്യാഭ്യാസം പ്രൈവററ ഏജൻസികളെ മുഴുവൻ ഓടിച്ചു കളഞ്ഞുകൊണ്ടല്ല നടപ്പാക്കിയിരിക്കുന്നതു. സിലോണിൽ പ്രൈവററവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കു മുഴുവൻ ശമ്പളവും ഗ്രാൻറുകൊടുത്തുകൊണ്ടാണ് നിർബന്ധിതവിദ്യാഭ്യാസം ഏർപ്പെടുത്തിയിരിക്കുന്നതു്.

ഇത്രയും പറയുമ്പോൾ ചിലർക്കു് ചില തെററിദ്ധാരണകൾ ഉള്ളതുപോലെ തോന്നുന്നു. വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവും ആക്കുന്നതിനു് ആരോ എതിരാണെന്നു ചിലർ വിചാരിക്കുന്നു. നിർബന്ധിതവിദ്യാഭ്യാസത്തിനു് ഒരൊററക്കുഞ്ഞുപോലും എതിരില്ലെന്നു് ഞാൻ അവരോടു പറയുന്നു. നിർബന്ധിതവിദ്യാഭ്യാസത്തെ എല്ലാ മതക്കാരും എല്ലാ സമുദായക്കാരും സ്വാഗതം ചെയ്യുന്നു. എന്നാൽ എതിരുള്ളതു്, ഈ പ്രൈവററ ഏജൻസികളെ ഓടിച്ചുകളഞ്ഞു് എല്ലാ വിദ്യാലയങ്ങളും ഏറെറടുത്തു് നിർബന്ധിതവിദ്യാഭ്യാസം ഇവിടെ ഏർപ്പെടുത്തണം എന്നു പറയുന്നതിനാണ്.

മറെറാരു കാര്യം രാജ്യം ഒന്നാകെ നിർബന്ധിതവിദ്യാഭ്യാസം നടപ്പിൽ വരുത്തേണ്ട ഒരു സംഗതി ആകുമ്പോൾ എന്തെങ്കിലും ഒരു സ്ഥലത്തു് ഒരു പ്രത്യേക സമുദായത്തിനു ഒരു സ്കൂൾ അനുവദിച്ചാൽ മററുള്ള സമുദായക്കാർക്കു് കൂടി അതേ സ്ഥലത്തു തന്നെ പ്രത്യേകം പ്രത്യേകം സ്കൂളുകൾ അനുവദിക്കുകയും ഗ്രാൻറ് കൊടുക്കേണ്ടിവരുകയും ചെയ്യുകയില്ലേ എന്നാണ്. 1941-ലെ സെൻസസു അനുസരിച്ച് ഇവിടെ ഒരു സ്ക്വയർ മൈലിനുള്ളിൽ 1.0 1 5 ജനങ്ങൾ താമസിക്കുന്നു എന്നു കാണാം. അത്രയും സ്ഥലത്തു് 1 3 3 . 6 കുട്ടികളും ഉണ്ടെന്നു അതേ സെൻസസ്സിൽ നിന്നു കാണാം. മുമ്പിരുന്ന ഗവമ്മെൻറ്, അതായതു സർ സി. പി. രാമസ്വാമിഅയ്യരുടെ ഗവമ്മെൻറ്, പ്രഖ്യാപിച്ചതു് ഒരു കുട്ടിക്കു് ഒരു വിദ്യാലയത്തിൽ പോകാൻ 2 മൈലിൽ കൂടുതൽ നട

[Mr. Cheriyan J. Kappan.]

ക്കേണ്ടിവരരുത് എന്നാണ്. അതേ നയം തന്നെ ഈ ഗവൺമെൻറും തുടരുന്നപക്ഷം രണ്ടു സ്ക്വയർ മൈൽ വരുന്ന ഒരു ഏറിയാക്കുള്ളിൽ ഒരു ക്ലാസ്സിൽ ൩൦ കുട്ടികളെ വീതം കണക്കാക്കുന്നപക്ഷം, ൧൬൩ സ്കൂളുകൾ നടത്തേണ്ടതായുണ്ടെന്നു കാണാം. അങ്ങിനെ നോക്കുമ്പോൾ ഒരു സമുദായത്തിനു മാത്രമല്ല എല്ലാ സമുദായക്കാർക്കും ഒരു ഏറിയാക്കകത്തു തന്നെ സ്കൂളുകൾ നടത്തുന്നതിനു സൗകര്യം ലഭിക്കുന്നതാണ്. അതുകൊണ്ടു ആ വാദത്തെ അടിസ്ഥാനമാക്കി ഇവിടെ ആരും പ്രൈവറ്റുവിദ്യാലയങ്ങൾ നടത്തിക്കൂടാ എന്നു പറയുന്നതിൽ വലിയ അർത്ഥമൊന്നുമില്ല. പ്രൈവറ്റുവിദ്യാലയങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ എല്ലാ സമുദായക്കാർക്കും സൗകര്യം ലഭിക്കുന്നതിനു ഇവിടെ യാതൊന്നും തന്നെ തടസ്സമായി നിൽക്കുന്നില്ല.

MR P. K. KUNJU : അപ്പോൾ വിദ്യാഭ്യാസം ദേശീയമാക്കരുതെന്നാണോ മെമ്പറിന്റെ അഭിപ്രായം.

MR CHERIYAN J. KAPPAN : വിദ്യാഭ്യാസം ദേശീയമാക്കരുതെന്നു ഞാൻ പറഞ്ഞില്ല.

MR. CHELLASWAMI NADAR (*Vilavancode Hindu Nadar*) :

தலைவர் அவர்களே, இந்தப் பிரேரணையை அனுகூலிப்பதோடு இந்தக் கட்டாய ஆரம்பக் கல்வித் திட்டத்தை அமுல் நடத்தப் படுவதிலுள்ள இரண்டு, மூன்று குறைபாடுகளை நான் சொல்ல விரும்புகிறேன்.

இந்தத் திட்டம் ஒரு பிரதானமான திட்டம். ஸர் ஸி. பி. இராமஸ்வாமி ஐயர் அவர்கள் இந்தத் திட்டத்தை நமது சமஸ்தானத்தில் கொண்டுவர நினைத்த சமயத்தில் இதை ஆதரித்து வரவேற்றோம். ஆனால் அதில், குறிப்பிட்ட சில அம்சங்களைத்தான் நாம் எதிர்பார்த்ததுபோல் கொடுக்கப் படவில்லை. இந்த (shift system) மாற்று முறையிலிருந்து கிடைக்கவேண்டிய குணத்தைவிட, தோஷம்தான் அதிகமிருக்கிறது.

ஒரு மாணவன் 9 மணிக்கு வந்து 12. 30 மணிக்கு வீட்டுக்குப்போக வேண்டும். இந்த முறையில் வேறொரு மாணவன் 1,30 மணிக்கு பள்ளிக்கு தூரங்களிலிருந்தும் வெயிலிலும் மழையிலும் வரவேண்டியிருப்பதால் இந்த முறை அந்த மாணவர்களின் ஆரோக்கியத்தைக் கெடுத்துவிட ஏதுவாகிறது.

இரண்டாவதாக இந்தக் கட்டாயக் கல்வி ஆரம்பப்பாடசாலைகளில் ஏற்படுத்தப்பட்டிருக்கும் உபாத்தியாயர்கள் ஏழு அல்லது எட்டு மையில்களுக்கு அப்பாலிருந்து வருகிறார்கள். அவர்கள் தங்கள் வீட்டிலிருந்து ஏழு மணிக்கு காப்பி சாப்பிட்டு புறப்பட்டால்தான் சுமார் 10 மணிக்கு பாடசாலை வந்து சேரமுடியும்.

அனேகமாக அரை மணிக்கூர் தாமதித்துத்தான் வரமுடிகிறது. அப்படி ஏழெட்டு மையில்கள் நடந்து களைத்து வருகிற உபாத்தியாயர்கள், மாணுக்கர்களுக்கு என்னதான் சொல்லிக்கொடுக்கமுடியும் என்பதை நாம்

சிறிது ஆலோசிக்கவேண்டும். ஒரு காலேஜில் (College-ல்) இருக்கும் ஒரு புரபசருக்கு ஒன்று அல்லது ஒன்றரைமணி நேரம்தான் கற்றுக்கொடுக்கவேண்டியதாயிருக்கிறது. ஆனால் அவருக்கு சம்பளமும் ஏராளமாகக் கொடுக்கப்படுகிறது.

இதற்கு மாறாக மேற் கூறிய ஆரம்பக் கல்வி பாடசாலைகளிலுள்ள உபாத்தியாயர்களுக்கோ வென்றால் ஐந்து அல்லது ஆறு மணிநேரம் சொல்லிக் கொடுக்கவேண்டியிருப்பதோடு சம்பளமும் மிகக் குறைவு. இப்படி வெகு தூரங்களிலிருந்து வரும் உபாத்தியாயர்களது ஆரோக்கியம் குன்றிவிடாதா?

மூன்றாவதாக மேற் சொன்ன கட்டாயக் கல்வி ஆரம்பபாடசாலைகளுக்குத் தேவையான சாமான்கள் சரியாகக் கொடுக்கப்படவில்லை. பட்டணங்களிலுள்ள மேற்படி பாடசாலைகளுக்கு பெஞ்சு, மேசை, நாற்காலி முதலியவைகள் கொடுக்கப்பட்டிருக்கின்றன. ஆனால் நாட்டுப்புறங்களிலுள்ள பள்ளிக்கூடங்களில் இந்த பெஞ்சு, மேசை முதலிய சாமான்கள் இல்லாமலிருப்பது, கல்வி மந்திரி அவ்விடங்களுக்கு சென்று பார்த்தால் தெரியும்.

நான்காவதாக விளவங்கோடு தாலுகா கட்டாயக் கல்வி ஆரம்பப்பள்ளிக்கூட இன்ஸ்பெக்டரைப் பற்றிச் சில வார்த்தைகள் சொல்ல விரும்புகிறேன்.

விளவங்கோடு தாலுகாவில் நூற்றுக்கு எண்பத்தெட்டு தமிழர்கள் வாசிக்கிறார்கள். ஆனால் அங்கேயுள்ள பள்ளிக்கூடங்களில் நூற்றுக்குத் தொண்ணூற்றொன்பதும் மலையாளப் பள்ளிக்கூடங்கள் தான்.

கட்டாயக் கல்வித்திட்டம் அமுலுக்கு வரும்போது கல்வி இலாகா டைரக்டர் அவர்கள் சொன்னார்கள், 25 தமிழ் மாணவர்கள் இருந்தால் அவர்களுக்கு ஒரு தமிழ் கிளாஸ் வைக்கப்படும். அதேபோல் மலையாளம் படிக்க 25 மாணவர்களிருந்தால் அவர்களுக்கு ஒரு மலையாளம் கிளாஸ் வைக்கப்படும் என்று. ஆனால் தற்சமயம் அந்த வாக்குறுதிக்கு நேர் விரோதமாக நடக்கிறது.

தலைவர் அவர்களே, குழித்துறையில் பிரைமறி ஸ்கூல்களுக்கு ஒரு மலையாளி இன்ஸ்பெக்டர் இருக்கிறார். அவருக்கு டைரக்டரின் இந்த ஆர்டர் ஒன்றும் தெரியாதாம். அங்குள்ள பிரைமறி பாடசாலைகளில் மலையாளத்தைத்தான் கற்பிக்கவேண்டுமென்றும் வற்புறுத்துகிறார். தமிழ் மாணவர்களுக்கு தமிழ் கற்க வசதி அளிக்கப்படுவதில்லை. மேற் சொன்ன இன்ஸ்பெக்டரைப்பற்றி பத்து பதினைந்து பெட்டிசன்கள் கொடுத்திருக்கிறோம். அவ்விதம் அனுப்பிய பிறகு தான் அங்குள்ள சில பள்ளிகளில் தமிழ் கற்பிக்க துடங்கியிருக்கிறார்கள்.

மார்த்தாண்டத்திலுள்ள முனிசிப்பல் பிரைமறி பள்ளிக்கூடங்களில் இதுவரை தமிழ் கற்பிக்கப் பட்டுவந்ததை இந்த இன்ஸ்பெக்டரின் ஆடரின் பேரில் சென்ற இரண்டு மாதங்களாக தமிழ் கற்றுக் கொடுப்பதை நிறுத்தல் செய்திருக்கிறார்கள்.

ஆதலால் இந்த பிரைமறி ஸ்கூல் இன்ஸ்பெக்டர் குழித்துறையில் இருக்கும்வரையில் தமிழ் படிப்பதற்கு யாதொரு வசதியும் ஏற்படாது என்று கனம் மந்திரி அவர்கள் கவனத்திற்குக் கொண்டுவர விரும்புகிறேன்.

MR. P. CHACKO : സർ, പ്രൈമറിവിദ്യാലയങ്ങൾക്ക് ഗ്രാൻറ് കൊടുക്കുന്നതിന് കഴിഞ്ഞ കൊല്ലത്തിലനുവദിച്ചിട്ടുണ്ടായിരുന്ന ൧൦ ലക്ഷം രൂപാ മാത്രമെ ഇക്കൊല്ലവും ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളു എന്നും അതു ഓരോ അദ്ധ്യാപകനും ൨൭ രൂപാ വച്ച് ഗ്രാൻറു കൊടുക്കുന്നതിന് പര്യാപ്തമല്ല എന്നും ഉള്ള കാര്യത്തെപ്പററി പര്യാലോചിക്കുന്നതിനായി എൻെറ മാന്യസ്നേഹിതൻ മി. ചെറിയാൻ കാപ്പൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തോട് അനുകൂലിച്ചുകൊണ്ട് ഒന്നുരണ്ടു വാക്കുകൾ പറയണമെന്ന് ഞാനും ആഗ്രഹിക്കുന്നു.

തിരുവിതാംകൂറിൽ ഉദ്യോഗത്തിലിരിക്കുന്ന ആളുകളിൽ ഏററവും കുറഞ്ഞ ശമ്പളം വാങ്ങിക്കുന്ന ഒരു കൂട്ടം ഉദ്യോഗസ്ഥന്മാരാണ് ഇന്നത്തെ പ്രൈവററു പ്രൈമറിസ്കൂളുകളിലെ അദ്ധ്യാപകന്മാർ. ഇപ്പോൾ ഗവണ്മെൻറിൽ നിന്നും അവർക്ക് കൊടുത്തുവരുന്നതു ൮ രൂപാ ശമ്പളവും ൨ രൂപാ ഡിയർനസ്സ് അലവൻസും മാത്രമാണു. ട്രാൻസ്പോർട്ടു ബസ്സിൽ നിന്നു ഒരു ചുമടു താഴെ ഇറക്കിവയ്ക്കുന്ന ഒരു ചുമട്ടുകാരന് ഏഴു ചക്രം കൂലി കൊടുത്താലും വിസമ്മതിക്കുന്ന ഈ കാലത്തു ഈ ശമ്പളം എത്ര നിസ്സാരമായ ഒന്നാണെന്നുള്ളതു പ്രത്യക്ഷമാണ്. പ്രൈവററുസ്കൂളിലെ ഒരദ്ധ്യാപകന് വസ്ത്രധാരണത്തിനും അവൻെറ ജീവിതനിർവഹണത്തിനും മററുമായി ആകെ ലഭിക്കുന്നതു ഈ ൧൦ രൂപാ മാത്രമേ ഉള്ളു. ഇവിടെ നിലവിലിരിക്കുന്നതു ഒരു ദേശീയഗവണ്മെൻറാണു. ഈ കാലത്തു ഇവിടെ എല്ലാപേരുടേയും അവശതകൾ പരിഹരിക്കപ്പെടും എന്ന് ജനങ്ങൾ വിശ്വസിച്ചിരുന്നു. അങ്ങനെ അവരെ വിശ്വസിപ്പിച്ചുമിരുന്നു. കഴിഞ്ഞ വർഷം യാതൊരു ഗത്യന്തരവുമില്ലാതെ അദ്ധ്യാപകന്മാർ പണിമുടക്കു നടത്തിയതു നമ്മുടെ എല്ലാപേരുടേയും ശ്രദ്ധയിൽ പെട്ടിട്ടുള്ളതാണ്. ഇന്ന് അധികാരത്തിൽ ഇരിക്കുന്ന നമ്മുടെ ചില നേതാക്കന്മാരെ അവർ സമീപിക്കുകയും ആശ്വാസകരമായ ചില വാഗ്ദാനങ്ങൾ ഈ നേതാക്കന്മാർ അവർക്ക് നൾകുകയും ചെയ്തതിൻെറ ഫലമായി ആ പണിമുടക്ക് അവസാനിപ്പിക്കുകയാണ് ചെയ്തതു. മദ്ധ്യവേനൽ അവധിക്കാലത്തു യാതൊരു കുഴപ്പവും വരുത്താതെ അവർ അവരുടെ ജോലികൾ നിർവഹിക്കുകയും അതിൻെറ ഫലമായി കുട്ടികൾ എല്ലാപേരും പാസ്സാകുകയും ചെയ്തിട്ടുണ്ടു. ആ പ്രമോഷൻ ലിസ്ററ് ഇപ്പോഴത്തെ ഗവണ്മെൻറ്

അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും അവർ ഏറ്റിരുന്ന ജോലി അവർ നിർവിഘ്നം നിർവഹിച്ചുവെന്ന ഗവൺമെൻറ് സമ്മതിച്ചിട്ടുണ്ട് എന്ന് വ്യക്തമാകുന്നു.

MR. S. KUTTEN : ഈ നേതാക്കന്മാർ ചെയ്ത വാഗ്ദാനം എന്തെങ്കിലും നടപ്പിൽ വന്നിട്ടുണ്ടോ?

MR. P. CHACKO : അധികം ഒന്നും നടപ്പിൽ വന്നിട്ടില്ല എന്നാണു എന്റെ അഭിപ്രായം. പണിമുടക്കു നടത്തിയ ൩ മാസത്തെ ഗ്രാൻറു കൊടുക്കാൻ പാടില്ലെന്നു കാണിച്ചുകൊണ്ടാണ് കഴിഞ്ഞ ൧൫-ാം തീയതിയിലെ പ്രസ് കമ്മ്യൂണിക്ക് പുറത്തുവന്നിട്ടുള്ളത്. എവിടെ പണിമുടക്ക് നടത്തിയാലും അത് ന്യായമായ ഒന്നാണെങ്കിൽ പണിമുടക്ക് നടത്തിയ കാലത്തേക്ക് യാതൊരു ശിക്ഷയും കൊടുക്കാതെ പണിമുടക്ക് കാലത്തെ ശമ്പളം കൊടുക്കുകയെന്നത് സർവസാധാരണമായ ഒരു നടപടിയാണ്. സാധുക്കളായ ഈ അദ്ധ്യാപകന്മാർ കേവലം ൨൫ രൂപാ കൊണ്ടു ജീവിക്കാൻ നിവൃത്തിയില്ലെന്നുള്ളത് സംഘടന മുഖാന്തിരം ഗവൺമെൻറിനെ ധരിപ്പിച്ചിട്ടും ഫലമില്ലെന്നു കണ്ടപ്പോഴാണു പണിമുടക്കു നടത്തിയത്. ഈ പണിമുടക്കു കാലത്തെ ശമ്പളം പിടിക്കുവാനായി ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചത് അവക്ക് മർമ്മഭേദകമായ ഒരു കാര്യമാണ്. നിലവിലിരിക്കുന്ന സ്റ്റേറ്റ് കാൺഗ്രസ് ഗവൺമെൻറു അതിന്റെ സംഘടനയായ പാർലമെൻററി പാർട്ടിയിൽ വച്ച് ൧൫ രൂപാ ശമ്പളവും ൧൦ രൂപാ അലവൻസും പ്രൈവറ്റു സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് കൊടുക്കേണ്ടതാണെന്ന് ഒരു നിശ്ചയം പാസ്സാക്കുകയുണ്ടായി. അത് കണ്ടപ്പോഴും അതിനെ വിശ്വസിച്ച് ൪൦ രൂപാ വീതം ലഭിക്കുമല്ലോ എന്നുള്ള ആശ്വാസത്തോടുകൂടി പലരോടും കടം വാങ്ങിച്ചു ജീവിച്ചു വരുന്ന അനവധി അദ്ധ്യാപകന്മാരെ എനിക്ക് നേരിട്ട് അറിയാം. എന്നാൽ ഇപ്പോഴത്തെ പ്രസ് കമ്മ്യൂണിക്കെ അനുസരിച്ച് അതിൽ ഒരു കാശുപോലും അവർക്ക് കിട്ടുകയില്ലെന്നാണ് വന്നിരിക്കുന്നത്. കാരണം ഷിഫ്റ്റു സിസ്റ്റം നടപ്പുള്ള സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു മാത്രമേ ൪൦ രൂപാ വച്ചുള്ള ശമ്പളം വാങ്ങിക്കുവാൻ അവകാശമുള്ളു എന്ന് ആ പ്രസ് കമ്മ്യൂണിക്കെയിൽ പറഞ്ഞിരിക്കുന്നു. ഇന്നത്തെ പ്രൈവറ്റു വിദ്യാലയങ്ങളിൽ ൯൯ ശതമാനം വിദ്യാലയങ്ങളിലും ഷിഫ്റ്റ് സിസ്റ്റം ഏർപ്പെടുത്തിയിട്ടില്ല.

MR. K. A. MATHEW : മാനേജ്മെൻറ സ്കൂളിൽ ഷിഫ്റ്റ സിസ്റ്റം ഏർപ്പെടുത്തണമെന്ന് ഗവൺമെൻറ നിർബന്ധിച്ചിരുന്നില്ലെയെന്നു ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

MR. P CHACKO : ഷിഫ്റ്റസിസ്റ്റം ഗവൺമെൻറ് നിശ്ചയിച്ച അവസരത്തിൽ പ്രൈവററ വിദ്യാലയങ്ങളിലും ആ സിസ്റ്റം ഏർപ്പെടുത്തുവാൻ ഗവൺമെൻറ അവരോട് ആവശ്യപ്പെട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. അതുകൊണ്ട് പ്രൈവററ് വിദ്യാലയങ്ങളിൽ മിക്കവാറും എങ്ങുംതന്നെ ഷിഫ്റ്റ സിസ്റ്റം ഏർപ്പെടുത്തിയിട്ടില്ല. അങ്ങനെ നോക്കുമ്പോൾ ഈ പ്രസ് കമ്മ്യൂണിക്കയിൽ പറയുന്ന ൨൭ രൂപാ കിട്ടുവാൻ അവകാശമുള്ള അദ്ധ്യാപകന്മാർ വളരെ ചുരുക്കമാണെന്നു കാണാം. ഗവൺമെൻറ് എത്രയും വേഗത്തിൽ ഇവരുടെ അവശതകൾ പരിഹരിക്കുമെന്നാണ് എൻെറ വിശ്വാസം.

MR. S. KUTTEN : ഈ ഷിഫ്റ്റസിസ്റ്റം അദ്ധ്യാപകന്മാർക്ക് ഗുണകരമാണോ? അദ്ധ്യേതാക്കൾക്കു ഗുണകരമാണോ?

MR. P. CHACKO : രണ്ടുകൂട്ടർക്കും ഗുണകരമല്ലെന്നാണ് ഒരു അദ്ധ്യാപകനായ എൻെറ അഭിപ്രായം. ഇപ്പോൾ സമയമില്ലാത്തതുകൊണ്ട് അതിനെപ്പററി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. അവശതക്കാരിൽ ഏററവും കൂടുതൽ അവശതയനുഭവിക്കുന്ന ഈ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർക്ക് അല്പസ്വല്പം വിട്ടുവീഴ്ചയോടുകൂടിയായാലും വേണ്ടില്ല, ശമ്പളം വർദ്ധിപ്പിക്കേണ്ടതു് അത്യാവശ്യമാണ്.

MR. P. S. MUHAMAD : സർ, ഈ ഉപക്ഷേപത്തെ അടിസ്ഥാനപ്പെടുത്തി ചിലതു് പ്രസ്താവിക്കുവാൻ ഞാനും ആഗ്രഹിക്കുന്നു. വളരെ വിഷമമേറിയ ഒരു ഘട്ടത്തിലാണ് ഞാൻ ഇവിടെ നിൽക്കുന്നതെന്ന് പറയാതെ നിവൃത്തിയില്ല. ഞാൻ പ്രതിനിധീകരിക്കുന്ന പാർട്ടിയുടെ നെററിയിൽ സമുദായ ലേബൽ ഒട്ടിച്ചിരിക്കുകയാണ്. ഒരു സമുദായ സംഘടനയുടെ കക്ഷി എന്ന നിലയിലും അതിൻെറ പ്രവർത്തകന്മാർ എന്ന നിലയിലുമാണ് ഞങ്ങൾ ഇവിടെ ഇരിക്കുന്നതെന്നു വരുകിലും ദേശീയവീക്ഷണകോണത്തോടുകൂടി മുമ്പോട്ടു പോകുന്ന എല്ലാ കാര്യങ്ങളിലും സഹകരിക്കണമെന്ന ആഗ്രഹത്തോടുകൂടിയാണ് ഞങ്ങൾ ഇരിക്കുന്നതു്. ഇവിടത്തെ ഏററവും വലിയ സമുദായങ്ങളായ ഹിന്ദുക്കളും

ക്രിസ്ത്യാനികളും തമ്മിൽ സഹോദരനിർവിശേഷം വർത്തിച്ചു കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിൽ സമുദായ സൗഹാർദ്ദം നാൾക്കുനാൾ വർദ്ധിച്ചു കാണുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ മേനാറിമേൽ ഏതു ലേബൽ ഒട്ടിച്ചാലും ആ ആഗ്രഹത്തിൽ നിന്ന് പുറകോട്ടുപോകുവാൻ ഞങ്ങൾ വിചാരിക്കുന്നില്ല. ഞങ്ങളുടെ പാർട്ടി എത്ര വർഗ്ഗീയമാണെന്ന് ആരോപിക്കപ്പെട്ടാലും ഞങ്ങളുടെ വർഗ്ഗീയം തുറന്നതും അതിരു കല്പിക്കപ്പെട്ടിട്ടുള്ളതുമാണ് നിങ്ങളുടെ ഇടയിൽ കഴുത്തുകൂട്ടുവാൻ ആഗ്രഹിക്കുന്നവരും നിങ്ങളോട് എല്ലാ കാര്യത്തിലും സഹകരിക്കുവാൻ ഇഷ്ടമുള്ളവരുമാണ്. ഏററവും പ്രധാനമായ ഒരു വിഷയമാണ് ഇന്നിവിടെ ചർച്ചയ്ക്ക് വന്നിരിക്കുന്നത് ...വിദ്യാഭ്യാസം. തിരുവിതാംകൂറിൽ ഇതിനേക്കാൾ പ്രാധാന്യമേറിയ വേറെ ഒന്നുണ്ടെന്നു തോന്നുന്നില്ല. സമുദായചിന്ത ലവലേശംകൂടാതെ ചിന്തിക്കേണ്ട ഒരു വിഷയമുണ്ടെങ്കിൽ അതു് ഇതു മാത്രമാണ്. ഇതു സംബന്ധിച്ച് സ്റ്റേററു കോൺഗ്രസ് പാർട്ടിയിൽപെട്ട ഹിന്ദുസഹോദരന്മാരും ക്രിസ്ത്യൻസഹോദരന്മാരും തമ്മിൽ ഇവിടെ നടന്ന വാദപ്രതിവാദങ്ങൾ നോക്കിയാൽ അവർ തമ്മിൽ ഒരു സമുദായ സമരത്തിനുള്ള കരുക്കൾ ഒരുക്കുകയായിരുന്നില്ലേ എന്നു സംശയിക്കുവാൻ വകയുണ്ട്.

ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്, കാളേജുകളായാലും കൊള്ളാം വിദ്യാലയങ്ങളായാലും കൊള്ളാം മത്സരം കൂടാതെ നിങ്ങൾ വീതിച്ചു എടുക്കുന്നതു ഞങ്ങൾക്കു സന്തോഷമാണ്. മുസ്ലീങ്ങളായ ഞങ്ങൾ ഓഹരി ചോദിക്കുവാൻ ഇപ്പോൾ വരുന്നില്ല. നിങ്ങളുടെ കൂടെ നിങ്ങളുടെ വിദ്യാലയങ്ങളിൽ പഠിക്കുവാൻ ഞങ്ങൾ തയാറാണ്. ഞങ്ങളുടെ പ്രത്യേക ആവശ്യങ്ങൾക്കു കൂടെ അവിടെ സൌകര്യമുണ്ടായിരിക്കണം എന്നു മാത്രമേ ഉള്ളൂ. ഇത്രയും ഞങ്ങൾ പറയുമ്പോൾ ഞങ്ങളെ സമുദായവാദികളെന്നു പറഞ്ഞു തള്ളിക്കളയരുതെന്നു മാത്രം.

ഈ സന്ദർഭത്തിൽ എനിക്ക് മറെറാരു കാര്യംകൂടി സഭയെ ഓർമ്മപ്പെടുത്തുവാൻ ഉണ്ട്. തിരുവിതാംകൂർകാർ എല്ലാവർക്കും വിശേഷിച്ചും സ്റ്റേററുകോൺഗ്രസ്സിന് തന്നെയും അവർ ഉദ്ദേശിക്കുന്ന കാര്യം ശരിയായും ഭംഗിയായും മുമ്പോട്ടു പോകണമെങ്കിൽ ഈ സമുദായികസംഘടനകൾ പരസ്പര ധാരണയോടുകൂടി മുമ്പോട്ടു പോകുവാനുള്ള അന്തരീക്ഷം നാം യോജിച്ചുണ്ടാക്കേണ്ടതാണ്. അങ്ങനെ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടാൽ മാത്രമേ പരസ്പര സഹകരണത്തോടുകൂടി പ്രവൃത്തിച്ച് രാജ്യ

[Mr. Mohammed Mustafa.]

ത്തിന്റെ ക്ഷേമവും ഐശ്വര്യവും കൈവരുത്തുവാൻ സാധിക്കുകയുള്ളൂ എന്നുള്ളത് തർക്കമററസംഗതിയാണ്. നിങ്ങളിൽ ചിലർ ഞങ്ങൾ പോകുന്നതിനു തക്കസ്ഥലം ചൂണ്ടിക്കാണിച്ചു. ഞാൻ അതിൽ പരിഭവിക്കുന്നില്ല. ഞങ്ങളെ ചൂണ്ടിക്കാണിച്ചതുപോലെ നിങ്ങൾക്കു തമ്മിൽ ചൂണ്ടിക്കാണിച്ചു പറയുവാൻ സാദ്ധ്യമല്ല. അങ്ങനെ ഒരു സ്ഥല ഈ ഭാരതഭൂമിയിൽ നിങ്ങൾക്കില്ല. തിരുവിതാംകൂറിൽ അങ്ങനെ ആരോടും നാം ആരും വെറും വാപോശാൻ തയാറാകുകയില്ല. നമ്മുടെ എല്ലാപേരുടേയും ദേശീയ ചട്ടയുടെ ഉള്ളിൽ അല്പസ്വല്പം വർഗ്ഗീയ ഭ്രമമുണ്ടെന്നുള്ള സംഗതി വിസ്മരിക്കരുത്. അതുകൊണ്ട് നിങ്ങൾ തങ്ങളിൽ ഒരു വിധമായ മത്സരത്തിനും ഇടകൊടുക്കാതെയും വിദ്യാഭ്യാസ കാര്യത്തിൽ ദേശീയത്വത്തിന് വിലങ്ങുതടിയായി നിൽക്കാതെയും അതേ സമയം തന്നെ ചില സമുദായങ്ങളുടെ ന്യായമായ അവകാശത്തിന് പരിഗണന കൊടുത്തുള്ള ഒരു ഒത്തു തീർപ്പ് ഉണ്ടാക്കി ഈ പ്രശ്നം എത്രയും വേഗത്തിൽ പരിഹരിക്കുവാനാണ് നോക്കേണ്ടത്. വിദ്യാഭ്യാസം നിർബന്ധിതമാക്കുന്നതിന് ആർക്കും അഭിപ്രായവ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ അത് നടപ്പിൽ വരുത്തുന്നതിനുള്ള സമ്പ്രദായങ്ങളെ സംബന്ധിച്ച് നമ്മിൽ ചിലർക്ക് വൈഷമ്യങ്ങൾ തോന്നുന്നുണ്ട്. അതിനാൽ വിദ്യാഭ്യാസം സമ്പൂർണ്ണമായ ദേശീയാടിസ്ഥാനത്തിൽ കൊണ്ടുവരുന്നതിന് പര്യാപ്തമായ ഒരു ദീർഘകാല പദ്ധതിയെ അവലംബിച്ചുകൊണ്ടു തൽക്കാലത്തേക്ക് ഒരു രാജി മനോഭാവത്തോടുകൂടി ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു

നിർബന്ധിതവിദ്യാഭ്യാസം ഞങ്ങൾ വളരെ അത്യന്താപേക്ഷിതമായി കരുതുന്നു. ഗവണ്മെന്റു വിദ്യാലയങ്ങളിൽ കൂടിയായാലും പ്രൈവററു വിദ്യാലയങ്ങളിൽ കൂടിയായാലും നമുക്കിവിടെ നിർബന്ധിത വിദ്യാഭ്യാസം സാധിക്കുക തന്നെ വേണം. ഗവണ്മെന്റ് വിദ്യാഭ്യാസ ചുമതല മുഴുവൻ ഏറെറടുക്കുന്നതിനെ ഞങ്ങൾ നിരുത്സാഹപ്പെടുത്തുന്നതല്ല. ആ ഘട്ടത്തിൽ ഞങ്ങളുടെ ചില കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതായുണ്ട്. ഈ വാദകോലാഹലങ്ങൾക്കിടയിൽ നിങ്ങൾ ആ കാര്യം വിസ്മരിച്ചു കളയരുതെന്ന് അപേക്ഷയുണ്ട്. മഹാരാജാവുതിരുമനസ്സിലെ ഗവണ്മെന്റ് ഞങ്ങൾക്ക് ചില പ്രത്യേക അക്ഷരങ്ങൾ പഠിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ പ്രാഥ

മിക വിദ്യാലയങ്ങളിൽ ഉണ്ടാക്കി തന്നിട്ടുണ്ട്. നിലവിലിരിക്കുന്ന കാൺഗ്രസ്സ് ഗവണ്മെൻറ അതു സൗകര്യത്തപ്രതിബന്ധം ഉണ്ടാക്കുകയില്ലെന്നു മാത്രമല്ല അത്യാവശ്യ പ്രോത്സാഹനം നൽകി ഞങ്ങളെ അനുഗ്രഹിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നു പ്രൈവററു വിദ്യാലയങ്ങളിൽ പല തിലും അറബി അക്ഷരങ്ങൾ പഠിപ്പിക്കുന്നതിനു മുൻഷിമാരെ നിയമിച്ചിട്ടില്ല. ഈ നിലയാണു പ്രൈവററു സ്കൂളുകൾ തുടർന്നുകൊണ്ടുപോകുന്നതെങ്കിൽ മുസ്ലീങ്ങൾക്കു സഹകരിക്കുവാൻ നിവൃത്തിയില്ലാതെ വന്നേക്കുമെന്നുള്ള സംഗതിയെ ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചു കൊള്ളുന്നു.

MR. K. M. CHANDY : സർ, എൻെറ മാന്യസ്നേഹിതൻ മി. പി. എസ് മുഹമ്മദ് സ്റ്റേററുകാൺഗ്രസ പാർട്ടി മെമ്പറന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു പറഞ്ഞതു ഒരു തെററിദ്ധാരണ മൂലമാണെന്നു എനിക്കു തോന്നുന്നു. സ്റ്റേററ് കാൺഗ്രസ് പാർട്ടി മെംബറന്മാരുടെ ഇടയിൽ വിദ്യാഭ്യാസപ്രശ്നത്തെ സംബന്ധിച്ച് മൌലികമായ യാതൊരു അഭിപ്രായ വ്യത്യാസവുമില്ലെന്നു ഇവിടെ നടന്ന പ്രസംഗങ്ങൾ അദ്ദേഹം വേണ്ടപോലെ ശ്രദ്ധിച്ചിരുന്നെങ്കിൽ മനസ്സിലാക്കാമായിരുന്നു.

MR. P. K. KUNJU : മൌലികമായ അഭിപ്രായവ്യത്യാസമില്ലെന്നു മെമ്പർ പറയുന്നു. പ്രായോഗികമായ അഭിപ്രായവ്യത്യാസമുണ്ടോ?

MR. K. M. CHANDY : അതിനെപ്പററി ഞാൻ എൻെറ പ്രസംഗം കഴിഞ്ഞതിൻെറ ശേഷം പറയാം.

പ്രൈവററു പ്രൈമറി വിദ്യാലയങ്ങളെ പ്രോൽസാഹിപ്പിക്കേണമോ വേണ്ടയോ എന്ന കാര്യത്തിലാണു അഭിപ്രായവ്യത്യാസമുണ്ടായതു്. മി. കാപ്പൻ പ്രൈവററു പ്രൈമറി വിദ്യാലയങ്ങളെ പ്രോൽസാഹിപ്പിക്കണമെന്നു പറഞ്ഞു. മി. മന്നത്തു പത്മനാഭപിള്ള പ്രൈവററു വിദ്യാലയങ്ങളേയല്ല പ്രൈവററു കാളേജുകളേയാണു പ്രോൽസാഹിപ്പിക്കേണ്ടതു് എന്നു പറഞ്ഞു.

MR. P. S. MUHAMMED : മി. മന്നം, വേണമെങ്കിൽ പ്രാഥമിക വിദ്യാലയങ്ങൾ വീതിച്ചു കൊടുക്കണം എന്നു പറഞ്ഞില്ലേ?

MR. K. M. CHANDY : ഒരു കാര്യം വ്യക്തമാണ്. പ്രൈവററ് ഏജൻസികളെ പ്രോൽസാഹിപ്പിക്കുക എന്ന മൌലികമായ കാര്യത്തിൽ അഭിപ്രായവ്യത്യാസം ഇല്ല. എന്നാൽ പ്രൈവററു കാളേജുകളേ പ്രോൽസാഹിപ്പിക്കേണമോ പ്രൈവററു പ്രൈമറി വിദ്യാലയങ്ങളെ

[Mr. K. M. Chandy]

പ്രോത്സാഹിപ്പിക്കേണമോ എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കാം. അതിന്റെ അടിയിലേക്ക് ഞാൻ പോകുന്നില്ല. അത് അംഗീകരിക്കാത്തെ കുറേക്കൂടി അസ്വസ്ഥമാക്കിത്തീർക്കുവാൻ സഹായിക്കുകയേ ഉള്ളു എന്നാണ് എനിക്ക് തോന്നുന്നത്.

MR. T. A. ABDULLA : പ്രൈവറ്റ് ഏജൻസികൾ എന്നെന്നേക്കും നിലനിർത്തിക്കൊണ്ടു പോകണമെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടോ?

MR. K. M. CHANDY : ആ ചോദ്യവും ഇവിടെ സംഗതമല്ല.

സർ, ഭൂതകാലപാരമ്പര്യങ്ങളെ കാത്തുസൂക്ഷിക്കുവാനുള്ള ഒരു ഭൂതം പോലെ സർ സി. പി. രാമസ്വാമി അയ്യരുടെ പ്രതിമ ഈ സഭാമന്ദിരകവാടത്തിൽ നിൽക്കുന്നിടത്തോളം കാലം നമ്മിൽ പലർക്കും പഴയപാരമ്പര്യങ്ങളെ വിട്ടിട്ടു ചിന്തിക്കുവാനും, പ്രവർത്തിക്കുവാനും സാധിക്കാത്തതിൽ എനിക്കതിശയമില്ല. സർ. സി. പി. ഇവിടെ ഉണ്ടാക്കിവിട്ട സമുദായ വിദ്വേഷക്കൊടുങ്കാറ്റിന്റെ അലകൾ ഇപ്പോഴും ഈ രാജ്യത്തു നിന്നും നിശ്ശേഷം മാറിയിട്ടില്ലെന്നും സമ്മതിച്ചേ തീരൂ. അന്നത്തെ ഗവണ്മെന്റിന് സാമുദായിക വിദ്വേഷം അഴിച്ചുവിട്ട് അതിന്റെ മുതലെടുക്കേണ്ട ആവശ്യം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോഴത്തെ ഗവണ്മെന്റിന് അതിന്റെ ആവശ്യമില്ല. എങ്കിലും പഴയ പാരമ്പര്യത്തിന്റെ ഒരു അദൃശ്യമായ ശക്തി ഇന്നത്തെ ഗവണ്മെന്റിനെ കുറെ കാലത്തേക്കെങ്കിലും വലിച്ചിഴച്ചുകൊണ്ടിരിക്കുന്നെങ്കിൽ അതിൽ അതിശയിക്കുവാനില്ല. കാലത്തിന്റെ തികവിൽ ഇന്നത്തെ ഗവണ്മെന്റിന് പഴയ ആ പാരമ്പര്യത്തിൽ നിന്നും വിട്ടുമാറുവാനുള്ള ധൈര്യവും തന്റേടവും ഉണ്ടാകുമെന്നു തന്നെയാണ് എന്റെ വിശ്വാസം. ഈ രാജ്യത്തിന്റെ ശ്രേയസ്സിനും താൽപ്പര്യത്തിനും വിരുദ്ധമാകാത്ത നിലയിൽ ഇവിടത്തെ വിദ്യാഭ്യാസം കൊണ്ടുപോകുമെന്നും നമുക്കു വിശ്വസിക്കാം. സർ സി. പി. രാമസ്വാമിഅയ്യർ പ്രാഥമിക വിദ്യാഭ്യാസത്തെപ്പറ്റി എടുത്ത നയത്തിൽ നിന്നും കുറച്ചൊക്കെ വ്യത്യസ്ഥമായ ഒരു നയമാണ് ഇപ്പോഴത്തെ ഗവണ്മെന്റ് എടുത്തിരിക്കുന്നത് എന്നു കാണുവാൻ കഴിയും. എന്നാൽ അദ്ദേഹം പ്രൈവറ്റ് വിദ്യാലയങ്ങളെ സംബന്ധിച്ചു എടുത്തിട്ടുള്ള നയത്തിൽ നിന്നും പൂർണ്ണമായി വിട്ടുമാറാൻ നമ്മുടെ ഗവണ്മെന്റിന് സാധിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ലെന്നുതന്നെ പറയേണ്ടിവരും. പത്തുരൂപാ ഗ്രാന്റ് കിട്ടുന്ന ഒരു അദ്ധ്യാപകന്

൨൧ രൂപാ ശമ്പളം കൊടുക്കാമെന്ന് വ്യവസ്ഥ ചെയ്യുമ്പോൾ ഗ്രാൻറനുള്ള തുക പഴയ പടിതന്നെ വച്ചിരിക്കുന്നതു് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യംതന്നെയാണ്, ൧൦ രൂപാ കൊടുക്കുന്ന ഒരു അദ്ധ്യാപകന് ൨൧ രൂപാ കൊടുക്കേണ്ടതായി വരുമ്പോൾ അങ്ങനെ കൊടുക്കപ്പെടുന്ന അദ്ധ്യാപകന്മാരുടെ എണ്ണം മൂന്നിലൊന്നായി കുറക്കേണ്ടിയിരിക്കുന്നു. പ്രൈവറ്റുസ്കൂൾ അദ്ധ്യാപകന്മാരുടെ എണ്ണം മൂന്നിലൊന്നായി കുറക്കുകയെന്നുള്ളതാണ് ഇതിനിടയിൽ ഗവൺമെൻറിന് ഉദ്ദേശമുള്ളതെങ്കിൽ, പ്രൈവറ്റ് പ്രൈമറിസ്കൂളുകളെ നശിപ്പിക്കുന്ന ഒരു നയമാണ് ഗവൺമെൻറ് കൈക്കൊള്ളുന്നതെങ്കിൽ അതു് ഈ രാജ്യത്തു വളരെ അസംതൃപ്തത ഉണ്ടാക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. തങ്ങളുടെ കുട്ടികളെ തങ്ങളുടെ മാനേജുമെൻറിൽ നടത്തുന്ന സ്കൂളുകളിൽ അഭ്യസിപ്പിക്കണമെന്ന് മതപരമായ വിശ്വാസം ഉള്ള ഒരു വിഭാഗം ജനങ്ങൾ ഈ രാജ്യത്തുള്ള വസ്തുത ഗവൺമെൻറിനറിയാമെന്ന് വിശ്വസിക്കുന്നു. അങ്ങനെ ഒരു വിഭാഗം ജനങ്ങൾ ഈ രാജ്യത്തുള്ളിടത്തോളം കാലം പ്രൈവറ്റ് വിദ്യാലയങ്ങളെ നിർമ്മൂലനം ചെയ്യുവാൻ ഈ രാജ്യത്തെ ജനങ്ങൾ സമ്മതിക്കുവാൻ പോകുന്നില്ല.

MR. S. KUTTEN : പ്രാഥമികവിദ്യാഭ്യാസം ദേശീയമാക്കുന്നതിൽ വിരോധമുണ്ടോ?

MR. K. M. CHANDY : പ്രാഥമികവിദ്യാഭ്യാസം ദേശീയമാക്കുക പ്രൈവറ്റ് വിദ്യാലയങ്ങൾക്ക് ഗ്രാൻറ് കൊടുക്കുക ഇവ രണ്ടുംകൂടികൂട്ടിക്കുഴക്കുന്നതു് ശരിയല്ല.

ഇന്ന് ഈ രാജ്യത്തു് കാണുന്ന പ്രാഥമികവിദ്യാഭ്യാസത്തിൻെറ ക്രമാതീതമായ വളർച്ചക്കുള്ള കാരണം പ്രൈവറ്റ് ഏജൻസികളുടെ അത്യാന്തപരിശ്രമമാണെന്നുള്ളതു നിർവിവാദമാണ്. ആ സ്ഥിതിക്ക് പ്രൈവറ്റ് ഏജൻസികളെ പ്രോത്സാഹിപ്പിക്കേണ്ടതു് വിദ്യാഭ്യാസത്തിൻെറ പേരിൽ ഗവൺമെൻറിൻെറ പ്രഥമവും പ്രധാനവുമായ ഒരു ചുമതലയാകുന്നു വിദ്യാഭ്യാസം സാർവത്രികവും സൗജന്യവുമാക്കുന്നതിൻെറ ആവശ്യകതയെ ഒരു പരിഷ്കൃത ജനതയും എതിർക്കുന്നതല്ല. എന്നാൽ വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവുമാക്കുന്നതിന് പ്രൈവറ്റ്‌വിദ്യാലയങ്ങൾ നിർമ്മൂലം നശിപ്പിക്കേണ്ട ആവശ്യം ഇല്ല. പ്രത്യുത അവയെ പ്രോൽസാഹിപ്പിക്കുകയാണ് വേണ്ടതു്. ആയതിനാൽ പ്രാഥമിക വിദ്യാഭ്യാസവിഷയത്തിൽ ഗവൺമെൻറ് പ്രൈവറ്റ് ഏജൻസികളെ നിരുൽസാഹപ്പെടുത്തരുതെന്ന് അപേക്ഷിച്ചുകൊണ്ട് ഭേദഗതിയെ പിൻതാങ്ങുന്നു.

MR. ALEXANDER VAKAYIL : സർ, പ്രൈമറി വിദ്യാഭ്യാസത്തെപ്പോലെയുള്ള ഒരു കുഴഞ്ഞ പ്രശ്നം തിരുവിതാംകൂറിൽ വേറെ ഒന്നുമുണ്ടെന്നു തോന്നുന്നില്ല. ഏതാനും വൽസരങ്ങളായി വളരെ അസ്വാസ്ഥ്യത്തിനും പ്രക്ഷോഭണത്തിനും കാരണമാക്കിയ ഒരു ജീവിതപ്രശ്നമാണിതു്. പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവുമാക്കിയതിൻെറ പരമോദ്ദേശ്യം ഈ നാട്ടിലെ സർവ്വ ലക്ഷം ജനങ്ങളും അക്ഷരജ്ഞാനമുള്ളവരായിരിക്കണമെന്നുള്ളതാണെങ്കിൽ പ്രൈവററു് ഏജൻസിയെ പ്രോൽസാഹിപ്പിക്കതന്നെ വേണമെന്നു ഞാൻ വിനയപൂർവ്വം ഗവൺമെൻറിനെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

൧൧൨൧-ൽ നിർബന്ധവിദ്യാഭ്യാസം തിരുവിതാംകൂറിൽ ഏർപ്പെടുത്തിയപ്പോൾ ൬൮.൬ ശതമാനം ജനങ്ങൾ അക്ഷരജ്ഞാനമുള്ളവരായിരുന്നു. ഇത്ര വലിയ ശതമാനം സാക്ഷരത്വം അന്നുണ്ടായിരുന്നെങ്കിൽ അതിൻെറ പ്രധാനകാരണം പ്രൈവററു് ഏജൻസിയുടെ കാര്യക്ഷമമായ സേവനം ഒന്നുമാത്രമാണു്. ൧൧൨൨-ലെ കണക്കപ്രകാരം ൩൦൭൨ പ്രൈമറിസ്കൂളുകൾ ഇവിടെ പ്രവർത്തനം ചെയ്തിരുന്നു. അതിൽ ൨൧൬൭ സ്കൂളുകളും മാനേജുമെൻറു സ്കൂളുകളാണു്. അതായതു് പ്രാഥമികവിദ്യാഭ്യാസത്തിൻെറ ൭൧ ശതമാനം പ്രവർത്തനവും പ്രൈവററു് ഏജൻസിയാണു് നിർവ്വഹിക്കുന്നതു്. ഈ കൊല്ലത്തിലെ രാജ്യഭരണ റിപ്പോർട്ടു പരിശോധിക്കുന്നതാണെങ്കിൽ സർക്കാർ പ്രൈമറിസ്കൂളിൽ ഒരു കുട്ടിയെ പഠിപ്പിക്കുന്നതിനു പ്രതിവർഷം ശരാശരി ൧൮ ഉറുപ്പിക ഗവൺമെൻറിനു ചിലവു വരുന്നുണ്ടു്. എന്നാൽ പ്രൈവററു് പ്രൈമറിസ്കൂളിലെ ഒരു കുട്ടിയ്ക്കു ശരാശരി ൨.൭ ക. മാത്രമേ ചിലവു വരുന്നുള്ളു.

ഡിപ്പാർട്ടുമെൻറൽ സ്കൂളിലും പ്രൈവററു സ്കൂളിലും ഒരേ പാഠപദ്ധതിയും ഒരേ കോഡുനിയമങ്ങളുമാണു അനുസരിച്ചു പോരുന്നതു്. ഡിപ്പാർട്ടുമെൻറൽ സ്കൂളുകളെ അപേക്ഷിച്ചു് കൂടുതൽ കാര്യക്ഷമതയും കൂടുതൽ നല്ല പരീക്ഷാഫലവും പ്രൈവററുസ്കൂളുകൾക്കാണുള്ളതെന്നു് കാണാം.

നിർബന്ധവിദ്യാഭ്യാസം ഏർപ്പെടുത്തിയ താലൂക്കുകളിൽ സാക്ഷരത്വം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നു ഞാൻ ചോദിക്കുന്നു. സർക്കാർ സ്കൂളുകളും പ്രൈവററുസ്കൂളുകളും തമ്മിൽ ആരോഗ്യപരമായ ഒരു മൽസരം ഉണ്ടായാൽ മാത്രമേ സാക്ഷരത്വം വർദ്ധിക്കയുള്ളു എന്നു

ഞാൻ ഉയർത്തിപ്പറയുന്നു. ബറോഡായിൽ ൪൫ സംവത്സരങ്ങൾക്കു മുമ്പ് പ്രാഥമികവിദ്യാഭ്യാസം ദേശീയമാക്കി, എന്നാൽ ഇന്നു സാക്ഷരതത്തിന്റെ ശതമാനം ൪൫ മാത്രമാകുന്നു. മിഷൻ സ്ഥാപനങ്ങളുടെ അഭാവം നിമിത്തമാണ് ദേശീകരണത്തിന് അവിടെ ഇടയായതു. ഇൻഡ്യൻ യൂണിയനിലും മദ്രാസ്, ഹൈദ്രബാദ്, മൈസൂർ, കൊച്ചി എന്നിവിടങ്ങളിലും പ്രൈവററ് ഏജൻസിയെ എത്രയോ പ്രോൽസാഹിപ്പിക്കുന്നു. എന്നാൽ ഇവിടെ മാത്രം ഇപ്രകാരം പ്രൈവററ് ഏജൻസിയെ നിരുൽസാഹപ്പെടുത്തുന്നതു് അത്യന്തം ആത്മഹത്യാപരമായ ഒരു നയമാണെന്നു ഞാൻ ഗവണ്മെൻറിനെ ധരിപ്പിക്കുന്നു ഈ നയത്തിന്റെ ഉദ്ദേശശുദ്ധിയെ എനിക്കു ചോദ്യം ചെയ്യാതെനിവൃത്തിയില്ല. പോലീസ് കാൺസ്റ്റബിൾമാർ, ഏക്സയിസു ശിപായിമാർ, അഞ്ചൽ ജീവനക്കാർ തുടങ്ങിയ സാധുക്കൾക്കു ജീവനക്കൂലി നൽകുവാൻ ഗവണ്മെൻറിന്റെ കോശസ്ഥിതി അനുവദിക്കുന്നില്ല. എന്നാൽ പ്രാഥമികവിദ്യാഭ്യാസം ദേശീയമാക്കുന്നതു നിമിത്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ശമ്പളം പെൻഷൻ മുതലായ ചിലവുകൾക്കും ആയി കോടിക്കണക്കിനു പണം ചിലവു ചെയ്യുവാൻ ഗവണ്മെൻറിനു സാധിക്കുന്നു.

സർ, ദുസ്സഹമായ അസമത്വം അനുഭവിക്കുന്ന ൫൨൦൦൦ ത്തോളം വരുന്ന പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരെ തൃപ്തിപ്പെടുത്താത്ത നയം അപകടകരമാണെന്നു ഞാൻ പറയുന്നു. An ill paid teacher is a bad teacher a bad teacher is a social danger എന്നുള്ള പരമാർത്ഥം നാം ഓർക്കണം. ക്ഷാമബത്ത ഉൾപ്പെടെയുള്ള ൨൭ ക മാത്രമാണ് ഇപ്പോൾ പ്രൈവററുപ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ അനുഭവിച്ചിരിക്കുന്നതു്. എന്നാൽ അതു ഷിഫ്ററുസംപ്രദായം ഏർപ്പെടുത്തുന്നസ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു മാത്രമേ സിദ്ധിക്കയുള്ളു. ഷിഫ്ററുസിസ്റ്റം വ്യവസായശാലകളിലാണ് സാധാരണ നടപ്പുള്ളതു്. മദ്രാസിൽ കഴിഞ്ഞ വർഷം ഹൈസ്കൂളുകൾക്കചിലയിടങ്ങളിൽ ഈ സംപ്രദായം പരീക്ഷിച്ചു നോക്കി. എന്നാൽ അവിടെ അദ്ധ്യാപകന്മാർക്കു ഷിഫ്ററ് അനുവദിച്ചിരുന്നു. ഒരു ഷിഫ്ററ് അദ്ധ്യാപകൻ പ്രതിദിനം ൯ മണിക്കൂർ ജോലി ചെയ്യണം. ജോലിസമയം ൯.൨൫–ൽ നിന്നും ൫.൨൦ ആയി വർദ്ധിപ്പിച്ചിരിക്കുന്നു. ദിവസംതോറും ഒരു ഉരുപ്പികപോലും ലഭിക്കാത്ത അദ്ധ്യാപകൻ ഷിഫ്ററുസംപ്രദായത്തിൽ ജോലി ചെയ്യുകയാണെങ്കിൽ അയാളുടെ ജീവിതം അത്ര ദീർഘിക്കുവാൻ ഇടയില്ല തന്നെ. അതിനും പുറമെ ഈ പദ്ധതി നടപ്പിൽ വരുത്തിയാൽ ൪൦ ശതമാനം പ്രൈവററു

[Mr. Alexander vakayil]

പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ പുറം തള്ളപ്പെട്ടു. ആകയാൽ ഈ സമ്പ്രദായം ഏർപ്പെടുത്തുന്ന സംഗതിയിൽ ഗവൺമെന്റ് അവഗാഢമായി ഒന്നുകൂടി ആലോചിക്കേണ്ടതുണ്ട്. നിർബന്ധവിദ്യാഭ്യാസം ഏർപ്പെടുത്തുന്നതും ഏർപ്പെടുത്താത്തതുമായ എല്ലാ പ്രദേശങ്ങളിലുമുള്ള പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു പരിഷ്കരിച്ച ശമ്പളസ്കെയിൽ നൽകണമെന്നു ഞാൻ ആവേശപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഡെമോക്രസിയുടെ പടയാളികളായ അദ്ധ്യാപകന്മാരെ നിരാശാഗർത്തത്തിൽ നിപതിപ്പിക്കുന്നതു് ആപൽക്കരമാണെന്നു് ഉണർത്തിപ്പറഞ്ഞുകൊണ്ടു ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. KANNARA GOPALA PANICKER: സർ, പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതവും, സൗജന്യവും, സാർവ്വത്രികവും ആക്കുന്നതിനെ സംബന്ധിച്ചിടത്തോളം വേണ്ട നടപടികൾ ഗവണ്മെന്റ് സമാരംഭിച്ചിട്ടുണ്ട്. ഈ നടപടികളുടെ ഫലമായിട്ട് അടുത്ത ഭാവിയിൽ അതു് ദേശീയമാകുമെന്നും നമുക്കു് വിശ്വസിക്കാം. പ്രാഥമികവിദ്യാഭ്യാസം മാത്രമല്ല, വയോജനവിദ്യാഭ്യാസംകൂടി ഗവണ്മെന്റ് നടപ്പിൽ വരുത്താനുദ്ദേശിച്ചതു് ആശാവഹവും, അഭിനന്ദനാർഹവുമാണ്. സർ, തിരുവിതാംകൂറിലെ ചില പ്രാഥമിക വിദ്യാലയങ്ങളെപ്പററി അതായതു് ഗവണ്മെന്റിന്റെ കയ്യിൽ ഇരിക്കുന്ന കുറേ വിദ്യാലയങ്ങളെപ്പററി ഒരു കാര്യം പറയണമെന്നു ഞാൻ ആശിക്കുന്നു. പ്രൈവററ് ഏജൻസികൾ നടത്തുന്ന വിദ്യാലയങ്ങളേക്കാൾ വളരെ ശോചനീയമായ നിലയിലുള്ള ചില സ്കൂളുകൾ ഗവണ്മെന്റുവകയായിട്ടുണ്ട്. ഓലകെട്ടിയ ചില സ്കൂളുകൾ മഴയത്തു് ചോർന്നൊലിച്ചു, അതിന്റെ ചുവരു് നിലം പതിക്കാറായ മട്ടിലും, ഓടിട്ട കെട്ടിടങ്ങളാണെങ്കിൽ അതിൽ മിക്ക ഭാഗത്തും ഓടില്ലാതെയും, മഴക്കാലങ്ങളിൽ ചോർച്ചയും, തന്മൂലം അദ്ധ്യയനത്തിനു് ചില അസൗകര്യങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ നില തുടരുന്നതു് ചിലപ്പോൾ വലിയ അപകടത്തിനു കാരണമാകുന്നതാണ്. അതുകൊണ്ടു് ഇവയുടെ അററകുററപ്പണി തീർക്കുന്നതിൽ ഗവണ്മെന്റിന്റെ സത്വരശ്രദ്ധ പതിയേണ്ടതു് ഏററവും അത്യാവശ്യമാണ്. മറെറാരു കാര്യം പറയാനുള്ളതു് സ്കൂൾ നടത്തുന്നതിനുവേണ്ടി ഗവണ്മെന്റിനു് വിട്ടുകൊടുക്കുന്ന surrender ചെയ്തിട്ടുള്ള കെട്ടിടങ്ങളെപ്പററിയാണ്. ഈ കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്ന അററകുററപ്പണികൾ കെട്ടിടത്തിന്റെ ഉടമസ്ഥന്മാർതന്നെ തീർക്കേണ്ടിയിരിക്കുന്നു. സ്കൂൾ ഗവണ്മെന്റിനു് വിട്ടുകൊടുത്തിട്ടും

അതിന്റെ അററകുററപ്പണിയെങ്കിലും തീക്കാൻ ഗവണ്മെൻറിന് സാധിക്കയില്ലെന്നു വരുന്നതു് വളരെ സങ്കടമാണു. മാത്രവുമല്ല, ചില സ്കൂളുകൾക്കു് അററകുററപ്പണി മാത്രമല്ല, അതിന്റെ ജന്മിക്കരംകൂടി ഉടമസ്ഥൻ കൊടുക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി വഞ്ചിപ്പുഴ ചീഫിന്റെ സ്ഥലങ്ങളിൽ പണി കഴിപ്പിക്കപ്പെട്ട ചില സ്കൂളുകൾ ഗവണ്മെൻറിനു വിട്ടുകൊടുക്കുകയും, അങ്ങിനെ വിട്ടുകൊടുത്തിട്ടുള്ളവർ ൧൦൦ വർഷത്തേക്കു് അതിന്റെ ജന്മിക്കരം കൊടുക്കേണ്ടതാണെന്നു ഗവണ്മെൻറു നിർബന്ധിക്കയും ചെയ്യുന്നു. ഇതിനുപുറമേ, ആദ്ധ്യാത്മികമായോ, മതപരമായോ ഉള്ള വല്ല കാര്യങ്ങൾക്കുമായി ഒന്നോ രണ്ടോ ദിവസത്തേക്കു് സ്കൂൾ ആവശ്യപ്പെടുന്നതായാൽ അനുവദിക്കുന്നുമില്ല. അതുകൊണ്ടു പ്രൈവററു സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുപുറമേ, ഗവണ്മെൻറിലേക്കു് വിട്ടുതന്നിട്ടുള്ള സ്കൂളുകളുടെ അററകുററപ്പണി ഗവണ്മെൻറുതന്നെ നടത്തേണ്ടതും; അവകളുടെ ജന്മിക്കരം മുതലായവ ഗവണ്മെൻറു് കൊടുക്കേണ്ടതുമാണെന്നുള്ളതു് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

MR. V. K. VARGHESE (*Pathanamthitta III—General*) : സർ, തിരുവിതാംകൂറിലെ പ്രാഥമിക വിദ്യാഭ്യാസത്തെപ്പററി പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. എങ്കിലും ഒന്നുരണ്ടു കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സർ. സി. പി. ദിവാൻജിയായിരുന്ന കാലത്തു് വിദ്യാഭ്യാസം പരിഷ്കരിച്ച കൂട്ടത്തിൽ പ്രാഥമികവിദ്യാഭ്യാസവും നിർബന്ധിതമാക്കി. എന്നാൽ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കിയതോടുകൂടി അതു് മുഴുവൻ ഗവണ്മെൻറിന്റെ കുത്തകയാക്കിത്തീക്കുന്നതിനുവേണ്ട വ്യവസ്ഥകളും ചെയ്തു. ഇതു സംസ്ഥാനത്തു വലിയ പ്രക്ഷോഭണത്തിനു കാരണമാക്കി. മാനേജുമെൻറുകൾക്കു് അപരിമിതമായ കഷ്ടനഷ്ടങ്ങൾക്കു് കാരണമാകുകയും ഓരോ സമുദായത്തിൽപ്പെട്ട സ്കൂൾ ഉടമസ്ഥന്മാരും ഇതുസംബന്ധിച്ചു പലപ്രാവശ്യത്തിൽ ഡിപ്പ്യൂട്ടേഷൻ നടത്തുകയും ചെയ്തിട്ടുണ്ടു്. എന്നിട്ടും ഗുണകരമായ യാതൊരു തീരുമാനവും ചെയ്തുകൊടുത്തിട്ടില്ല. ഗവണ്മെൻറിന്റെ ഈ പ്രവൃത്തി പൊതുജനങ്ങളുടെ ഇടയിൽ വലുതായ അതൃപ്തിക്കു് കാരണമായിട്ടുണ്ടു്. സി. പി. ഗവണ്മെൻറു അതു സംബന്ധിച്ചു അവസാന തീരുമാനം ഉണ്ടാക്കിയിട്ടില്ല. ഒരു കമ്മററിയെ നിയമിച്ചു വിദ്യാഭ്യാസപ്രശ്നത്തിനു അവസാന തീരുമാനം ഉണ്ടാക്കേണ്ടതാണു്. ധാരാളം പണം ചെലവാക്കി സ്കൂളുകൾ

[Mr. V. K, Varghese.]

ഉണ്ടാക്കി കാര്യക്ഷമമായ അദ്ധ്യയനം നിർവ്വഹിച്ചുവരവേ പെട്ടെന്നുള്ള ഒരു നോട്ടീസ് മൂലം മാനേജ്മെൻറു സ്കൂളുകൾ ഗവണ്മെൻറ് ഏറെറടുക്കുവാൻ നിശ്ചയിച്ചതു് ഒരു അനിഷ്ടസംഭവമായിട്ടേ വിചാരിക്കാൻ നിവൃത്തിയുള്ളു. ഗവണ്മെൻറ് സ്കൂളുകളെ അപേക്ഷിച്ചു മാനേജുമെൻറു സ്കൂളുകളിലാണ് പ്രാഥമിക വിദ്യാഭ്യാസം കാര്യക്ഷമമായി നടത്തുന്നതെന്നു നാം എല്ലാപേരും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. ആ സ്ഥിതിക്ക് ഗവണ്മെൻറ് ഏറെറടുത്തിട്ടുള്ള പ്രൈവററ് വിദ്യാലയങ്ങളെ കൂടി പഴയ രീതിയിൽ വിട്ടുകൊടുത്തു് അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നാണ് എൻെറ അഭിപ്രായം. അടുത്തതായി പറയാനുള്ളതു് സാധുക്കളായ അദ്ധ്യാപകന്മാരെപ്പററിയാണ്. ഗവണ്മെൻറ് പ്രൈമറി സ്കൂളിലെ ഒരു അദ്ധ്യാപകനു കൊടുക്കുന്ന ശമ്പളംതന്നെ ഇവർക്കും കൊടുക്കേണ്ടതാണ്.

ഷിഫ്ററുസിസ്റ്റം ഉള്ള സ്കൂളുകളിൽമാത്രം ഗ്രാൻറു കൊടുക്കുമെന്നുള്ള പ്രസ്സ്കമ്മ്യൂണിക്ക് നീതീകരിക്കത്തക്കതല്ല. കുറഞ്ഞപക്ഷം ആ സിസ്റ്റം നടപ്പിലാക്കുന്നതിനു മാനേജ്മെൻറിനു സാവകാശം കൊടുക്കേണ്ടതാണ്. കൂടാതെ കുട്ടികളെ മതബോധമുള്ളവരാക്കിത്തീർക്കുന്നതിനുവേണ്ടി, മതപരമായ അദ്ധ്യയനം നൽകണം. അതിനുവേണ്ട വ്യവസ്ഥ ഗവണ്മെൻറ് ഉടൻ ചെയ്യേണ്ടതാണ്. സ്റ്റേററിൻെറ ഭാവിയെപ്പററി ആകാംക്ഷയുണ്ടെങ്കിൽ, രാജ്യത്തുനിന്നും കമ്മ്യൂണിസത്തെ ഉന്മൂലനം ചെയ്യണമെങ്കിൽ കുട്ടികളെ മതബോധവും ദൈവവിശ്വാസവും ഉള്ളവരാക്കി തീർക്കണം. ജനകീയഗവണ്മെൻറ് ഒരു ശോഭനമായ ഭാവിയെയാണ് പ്രതീക്ഷിക്കുന്നതെങ്കിൽ ഏറെറടുത്തിട്ടുള്ള സ്കൂളുകൾ തിരികെ അവരവർക്കുതന്നെ വിട്ടുകൊടുക്കേണ്ടതാണ്. അങ്ങിനെ വിട്ടുകൊടുക്കുന്നതുകൊണ്ടും ഗവണ്മെൻറിനു ലാഭമല്ലാതെ ഒരിക്കലും നഷ്ടം ഉണ്ടാകയില്ല. പണിമുടക്കുകാലത്തെ ശമ്പളം അദ്ധ്യാപകന്മാർക്കു കൊടുക്കുന്നതല്ല എന്നു പ്രസ്സ്കമ്മ്യൂണിക്കിൽ നിർദ്ദേശിച്ചിരിക്കുന്നതും നീതീകരിക്കത്തക്കതല്ല. പണിമുടക്ക് പിൻവലിച്ചതു് ഒരു ഒത്തുതീർപ്പുമൂലമാണ് എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. അതിനും പുറമേ അവരുടെ ശമ്പളം കൂട്ടിയ സ്ഥിതിക്കു അവരുടെ വാദത്തെ ഗവണ്മെൻറു സമ്മതിച്ചിരിക്കുന്നു എന്നുകൂടി ഓർക്കേണ്ടതാണ്. ഈ സംഗതികളെ പരിഗണിച്ചു പണിമുടക്കുകാലത്തെ ശമ്പളം അദ്ധ്യാ

പകന്മാക്ക് കൊടുക്കേണ്ടതു് ആവശ്യമാണ്. ഈവക സംഗതികൾ ഗവണ്മെൻറിൻെറ സത്വരശ്രദ്ധക്ക് വിഷയീഭവിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

MR. K. P. NILAKANTA PILLAI: സർ, നിലവിലിരിക്കുന്ന വിദ്യാഭ്യാസമാതൃകകളേയും പദ്ധതികളേയും വിസ്മരിക്കാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയും അവയോടുകൂടി അവയെ അതേവിധത്തിൽതന്നെ വച്ചുവളർത്തി മുമ്പോട്ടു കൊണ്ടുപോകണമെന്നുള്ള ദൃഢനിശ്ചയവുമാണ് വിദ്യാഭ്യാസനയത്തിൽ പരസ്പരവിരുദ്ധങ്ങളായ വാദപ്രതിവാദങ്ങൾ ഈ അസംബ്ളിയിൽ ഉണ്ടാക്കാനിടയായതെന്ന് ഞാൻ വിചാരിക്കുന്നു. സർ, ലോകഗതി നോക്കുകയാണെങ്കിൽ, പഴഞ്ചൻ രീതിയിലുള്ള വിദ്യാഭ്യാസമാതൃകയെ ഇനിയും വച്ചു പുലർത്തിക്കൊണ്ടു പോകണമെന്നു പറയുന്നതു് മനസ്സിനു വ്യഥയുണ്ടാക്കുന്നതാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. തത്വങ്ങളേപ്പററി ചിന്തിക്കുകയാണെങ്കിൽ, പലപ്പോഴും പുരോഗമനപരങ്ങളായ കാര്യങ്ങളിൽ നാം ഇൻഡ്യൻയൂണിയനിലെ ഒരംഗമാണെന്നും അതുകൊണ്ടു് ഇൻഡ്യൻ യൂണിയനെ പകർത്തുന്നതാണ് കൂടുതൽ പ്രയോജനപ്രദമായിട്ടുള്ളതെന്നും പഠിക്കുകയാണ് ഉത്തമമെന്നാണ് എനിക്കു തോന്നുന്നതു്. അഥവാ അങ്ങനെ പുരോഗമനപരമായ കാര്യങ്ങൾ ഇൻഡ്യൻ യൂണിയനിലില്ലെങ്കിൽ നാം അമേരിക്കക്കോ ഹാളൻറിനോ ഇംഗ്ലണ്ടിനോ പോകാൻ തയാറാണ്. ഇൻഡ്യൻ യൂണിയൻ വിദ്യാഭ്യാസവിഷയകമായി, ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും അവിടെ ഇപ്പോൾ നടപ്പിലിരിക്കുന്നതുമായ പദ്ധതികളേപ്പററി നാം മനസ്സിലാക്കാൻ ശ്രമിക്കാതിരിക്കുന്നതു് കഷ്ടമാണ്. പ്രീയൂണിവേഴ്സിററി ആയാലും ശരി, പ്രാഥമികവിദ്യാഭ്യാസമായാലും ശരി, സെക്കൻഡറി എഡ്യൂക്കേഷനായാലും ശരി ഇൻഡ്യൻയൂണിയനിൽ കോൺഗ്രസ്സ് ഗവണ്മെൻറു വന്നതിനുശേഷം മററു പ്രാവിൻസസ്സുകൾക്കെല്ലാം മാതൃകയായിരിക്കത്തക്കവണ്ണം വിദ്യാഭ്യാസനയം രൂപീകരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മൌലാനാ അബ്ദുൾക്കലാം ആസാദിൻെറ അദ്ധ്യക്ഷതയിൽ കമ്മററികളും സബ്കമ്മററികളും സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളേപ്പററി നാം അജ്ഞരായിരിക്കുന്നതു സങ്കടകരമാണ്. സർ, ഇൻഡ്യയിൽ ആകമാനം ഉള്ള വിദ്യാഭ്യാസപദ്ധതികളേ സമൂലം പരിഷ്കരിച്ച് പുതിയ പദ്ധതികൾ നടപ്പിൽ വരുത്തത്തക്കവണ്ണമുള്ള പല സംഗതികളും അവിടെ ഇപ്പോൾ നടപ്പിലുണ്ടു. നിലവിലിരിക്കുന്ന യൂണിവേഴ്സിററി

[Mr. K. P. Nilakanta Pillai]

വിദ്യാഭ്യാസസമ്പ്രദായം കളഞ്ഞു് ആ സ്ഥാനത്തു, നിർബന്ധിതമായ ജൂണിയർ ബേസിക്കോഴ്സു അഞ്ചു വർഷം, സീനിയർ ബേസിക് കോഴ്സ് മൂന്നു വർഷം, പിന്നീട് സെക്കൻഡറി കോഴ്സ് നാലു വർഷം, പ്രീയൂണിവേഴ്സിററി കോഴ്സു ഒരു വർഷം, ഡിഗ്രികോഴ്സ് മൂന്നു വർഷം, ഇങ്ങനെ പതിനാറു കൊല്ലംകൊണ്ടു് വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു് സാധിക്കത്തക്കവണ്ണമുള്ള ഒരു പദ്ധതി നടപ്പിലാക്കണമെന്നുള്ള ആദർശത്തിലാണു ഡൽഹി യൂണിവേഴ്സിററി പദ്ധതി രൂപീകരിച്ചിട്ടുള്ളതു്.

MR. CHERIAN J. KAPPAN : വിദ്യാഭ്യാസം ദേശീയമാക്കുന്നതിനും ഇതിനും തമ്മിൽ എന്താണു ബന്ധം ?

MR. K. P. NILAKANTA PILLAI: അതു പറയാം. ഇങ്ങനെയുള്ള കാര്യങ്ങളെ എല്ലാം വിസ്മരിച്ചു് വിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കുന്ന രീതിയിലുള്ള മെത്തേഡുകൾ നടപ്പിലാക്കുമെന്നുള്ള പദ്ധതിക്കു് ഒരെതിർപ്പു കൊണ്ടുവന്നതു് കഷ്ടമാണു്.

MR. PRESIDENT : പ്രൈമറി എഡ്യൂക്കേഷനാണു് ഇവിടത്തെ പ്രശ്നം. സെക്കൻഡറിയോ പ്രീയൂണിവേഴ്സിററിയോ അല്ല.

MR. K. P. NILAKANTA PILLAI : അതേ. പ്രൈമറി എഡ്യൂക്കേഷനും ബേസിക് എഡ്യൂക്കേഷനിൽ ഉൾപ്പെടുന്നതാണെന്നും ജൂണിയറും സീനിയറുമായി എട്ടു വർഷത്തെ പഠനം പ്രൈമറി എഡ്യൂക്കേഷനാണെന്നും മനസ്സിലാക്കണം. അതുകൊണ്ടു് ഇപ്പോൾ ഇവിടെ നടക്കുന്ന വിദ്യാഭ്യാസപദ്ധതി വിസ്മരിക്കണമെന്നും ഡൽഹി യൂണിവേഴ്സിററിയിലെ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കണമെന്നും ഉള്ളതാണു് പായിൻറ്: പ്രൈമറി എഡ്യൂക്കേഷനാണെങ്കിൽ സ്കൂളുകൾ നടത്തുന്നതുസംബന്ധിച്ചു ഇവിടെ പലർക്കും തെററിദ്ധാരണയുള്ളതായി കാണുന്നു. ഇവിടെ ഇപ്പോൾ നടക്കുന്ന പ്രൈമറി എഡ്യൂക്കേഷൻ പദ്ധതിയെ ഉടച്ചു് ബേസിക് പദ്ധതിയായി മാററണമെന്നുള്ളതാണു് എൻെറ ഉദ്ദേശം. അങ്ങനെയുള്ള ഒരു വിദ്യാഭ്യാസപദ്ധതി രാജ്യത്തിലുള്ള എല്ലാവർക്കും ഒരുപോലെ പ്രയോജനപ്പെടത്തക്കവിധം അതു നടത്തിക്കൊണ്ടുപോകാതെ വിദ്യാഭ്യാസം ഒരു കമ്മ്യൂണിററിയുടെ അവകാശമാണെന്നും, വ്യക്തിയുടേയോ, രാജ്യത്തിൻേറയോ അവകാശമല്ലെന്നും ഉള്ള രീതിയിൽ കൊണ്ടുപോകുന്നതിൽ അർത്ഥം ഉണ്ടെന്നു തോന്നുന്നില്ല. അതിനാൽ എനിക്കു പറയുവാനുള്ളതു് വിദ്യാഭ്യാസം

ഒരു പ്രത്യേക കമ്മ്യൂണിററിയുടേയോ ഒരു പ്രത്യേക സംഘടനയുടേയോ അവകാശമല്ലെന്നും, എന്നാൽ വിദ്യാഭ്യാസം ചെയ്യുന്നതു വ്യക്തിയുടേയും ചെയ്യിക്കുന്നതു രാജ്യത്തിൻേറയും അവകാശമാണെന്നും ഓൎമ്മിച്ചു കമ്മ്യൂണലായി അതിനെ വീക്ഷിക്കാതെ രാജ്യത്തിലെ ഓരോ പൌരനേയും വിദ്യ അഭ്യസിപ്പിക്കുന്നതിനുള്ള ഡ്യൂട്ടി ഗവണ്മെൻറിൻേറതാണെന്നു് മനസ്സിലാക്കുന്നപക്ഷം ഇപ്പോൾ ഇവിടെ ഉണ്ടായ വാദങ്ങൾ എല്ലാം അസ്ഥാനത്താണെന്നു കാണാവുന്നതാണ്. എനിക്കു പറയുവാനുള്ളതു് ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതികളെല്ലാം മാററി ബേസിക് വിദ്യാഭ്യാസപദ്ധതി സ്വീകരിച്ചു ആ മോഡലിൽ പുതിയ സ്കൂളുകൾ തിരുവിതാംകൂറിൽ ഉണ്ടാക്കണമെന്നുള്ളതാണ്.

MR. JOSEPH MALIECKAL: ഈ അവസരത്തിൽ ഏതാനും വസ്തുതകൾ നാം വിസ്മരിക്കരുതെന്നു് എനിക്കഭിപ്രായമുണ്ടു്. സർ സി. പി. രാമസ്വാമി അയ്യർ അദ്ദേഹത്തിൻെറ വിദ്യാഭ്യാസനയംമൂലം യഥാൎത്ഥത്തിൽ ഒരു സമുദായഭിന്നത ഇവിടെ ഉണ്ടാക്കി. അതിൻെറ കാരണങ്ങളെപ്പററി ഇവിടെ പരിഗണിക്കണമെന്നില്ല. അദ്ദേഹത്തിൻെറ നയം മൂലം ഇവിടെ ഇങ്ങനെ ഒരു സമുദായഭിന്നത ഉണ്ടായി എന്നു് ഇപ്പോൾ ഭരിക്കുന്ന കക്ഷിക്കും ബോദ്ധ്യമായി. അതിനു ഒരു പരിഹാരം വേണമെന്നും തീർച്ചപ്പെടുത്തി. അതിൻെറ അവസാനതീരുമാനം ഒരു കമ്മിററി മൂലം വേണ്ടതാണെന്നും തീർച്ചപ്പെടുത്തി അതനുസരിച്ചു ഇന്നത്തെ ഗവണ്മെൻറു ഒരു കമ്മിററിയെ ഏർപ്പാടു ചെയ്യുന്നതാണെന്നു പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. ഇന്നു തൎക്കമുള്ള എല്ലാ സംഗതികൾക്കും ഒരു അവസാനതീരുമാനം ഉണ്ടാക്കുന്നതിനും എല്ലാ വിഭാഗങ്ങളുടേയും അഭിപ്രായം അറിഞ്ഞു കഴിവുള്ളിടത്തോളം എല്ലാ കാര്യങ്ങൾക്കും സമാധാനകരമായ ഒരു തീരുമാനം ഉണ്ടാക്കുന്നതിനും ഇന്നത്തെ ഗവണ്മെൻറു വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ ഒരു കമ്മിററി ഇതേവരെ ഏർപ്പെടുത്തിയിട്ടില്ല. ഈ സംഗതിയിൽ പൊതുജനങ്ങൾക്കു വലിയ അതൃപ്തിയുണ്ടു്. ആകയാൽ ഗവണ്മെൻറു വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ ഉടൻതന്നെ ഒരു കമ്മിററി ഏർപ്പെടുത്തി ഇന്നു നിലവിലിരിക്കുന്ന എല്ലാ വാദവിഷയങ്ങൾക്കും സമാധാനകരവും തൃപ്തികരവുമായ തീരുമാനങ്ങൾ ഉണ്ടാക്കേണ്ടതു ഏററവും ആവശ്യമാണ്. രണ്ടാമതായി, ഇങ്ങനെ കമ്മിററി ചെയ്യുന്ന തീരുമാനങ്ങളാൽ ചില മൗലികത

[Mr. Joseph Malieckal]

തത്വങ്ങളെ അവഗണിക്കാവതല്ല. അവയിൽ ഒരു കാര്യത്തെപ്പററി മാത്രം അല്പം പറയാം എന്നു വിചാരിക്കുന്നു. ഇവിടെ രാജ്യനിയമപ്രകാരവും സാമുദായിക നിയമപ്രകാരവും വിവാഹം കഴിഞ്ഞാൽ, ഭാര്യക്കു ഭർത്താവിനോടും ഭർത്താവിനു ഭാര്യയോടും ചില കടമകളെല്ലാമുണ്ടെന്നു നമുക്കു അറിയാവുന്നതാണ്. അതുപോലെതന്നെ ആ വിവാഹത്തിൽനിന്നും ഉത്ഭവിക്കുന്ന കുട്ടികളോട് ആ മാതാപിതാക്കൾക്കു ചില കടമകളും ചുമതലകളും നിർവഹിക്കുവാൻ നിയമം നിർബന്ധിക്കുന്നു. കുട്ടികൾ മൈനറുകളാണെങ്കിൽ മൈനോർട്ടി തീരുന്നതുവരെ അവർക്കു വേണ്ട സംരക്ഷണം, മുതലായവ രക്ഷകർത്താക്കൾ നിർവഹിക്കണമെന്ന് രാജ്യനിയമം നിർബന്ധിക്കുന്നു. അവ അതുപോലെതന്നെ നിർവഹിക്കപ്പെട്ടുപോരുന്നുമുണ്ട്. ഇതിൽ നിന്നെല്ലാം ഉത്ഭവിക്കുന്നതു നാം സമുദായത്തിന്റെ യൂണിററായി വകവയ്ക്കുന്നത് കുടുംബമാണെന്നും വ്യക്തിയല്ലെന്നുമാണ്. ഈ രാജ്യവും രാജ്യനിയമങ്ങളുമെല്ലാം യൂണിററായി അംഗീകരിച്ചിട്ടുള്ളത് കുടുംബമാണ്. അങ്ങനെ ആകുമ്പോൾ ആ കുടുംബങ്ങളിൽ അംഗങ്ങളായിരിക്കുന്ന മൈനറുകളെ സംബന്ധിച്ചിടത്തോളം കാര്യങ്ങളെല്ലാം മാതാപിതാക്കൾതന്നെ നിർവഹിക്കണമെന്നു സ്റ്റേററു നിർബന്ധിക്കുകയും ചെയ്യുന്നു. അപ്പോൾ വിദ്യാഭ്യാസത്തിന്റെ ചുമതല മാതാപിതാക്കൾക്കാണ് കിട്ടിയിട്ടുള്ളതെന്നു സ്പഷ്ടമാണ്. അങ്ങനെ ആണെങ്കിൽ സർ സി. പി. രാമസ്വാമി അയ്യരുടെ വാദം അതായത് കുട്ടികൾ രാജ്യത്തിന്റെ സന്താനങ്ങൾ ആണെന്നും രാജ്യത്തിന്റെ അവകാശമാണു അവരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതെന്നും മററും പറയുന്നത് അസ്ഥാനത്താണെന്ന് മനസ്സിലാക്കാവുന്നതാണ്. അതിൽ അന്തർഭവിച്ചിട്ടുള്ള തത്വം the Individual is the unit of S ciety എന്നുള്ള കമ്യൂണിസ്റ്റ് തത്വമാണ്. കമ്യൂണിസത്തെ ഭയപ്പെടുകയും വെറുക്കുകയും ചെയ്യുന്ന നാം കമ്യൂണിസത്തിന്റെ ഒരു മൗലികതത്വം സ്വീകരിക്കുവാൻ ഉദ്യമിക്കുന്നതു വെറും ഭോഷത്വമാണ്. ഇന്നത്തെ ഭരണകക്ഷിയുടെ നിയമങ്ങളിലും പ്രകടനപത്രികയിലും പ്രഖ്യാപനംചെയ്തിട്ടുള്ളതു എല്ലാ പൗരന്മാരുടേയും മതപരവും മൗലികവും ആയ സകല അവകാശങ്ങളെയും നാം പരിരക്ഷിക്കുമെന്നാണ്. അതനുസരിച്ച്, എല്ലാവരുടേയും അവകാശങ്ങളെ പരിഗണിച്ച് മേൽ പ്രസ്താവിച്ച കമ്മിററി തീർച്ചചെയ്യേണ്ടതാണ്. ഈ മൗലികാവകാശങ്ങളെപ്പററി ഒരു നിയന്ത്രണമുള്ളത് ഒരുവന്റെ അവകാശപരിധി

യെപ്പററിയാണ്. അയൽക്കാരൻെറ അവകാശം തുടങ്ങുന്നതുവരെയുള്ള, നമ്മുടെ അവകാശത്തിൻെറ പരിധി. അങ്ങനെ പോകുന്നിടത്തോളം കാലം പരസ്പര സൌഹാർദ്ദത്തിന് യാതൊരു കോട്ടവും ഉണ്ടാകുന്നതല്ല. ഈ തത്വങ്ങളെ എല്ലാം പരിഗണിച്ച്, എല്ലാവക്കും തൃപ്തികരവും രാജ്യത്തു സമാധാനം സ്ഥാപിക്കുവാൻ പര്യാപ്തവും ആയ ഒരു തീരുമാനം ഉടൻ തന്നെ ഉണ്ടാക്കണമെന്നു ഗവണ്മെൻറിനെ വീണ്ടും ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. PRESIDENT : ഇനി ടോട്ടൽ കട്ട് മോഷൻ ആലോചനക്കെടുക്കാവുന്നതാണ്.

MR. P. NANOO : സർ, ജാതിവൈരവും സമുദായവഴക്കും വർഗ്ഗീയ പ്രാതിനിധ്യവാദവും എല്ലാം ഒന്നവസാനിപ്പിച്ച് ഇവിടത്തെ വിദ്യാഭ്യാസപ്രശ്നം പരിഷ്കരിച്ചു നടത്തിക്കൊണ്ടുപോകുന്നതു ഒന്നു കണ്ടാൽ കൊള്ളാമെന്നാഗ്രിക്കുന്ന ഒരുവനാണു ഞാൻ. ഇവിടെ ക്രിസ്ത്യാനികൾക്ക് കാളേജുവേണം, ഈഴവക്ക് വേണം, നായന്മാക്കുവേണം എന്നിങ്ങിനെ ഓരോ സമുദായക്കാർക്കും പ്രത്യേകം പ്രത്യേകം വേണമെന്നുള്ള വാദങ്ങളാണ് നടക്കുന്നതു്. സാമുദായികകാളേജുകൾ അനുവദിക്കാൻ പാടില്ല. അവരുടെ അഭിപ്രായം അനുസരിച്ച് കാളേജുകൾ സ്ഥാപിച്ചു കൊടുക്കുന്നതുകൊണ്ട് മറെറാരു ദൂഷ്യംകൂടി ഉണ്ടാകുന്നുണ്ട്. ഈ സാമുദായികകാളേജുകളിലും അതുപോലുള്ള സ്ഥാപനങ്ങളിലും നിന്നു പുറത്തിറങ്ങി വരുന്ന വിദ്യാർത്ഥികൾ അവരുടെ ജീവിതാവസാനംവരെ സാമുദായിക ചിന്തയിൽ നിന്നു പിൻമാറുവാൻ നിവൃത്തിയില്ലാത്ത ചില സാഹചര്യങ്ങളോടുകൂടി പെരുമാറുവാൻ നിർബന്ധിതരായിത്തീരുന്നു. അതുകൊണ്ട് ക്രിസ്ത്യൻകാളേജ്, ഈഴവകാളേജ്, നായർകാളേജ് എന്നിങ്ങിനെയുള്ള പേരുകൾ ഈ കാളേജുകൾക്ക് കൊടുക്കുവാൻ പോലും അനുവദിക്കരുതു്, എന്നാണു ഞാൻ ആദ്യമായി പറയുന്നതു്. ഒരു കുട്ടി പഠിക്കുന്ന കാളേജ് അവൻെറ കാളേജാണ് എന്ന ബോദ്ധ്യമാണ് അവനുണ്ടായിരിക്കേണ്ടതു്. ഈ തത്വത്തിൽകൂടി മുമ്പോട്ടുപോകുമ്പോൾ പ്രൈവററുകാളേജുകൾക്കുള്ള വൈഷമ്യങ്ങൾ വളരെ എളുപ്പത്തിൽ പരിഹരിക്കാൻ കഴിയുന്നതാണ്. എന്നാൽ വർഗ്ഗീയത ഒട്ടുംതന്നെയില്ലെന്നു വിചാരിക്കണ്ട. യൂണിവേഴ്സിററി കാളേജുകളുടെ നില ഇതിലേറെ ദയനീയമാണെന്ന് പറയാതെ തരമില്ല. നാട്ടിൻപുറത്തു താമസിക്കുന്ന സാധാരണ കൃഷിക്കാരനും

[Mr. P. Nanoo]

കൃഷിവേലക്കാരനും ജാതിചിന്തയില്ല. ഇവിടത്തെ പ്രധാനമന്ത്രി ഒരു നായരാണോ എന്നോ അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറുമേധാവികളുടെ ജാതിയെന്തന്നോ അവർ അന്വേഷിക്കാറില്ല. എലക്ഷൻ വരുന്ന കാലത്തു് പഠിച്ച ചില ആളുകൾ അവരുടെ അടുക്കൽചെന്നു് അവരിൽ വർഗ്ഗീയവൈരം കുത്തിവയ്ക്കുന്നതാണെന്നല്ലാതെ മറെറാരു കുഴപ്പവും അവിടെയില്ല. പഠിച്ചവർക്കു് ഈ ജാതിസ്പർദ്ധ ഉണ്ടാകുന്നതു് അവരുടെ അദ്ധ്യാപകന്മാരിൽ നിന്നുകൂടിയാണെന്നാണു് എൻെറ അഭിപ്രായം.

ഇന്നത്തെ യൂണിവേഴ്സിററിതന്നെ എടുക്കുക. വർഗ്ഗീയവിഷം നിറഞ്ഞ ഒരു രജിസ്ട്രാർ ആണു് അവിടെയുള്ളതു. എൻജിനീയറിംഗു് കാളേജുകളിലേക്കുള്ള പ്രവേശനം വരുമ്പോഴാണു് അദ്ദേഹത്തിൻെറ വർഗ്ഗീയവിഷം തെളിഞ്ഞുകാണുന്നതു്, അർഹതയുള്ള വിദ്യാർത്ഥികളിൽ പലരേയും പുറത്താക്കുന്നതിനും, ഇല്ലാത്തവരെ പ്രവേശിപ്പിക്കുന്നതിനും അദ്ദേഹം ഒട്ടുംതന്നെ മടിക്കാറില്ല. എൻജനീറിംഗു് കാളേജിലേക്കുള്ള പ്രവേശനത്തിനു് ഒരു പ്രവേശനപരീക്ഷ വച്ചിട്ടുണ്ടു്. അതിലേക്കു് ആദ്യമായി ഒരു റിട്ടൺ പരീക്ഷയും പിന്നീടു് ഒരു വൈവൊവൊസി പരീക്ഷയും ഉണ്ടു്. ഈ വൈവൊവൊസിപരീക്ഷ വച്ചിരിക്കുന്നതു് രജിസ്ട്രാർക്കും മററും ഇഷ്ടമുള്ള ആളുകളെ ഇഷ്ടംപോലെയുള്ള മാർക്കുകൾ കൊടുത്തു് അകത്തു് കടത്തുന്നതിനാണു്. അല്ലാതെ അതുകൊണ്ടു് മറെറന്തെങ്കിലും ഗുണം ഉള്ളതായി എനിക്കറിയാൻ കഴിഞ്ഞിട്ടില്ല. ഈ പരീക്ഷ എന്തിനിനിയും വച്ചുകൊണ്ടിരിക്കുന്നു എന്നാണു ഞാൻ ചോദിക്കുന്നതു്. റിട്ടൺ പരീക്ഷയിൽ ജയിച്ചു് നല്ല മാർക്കുകൾകിട്ടി, നിശ്ചയമായും എൻജിനീയറിംഗു് കാളേജിൽ പ്രവേശനം കിട്ടുമെന്നു് ദൃഢമായി വിശ്വസിച്ചിരിക്കുന്ന കുട്ടികൾ വൈവൊവൊസി പരീക്ഷയ്ക്കു് തോൽക്കുകയും കാളേജിൽ പ്രവേശനം കിട്ടാതെ നിരാശപ്പെടുകയും ചെയ്യുന്ന അനുഭവങ്ങൾ ധാരാളമുണ്ടു്. കണക്കു് ഐഛികമെടുത്തു് ആണേഴ്സ് പരീക്ഷയിൽ ഒന്നാംക്ലാസിൽ രണ്ടാമതായി പാസ്സായ സുധമ്മ എന്ന ഒരു പെൺകുട്ടിയും അതേപരീക്ഷക്കു കണക്കു് ഐഛികമെടുത്തു് സുധമ്മയെക്കാൾ മാർക്കു കുറച്ചുവാങ്ങി പാസ്സായ മറെറാരാളുംകൂടി യൂനിവേഴ്സിററിയിൽ ഒരു ഉദ്യോഗത്തിനപേക്ഷിച്ചിട്ടു് ആ പെൺകുട്ടിക്കു് ഉദ്യോഗംകൊടുക്കാതെ മാർക്കു കുറച്ചുവാങ്ങി പാസ്സായ രണ്ടാമതുപറഞ്ഞ ഒരു മി. നാരായണപിള്ളയെ ആണു് ആ ഉദ്യോഗത്തിൽ നിയമിച്ചതു്. പരീക്ഷായോഗ്യതയും കൂടുതൽ മാർക്കും ഉണ്ടായിരുന്ന സുധമ്മക്കു് മി: നാരായണപിള്ളയെക്കാൾ എല്ലാ

യോഗ്യതക്കുറവാണുണ്ടായിരുന്നതു് എന്നു മനസ്സിലാക്കുവാൻ വിഷമമായിരിക്കുന്നു. ഇതിൽ രജിസ്ട്രാക്കു് ഒരു നല്ല പാഠംകുണ്ടെന്നറിയുന്നു. ഇങ്ങനെയുള്ള ജാതിചിന്തയോടുകൂടിയ അദ്ധ്യാപകന്മാരുടെ കീഴിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾ നിശ്ചയമായും ജാതിചിന്തയുള്ളവരായിരിക്കും എന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു് ഞാൻ പറയുന്നതു്, ഇന്നു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ഇരിക്കുന്നവരിൽ വർഗ്ഗീയത വച്ചുപുലർത്തുന്നവരുടെ ഒരു ലിസ്ററു് എത്രയും വേഗത്തിൽ എടുക്കേണ്ടതാണു്. ഇങ്ങനെ വർഗ്ഗീയമനോഭാവത്തോടുകൂടി പ്രവർത്തിക്കുന്നവരെ ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും പുറത്താക്കണം. അങ്ങനെ ചെയ്യുമ്പോൾ യൂണിവേഴ്സിററി രജിസ്ട്രാരായിരിക്കുന്ന മി: പരമേശ്വരപ്പണിക്കർക്കു് ബാലപാഠക്ലാസ്സിൽ പഠിപ്പിക്കുവാനുള്ള ചാൻസുപോലും കൊടുക്കരുതു്.

അടുത്തതായി എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലുള്ള സബ് ഇൻസ്പെക്ടറന്മാരെപ്പററിയാണു് രണ്ടു വാക്കു പറയാനുള്ളതു്. പുതിയ പരിഷ്കാരമനുസരിച്ചു് നൂറിൽപരം സബ് ഇൻസ്പെക്ടറന്മാരെ ഇപ്പോൾ നിയമിച്ചിട്ടുണ്ടു്. അവർക്കായി ൩.൧൦൮൦ രൂപാ ആണെന്നു തോന്നുന്നു ബഡ്ജററിൽ നീക്കിവച്ചിട്ടുമുണ്ടു്. ഈ സബ് ഇൻസ്പെക്ടറന്മാരെ നിയമിക്കുന്നതിനു മുൻപും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വന്നിരുന്നു. ഷിഫ്ററു സിസ്റ്റം വന്നതിൻെറ ഫലമായിട്ടാണു് ഇവരെ നിയമിക്കുവാൻ ഇടയായിട്ടുള്ളതെന്നു കാണുന്നു. ഷിഫ്ററു സിസ്റ്റം വന്നതിനുശേഷം അദ്ധ്യാപകന്മാർ ശരിക്കു ജോലിചെയ്യുന്നില്ലെന്നും അതുകൊണ്ടു് അവരെ സൂപ്പർവൈസുചെയ്യുവാനാണു് ഈ സബ് ഇൻസ്പെക്ടറന്മാരെ നിയമിച്ചിരിക്കുന്നതെന്നുമാണു് പറയുന്നതു്. എന്നാൽ നൂറല്ല ആയിരം സബ് ഇൻസ്പെക്ടറന്മാരെ നിയമിച്ചാലും ആ ഉദ്ദേശം, അതായതു്, ശരിയായി അദ്ധ്യാപകന്മാർ ജോലിചെയ്യണമെന്നുള്ള ഉദ്ദേശം കൂടുതൽ സബ് ഇൻസ്പെക്ടറന്മാരെ നിയമിച്ചിട്ടുള്ളതുകൊണ്ടു് നിവർത്തിക്കുവാൻ പോകുന്നില്ല. ഏതെങ്കിലും അദ്ധ്യാപകൻ ശരിക്കു് ജോലിചെയ്യുന്നില്ലെന്നു കണ്ടാൽ ആ അദ്ധ്യാപകനെ മാതൃകാപരമായി ശിക്ഷിച്ചാൽ മാത്രം മതിയാകും. ഇങ്ങനെ ശിക്ഷിക്കാതിരിക്കുന്നിടത്തോളം കാലം നൂറല്ല, ആയിരം സബ് ഇൻസ്പെക്ടറന്മാരെ നിയമിച്ചാലും കാര്യമായ യാതൊരു ഫലവും ഉണ്ടാകുന്നതല്ല. ഈ സബ് ഇൻസ്പെക്ടരുദ്യോഗം നിറുത്തലാക്കി അദ്ധ്യാപകന്മാർ വിദ്യാർത്ഥികളെ നല്ലവണ്ണം കൃത്യബോധത്തോടുകൂടി പഠിപ്പിക്കുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതു് കുറെക്കൂടി നന്നായിരിക്കുമെന്നാണു് എനിക്കു പറയുവാനുള്ളതു്.

MR. GABRIEL NADAR *(Vilavancode-Latin Catholic)*: Sir, I submitted the cut motion to speak something about the education of the youngsters in primary schools. The compulsory primary education has been welcomed in all quarters. We are encouraging education of our youngsters We compel them to study. We wholeheartedly give every possible help to remove illeteracy. We compel our children to study. But what justification have we be hind us to compel them to study a language which is not their own. The principle of the compulsory primary education is that it should be imparted only in their own mother tongue. In this connection I wish to point out that we do not adopt a definite consistant policy throughout the State. Sir, today, for the protection of our properties we have got sufficient laws to our aid. We, often go to the extend of fighting for protecting our interest in our property. We try our level best to keep it in our own custody. We fight for a tree standing in our property. We fight for the use of the fruit it bears, because it is ours. But so far as our children are concerned we do not stick on to that right. We treat our children with much less care. The children are not allowed to study the language of their parents. They are not allowed to educate their children in a language the patents desire to teach them. Government should make a legislation if need be against such interference.

Let me be allowed to point out that in my constitutency, Vilavancode taluk consisting of a population exceeding two lakhs and 18 thousand people, there is only one single community with a population of nearly 18000 which uses Malayalam as its mother tongue All the rest belonging to various denominations are using Tamil as their mother tongue. I had sent several questions, some of them to be answered during the last session and some to be answered during this sessisn regarding the number of Malayalam Schools and Tamil Schools established there None of them have been answered. I must point out that putting up more Malayalam Schools in that area is an injustice done to the people using Tamil language In this locality more than 85 per cent of the people speak Tamil as their mother tongue. All the primary schools established here for conducting compulsory primary education, are Malayalam Schools. There is one Inspector of Primary School in Vilavancode taluk who is very particular to eliminate all the Tamil Schools and Tamil Divisions in other schools. He hates the Tamil language. Therefore, I suggest that to regain Tamil Schools a non-official committee be appointed for giving suggestions to Government as to how this Tamil language can once again be introduced and encouraged. The Committee is to work in Kalkulam, and Vilavancode taluks, and certain pakuthies of the Neyyattinkara taluk bordering the Vilavancode taluk to suggest which localities should have Tamil or Malayalam or mixed schools. They may submit the report before the end of this school year so that these principles may be implemented at least from the beginning of the next year.........(Bell)

MR. ABDUL AZIZ : പൊതുഭരണവിമർശനങ്ങൾക്കുള്ള ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ മറുപടിപ്രസംഗത്തിൽ ഇവിടെ സാമ്പത്തികാധിഷ്ഠാനത്തിലുള്ള ദേശീയ പ്രതിപക്ഷകക്ഷികൾ ഉണ്ടാകുന്നതിനെ സ്വാഗതം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിച്ച് അതുപോലെയുള്ള കക്ഷികൾ ഉണ്ടായിക്കാണുവാൻ വർഗ്ഗീയകക്ഷി എന്നു മുദ്രയടിക്കപ്പെട്ടിരുന്ന ലീഗുകാർക്ക് ഇതുവരെ സാധിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. സാമ്പത്തികാടിസ്ഥാനത്തിലാണ് ഇവിടെ കക്ഷികൾ ഉണ്ടായിരിക്കുന്നത്. പണമാണല്ലോ അതിനടിസ്ഥാനം! അങ്ങനെ തികച്ചും സാമ്പത്തികമായ അടിസ്ഥാനത്തിൽ ക്രൈസ്തവദേശീയത്വവും ഹൈന്ദവദേശീയത്വവും തമ്മിൽ യുദ്ധം ചെയ്യുന്ന രംഗങ്ങളാണു ഞങ്ങൾ ഇവിടെ കണ്ടത്. അണ്ടിയോടടുക്കുമ്പോഴേ മാങ്ങയുടെ പുളി അറിയുകയുള്ളു. (ചിരി) ക്രൈസ്തവസമുദായത്തിനു കാളേജുകളും സ്കൂളുകളും കൂടിപ്പോയി എന്നൊരു പരാതി. ഇവിടത്തെ പ്രൈമറിവിദ്യാഭ്യാസം അടിമുതൽ മുടിവരെ കുഴഞ്ഞുകിടക്കുകയാണെന്നു മറ്റൊരു പരാതി. പ്രൈമറിവിദ്യാഭ്യാസത്തിനു പുരോഗമനപരമായ ഒരു പദ്ധതി ഇല്ലെന്നും അതിനിപ്പോൾ ശിഥിലീകരണം സംഭവിച്ചിരിക്കയാണെന്നും ശ്രീ. മന്നം ഇവിടെ പ്രസ്താവിച്ചു. വ്യവസായഡിപ്പാർട്ടുമെന്റും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റും ഒരു മന്ത്രിതന്നെ കൈകാര്യം ചെയ്യുന്നതുകൊണ്ട് പല കുഴപ്പങ്ങളും സംഭവിച്ചുപോയിട്ടുണ്ടെന്നും വിദ്യാഭ്യാസകാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുവാൻ സാധിക്കാത്തതുമൂലം സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ പല തെറ്റുകളും ചെയ്തിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം അതിന് എത്ര ദൃഷ്ടാന്തങ്ങൾ കാണിക്കുവാനും തയ്യാറായിരിക്കുന്നു. ഇതു പരമാർത്ഥമാണോ? ആ ഡിപ്പാർട്ടുമെന്റിന്റെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി തെറ്റുചെയ്തുവെന്നാണ് അദ്ദേഹത്തിന്റെ ആരോപണമെങ്കിൽ ഇൻഡ്യൻയൂണിയനിലെ ബഹുമാനപ്പെട്ട മന്ത്രി സർ ആർ. കെ. ഷണ്മുഖംചെട്ടി സ്വന്തം കുറ്റം സമ്മതിച്ച് രാജിവെച്ചു പിരിഞ്ഞതുപോലുള്ള ഒരു സാഹചര്യം ആ ആരോപണങ്ങളിലില്ലേ എന്നു ഞാൻ സംശയിക്കുന്നു. അദ്ദേഹം പറഞ്ഞു; അതുകൊണ്ട് വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ് വേറൊരു മന്ത്രിയുടെ ചുമതലയിൽ ഏല്പിക്കണമെന്ന്. അവിടെയും ദേശീയത്വം ഞങ്ങൾ നല്ലവണ്ണം കണ്ടു. (ചിരി) വാടകക്കെട്ടിടത്തിൽ എൻ. എസ്. എസ്. കാളേജ് നടത്തുന്നതിനു ൫ ലക്ഷം രൂപാ ഗ്രാന്റുവാങ്ങി എന്നു മി. പി. ജി.

[Mr. Abdol Aziz]

വർഗ്ഗീസ് പരാതിപ്പെട്ടപ്പോൾ 'ബിഷപ്പന്മാർക്കു മാത്രം കാളേജനുമതിയോ' എന്നു തെരുതെരെ ചോദിച്ച ദേശീയത്വവും ഞങ്ങൾ കണ്ടു. (ചിരി) ഈ സന്ദർഭത്തിൽ ഗവണ്മെൻറിൻെറ ശരിയായ വിദ്യാഭ്യാസനയം എന്താണെന്നു പറയാൻ മന്ത്രിസഭ വൈമുഖ്യം കാണിക്കുന്നു. ഇതെല്ലാമാണ് ഇവിടത്തെ ദേശീയത്വമെങ്കിൽ ബഹുമാനപ്പെട്ട ദേശീയത്വമേ, അങ്ങേക്ക് ഒരു വിദൂര നമസ്കാരം (ചിരി) മി. പി. റ്റി. ചാക്കോയുടെ ഭാഷയിൽ പറയുകയാണെങ്കിൽ വേശ്യാസ്ത്രീ കുലസ്ത്രീ ചമഞ്ഞു നടക്കുന്ന ഒരു പ്രതീതിയാണ് ഞാൻ ഇവിടെ കാണുന്നതു്. 'പിച്ചച്ചട്ടിയുമായി' കാളേജിനു് പണം 'തെണ്ടുന്നതും' ഞങ്ങൾ ഇവിടെ കാണാതിരുന്നില്ല. ചിറകുകൾ വിടുർത്തി ആദർശലോകത്തു പറന്നുകളിക്കുന്ന ശ്രീ. സി. നാരായണപിള്ള കൂട്ടർക്കു ഇതിനെന്തു സമാധാനമാണ് നല്കാനുള്ളതെന്നു ഞാൻ ചോദിക്കുന്നു. വർഗ്ഗീയത്വത്തെ ഒരു വിഷസർപ്പത്തോടു് ഉപമിക്കാമെങ്കിൽ എത്ര വിഷസർപ്പങ്ങളെയാണ് ഖദർ തൊപ്പികൾ മാററിനോക്കിയാൽ കാണാൻ സാധിക്കുന്നതു്. അണലിയും മൂർഖൻ പാമ്പും ചേനത്തണ്ടനും ചങ്കുവരിയനുമൊക്കെ ഖദർ കൂടകളിൽ ഉറങ്ങിയും ചില സന്ദർഭങ്ങളിൽ ഫണം ഉയർത്തി തമ്മിൽ കൊത്തിയും കിടക്കുന്നതല്ലേ ഇവിടെ കാണുന്നതു്? അതിനോടു താരതമ്യപ്പെടുത്തി നോക്കിയാൽ ലീഗിൻെറ വർഗ്ഗീയത്വത്തിനു ഒരു നീർക്കോലിയുടെ ശക്തിപോലുമില്ല. കടിച്ചാൽ ഒരു നേരത്തെ അത്താഴംമാത്രം മുടങ്ങും (ചിരി) മി. മന്നത്തുപത്മനാഭപിള്ള ഈയിടെ ഏററവും വലിയ ഒരു സത്യം പറഞ്ഞതായി പത്രങ്ങളിൽ കണ്ടു. അതു് കരയോഗത്തിൽ വച്ചായിരുന്നു. പ്ലാററുഫാറം മാറിയാൽ അദ്ദേഹം എന്തു പറയുമെന്നു എനിക്കറിഞ്ഞുകൂടാ. അതിങ്ങനെയാണ്; ഈ നാട്ടിൽ മനുഷ്യരേയില്ല, പിന്നെ ഇവിടെയുള്ളതു് കുറെ നായന്മാരും, കുറെ ഈഴവരും, കുറെ ക്രിസ്ത്യാനികളുമൊക്കെയാണ്. ഇതു് ഒരു പരമാർത്ഥമാണ്. ഇങ്ങനെ ഒരു പരമാർത്ഥം പറഞ്ഞതിനു അദ്ദേഹത്തോടു് എനിക്കുള്ള കൃതജ്ഞത ഈ അവസരത്തിൽ പ്രദർശിപ്പിച്ചുകൊള്ളട്ടെ. ഒരു കാര്യം നാം തീർച്ചയായും വിസ്മരിക്കുവാൻ പാടില്ല. ഇവിടെ ബ്രിട്ടീഷ് മാതൃകയല്ല, ദേവലോകത്തുനിന്നു് ഒരു മാതൃക കൊണ്ടുവന്നാലും ഇവിടെ കുറെ സമുദായങ്ങളുണ്ടെന്നും അവർക്കു കുറെ താൽപര്യങ്ങളുണ്ടെന്നും അവയെ സംരക്ഷിച്ചുകൊണ്ടുപോകുന്നതിലാണ് യഥാർത്ഥമായ ദേശീയത്വം സ്ഥിതി ചെയ്യുന്നതെന്നും ഉള്ള കാര്യം വിസ്മരിച്ചതുകൊണ്ടു് പ്രയോജനമില്ല.

പല ആവശ്യങ്ങൾക്കും സന്ദർഭാനുസരണം ന്യൂനപക്ഷങ്ങളെ പ്രബല സമുദായക്കാർ ഒന്നിച്ചുനിന്ന് ദേശീയത്വത്തിന്റെ പേരിൽ അടിച്ചമർത്തുകയും മററു സന്ദർഭങ്ങളിൽ അവർ തമ്മിൽ തർക്കം ഉണ്ടാകുമ്പോൾ തമ്മിൽ തല്ലുകയും ചെയ്യുന്ന ദേശീയത്വമാണ് നമുക്കുള്ളതെങ്കിൽ ഇവിടെ സമുദായമൈത്രിയും സമാധാനവും ഉണ്ടാകാൻ പോകുന്നില്ല. ഇവിടത്തെ വ്യവിധസമുദായങ്ങളുടെ താൽപര്യങ്ങളും അവകാശങ്ങളും പരസ്പരം സമ്മതിച്ചുകൊടുത്തു മുന്നോട്ടുപോകുവാനുള്ള സൗഹാർദ്ദബുദ്ധിയിലും മഹാമനസ്കതയിലും അല്ലേ നമ്മുടെ യഥാർത്ഥ ദേശീയത്വം സ്ഥിതിചെയ്യുന്നതെന്നു ഞാൻ ചോദിക്കുന്നു. ഈ വിധത്തിലാണ് ദേശീയത്വം പ്രദർശിപ്പിക്കുന്നതെങ്കിൽ നമുക്കു വിദ്യാഭ്യാസകാര്യത്തിലും ഒരു ഒത്തുതീർപ്പിലെത്താൻ വിഷമമില്ല. ദേശീയബോധത്തിന്റെ ബാലപാഠം തുടങ്ങേണ്ടതു് ഇവിടത്തെ നിർബന്ധിത പ്രൈമറിവിദ്യാഭ്യാസകാര്യത്തിലാണ്. അതിൽതന്നെ നാം തമ്മിൽതല്ലി പിരിയുകയാണെങ്കിൽ കുറേ ഏറെ ആദർശങ്ങൾ വിളമ്പുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടെന്നു തോന്നുന്നില്ല. കാളേജ് കാര്യവും പള്ളിക്കൂടക്കാര്യവും മററുപോലുള്ള കാര്യങ്ങളും വരുമ്പോൾ ഉണ്ടാകുന്ന ദേശീയത്വം മാറി മാറി നാം കാണുന്നുണ്ടു്. ഈ പരിതഃസ്ഥിതികളിൽ ഞങ്ങൾ പാകിസ്ഥാനിൽ പോകാതെ ഇവിടെ നിന്നുതന്നെ നിങ്ങൾതമ്മിൽ വഴക്കുണ്ടായാൽ അതിനു രാജിപറയുവാൻ സർവ്വസാഹോദര്യത്തിന്റെയും സമത്വത്തിന്റെയും സന്ദേശവാഹകന്മാരായ ഞങ്ങൾക്ക് കഴിവുണ്ടെന്നു അവകാശപ്പെട്ടുകൊണ്ടു് നിങ്ങളുടെ വഴക്കുകൾ തീർക്കാനാണ് ലീഗുകക്ഷി ഇനിമേൽ ശ്രമിക്കുവാൻ പോകുന്നതെന്നു വ്യക്തമായി അറിയിച്ചുകൊള്ളട്ടെ.

MR. PAUL THALIAT : സർ സി. പി. രാമസ്വാമിഅയ്യർ ഇവിടെ ഭരണം നടത്തിക്കൊണ്ടിരുന്നപ്പോൾ പല പരിഷ്കാരങ്ങളും ചെയ്തകൂട്ടത്തിൽ വിദ്യാഭ്യാസകാര്യത്തിലും ചില പരിഷ്കാരങ്ങൾ ഉണ്ടാക്കണമെന്നു തീരുമാനിച്ചു. ആ തീരുമാനത്തെ അടിസ്ഥാനമാക്കി അദ്ദേഹം ഒരു കമ്മിററിയെ നിയമിക്കുകയും ആ കമ്മിററിയിൽനിന്നും ഏകാഭിപ്രായമായി ഒരു റിപ്പോർട്ടു ഗവണ്മെൻറിലേക്ക് സമർപ്പിക്കുകയും ചെയ്തു. പ്രൈവററുവിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നും മതവിദ്യാഭ്യാസം ഏററവും പ്രധാനമേറിയ ഒന്നാണെന്നും ആ റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു. ഈ റിപ്പോർട്ടു കിട്ടിയതിന്റെശേഷം അദ്ദേഹത്തിന്റെ നയത്തിൽ എന്തോ ചില വ്യതിയാനങ്ങൾ ഉണ്ടായി. ആ റിപ്പോർട്ടു നിയമ

[Mr. Paul Thaliat.]

സഭയുടെ മുമ്പിൽ അവതരിപ്പിച്ച് ആദ്യം ഏകാഭിപ്രായമായി റിപ്പോർട്ട് എഴുതിയ ആളുകളെക്കൊണ്ടുതന്നെ അതിനെതിരായി പ്രസംഗിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. അവസാനം അദ്ദേഹം ആഗ്രഹിച്ചമാതിരി വിദ്യാഭ്യാസം സംബന്ധിച്ച ഒരു പ്രമേയം നിയമസഭയിൽ പാസ്സാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അങ്ങനെ പ്രാഥമിക വിദ്യാഭ്യാസം സ്റ്റേററിൻെറ കുത്തകയായിരിക്കണമെന്നു തീരുമാനിച്ചു. അതിനെ തുടർന്ന് ആ പ്രമേയത്തിലെ കാര്യങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിയപ്പോഴാണ് ക്രൈസ്തവർ, പ്രത്യേകിച്ചും കത്തോലിക്കർ പ്രക്ഷോഭണം തുടങ്ങിയതു്. ആ പ്രക്ഷോഭണത്തിൻെറ ഫലമായി അദ്ദേഹം ചില താൽക്കാലികസന്ധിവ്യവസ്ഥകൾ സ്വീകരിക്കുകയും അതിനെ തുടർന്ന് കത്തോലിക്കർ പ്രക്ഷോഭണം നിറുത്തിവയ്ക്കുകയും ചെയ്തു. അദ്ദേഹം ശ്രമം പൂർത്തിയാക്കുന്നതിനു മുമ്പ് സ്ഥലം വിടേണ്ടിവന്നു. എന്നാൽ അന്ന് താൽക്കാലികമായുണ്ടാക്കിയ ആ സന്ധിയെ ഒരു സ്ഥിരമായ സന്ധിയായിട്ട് ഗണിച്ച് അതേനിലയിൽത്തന്നെ തുടർന്നു ഇപ്പോൾ പോവുകയാണു ചെയ്യുന്നതു്. ഇതു ശരിയല്ല. താൽക്കാലികമായ വഴക്കുകൾ ഒതുക്കുന്നതിനു വേണ്ടിയാണു അന്ന് അങ്ങനെ ഒരു സന്ധിചെയ്തതു്. ഇന്നത്തെ ഗവമ്മെൻറ് ആക്കാര്യം ഒന്ന് പുനരാലോചിച്ച് ഒരു സ്ഥിരമായ സന്ധിയുണ്ടാക്കേണ്ടതു് ഈ രാജ്യത്തു സമാധാനവും ശാന്തിയും കൈവരുത്തുന്നതിനും സമുദായവഴക്കുകളും കക്ഷിവഴക്കുകളും അവസാനിപ്പിക്കുന്നതിനും ഏററവും അത്യന്താപേക്ഷിതമാകുന്നു. ഒരുവിഭാഗം ക്രൈസ്തവർ ഇതു് മതകാര്യത്തിൽ ഒരു കൈകടത്തലായിപ്പോലും വിചാരിക്കുന്നുണ്ടെന്നുള്ള വിവരം ഗവമ്മെൻറ് അറിയണം. ഇതിനൊരു തീരുമാനമുണ്ടാക്കിയില്ലെങ്കിൽ മേലാൽ വഴക്കുകൾ വർദ്ധിക്കാനേ തരമുള്ളു എന്നു ഞാൻ ഗവമ്മെൻറിന് ഒരു മുന്നറിയിപ്പു നൽകിക്കൊള്ളുന്നു.

അടുത്തതായി എനിക്കു പറയാനുള്ളതു് ഇവിടത്തെ ഗ്രാൻറു സമ്പ്രദായത്തെപ്പററിയാണ്. ഇവിടത്തെ ഗ്രാൻറ് ഏർപ്പാടുപോലെ മറെറാരു സ്ഥലത്തും ഇല്ലെന്നാണ് അറിയുന്നതു്. സെക്കൻഡറിസ്കൂളുകളിൽ ഇൻസ്പെക്ടർക്കോ ഡയറക്ടർക്കോ ഇഷ്ടംപോലെയുള്ള ഒരു സംഖ്യയാണ് ഗ്രാൻറു കൊടുക്കുന്നതു്. മററുള്ള സ്ഥലങ്ങളിൽ സാധാരണയായി അദ്ധ്യാപകന്മാരുടെ ശമ്പളത്തിൻെറ തോതനുസരിച്ചാണ് ഗ്രാൻറു കൊടുക്കുന്നതു്. ഇവിടത്തെ ഗ്രാൻറുസമ്പ്രദായവും ഒന്നു പരിഷ്കരിക്കണമെന്ന് ഗവമ്മെൻറിനോടപേക്ഷിച്ചുകൊള്ളുന്നു

പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തെപ്പററി ഇവിടെ പലരും പറഞ്ഞുകഴിഞ്ഞു. ഇന്ന് അവർക്ക ൨൭ ക്രപാ നിശ്ചയിച്ചിട്ടുണ്ട്. കമ്പൽസറി ഏറിയായിലായാലും നോൺ കമ്പൽസറി ഏറിയായിലായാലും ഈ ശമ്പളം എല്ലാ അദ്ധ്യാപകന്മാർക്കും കൊടുക്കത്തക്ക വണ്ണം ഗവണ്മെൻറ ഏർപ്പാടു ചെയ്യണം. കുറച്ചു സ്ഥലത്തുള്ളവർക്ക മാത്രം ആ ശമ്പളം കൊടുക്കുകയും മററു സ്ഥലങ്ങളിലുള്ളവർക്ക കൊടുക്കാതിരിക്കുകയും ചെയ്യുന്നതു് ആശാസ്യമല്ല.

സർ, ടെക്സ്റ്റ്ബുക്കുകളെപ്പററിയും ഒരു വാക്ക പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ടെക്സ്റ്റ്ബുക്കുകളിൽ കാണുന്ന തെററുകൾ അക്ഷന്തവ്യമാംവണ്ണം മാത്രയ്ക്കു അധികമുണ്ട്. അഞ്ചാംഫാറത്തിലെ നോൺഡിററയിൽഡ് ടെക്സ്റ്റായി നിശ്ചയിച്ചിരിക്കുന്ന "ഗ്രേററ് എക്സ്പെക്ടേഷൻസ്" എന്ന പുസ്തകം ഇപ്പോൾ എൻെറ കയ്യിൽ തന്നെയുണ്ട്.

അതിൽ എൻെറ ദൃഷ്ടിയിൽ പെട്ടതായിട്ടുതന്നെ ഏതാണ്ട് ൨൦൦-ൽ ചില്വാനം അച്ചടി തെററുകളുണ്ട്. മററു പലവിധ തെററുകളും അതിൽ ഉണ്ട്. ഡീററയിൽഡ് ടെക്സ്റ്റ്ബുക്കാണെങ്കിൽ ക്ലാസ്സിൽ അദ്ധ്യാപകന്മാൎക്ക് തെററു തിരുത്തിക്കൊടുക്കുവാൻ സാധിക്കും. ഈ നോൺഡീററയിൽഡ് ടെക്സ്റ്റ്ബുക്കുകളിൽ ഇത്രമാത്രം തെററുകൾ ഉണ്ടാവുകയാണെങ്കിൽ അതിൻെറ ഫലം എന്തായിരിക്കുമെന്ന് അധികൃതർ ആലോചിക്കേണ്ടതാണ്.

സർ, ഇവിടത്തെ പബ്ലിക്ക് ലൈബ്രറിയെപ്പററി ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചുകൊള്ളാം. ഇപ്പോൾ പബ്ലിക്ക് ലൈബ്രറി യൂണിവേഴ്സിററിയുടെ കീഴിലാണെന്നറിയുന്നു. ഈ ലൈബ്രറി "an unwanted child of the university" ആണെന്ന് വൈസ്ചാൻസിലർ അടുത്തൊരവസരത്തിൽ പ്രസ്താവിക്കുകയുണ്ടായി എന്നു കേൾക്കുന്നു. അങ്ങിനെയുള്ള വൈസ്ചാൻസിലറുടേയും യൂണിവേഴ്സിററിയുടേയും കീഴിൽ അതിനെ എന്തിനു വെച്ചുകൊണ്ടിരിക്കണമെന്നാണ് ഞാൻ ചോദിക്കുന്നതു്. പൊതുജനങ്ങൾക്ക് വളരെ ഉപയോഗപ്രദമായ ഈ സ്ഥാപനത്തെ യൂണിവേഴ്സിററിയിൽനിന്നും ഗവണ്മെൻറ് ഏറെറടുത്ത് കൂടുതൽ നല്ല നിലയിലാക്കിത്തീർക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

MR. A. EASWARA PILLAI (*Kottarakara III—General*) : സർ ഇന്നു നമ്മുടെ രാജ്യത്തിൽ നിലവിലിരിക്കുന്ന വിദ്യാഭ്യാസത്തിന് വിശാലമായ നയമോ ലക്ഷ്യമോ ഉള്ളതായിട്ട് അറിയുന്നില്ല. ഇതിന്റെ ആകെയുള്ള ലക്ഷ്യം കുറെ ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കുക എന്നുള്ളതാണ്. അതിനു സ്വീകരിച്ചിട്ടുള്ള സംപ്രദായം പുസ്തകപാരായണവും പരീക്ഷയും ആണ്. ആണ്ടുതോറും നമ്മുടെ കാളേജുകളിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും അനേകായിരം യുവാക്കന്മാരെ സർട്ടിഫിക്കറ്റും ഡിഗ്രിയും കൊടുത്തു പുറത്തയയ്ക്കുന്നുണ്ട്. തിരുവിതാംകൂറിൽ ഉള്ള ഉദ്യോഗം പരിമിതമാണ്. പ്രതിവർഷം പത്തോ നൂറോ ഉദ്യോഗങ്ങൾ ആനു് കൊടുക്കുവാൻ ഉള്ളൂ. ഇന്നു വിദ്യാസമ്പന്നരുടെ ഇടയിലുള്ള തൊഴിലില്ലായ്മയാണ് നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയിൽ കുഴപ്പമുണ്ടാക്കുന്നത്. ഇവിടെ ഇത്ര വിദ്വേഷവും സഹിഷ്ണുതയില്ലായ്മയും വർദ്ധിക്കാൻ കാരണവും തൊഴിലില്ലായ്മയാണ്. ഈ തൊഴിലില്ലായ്മമൂലമുള്ള നിരാശകൊണ്ട് ആളുകൾ പ്രക്ഷോഭണമുണ്ടാക്കുന്നു. ഇന്നത്തെ പ്രക്ഷോഭണങ്ങളെല്ലാം ഉദ്യോഗത്തെ ലക്ഷ്യമാക്കിയിട്ടുള്ളതാണ്. ഉദ്യോഗം ദാനം ചെയ്യുകയാണെങ്കിൽ ഏതു പ്രക്ഷോഭകാരിയുടേയും പ്രക്ഷോഭണം അവസാനിക്കും. അതിനാൽ എനിക്കു പറയാനുള്ളത് നമ്മുടെ വിദ്യാഭ്യാസത്തിന്റെ ആദർശവും നയവും മാറണമെന്നാണ്.

ശരിയായ പൗരന്മാരെ സൃഷ്ടിക്കാൻ കർത്തവ്യബോധമുള്ള പൗരന്മാരെ സൃഷ്ടിക്കാൻ പര്യാപ്തമായ വിദ്യാഭ്യാസസംപ്രദായം നടപ്പിൽ വരുത്തണം. കുറെ ക്ലാർക്കന്മാരെ ഉണ്ടാക്കാൻ വേണ്ടി ഇംഗ്ലീഷ്കാർ നടപ്പിൽ വരുത്തിയ വിദ്യാഭ്യാസരീതിക്കും അണുമാത്രം ഭേദമുണ്ടായിട്ടില്ല, ഭേദപ്പെടുത്താൻ ശ്രമിച്ചിട്ടുമില്ല. ദേശീയഗവണ്മെന്റു വന്നു എങ്കിലും ഇതിന്റെ പദ്ധതിയിലും നയത്തിലും സാരമായ മാററമുണ്ടാക്കാൻ ഉള്ള മാർഗ്ഗങ്ങൾ ഒന്നും ഇതേവരെ നടത്തിക്കാണുന്നില്ല. ഇൻഡ്യൻയൂണിയനിൽ ഉൾപ്പെട്ട പല പ്രവിശ്യാ ഗവണ്മെന്റുകൾ പ്രത്യേകിച്ചു മദ്രാസ്ഗവണ്മെന്റ് വിദ്യാഭ്യാസസംബന്ധമായി പല വിപ്ലവകരങ്ങളായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താൻ ശ്രമിക്കുന്നുണ്ട്. വിപുലവും സാങ്കേതികവുമായ പ്ലാൻ അവിടെ നടപ്പാക്കി പൊതുജനാഭിപ്രായം കേന്ദ്രീകരിക്കുന്നു. അതുപോലെ എന്തെങ്കിലും മാററം നമ്മുടെ വിദ്യാഭ്യാസവിഷയത്തിലും വരുത്താൻ നാം ശ്രമിക്കണം. നമ്മുടെ യുവാ

ക്കന്മാരുടെ കഴിവുകൾ വികസിപ്പിക്കാൻ ആവശ്യമായ പരിപാടി ഇവിടെയില്ല. അവരുടെ മാനസികവും കായികവും ആയ സംസ്കാരത്തിനുവേണ്ടി ഒന്നും ചെയ്യുന്നില്ല. ഇന്നത്തെ രീതിയിൽ ഉൽകൃഷ്ട വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർക്ക് വേണ്ടിടത്തോളം സംസ്കാരം സിദ്ധിച്ചിട്ടില്ലെന്നു ഈ അസംബ്ലിയിലെ നടപടി തെളിയിക്കുന്നു. സംസ്കാരത്തിലുള്ള കുറവുണ്ടാകുന്നതു് നമ്മുടെ വിദ്യാലയങ്ങളിൽ വേണ്ടവിധത്തിൽ വിദ്യാഭ്യാസം കൊടുക്കുന്നില്ലെന്നുള്ളതുകൊണ്ടാണ്. അതുകൊണ്ടു് എനിക്കു പറയാനുള്ളതു് ഇൻഡ്യാഗവണ്മെൻറു പല പ്രവിശ്യകളിലും സ്വീകരിച്ചിട്ടുള്ള നയം ഇവിടത്തെ ദേശീയസ്ഥിതിക്കനുരൂപമായി പരിഷ്കരിച്ചു് ഇവിടേയും നടപ്പിലാക്കി നമ്മുടെ യുവാക്കന്മാരുടെ കായികവും മാനസികവുമായ കഴിവുകൾ വേണ്ടത്ര വികസിപ്പിച്ചു പ്രയോജനപ്പെടുത്താൻ സാദ്ധ്യത ഉണ്ടാക്കിക്കൊടുക്കണമെന്നുള്ളതാണ്.

MR. K. S. JOSEPH: സർ, ഞാൻ ഒരു ഉപക്ഷേപം അവതരിപ്പിച്ചു് അതിൻെറ പല വിഭാഗത്തേയും പററി ചില സംഗതികൾ പറയണമെന്നു ഉദ്ദേശിച്ചാണ്, നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം ഏർപ്പെടുത്തി രണ്ടു കൊല്ലമായിരിക്കുന്നു. ഈ അവസരത്തിൽ ഒന്നു പുറകോട്ടു നോക്കുന്നതു് നന്നായിരിക്കും എന്നു എനിക്കു തോന്നുന്നു. കഴിഞ്ഞ രണ്ടു കൊല്ലമായി ഇവിടെ നടന്നതു് ഇവിടെ ഉണ്ടായിരുന്ന ചില സ്കൂളുകൾ നിറുത്തി, അവയുടെ അധികാരം മുഴുവൻ ഗവണ്മെൻറു് ഏറെറടുത്തു. അങ്ങനെ എടുത്ത സ്കൂളുകളിൽ ഷിഫ്ററു സമ്പ്രദായം ഏർപ്പെടുത്തി. ഈ ഷിഫ്ററു സമ്പ്രദായം ഏർപ്പെടുത്തിയ സ്കൂളുകളിൽ പഠിപ്പിക്കുന്ന മുപ്പതിൽപരം അദ്ധ്യാപകന്മാരുമായി ഇപ്പോഴത്തെ വിദ്യാഭ്യാസത്തെപ്പററി ഞാൻ സംസാരിക്കാൻ ഇടയായി. അവർ സ്വകാര്യമായി എന്നോടു പറഞ്ഞതു് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായംകൊണ്ടു ഭാഷയും കണക്കും കൂടി ആകെ ഒരു മണിക്കൂർ സമയം പഠിപ്പിക്കുവാൻ സാധിക്കുന്നതല്ലാതെ ഷിഫ്ററു സമ്പ്രദായം നടപ്പാക്കിയിട്ടുള്ള സ്കൂളുകളിൽ വേറെ ഒന്നും നടക്കുന്നില്ലാ എന്നാണ്. മുപ്പതുപേരല്ല, സ്വകാര്യമായി, അദ്ധ്യാപകന്മാർ പലർക്കും ഇതേ ഉത്തരമാണു പറയാനുള്ളതു് എന്നുള്ളതിനും എനിക്കു സംശയമില്ല. അവരുടെ മേലുദ്യോഗസ്ഥന്മാരല്ലാത്ത ഏതൊരാളിനും ഇതേമറുപടി തന്നെ അവരോടു ചോദിച്ചാൽ കിട്ടുമെന്നുള്ളതിനു സംശയമില്ല. നമ്മുടെ നാട്ടിൽ ൧൯൪൧-ലെ സെൻസസ് കണക്കനുസരിച്ചു് സ്കൂളിൽ പഠിക്കാൻ പ്രായമുള്ള കുട്ടികളിൽ വ്യ

[Mr. K. S. Joseph.]

ശതമാനം സ്കൂളിൽ പോകുന്നുണ്ടെന്നാണ് എന്റെ ഓർമ്മ. അങ്ങനെയാണെങ്കിൽ നിർബന്ധം ഏർപ്പെടുത്തേണ്ടതു് എങ്ങനെയാണെന്നു ആലോചിക്കണം. ൭൫ ശതമാനം കുട്ടികൾ സ്കൂളിൽ പഠിക്കുന്നുണ്ടെങ്കിൽ ഉദ്ദേശം ൨൫ ശതമാനമാണ് സ്കൂളിൽ പഠിക്കാതെയിരിക്കുന്നതു്. അവർ സ്കൂളിൽ പോകാത്തതു് നിർബന്ധം ഇല്ലാത്തതിനാലാണോ അതോ അതിനുള്ള സൗകര്യം അവർക്കില്ലാത്തതിനാലാണോ എന്നു നോക്കണം. അവർക്ക് അതിനുള്ള സൗകര്യം ഇല്ലാത്തതിനാലാണ് സ്കൂളുകളിൽ പോകാതിരിക്കുന്നതു്. അതു് മിക്കവാറും പിന്നോക്കസമുദായത്തിൽ പെട്ടവരും തൊഴിലാളികളുടെ കുട്ടികളും ആയിരിക്കും. അവരുടെ മാതാപിതാക്കന്മാർ തൊഴിലിനു പോകുമ്പോൾ ഇളയകുട്ടികളെ നോക്കാൻമൂത്തകുട്ടിയെ നിയോഗിക്കുകയാണ് ചെയ്യുന്നതു്. ഞാൻ പറയുന്നതു ശരിയാണെങ്കിൽ ഇങ്ങനെയുള്ള കൊച്ചുകുട്ടികളെ അന്വേഷിക്കാനായി പരിഷ്കൃതരാജ്യങ്ങളിൽ ചെയ്യുവരുന്നതുപോലെ ആ കുട്ടികളുടെ മലവും മൂത്രവും എടുക്കുന്നതിനും ഭക്ഷണംകൊടുക്കുന്നതിനും മററു ജോലികൾക്കുമായി "creches" അതായതു ഒരു നേഴ്സിംഗ് ഹോം കൂടി ഉണ്ടാക്കുന്ന പക്ഷം ഈ ൨൫ ശതമാനം കുട്ടികളെ കൂടി പഠിപ്പിക്കാൻ സാധിക്കുന്നതാണ്. മൂന്നാമതായി എനിക്കു പറയാനുള്ളതു് ഇവിടെ പല സ്നേഹിതന്മാരും പറഞ്ഞതുപോലെ ഇനി ആയിരത്തിനു താഴെ സ്ക്കൂളുകൾ ഉണ്ടെങ്കിൽ മാത്രമേ തിരുവിതാംകൂറിലുള്ള എല്ലാ കുട്ടികളെയും പ്രയാസം കൂടാതെ സ്ക്കൂളുകളിൽ പഠിപ്പിക്കാൻ സാധിക്കുകയുള്ളു എന്നാണ്; "to take a school to every child" as the Education Re-organisation Committee put it.

അങ്ങനെ ആണെങ്കിൽ കുറഞ്ഞതു് ആയിരത്തിനു താഴെ സ്കൂളുകൾ ഉണ്ടാകണം. ആ സ്കൂളുകൾ ഉണ്ടാക്കുകയാണോ ഇപ്പോഴുള്ള സ്കൂളുകൾ ദേശീയ പ്രസ്ഥാനം എന്നു പറഞ്ഞു ഏറെറടുക്കുകയാണോ. ഏതാണു യുക്തി; ഏതാണു ബുദ്ധിപൂർവ്വമായതു് എന്നു് ഈ സഭ ആലോചിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

MR. V. MADHAVAN (*Vaikom II—General*) : സർ, ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഏററവും പരിതാപകരമായി കാണുന്ന ഒന്നു രണ്ടു സംഗതികൾ പറയാമെന്നു വിചാരിക്കുന്നു. അടുത്തകാലത്തു ഞാനും മററു പലരും കൂടി ഞങ്ങളുടെ താലൂക്കിൽ ഒരു വില്ലേജ് അപ്ലിഫ്ററു കമ്മിററി യോഗം കൂടുന്നതിനായി ഒരു പ്രൈമറിസ്കൂളിൽ

ചെല്ലുവാൻ ഇടയായി. ആ പള്ളിക്കൂടത്തിന്റെ സ്ഥിതി കണ്ടപ്പോൾ ആണു തിരുവിതാംകൂറിലുള്ള വിദ്യാലയങ്ങളുടെ സംരക്ഷണം ഇത്ര അധഃപതിച്ചു പോയ സംഗതി ഞങ്ങൾക്കു മനസ്സിലായതു്. പള്ളിക്കൂടത്തിന്റെ തറ മെഴുകാതെ കൽപ്പൊടി പറക്കുന്നു. ചെരിപ്പില്ലാതെ തറയിൽ നടന്നാൽ കാലും നോവും. വിദ്യാർത്ഥികളുടെ വസ്ത്രം കൽപ്പണിക്കാരുടെ വസ്ത്രം പോലെ പൊടി പിടിച്ചു നിറം മാറിയിരുന്നു. ആ സ്കൂൾ അധികൃതർ ആരും അടുത്തകാലത്തു പരിശോധിച്ചതായി തോന്നിയില്ല. അന്വേഷണത്തിൽ ഈ പള്ളിക്കൂടത്തിനു മാത്രമല്ല ഇപ്രകാരമുള്ള അധഃപ്പതിച്ച നില എന്നു അറിയുന്നു. അങ്ങനെ ഒരു സ്കൂളല്ല ഏതു സ്കൂൾ നോക്കിയാലും സ്ഥിതി അപലപനീയമായിട്ടാണു കാണുന്നതു്. ഇതു് ഒരിക്കലും നമ്മുടെ ഗവർണ്മെന്റിനു ഭൂഷണമല്ല. വിദ്യാർത്ഥികൾക്കു ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി പള്ളിക്കൂടങ്ങളുടെ സ്ഥിതി നന്നാക്കേണ്ടതത്യാവശ്യമാണു.

ഇവിടെ കാളേജ് വിദ്യാഭ്യാസത്തെ സംബന്ധിച്ചു് പലരും പറയുകയുണ്ടായി. എനിക്കതിനെ സംബന്ധിച്ചു ഒരു കാര്യം ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാനുണ്ടു. എഞ്ചിനീയറിംഗ് കാളേജിൽ നടക്കുന്ന പ്രവർത്തികൾ പിന്നോക്കസമുദായക്കാർക്ക് ഏററവും സങ്കടത്തിനിടയാക്കീട്ടുണ്ടെന്നുള്ള വസ്തുത ഞാൻ ഇവിടെ പറഞ്ഞുകൊള്ളുന്നു. ഇക്കൊല്ലം എഞ്ചിനീയറിംഗ് കാളേജിൽ കൊടുത്തിട്ടുള്ള അഡ്മിഷൻ വിദ്യാഭ്യാസ മന്ത്രി നൾകിയ കണക്കനുസരിച്ചു ൧൧ നായന്മാരും ൪ ഈഴവരും ൧൩ ക്രിസ്ത്യാനികളും ൧൪ ബ്രാഹ്മണരും ആണു്. ഈഴവരിൽനിന്നും ഇൻറർമീഡിയററിനു ഒന്നാംക്ലാസിൽ പാസായ പത്തു വിദ്യാർത്ഥികൾ അപേക്ഷിച്ചിരുന്നതായിട്ടാണു അറിവു്. അതിനെ സംബന്ധിച്ചു് ചുരുക്കമായി മി. നാണു ഇവിടെ പറയുകയുണ്ടായി. അവിടെ അഡ്മിഷൻ കൊടുക്കുന്ന രീതിയിലും പ്രവേശനപരീക്ഷ നടത്തുന്ന രീതിയിലും വലിയ ബ്ളാക്കുമാക്കററു നടക്കുന്നു എന്നാണു് ജനസംസാരം. ഇങ്ങനെയുള്ള പരീക്ഷയുടെ ഒളിവിൽ ചിലരെ ഒഴിച്ചു നിറുത്തുകയും മററു ചിലരെ അഡ്മിററു ചെയ്യുകയും ചെയ്യുന്നു. ഇതു് സങ്കടകരമാണു്. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നവർ അവരുടെ കുററംകൊണ്ടു പിന്നോക്കം നിൽക്കുന്നതല്ല. അവരെ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുവാൻ അനുവദിക്കാതെ മാററി നിറുത്തിക്കൊണ്ടു മററു സമുദായക്കാർ സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാഭ്യാസം ചെയ്തുവന്നിരുന്നു. ഈഴവർക്കു

[Mr. V. Madhavan.]

മററും പള്ളിക്കൂടപ്രവേശനത്തിനു വേണ്ടിത്തന്നെ വലിയ പ്രക്ഷോഭണങ്ങൾ നടത്തിവന്നിട്ടുണ്ട്. ഇതിവിടെയുള്ള മദ്ധ്യവയസ്കന്മാർക്കു എല്ലാവർക്കും അറിവുള്ള വസ്തുതയാണ്. പ്രക്ഷോഭണഫലമായി അടുത്തകാലത്താണ്, എല്ലാ വിദ്യാലയങ്ങളിലും എല്ലാവർക്കും പ്രവേശനം കിട്ടിയതു് അങ്ങനെ പുറംകോട്ടു തള്ളപ്പെട്ടിരുന്ന സമുദായങ്ങൾക്കു് കാളേജ് അഡ്മിഷനുള്ള സൗകര്യം കുറെ സൗജന്യമായി കാളേജ് അധികൃതർ കൊടുക്കണമെന്നാണ് എനിക്കു് ഈ സഭയെ ഉൽബോധിപ്പിക്കാനുള്ളതു്. ഇപ്പോൾ ഈ സഭ കൂടിയിരിക്കുന്നു. വർഷാന്ത്യത്തിൽ കൂടുന്ന ബഡ്ജറ്റു് യോഗത്തിലാണു ഈ സംഗതി പറയുന്നതു്. ഈ പരാതി ഇപ്പോൾ തന്നെ വിസ്മരിച്ചു പോകുകയാണ് ചെയ്യുന്നതു്. വരുന്ന കാളേജ് പ്രവേശനം വരുമ്പോൾ ഈ കഴിഞ്ഞ കാര്യത്തെപ്പററിയുള്ള ഓർമ്മ ആർക്കും ഉണ്ടായിരിക്കയില്ലെന്നാണു അനുഭവം തെളിയിക്കുന്നതു്. ഞാൻ ഈ സഭയിൽ ഇതു മൂന്നാമത്തെ പ്രാവശ്യമാണു പറയുന്നതു്. ഈ പ്രാവശ്യം കാളേജ് പ്രവേശനത്തിനു മുമ്പു വിദ്യാഭ്യാസമന്ത്രിയെ കണ്ടു് ഞങ്ങൾ പലരുംകൂടി ഇക്കാര്യത്തെപ്പററി പറഞ്ഞിട്ടുണ്ടു്. അദ്ദേഹം അതിനുവേണ്ടി നിഷ്കർഷിക്കാം എന്നും പറഞ്ഞിരുന്നു. പക്ഷെ ആ നിഷ്കർഷയുടെ ഫലമായി ഞങ്ങൾക്കു അഡ്മിഷൻ കിട്ടിയതു് ഒന്നാം ക്ലാസിൽ പാസ്സായതായും മററും പത്തോളം അപേക്ഷകർ ഉണ്ടായിരുന്നിട്ടും നാലുപേർക്കു മാത്രമാണ്. യൂണിവേഴ്സിററിയുടെ കീഴിൽ സാങ്കേതിക പരിജ്ഞാനം നൽകുന്നതു ഇഞ്ചിനീയറിംഗ് കാളേജ് മുതലായ സ്ഥാപനങ്ങളിലാണ്. ഇഞ്ചിനീയറിംഗ് കാളേജിൽ പ്രവേശനം കിട്ടുക എന്നതു്, ഒരു നല്ല ഉദ്യോഗം ബുക്കു ചെയ്യുകയാണ്. അങ്ങനെയുള്ള ഒരു സ്ഥാനത്തു ചില സമുദായത്തെ ഒഴിച്ചു നിറുത്തുന്നതിനെപ്പററി ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയാനുള്ളതു. യൂണിവേഴ്സിററി സ്വതന്ത്രമാണെന്നു പറയുന്നു. സ്വതന്ത്രമായാലും യൂണിവേഴ്സിററി, ഈ സഭയുടെ ഒരു ആക്ററിൻെറ അടിസ്ഥാനത്തിലാണ് നിൽക്കുന്നതു്. അങ്ങനെ ഒരാക്ററിൻെറ പരിധിയിൽ ഇരിക്കുകയാണെങ്കിൽ അതു നമ്മുടെ നിയന്ത്രണത്തിൽ പെടുത്തേണ്ടതാണ്. എനിക്കു കൂടുതൽ പറയാനുള്ളതു പിന്നോക്കസമുദായത്തെ സംബന്ധിച്ചാണെന്നു പറഞ്ഞു. മദ്രാസുയൂണിവേഴ്സിററിയിൽ പിന്നോക്കവർഗ്ഗക്കാർക്കു ഏതാനും ശതമാനം സീററുകൾ റിസർവുചെയ്തിട്ടുണ്ടു്. എന്നാൽ ഇവിടെ അപ്രകാരമുള്ള ഒരു സൗജന്യം കാണുന്നില്ല

ഇപ്പോൾ വിദ്യാഭ്യാസത്തിൽ പുറകനിൽക്കുന്നവർ അവരുടെ കുററം കൊണ്ടു അങ്ങിനെ നില്ക്കേണ്ടിവന്നവരല്ലാത്തതുകൊണ്ടു ആ സംഗതി ഓർത്തു കുറെ കാലത്തേക്ക് സാമാന്യമായ ഒരു നില അവർക്കുണ്ടാകുന്നതു വരെ ൪൦ ശതമാനം സീററ് എല്ലാ കാളേജ്കളിലും അവർക്ക് റിസർവ്വ ചെയ്യണമെന്ന അപേക്ഷിച്ചുകൊണ്ട് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. K. SIVARAMA PILLAI: Sir, I wish to point out certain inequalities in the matter of pay and as regards the anomaly in the rule regarding increment so far as the teachers are concerned. Sir, for a Sanskrit Pandit in a High School, the scale of pay is Rs. 45-60 where as for a Tamil or a Malayalam Pandit the scale is Rs. 30-35. So also for teachers who have obtained licences to teach up to the II Form, if they happen to be in a High School, the scale of pay is Rs. 30-60, and if they happen to be in a Middle School, Rs. 22-28. One more inequality is that the Headmaster of a Primary School gets a salary of Rs. 25, allowance of Rs. 5 and Dearness Allcwance of Rs. 24 and thus in all he gets Rs. 54. Sometimes, he gets promotion and when he is promoted he gets Rs. 22 as salary and Rs. 18 as allowance; and by a promotion he loses Rs. 14. Regarding the Rule as regards increment there is one rule in the Education Code that if the average of marks for a High School public examination of any school falls below the State average, then the teacher gets no increment for that year. The anomaly of that could be clearly seen from this. Supposing the State average is 44 per cent and if the pass mark is only 40 per cent and cent per cent of boys pass, and yet if the school average does not come to be 44 per cent the teacher's increment is stopped. If you take the contrary case, more than 75 per cent may fail and the balance of 25 per cent may get the maximum number of marks and raise the school average above the State average. Then the teacher gets an increment. This anomaly must be put an end to.

Now, Sir, a word about the Text Book Committee and its function, so far as the method of selection of the Text Books. I am very particular to show at present, that so far as the Tamil Books are concerned, the Text Book Committee and the authorities who have recommended books for this year have not ascertained whether those books are available in the market. We find, after three months of the re-opening of schools, from the last week's Gazette that two Tamil books were changed owing to the non-availability of them and new books prescribed. This is seen in the Gazette dated 12-11-1123, and other notifications are also published showing what portions are to be studied and the portions to be omitted. Such is the way in which books are being selected. As regards the old Text Book Ccmmittee, the work was quite satisfactory. Regarding the present Text Book Committee, what we find in the reports in the

[Mr. K. Sivarama Pillai.]

papers amounts to something of a scandalous nature also. So, in future, I would request the Hon'ble Education Minister to reconstitute the Committee in such a manner that all progressive elements be included in that Committee, and in the matter of selection of books proper care is taken into account.

Sir, lastly, I wish to remind the Hon'ble Education Minister of the very serious allegation brought forth against him on the floor of the House. Sir, one of the Hon'ble Members of the Assembly has said that in violation of principles, and to the advantage of the community to which the Hon'ble Minister belongs, he has given licences for schools. That is a very serious allegation which we expect the Hon'ble Education Minister would justify whether he has given licences to such schools. In that connection I must also point out that the veteran leader of the State Congress Mr. Mannath Padmanabha Pillai has been putting forward suggestions that licences to communal schools may be given in proportion to their strength. If this Government is going to adopt such a policy of giving schools in proportion to the strength of each community, I want the Government to notify that such schools will admit only the communally minded to whom admission will be denied in Government Schools.

MR. K. R. ELANKATH : സർ, വിദ്യാഭ്യാസവിഷയത്തെ സംബന്ധിച്ച രണ്ടുമൂന്നു നിർദ്ദേശങ്ങൾ നൽകുകയെന്നതാണ് ഈ ഉപക്ഷേപം കൊണ്ട് ഞാനുദ്ദേശിക്കുന്നതു്. ടെക്സ്റ്റ് ബുക്ക് കമ്മിററിയെ സംബന്ധിച്ച് വളരെ പരാതികൾ ഇന്നു രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കും ഉണ്ടായിട്ടുണ്ട്. അതിനുള്ള പ്രധാന കാരണം ഇപ്പോഴത്തെ ടെക്സ്ററ് ബുക്കുകളുടെ തെരഞ്ഞെടുപ്പിന്റെ രീതിതന്നെയാണ്. ഏതാനും ആളുകളെ പ്രീണിപ്പിക്കുവാൻ മുമ്പിലത്തെ ഗവണ്മെന്റു അനുവർത്തിച്ചുകൊണ്ടിരുന്ന ആ നയത്തിന്റെ സ്വാഭാവികമായ ഫലമാണു ഈ പരാതിക്കിടകൊടുത്തിട്ടുള്ളതു്. ഇതിനു് ഒരു പ്രതിവിധിയായി എനിക്കു പറയുവാനുള്ള ഒരു സംഗതി, ടെക്സ്ററുബുക്ക് കമ്മിററികളിൽ ബുക്കുകൾ വായിച്ചു മനസ്സിലാക്കുവാൻ നൈപുണ്യമുള്ളവരും അതേ അവസരത്തിൽ തന്നെ സ്നേഹവിഷയമായോ മററു പ്രകാരത്തിലൊ പ്രലോഭനങ്ങൾക്കു വശംവദരാകാത്തവരും വിദ്യാർത്ഥികളുടെ ഭാവിയെപ്പററി ആകാംക്ഷയുള്ളവരും ആയ ആളുകളെ മാത്രമേ തിരഞ്ഞെടുക്കാവൂ എന്നതാണ്. ടെക്സ്ററുബുക്ക് തെരഞ്ഞെടുത്തതിനു ശേഷം അതിനെ ഏതെങ്കിലും വിധത്തിൽ വിററു വൻപിച്ച ആദായം മുതലാക്കുവാൻ ശ്രമിക്കുന്ന ആ രീതിയാണ് ഇവിടെ വളരെ അധികം കുഴപ്പങ്ങളുണ്ടാക്കുന്നതു എന്നു എനിക്കു തോന്നുന്നു. ഏതെങ്കിലും ഒരു

പുസ്തകം ഒരു ക്ലാസ്സിലേക്കു ടെക്സ്റ്റുബുക്കായി തിരഞ്ഞെടുത്താൽ പതിനായിരക്കണക്കിനു, ചിലപ്പോൾ ഒരു ലക്ഷം രൂപാവരെ കിട്ടുന്നതിനുള്ള സാദ്ധ്യതയുണ്ടു്. ഇതു് വലിയ ഒരു ആകർഷണമാണു്. തൻനിമിത്തം പാഠപുസ്തകം തിരഞ്ഞെടുത്തു കിട്ടുന്ന വിഷയത്തിൽ വലിയ വടംവലിതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടു് തെരഞ്ഞെടുക്കപ്പെട്ട പുസ്തകങ്ങൾക്കായി എന്തെങ്കിലും ഒരു തുക ഗ്രന്ഥകർത്താക്കൾക്കോ പ്രസാധകന്മാർക്കോ കൊടുക്കുകയും അതിൻശേഷം അതു് പ്രസിദ്ധീകരിക്കുവാനുള്ള അവകാശം ഗവണ്മെന്റിനുണ്ടായിരിക്കുകയും ചെയ്താൽ ഇങ്ങനെയുള്ള വലിയ പരാതികൾ ഉണ്ടാകുന്നതല്ല. അനാവശ്യമായ മത്സരങ്ങൾക്കും ഇടവരുന്നതല്ല.

അടുത്തതായി പറയാനുള്ളതു് കാളേജുകളെപ്പററിയാണു്. തിരുവിതാംകൂർകാരിൽ കാളേജിൽ പഠിക്കണമെന്നാഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും തിരുവിതാംകൂറിലെ കാളേജുകളിൽ തന്നെ പ്രവേശനം ലഭിക്കത്തക്കവണ്ണം വ്യവസ്ഥകൾ ചെയ്യണം. അന്യദിക്കുകളിലുള്ള കാളേജുകളിൽ ഇവിടെയുള്ളവരുടെ പണം ചെലവാക്കുവാനുള്ള സൗകര്യം നിവൃത്തിയുള്ള പക്ഷം കൊടുക്കരുതു്. കാളേജു ക്ലാസ്സുകളിൽ വേണമെങ്കിൽ ഫീസ്സ് കൂട്ടിക്കൊൾക. എന്നാൽ തിരുവിതാംകൂറിന്റെ ആവശ്യത്തിനു മതിയായ കാളേജുകൾ തിരുവിതാംകൂറിനുണ്ടായിരിക്കണം. ഇതു് പെട്ടെന്നു നടപ്പിലാക്കാൻ ചിലപ്പോൾ, വിശേഷിച്ചും സയൻസ് സംബന്ധിച്ചുള്ള വിഷയങ്ങൾ പഠിപ്പിക്കേണ്ടിവരുന്ന കാളേജുകൾ വളരെ പ്രയാസപ്പെടേണ്ടതായിവരും. എന്നാൽ ആർട്ട്സ് വിഷയങ്ങൾക്കുവേണ്ടിയുള്ള കാളേജുകൾ സ്ഥാപിക്കുന്നതിനു വലിയ പ്രയാസമൊന്നുമില്ല. സയൻസ് സംബന്ധിച്ചുള്ള കാളേജുകൾക്കു് ലാബറട്ടറികൾക്കും മററും വലിയ പണച്ചിലവു ഉണ്ടു്. നേരെ മറിച്ചു് ആർട്ട്സ് കാളേജുകൾ സ്ഥാപിക്കുന്നതു് ഒരു ലാഭകച്ചവടം കൂടിയാണു്. ചില പ്രൊഫസറന്മാർക്കു് ശമ്പളം കൊടുക്കണമെന്നതിൽ കവിഞ്ഞു വലിയ ചെലവൊന്നുമില്ല. എനിക്കു പറയാനുള്ള മറെറാരു കാര്യം ഇവിടത്തെ വൈസ്ചാൻസലറെ സംബന്ധിച്ചാണു്. നമ്മുടെ യൂണിവേഴ്സിററിയുടെ വൈസ്ചാൻസലർ ഒരു തിരുവിതാംകൂർകാരനും മലയാളം അറിയാവുന്ന ഒരാളും ആയിരുന്നാൽ കൊള്ളാം. വ്യക്തിപരമായി എനിക്കു് ആരേയും ദ്വേഷിക്കണമെന്നു് ആഗ്രഹമില്ലെങ്കിലും ഇൻഡ്യൻ സിവിൽ സർവീസിൽനിന്നും ഏററവും താണപടിയി

[Mr. K. R. Elankath.]

ച്ചുള്ള ആളായി കരുതപ്പെട്ടിരുന്ന — കണ്ടും ചെയ്യപ്പെട്ടിരുന്ന — ഒരാളാണ് ഇന്നത്തെ വൈസ്ചാൻസലർ എന്നുകൂടി നാം അറിയേണ്ടതാണ്. സർ. സി. പി. രാമസ്വാമിഅയ്യർ അദ്ദേഹത്തെ ഇവിടെ വരുത്തിയതു് വിദ്യാർത്ഥികളെ ശരിയായി ഇംഗ്ലീഷ് പഠിപ്പിക്കാനാണ്. ഇംഗ്ലീഷ് പ്രൊനൗൺസിയേഷൻ നന്നാക്കുന്നതിന്ന വേണ്ടിയാണ് അദ്ദേഹം ഇവിടെ നിയമിതനായതു്. ചില ഹൈസ്കൂളുകളിൽ പ്രൊനൗൺസിയേഷൻ സംബന്ധിച്ചുള്ള ചില പ്രത്യേക ക്ലാസ്സുകൾ അദ്ദേഹം നടത്തി. അതും മതിയാക്കി. ഒടുവിലാണ് വമ്പിച്ച ശമ്പളവും കൊടുത്തു് അദ്ദേഹത്തെ വൈസ്ചാൻസലരായി നിയമിച്ചിരിക്കുന്നതു്.

സർ, ഈയിടെ ഇംഗ്ലണ്ടിൽവെച്ച് ലോകത്തിലെ സർവ്വകലാശാല പ്രതിനിധികളുടെ ഒരു യോഗം ഉണ്ടായിരുന്നു. അതിൽ ഓരോ സർവ്വകലാശാലയും അതിന്റെ സ്വന്തം പ്രതിനിധി തന്നെ സംബന്ധിച്ചിരുന്നു. ഒരു വിദേശി പ്രതിനിധിയാകാനുള്ള നിർഭാഗ്യം ഉണ്ടായതു്, നമ്മുടെ സർവ്വകലാശാലയ്ക്കു മാത്രം ആയിരുന്നു. ഡെൽഹി യൂണിവേഴ്സിററിയിലെ വൈസ്ചാൻസലറായ മി. ഭട്നാഗർ ഇതേപ്പററി എന്റെ ഒരു സ്നേഹിതനായ ഇൻഡ്യൻ സിവിൽ സർവ്വീസിലെ ഒരുയർന്ന ഉദ്യോഗസ്ഥനോടിങ്ങിനെ പറഞ്ഞതായി അദ്ദേഹം എന്നോടു പറഞ്ഞു. "തിരുവിതാംകൂർ സർവ്വകലാശാലയുടെ വൈസ്ചാൻസലറായി നിങ്ങൾക്ക് ഒരു നാട്ടുകാരനായ ആരെയെങ്കിലും അയയ്ക്കുവാൻ ഉണ്ടായിരുന്നില്ലേ? ആ യോഗത്തിൽ സംബന്ധിക്കുന്നതിന്ന് പ്രാപ്തന്മാരായി ധാരാളം തിരുവിതാംകൂർകാർ അവിടെ ഉണ്ടായിരിക്കുമല്ലോ. സ്വന്തം നാഷനാലിററിയിൽ പെടാത്ത ഒരു പ്രതിനിധി തിരുവിതാംകൂറിൽനിന്നു മാത്രമേ ഉണ്ടായിരുന്നുള്ളു എന്നതു നിങ്ങൾക്കാക്ഷേപകരമല്ലേ?" മേലാലെങ്കിലും ഇത്തരം ആക്ഷേപങ്ങൾക്ക് പാത്രമാവാതെ നാം സൂക്ഷിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

സർ, പ്രാഥമികവിദ്യാഭ്യാസത്തെപ്പററി ഇവിടെ പലരും പലതും പറഞ്ഞു. ഇങ്ങനെയുള്ള കാര്യങ്ങൾ സാമുദായികമായ ഭാവത്തിൽകൂടി നോക്കാതെ ദേശീയ വീക്ഷണകോണത്തിൽ കൂടി നോക്കേണ്ടതാണ്. ഗവണ്മെൻറ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പഞ്ചായത്തുകൾ മുഖേന പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തുവാൻ ശ്രമിക്കുകയാണെങ്കിൽ ഇതു സംബന്ധിച്ച വലിയ പരാതിക്ക് അവകാശമുണ്ടാവുന്ന

തല്ല. മിസ്റ്റർ അബ്ദുൽ അസിസിന്റെ വിമർശനത്തിന് മറുപടിയായി ഒരു വാക്കു പറയാൻ ഞാനാഗ്രഹിക്കുന്നു. ഇന്നലെവരെ കാണുമ്പോൾ തന്നെ കടിപിടികൂടിയിരുന്ന വലിയ സർപ്പങ്ങൾക്കും മൂക്കൻ പാമ്പുകൾക്കും ഇന്ന് എല്ലാ വിഷജന്തുക്കളെയും കൂട്ടിയിണക്കി ഒരു കാട്ടുച ബാംഗ്ലാവിനകത്ത് ഒരുമിച്ചിരുന്ന് ഒരു മേശയുടെ ചുററുംകൂടി ആഹാരം കഴിക്കുവാനും മററു സർപ്പങ്ങൾക്കുകൂടി അതു പങ്കിടുവാൻ ശ്രമിക്കുവാനും കഴിഞ്ഞതുതന്നെ സ്റ്റേററ് കാൺഗ്രസ്സിന്റെ ഒരു നേട്ടമായി ഞാൻ കരുതുന്നു. ഈ സംരംഭം സമ്പൂർണ്ണമായ ഒരു ദേശീയതചാരത്തിലേക്ക് രാജ്യത്തെ നയിക്കുമെന്നുതന്നെയാണ് എന്റെ വിശ്വാസം. വർഗ്ഗീയാന്ധ്യത്തിൽനിന്നും രാജ്യത്തെ മോചിപ്പിക്കുന്നതിനും തദ്വാരാ രാജ്യം ദേശീയാധിഷ്ഠാനത്തിൽകൂടി മുമ്പോട്ട് പോകുന്നതിനും മി. അസിസിനെപ്പോലെയുള്ളവർ സഹായിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രസംഗം അവസാനിപ്പിക്കുന്നു.

MR. P. T. CHACKO : സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ച് ഒന്നു രണ്ടു കാര്യങ്ങൾ പറയണമെന്ന് ഞാനും ആഗ്രഹിക്കുന്നു. പ്രൈമറി വിദ്യാഭ്യാസം സംബന്ധിച്ച് ഇവിടെ പല വാദപ്രതിവാദങ്ങൾ നടന്നു. എങ്കിലും വിദ്യാഭ്യാസം സംബന്ധിച്ച് ഇന്ന് ഏററവും അവശത അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിന്റെ ശ്രദ്ധ വേണ്ടിടത്തോളം പതിഞ്ഞിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഈ കൊല്ലത്തെ ബഡ്ജററിൽ പത്തു ലക്ഷം രൂപയാണ് ഗ്രാൻറ്സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ളത്. ൧൧൨൧-ലും ൧൧൨൨-ലും ൧൨ ലക്ഷം രൂപാ ഉണ്ടായിരുന്നു. അതിനുള്ള കാരണം എന്താണെന്നുള്ളതിനെപ്പററി ഫിനാൻസ് മിനിസ്റ്റർ പറയുകയുണ്ടായി. എങ്കിലും അന്നത്തെ പ്രതീക്ഷകൾക്കെല്ലാം വിപരീതമായി അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ എല്ലാം ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ വൃശ്ചിക മാസത്തിനു മുമ്പ് ഈ രാജ്യത്തെ പാവപ്പെട്ട പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ, ഈ രാജ്യത്തെ ജനങ്ങൾ അവരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രക്ഷോഭണം നടത്തി വിജയം വരിക്കുന്നതു കണ്ടുകൊണ്ട് തങ്ങളുടെ സാമ്പത്തികാധഃപ്പതനത്തിൽ നിന്നുള്ള വിമോചനത്തിന് വേണ്ടി ഒരു പണിമുടക്കു നടത്തുകയുണ്ടായി. ആ പണിമുടക്ക് അവസാനിച്ചതു ഇന്നു മന്ത്രിമാരായിരിക്കുന്നവരിൽ ഒന്നിൽ കൂടുതൽ മന്ത്രിമാരുടെ

[Mr. P. T. Chacko.]

ആഘോഷാനം അനുസരിച്ചാണ്. അവരുടെ പ്രതീക്ഷകൾ നിറവേററണമെന്നുള്ള ആശയോടുകൂടി അവർ ഇരിക്കുകയാണ്. എന്നാൽ ഇതുവരെ അവർക്കു യാതൊരു ശമ്പളവും കിട്ടിയിട്ടില്ല. അവർക്ക് ൫ രൂപാ ഗ്രാൻറുണ്ടായിരുന്നു. അതു പോരാ എന്നു പറഞ്ഞു അവർ സ്ട്രൈക്ക് നടത്തുകയും ഈ രാജ്യത്തെ അനിഷേധ്യന്മാരായ മന്ത്രിമാരുടെ വാഗ്ദാനം അനുസരിച്ച് ഒടുവിൽ അതു് പിൻവലിക്കുകയും ചെയ്തു. അതിൻെറ ഫലം ഈ ൫ രൂപാ പോലുമില്ലാതെ ൫ മാസം പട്ടിണി കിടക്കേണ്ടിവന്നു എന്നുള്ളതാണ്. ഇവരുടെ കാര്യത്തിൽ ഉടനടി എന്തെങ്കിലും ഒരു തീരുമാനം ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണ്. മററുള്ളവർക്ക് സമത്വം ലഭിച്ച ഈ അവസരത്തിൽ ഈ അദ്ധ്യാപകന്മാർ വെറും അസമത്വത്തിൽ കഴിഞ്ഞുകൂടണമെന്ന് പറയുന്നതു് ഒരിക്കലും ന്യായീകരിക്കാവുന്നതല്ല. രണ്ടു വന്മരങ്ങളുടെ ഇടയ്ക്കു് നിൽക്കുന്ന കററിച്ചെടികളെപ്പോലെ ഗവൺമെൻറിൻെറയും മാനേജരന്മാരുടേയും മദ്ധ്യത്തിൽ കിടന്ന് ഈ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർ ഞെരുങ്ങുകയാണ്. ഇപ്പോൾ കമ്പൽസറി ഏര്യായിൽ ഒരു ഗ്രാൻറ് നോൺകമ്പൽസറി ഏര്യായിൽ മറെറാരു ഗ്രാൻറ ഇങ്ങനെ രണ്ടുതരം ഗ്രാൻറ് ഏർപ്പെടുത്തിയതിൻെറ യുക്തിയും എന്താണെന്നു മനസ്സിലായില്ല. കമ്പൽസറി ഏര്യായിലുള്ള അദ്ധ്യാപകന്മാരുടെ വയറോടും വിശപ്പോടും കൂടിയാണ് നോൺകമ്പൽസറി ഏര്യായിലുള്ള അദ്ധ്യാപകന്മാരും ഇരിക്കുന്നതു്. രണ്ടുകൂട്ടരും ഒരേ ജോലി തന്നെ ചെയ്യുവരുന്നു. ഈ രാജ്യത്തു പ്രാഥമിക വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നാലും അതിൻെറ ശിക്ഷാ ഫലങ്ങൾ അദ്ധ്യാപകന്മാരുടെ ശിരസ്സിൽ ചെന്നു പതിക്കാതിരിക്കുവാൻ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണം.

നോൺകമ്പൽസറി ഏര്യായിൽ ഗ്രാൻറും അലവൻസും കൂടി ൬ രൂപാ കൊടുക്കുന്നതാണെന്നുള്ള പ്രസ്നോട്ട് കണ്ടപ്പോൾ അദ്ധ്യാപകന്മാർ വളരെ സന്തോഷിച്ചു. എന്നാൽ ഷിഫ്ററ് സിസ്റ്റം ഏർപ്പെടുത്തിയ സ്ഥലങ്ങളിൽ മാത്രമേ ഈ ഗ്രാൻറ് കൊടുക്കുകയുള്ളു എന്നാണ് ഇപ്പോൾ പറയുന്നതു്. ഷിഫ്ററ സിസ്റ്റം ഒരിടത്തും ഏർപ്പെടുത്തിയിട്ടില്ലതാനും. സർ, ഈ ഷിഫ്ററസിസ്റ്റം ഇല്ലാതെ പോയതു അദ്ധ്യാപകന്മാരുടെ കുററം അല്ല. ഏതെങ്കിലും ഒരു സ്ഥലത്ത് ഷിഫ്ററസിസ്റ്റം ഏർപ്പെടുത്തുവാനുള്ള സമ്മതം മാനേജുമെൻറിനു ഉണ്ടാ

കാതിരിക്കുന്നതിന്റെ അനന്തര ഫലം , അതിന്റെ കുററം, അദ്ധ്യാപകന്മാർ അനുഭവിക്കണമെന്നു പറയുന്നതു് ഒരിക്കലും ശരിയല്ല. അദ്ധ്യാപകന്മാരുടെ കാര്യത്തെപ്പററി ഇത്രയും പറയുമ്പോൾ വിദ്യാർത്ഥികളെ കുറിച്ചു കൂടി ഒരു വാക്കു പറയാതെ നിവൃത്തിയില്ല. കഴിഞ്ഞ സ്വാതന്ത്ര്യസമരകാലത്തു തിരുവിതാംകൂർ യൂണിവേഴ്സിററിയിൽ നിന്നും ഇവിടെയുള്ള കാളേജുകളിൽ നിന്നും ധാരാളം കുട്ടികളെ എക്സ്പെൽ ചെയ്തിട്ടുണ്ട്. പലരുടെയും പേരിൽ കേസെടുത്തിട്ടുണ്ട്. ചിലരുടെ കേസ്സുകൾ ഇപ്പോഴും പിൻവലിച്ചിട്ടില്ല. ഈ മാതിരിയുള്ള അവശതകൾ എത്രയും വേഗത്തിൽ അവർക്ക് പരിഹരിച്ചുകൊടുക്കേണ്ടതാണ്.

ഇവിടെ പിന്നോക്കസമുദായക്കാരെപ്പററി പറഞ്ഞു. വിദ്യാഭ്യാസകാര്യം വരുമ്പോൾ സ്റ്റേററ്കാൺഗ്രസ് പാർട്ടിയിലുള്ളവർ തന്നെ വർഗ്ഗീയമനോഭാവം പുലർത്തുകയാണെന്നു മിസ്റ്റർ അസീസ് പറയുകയുണ്ടായി, സർ, സ്റ്റേററുകാൺഗ്രസ്സ് പാർട്ടി അതിശക്തിയായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒരു വലിയ ഗംഗയാണ്. അതിലുള്ളതു് പരിശുദ്ധജലവുമാണ്. എങ്കിലും ചില പാമ്പുകളും നീർക്കോലികളും മററും അതിൽ കണ്ടേക്കാം. ചെളിയും കണ്ടേക്കാം. കാലപ്രവാഹത്തിൽ അവയെല്ലാം മണ്ണോടടിഞ്ഞു് ചേരുമെന്നും അതിൽ കൂടി പായുന്ന ജലത്തിന്റെ സംശുദ്ധതയ്ക്കു് ഇവയൊന്നും യാതൊരു മാലിന്യവും വരുത്താൻ ഇടയാവുകയില്ലെന്നും നമുക്ക് വിശ്വസിക്കാം. പക്ഷെ കുറച്ചു കാലം കൂടി ക്ഷമിച്ചിരിക്കേണ്ടതായി ഉണ്ട്. മി. പി. ചാക്കൊ പിന്നോക്കസമുദായക്കാരെപ്പററി പറഞ്ഞു, ഇവിടെ മുന്നോക്കമെന്നും പിന്നോക്കമെന്നും ഒക്കെ പറയുന്നതു് മതത്തിന്റെ അടിസ്ഥാനത്തിലാണെന്ന്. അതു് തെററാണെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലാണ് ഇതു് ഏററവും കൂടുതലായി കാണുന്നതു്. ചേരമർ ക്രിസ്ത്യാനികൾ സാംബവർ ക്രിസ്ത്യാനികൾ എന്നിങ്ങനെ സാമ്പത്തികമായി ഒട്ടും തന്നെ അഭിവൃദ്ധിയില്ലാതിരിക്കുന്ന സമുദായങ്ങൾക്കു മുമ്പുണ്ടായിരുന്ന ഈ സൗജന്യങ്ങൾ പ്രത്യേകം ഇല്ലാതാക്കുവാൻ വിചാരിക്കരുതു്. ഇനിമേൽ മതത്തിന്റെ അടിസ്ഥാനത്തിലല്ല, പിന്നോക്കമായി നിൽക്കുന്ന സമുദായങ്ങൾ ഏതെല്ലാമാണെന്നു നോക്കേണ്ടതു്. സാമ്പത്തികമായും സാമൂഹ്യമായും യഥാർത്ഥത്തിൽ പിന്നോക്കം നിൽക്കുന്നസമുദായങ്ങൾക്കെല്ലാം ഗവൺമെൻറിൽനിന്നുമുള്ള സൗജന്യങ്ങൾ ലഭിക്കത്തക്ക വ്യവസ്ഥകൾചെയ്യേണ്ടതാണ്.

MR. P. BALAKRISHNAN TAMPI (*Mavelihara III—General*): Sir, I wish to make it very plain that all Honourable Members of this House would certainly sympathise with the lot of the teachers who are working in private schools, though some of us do always disapprove of the conduct of these teachers during the last few months. The strike did not add to my admiration of those teachers. We have to condemn the method by which they sought to enforce their legitimate demands. It is in the spirit of condoning, it is in the spirit of forgiving them for that, that we have to approach the problem. In spite of the great derelection of their duties, this House and this Government are inclined to help them. That must be the attitude this House should adopt. It is true that those people may be very useful at election times. I do not forget it. I am also under certain obligations to them personally in election after election. But these people who are entrusted with the sacred duty of educating the young should not have resorted to the trade union method of enforcing their demands. Therefore, all people who have a vestige of responsibility would certainly condemn this act of the teachers.

I think it was Mr. Paul Thaliath who pointed out the mistakes in a particular book. In spite of the fact that I am an Ex-Secondary School teacher of ten years standing. I tried to correct one page at random. I did not succeed. Mr. Mathew would also sympathise with me because he has also teaching experience to his credit. Not only typographical mistakes are there. But the most inaesthestic books are in the hands of children. Therefore, I request the Government that in the years to come, Government would not only look to the contents of the books but also to the colour, shape and texture of these books.

Then with regard to the complaint about the University teacher. In fact as a member of a particular community, while charges were levelled against the particular officer of the University, it would not be fair to him. I would not have talked about him if he had not been talked about. By talking in praise, or ill of a particular officer we are putting that officer and this House to a certain disadvantage. That particular officer about whom wild allegations have been made is one of the finest products of this University.

About admissions to the Colleges: It is not the Registrar that admits students to particular Colleges. There are certain formulae prescribed. After all, the marks in *viva voce* are limited. If a student has passed Intermediate in First Class that is no reason why he should be admitted to the Engineering College automatically. There are hundreds of First Class students. All over India in Technical Colleges they hold their own technical examinations. They form an impression of the voice, personality and other things. They have a *viva voce* examination and then they size up and choose the boys. That is not the fault of the Registrar or Professor or Principal concerned. Therefore, I appeal to the Honourable members of this House to be more charitable when they speak about that.

As one friend remarked in this House, which is returned on adult suffrage basis, it is not safe for us to sit in judgment over the University. In no part of the world does the Legislature interfere with the day-to-day administration of the University. It is true that in England the Parliament makes grants to the Universities, but they do not interfere with the work of the Universities. The cynics might say that these democratic bakers and butchers are sitting in judgment over the academic dukes and duchesses. This House should not make itself subject to this sneer. Therefore, I appeal to the House to have a convention by which we do not discuss the administration of the University.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): സർ, പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ അവശതകളെപ്പററി ഇതിനു മുമ്പുള്ള എല്ലാ നിയമസഭകളിലും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അതിനൊക്കെയും അവക്ക് പ്രതിവിധിയായി കിട്ടിയ അനുഭവം പട്ടിണി മാത്രമായിരുന്നു. രണ്ടുകൊല്ലത്തിനുമുൻപു ഇവിടെ കമ്പൽസറി എഡ്യൂക്കേഷൻ ഏർപ്പെടുത്തി. അപ്പോഴെങ്കിലും ഇവർക്ക് രക്ഷ കിട്ടുമെന്ന് ആശിച്ചു. ഒടുവിൽ കമ്പൽസറി എഡ്യൂക്കേഷൻ നടപ്പാക്കിയിരിക്കുന്ന സ്ഥലങ്ങളിൽ മാത്രം അദ്ധ്യാപകന്മാക്ക് ൨൫ രൂപാ ശമ്പളം അനുവദിച്ചു. ഇപ്പോൾ പ്രൈവററുസ്കൂൾ അദ്ധ്യാപകന്മാക്ക ൨൬ രൂപാ ശമ്പളവും അലവൻസും കൂടി നിശ്ചയിച്ചിട്ടുണ്ട്. ഈ തുക തന്നെ ഒരു പണിമുടക്കിൻെറ ഫലമായി അനുവദിക്കപ്പെട്ടതാണ്. പഴയ ഗവണ്മെൻറിൽനിന്നും അവരൊന്നും ആശിച്ചിട്ടില്ല. ഈ ഗവണ്മെൻറാകട്ടെ ഇപ്പോൾ അനുവദിച്ചിരിക്കുന്ന ൨൬ രൂപാ അരിയർ ശമ്പളംകൂടി കണക്കാക്കി കൊടുക്കുമെന്നു അവർ വിചാരിച്ചു. എന്നാൽ ഇതുവരെ അതു നടപ്പായി കണ്ടില്ല. ഇന്നത്തെ ഗവണ്മെൻറ് എങ്കിലും അവരുടെ സങ്കടത്തിനു ഒരു നിവാരണം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. ഇതിലേക്കു ഒരു വലിയ തുക ആവശ്യമാണെന്നുള്ളതു് പരമാർത്ഥംതന്നെ. എങ്കിലും അവർക്ക് പാക്കുന്നതിനുള്ള കെട്ടിടങ്ങളും ജീവിക്കുന്നതിനുള്ള ആഹാരവും ഉടുക്കുന്നതിന് ആവശ്യമുള്ള വസ്ത്രങ്ങളും മററുള്ളവരെപ്പോലെതന്നെ ആവശ്യമാണ്. എന്നാൽ ഇന്നു കിട്ടുന്നതായ ശമ്പളംകൊണ്ടു് യാതൊരുവിധമായ ജീവിതാവശ്യങ്ങൾക്കും മതിയാകുന്നില്ല എന്നുള്ളതു എല്ലാവക്കും അറിയാവുന്ന ഒരു പരമാർത്ഥമാണ്. അതുകൊണ്ട് ഇന്നത്തെ ഗവണ്മെൻറ് ഗ്രാൻറ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഉടനെ വർദ്ധിപ്പിക്കേണ്ടതാണെന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു.

[Mr. K. K. Chellappan Pillai.]

എന്റെ സ്നേഹിതൻ മി. ചാക്കോ ഷിഫ്റ്റ് സമ്പ്രദായത്തെപ്പററി ഇവിടെ പറഞ്ഞു. ഷിഫ്റ്റ് സമ്പ്രദായം നല്ലതാണെങ്കിലും അല്ലെങ്കിലും ഷിഫ്റ്റ് സംപ്രദായം ഏർപ്പെടുത്തിയിട്ടുള്ള സ്കൂളുകളിൽ മാത്രമേ ൨൫ രൂപാ ശമ്പളം കൊടുക്കുകയുള്ളു എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതു് ഒരിക്കലും ശരിയല്ല. എല്ലാ പ്രൈവററസ്കൂറം അദ്ധ്യാപകന്മാർക്കും അതു കൊടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

MR. S. KUTTEN : ഷിഫ്റ്റ് സംപ്രദായം നടപ്പാക്കിയാൽ ആദ്യമാസം മുതൽ ഈ ൨൫ രൂപാ ഗ്രാൻറ കിട്ടുകയില്ലേ?

MR. K. K. CHELLAPPAN PILLAI : ഇല്ലെന്നാണെനിക്കു തോന്നുന്നതു്. ഇനിയൊരു കാര്യം എനിക്കു പറയുവാനുള്ളതു് പൌരസ്ത്യഭാഷാ വിജയികളായ അദ്ധ്യാപകന്മാരെപ്പററിയാണ്. ഇന്നവർക്കു് ഇംഗ്ലീഷ് ഭാഷാബിരുദധാരികളായ അദ്ധ്യാപകന്മാരെപ്പോലെയുള്ള ശമ്പളക്രമത്തിലോ മററു സൗകര്യങ്ങളോ ഒന്നുംതന്നെയില്ല. നിശ്ചയമായും അവർക്കു് മററുള്ളവരോടൊപ്പംതന്നെ വേണ്ട സൗകര്യങ്ങളും ശമ്പളവും കൊടുക്കണമെന്നു് ഇന്നത്തെ ജനകീയഗവൺമെൻറിനോടു് അഭ്യർത്ഥിക്കുന്നു.

HON'BLE MR. T. M. VARGHESE : ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ വിദ്യാഭ്യാസത്തെ സംബന്ധിച്ചും, ചിലർ അവയിലെ ഗ്രാൻറിനെ സംബന്ധിച്ചും മററുചിലർ ഗ്രാൻറസ്കൂറം ടീച്ചേഴ്സിന്റെ ശമ്പളപരിഷ്കാരത്തെ സംബന്ധിച്ചും മററുംപല വിമർശനങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായി. പ്രധാനമായി യൂണിവേഴ്സിറ്റി സെക്കൻററി എഡ്യൂക്കേഷൻ, പ്രൈമറി എഡ്യൂക്കേഷൻ ഇവയാണു അവരുടെ വിമർശനവിഷയം. എന്നാൽ പ്രാധാന്യം അർഹിക്കുന്ന പല വിമർശനങ്ങളും ഇതിൽ ഇല്ലാതില്ല. വിദ്യാഭ്യാസത്തിന്റെ പ്രചരണവും അതിന്റെ നടത്തിപ്പും സംബന്ധിച്ചു ഗവൺമെൻറു് സ്വീകരിച്ചിട്ടുള്ള നയത്തെപ്പററിയും മേലാൽ അവയുടെ നടത്തിപ്പിൽ വരുത്തേണ്ട വ്യത്യാസങ്ങളെപ്പററിയും പരിഷ്കാരങ്ങളെപ്പററിയുമാണു ഈ അഭിപ്രായഗതി എന്നു ഞാൻ വിചാരിക്കുന്നതുപോലെയാണ് മററുപലരും വിചാരിക്കുന്നതും. യൂണിവേഴ്സിററിക്കും ഗവൺമെൻറിനും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധത്തേയും ഗവൺമെൻറിന് അതിൽ ഉണ്ടായിരിക്കേണ്ട അധികാരവ്യാപ്തിയേയും പററി മി. പി. എസ്സ്. മുഹമ്മദ് ചില അഭിപ്രായങ്ങളും

ഇവിടെ പറയുകയുണ്ടായി. എന്നാൽ എനിക്ക് പറയാനുള്ളതു് യൂണിവേഴ്സിററി ഒരു സ്വതന്ത്രസ്ഥാപനമായിട്ട് വർത്തിക്കുകയെന്നുള്ളതു ഈ രാജ്യത്തു മാത്രമല്ല ലോകത്തെവിടെയുമുള്ള ഒരു പതിവാണ്. എന്നാൽ വല്ല വ്യത്യാസവും വല്ല രാജ്യത്തുമുണ്ടായിട്ടുണ്ടെങ്കിൽ അതു് അവിടെയുള്ള ഭരണരീതിയുടെ വ്യത്യാസംകൊണ്ടാണ്.

MR. ABDUL AZIZ: യൂണിവേഴ്സിററി ഒരു ഓട്ടോണമിയാണെന്നും അതിൽ ഗവണ്മെൻറിന്ന് യാതൊരുവിധ അധികാരവും പ്രയോഗിക്കാൻ പാടില്ലെന്നുമാണോ പറയുന്നതു്?

HON'BLE MR. T. M. VARGHESE: ഇൻഡ്യയിൽ ഉള്ള യൂണിവേഴ്സിററികൾ എല്ലാം തന്നെ ഒരു തരത്തിൽ ഓട്ടോണമിയാണെന്നുവേണം പറയാൻ. സാധാരണയായിട്ട് യൂണിവേഴ്സിററി നിർമ്മാണത്തിനുശേഷം, അവയിൽ പ്രൊഫസരന്മാരെ നിയമിക്കുക, പരീക്ഷകളും മററും നടത്തുന്നതിനെപ്പററി വേണ്ട നിർദ്ദേശം കൊടുക്കുക, ആവശ്യമുണ്ടെന്നു തോന്നുന്നെങ്കിൽ കൂടുതൽ ധനസഹായം ചെയ്യുക മുതലായ ആദ്യകൃത്യങ്ങൾ ഗവണ്മെൻറ് നിർവഹിക്കുകയും അതിനുശേഷം യൂണിവേഴ്സിററി ഒരു സ്വതന്ത്രസ്ഥാപനമെന്ന നിലയിൽ പ്രവർത്തനം ആരംഭിക്കുകയുമാണു ചെയ്തുവരുന്നതു്. എന്നാൽ ഗവണ്മെൻറിനു് അക്കാഡമിക്കായിട്ട് അധികാരമില്ലെന്നല്ലാതെ അതിൻെറ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചു കുറെയൊക്കെ അധികാരങ്ങൾ ഇല്ലെന്നില്ല.

MR. P. S. MUHAMMED: യൂണിവേഴ്സിററിയിൽ നടത്തപ്പെടുന്ന ഏതെങ്കിലും കോഴ്സുകൾക്ക് ചേരുന്നതിനുള്ള യോഗ്യവിവരം തയ്യാറാക്കുന്നതിനുള്ള അധികാരം യൂണിവേഴ്സിററിക്കോ അതോ ഗവണ്മെൻറിനോ?

HON'BLE MR. T. M. VARGHESE: ആവക തെരഞ്ഞെടുപ്പിൽ അനുകരിക്കേണ്ടതായ പൊതു തത്വങ്ങളെപ്പററി വേണ്ട നിർദ്ദേശം കൊടുക്കുന്നതിനുള്ള അധികാരം ഗവണ്മെൻറിനാണുള്ളതു്. ഗവണ്മെൻറിനുള്ള അധികാരങ്ങൾ എന്തെല്ലാമാണെന്നും, അതു് എങ്ങിനെയെല്ലാം വിനിയോഗിക്കാമെന്നും മററും വിശദമാക്കുന്നതു യൂണിവേഴ്സിററി ആക്ററ് സെക്ഷൻ ൨൦, ൨൧, ൨൨ ഇവയാണ്. എന്നാൽ അധികാരംകൂടുതൽ വിപുലമാക്കത്തക്കവണ്ണം ആക്ററ് ഭേദഗതി ചെയ്യണമെന്ന് ഒന്നുരണ്ടു ബഹുമാനപ്പെട്ട മെമ്പറന്മാർ അഭിപ്രായപ്പെടുകയുണ്ടായി. എങ്കിലും അക്കാഡമിക്കായുള്ള അധികാരങ്ങളും അവകാശങ്ങളും ഒരു യൂണിവേഴ്സിററിക്ക് കൊടുക്കുകയാണ് മററെവിടെയും ചെയ്തുവരുന്ന പതിവ്.

MR. S. KUTTAN : യൂണിവേഴ്സിററിയെ നിയന്ത്രിക്കുന്നതിനുള്ള അധികാരം ആക്ററിന്റെ പരിധിയിൽ ഉൾക്കൊള്ളുന്നില്ലേ?

HON'BLE MR. T. M. VARGHESE : യൂണിവേഴ്സിററിയെ സംബന്ധിച്ചുള്ള "അധികാരം" അതിന്റെ വ്യാഖ്യാനത്തെ ആസ്പദമാക്കിയാണിരിക്കുന്നതു്. അതനുസരിച്ചു നോക്കുകയാണെങ്കിൽ നിയമപരമായ നിലയിൽ അധികാരമില്ലെന്നുവേണം പറയാൻ. ഇതു് എത്രത്തോളം വ്യക്തമാണെന്നുള്ളതിലേക്കു് സെക്ഷൻ ൨൦-ാം ൨൧-ാം ൨൨-ാം നോക്കിയാൽ മതി. എന്നാൽ ന്യായമായിട്ടോ ന്യായരഹിതമായിട്ടോ മുൻപു് അധികാരം കൂടുതൽ പ്രയോഗിച്ചിട്ടുണ്ടെങ്കിൽതന്നെ അതിന്റെ പ്രയോഗകർത്താവും വൈസ്ചാൻസലരും ഒരാളായിരുന്നതുകൊണ്ടാണു്. ഇന്നു ജനകീയഗവണ്മെന്റാണു് ഭരണം നടത്തുന്നതു്. ആ സ്ഥിതിക്കു് നിലവിലിരിക്കുന്ന ആക്ററു് അനുസരിച്ചല്ലാതെ പ്രവർത്തിക്കാൻ തരമില്ല. അതല്ലെങ്കിൽ ആക്ററിൽ ഭേദഗതി ചെയ്യണം.

MR. K. A. MOHAMMED : അക്കാഡമിക്കായിട്ടുള്ള നിയമനങ്ങൾ നടത്തുന്നതിനു് ഗവണ്മെന്റിനു് അധികാരമില്ലേ?

HON'BLE MR. T. M. VARGHESE : അക്കാഡമിക്കായിട്ടു് വല്ല വിദഗ്ദ്ധന്മാരേയും നിയമിക്കേണ്ടിവന്നാൽ അതിനുള്ള അധികാരം ഗവണ്മെന്റിനാണുള്ളതു്.

MR. K. A. MUHAMMED : എൻജിനീയറിംഗ് കാളേജിൽ വൈവാവോസി പരീക്ഷ നടത്തി പല ന്യായക്കേടും ചെയ്യുന്നുണ്ടെന്നറിയാമോ?

HON'BLE MR. T. M. VARGHESE : അങ്ങിനെയുള്ള പരാതികൾ എന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

MR. K. A. MUHAMMED : വൈവാവോസി പരീക്ഷ എടുത്തുകളയണമെന്നു് യൂണിവേഴ്സിററി അധികൃതരോടു പറയുവാൻ ഗവണ്മെന്റിനു് അധികാരമില്ലേ?

HON'BLE MR. T. M. VARGHESE : ഏതെങ്കിലും കോഴ്സിനു ചേരുന്ന കുട്ടികളുടെ ഇതരയോഗ്യതകളിൽ ഒന്നു് വൈവോവോസിയാണു്. അതിനെ നിറുത്തലാക്കുന്നതുതന്നെ അക്കാഡമിക്കലായിട്ടു ഒരു കൃത്യവിലോപമാണു്. അതുതന്നെയുമല്ല ഈ പരീക്ഷയെ നിറുത്തലാക്കുകയാണെങ്കിൽ ഗവണ്മെന്റു യൂണിവേഴ്സിററിയുടെ അധികാരത്തിൽ കൈകടത്തുകയല്ലേ എന്നുകൂടി സംശയമുണ്ടാകും.

MR V. MADHAVAN : യൂണിവേഴ്സിററിയിൽ അധഃകൃതർക്കുവേണ്ടി സീററുകൾ റിസർവ്വ് ചെയ്തിട്ടില്ലേ?

HON'BLE MR. T. M. VARGHESE : റിസർവേഷൻ ഉണ്ടു്.

MR. K. R. ELANKATH : എൻജിനീയറിംഗ് കാളേജിൽ നടത്തപ്പെടുന്ന കോഴ്സുകൾക്ക് വേണ്ടിയുള്ള വൈവാവോസിയിൽ രജിസ്ട്രാർ കൂടി ഉൾപ്പെടുന്നില്ലേ. ആ ഇടപെടൽ നിമിത്തം ആളുകളുടെ ഇടയിൽ പല പരാതികളും ഉണ്ടായിട്ടുള്ളതായി അറിവുണ്ടോ?

HON'BLE MR. T. M. VARGHESE : രജിസ്ട്രാർകൂടി അതിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അദ്ദേഹമാണ് ഈ കുഴപ്പങ്ങൾ എല്ലാം ഉണ്ടാക്കുന്നതെന്നുള്ള അഭിപ്രായം അത്ര ശരിയല്ല. യൂണിവേഴ്സിററി രജിസ്ട്രാർ പല കുഴപ്പങ്ങളും ഉണ്ടാക്കുന്നു എന്നുള്ള പരാതികൾ ഇവിടെ കേൾക്കയുണ്ടായി. കാര്യങ്ങൾ ശരിയായി അന്വേഷിച്ചു മനസ്സിലാക്കിക്കൊണ്ടു വേണം ഈമാതിരിയുള്ള അഭിപ്രായങ്ങൾ നിയമസഭയിൽ പ്രസ്താവിക്കേണ്ടതെന്നു മനസ്സിലാക്കുന്നതു ഈ സഭയിലെ ഒരു അംഗമെന്ന നിലയിൽ അനുവർത്തിക്കേണ്ടതായ ഒരു മഹൽകൃത്യമാണ്. നേരേമറിച്ചു ഉണ്ടായിട്ടുള്ള ആരോപണങ്ങളെപ്പററി ഒരു സൂക്ഷ്മാന്വേഷണം ചെയ്യാതെ "ഇന്നാര് ഇന്നതു ചെയ്തു" എന്നു വിളിച്ചുപറയുന്നതുതന്നെ ഈ സഭയുടെ അഭിമാനത്തിനും അന്തസ്സിനും പോരാത്തതാണെന്നു പറയാതെ നിവൃത്തിയില്ല.

MR. K. M. CHANDI : എൻജിനീയറിംഗ് കാളേജിലെ പ്രവേശനത്തിനു വേണ്ടിയുള്ള ലിസ്റ്റ് തയാറാക്കുന്നതുസംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ പരാതി ഉണ്ടാകാതിരിക്കുവാൻ ശ്രമിക്കുമോ?

HON'BLE MR. T. M. VARGHESE : ജനങ്ങളുടെ ഇടയിൽ നിന്നും ഉണ്ടാകുന്ന പരാതികളൊക്കെ നിറുത്താൻ എന്നെക്കൊണ്ടു സാദ്ധ്യമല്ല. എന്നാൽ അതിന്റെ കാരണം അന്വേഷിച്ചു പരിഹരിക്കത്തക്കതാണെങ്കിൽ അതിനു ശ്രമിക്കാം. ജനകീയഗവണ്മെന്റിന്റെ ആവിർഭാവത്തോടുകൂടി, അന്യായത്തിനും അക്രമത്തിനും സ്ഥാനമില്ലെന്നും പൊതുജനങ്ങളുടെ ന്യായമായ സകല അവകാശങ്ങളെയും പരിരക്ഷിക്കപ്പെടുമെന്നും നമുക്ക് പ്രത്യാശിക്കാം.

MRS. DEVAKI GOPIDAS : ജനകീയഗവണ്മെന്റ് ഉണ്ടായതിൽ പിന്നീട്, യൂണിവേഴ്സിററിയിൽ മാത്തമാററിക്സ് ലക്ചററായി ഒരു സുധർമ്മയെ നിയമിക്കാതെ ഒരു നാരായണപിള്ളയെ നിയമിച്ചതു യൂണിവേഴ്സിററി ആക്ററ് ൮-ാം വകുപ്പ് അനുസരിച്ചു നീതീകരിക്കത്തക്കതാണോ?

HON'BLE MR. T. M. VARGHESE : സുധർമ്മയും നാരായണപിള്ളയും തമ്മിലുള്ള നിയമനത്തിൽ അവരുടെ പരീക്ഷായോഗ്യതകൾ എന്തെ

[Hon'ble Mr. T. M Varghese.]

ല്പാമാണെന്നുള്ളതിനെപ്പററി ഇപ്പോഠം എനിക്കു പറയാൻ നിവൃത്തിയില്ലാ. എന്നാലും, ഏതോ പ്രത്യേക ചില കാരണങ്ങഠംകൊണ്ടു് സുധർമ്മക്കു് കൊടുത്തില്ലെന്നും വരാം.

MRS. DEVAKI GOPIDAS : സുധർമ്മക്കു് ഓണേഴ്സിൽ ഫസ്ററു ക്ലാസ്സും, മി. നാരായണപിള്ളക്കു് അതിനെക്കാഠം കുറഞ്ഞ റാങ്കും ആണു ഉള്ളതു്.

HON'BLE MR. T. M. VARGHESE : മി. നാരായണപിള്ളക്കു് റാങ്കു് കുറെ കുറഞ്ഞുപോയി എന്നുള്ളതുകൊണ്ടുമാത്രം, അദ്ദേഹത്തെ നിയമിക്കാൻ പാടില്ല എന്നു പറയുന്നതു് ശരിയല്ല. മി. നാരായണപിള്ളക്കു് താന്ന കുറഞ്ഞ റാങ്കു് എന്നു പറഞ്ഞതു്, ഫസ്റ്റ്ക്ലാസ്സിൽ സുധർമ്മയെക്കാഠം കുറഞ്ഞ റാങ്കോ അതോ സെക്കൻറു് ക്ലാസോ തേഡ്ക്ലാസോ ആണോ എന്നറിഞ്ഞില്ല. പിന്നെ പഠിപ്പിക്കാനുള്ള സാമർത്ഥ്യം നോക്കണം. ഏതായാലും അവരെ ഒന്നു കാണാതെ ഇപ്പോഠം യോഗ്യത നിശ്ചയിക്കാൻ നിവൃത്തിയില്ല.

ഇവിടെ കൺട്രോളർ ആഫ് എക്സാമിനേഷൻസ് എന്ന ഉദ്യോഗത്തെപ്പററി പറഞ്ഞു. അതിനു് ഇവിടെ യോഗ്യതയുള്ള ആളുകഠം ഉണ്ടായിരുന്നിട്ടും വെളിയിൽ നിന്നൊരാളിനെ അതിലേക്കു നിയമിച്ചതായി മി. ശിവരാമപിള്ള പറഞ്ഞു. വാസ്തവത്തിൽ അങ്ങനെ ഒരു നിയമനം നടന്നിട്ടില്ല. തീർച്ചയായും നടന്നിട്ടില്ല. കാരണം ഇതു് ഗവണ്മെൻറാണു് നിയമിക്കേണ്ടതു്. അതുകൊണ്ടു് അങ്ങനെ ഒരു നിയമനം ഇതുവരെ നടന്നിട്ടില്ലെന്നു് ധൈര്യമായി എനിക്കു് പറയുവാൻ സാധിക്കും. പിന്നെ എൻ. എസ്. എസ്. കോളേജിനു് ഗ്രാൻറു കൊടുത്തില്ലെന്നും കൊല്ലത്തു് ഒരു കാളേജിനു് അപേക്ഷിച്ചിട്ടു് അതു് അനുവദിച്ചില്ലെന്നും മററും പറഞ്ഞു. യൂണിവേഴ്സിററിക്കായിട്ടു് ചെലവാക്കുന്ന പണം മുഴുവനും തിരുവനന്തപുരത്താണു് ചെലവാക്കുന്നതെന്നും മററു സ്ഥലങ്ങളിൽ ചെലവാക്കുന്നില്ലെന്നും ചില സ്നേഹിതന്മാർ പറഞ്ഞു. ഇവിടെ ഒരു ഫസ്ററ് ഗ്രേഡ് കോളേജ് കൂടി ഉണ്ടാക്കുന്ന കാര്യത്തെപ്പററി മിസ്സ്. അക്കമ്മ ചെറിയാൻ പ്രസ്താവിച്ചു. ഇവിടെ ബഹുമാനപ്പെട്ട മെമ്പറന്മാര വില യേറിയ പ്രസ്താവനകഠം ചെയ്തു എന്നുള്ളതിനു് സംശയമില്ല. എന്നാൽ ഒരു കാര്യം കൂടി ഓർക്കണം. ഈ മിനിസ്ട്രി വന്നിട്ടു് മൂന്നാൽ നിലപാനം മാസങ്ങളേ ആയിട്ടൊള്ളു. ഇതിനിടയിൽ ഉത്തരവാദിത്വബോധത്തോടെ എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്തി

ട്ടുണ്ടെന്ന് പറയുവാൻ സന്തോഷമുണ്ട്. വിദ്യാഭ്യാസ മന്ത്രി എന്നുള്ള നിലയിൽ എനിക്ക പറയുവാനുള്ളതു് ഈ പുതിയ മന്ത്രിസഭവന്നിട്ട് വിദ്യാഭ്യാസകാര്യത്തിൽ യാതൊരു കുഴപ്പവും ഉണ്ടായിട്ടില്ലെന്ന്, ഈ നിയമസഭയിൽ ഇതേവരെ ഉണ്ടായിട്ടുള്ള ചോദ്യങ്ങളിൽ നിന്നെല്ലാം നമുക്ക് മനസ്സിലാക്കാവുന്നതാണെന്നാണ. വിമർശനങ്ങൾ നടന്നു. ചോദ്യങ്ങൾ ഉണ്ടായി. ശരിതന്നെ. എന്നാൽ വിദ്യാഭ്യാസകാര്യത്തിൽ വല്ല കുഴപ്പവും ഉണ്ടായി എന്നു പറയത്തക്കവ ഒന്നും ആയിരുന്നില്ല അതു്. ഇതിനു മുമ്പുണ്ടായിട്ടുള്ള പല തെററുകളും തിരുത്തിക്കൊണ്ടാണ വരുന്നതു്. എന്നല്ല, മൂന്നു നാലു് മാസക്കാലമായി എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്തിട്ടുണ്ടെന്ന് എനിക്ക ധൈര്യമായി പറയാൻ സാധിക്കും.

മിഡിൽസ്ക്കൂളുകളായാലും ശരി, പ്രൈമറിസ്ക്കൂളുകളായാലും ശരി, ഹൈസ്ക്കൂളുകളായാലും ശരി, അവ അനുവദിക്കാവുന്നേടത്തോളം എല്ലാം അനുവദിച്ചു. ആരോ പറഞ്ഞു മി. ശിവരാമപിള്ളയാണെന്നു തോന്നുന്നു, വളരെ ഗൗരവമായ ചാർജ്ജുകൾ അതായതു് സമുദായ താൽപര്യത്തെ സംരക്ഷിക്കുന്നതിനുവേണ്ടി, അനുവദിക്കാൻ പാടില്ലാത്ത അപേക്ഷകൾ അനുവദിച്ചു എന്ന്. അദ്ദേഹം പറഞ്ഞതിൽ എനിക്ക അസുഖം തോന്നിയില്ല. എന്നാൽ അതിനു സമാധാനം പറയണമെന്ന് അദ്ദേഹം പറഞ്ഞതു് ശരിയായോ എന്ന് എനിക്ക സംശയമുണ്ട്. അതിൽ കുറച്ച് അസുഖം ഉണ്ട്. ആദ്യം ഞാൻ അവഗണിക്കണമെന്നു വിചാരിച്ചു. എന്നാൽ അങ്ങനെ അവഗണിക്കുന്നതു ശരിയല്ലല്ലോ. രണ്ടാമതു, തമിഴ്നാട്ട കാൺഗ്രസുകാർ പറഞ്ഞതിനു മറുപടി പറഞ്ഞില്ല എന്നൊരു ചാർജ്ജും കൂടി ഉണ്ടാകും. അതു കൊണ്ട് മറുപടിപറയാമെന്നു വിചാരിക്കുകയാണ്. വാസ്തവസ്ഥിതി മെമ്പറന്മാരെ ധരിപ്പിക്കണം. അതിനുശേഷം ആരു എന്തുതന്നെ പറഞ്ഞാലും അവഗണിക്കുകയെ നിവൃത്തിയുള്ളൂ. ഭീഷണിക്കും അവാസ്തവ പ്രസ്താവനകൾക്കും ഈൽഡ് ചെയ്യുന്ന ഒരാൾ മന്ത്രിയായിരിക്കണമോ, അതല്ല അവയെ അവഗണിച്ച് മനോധൈര്യത്തോടും ഉത്തമ വിശ്വാസത്തോടുംകൂടി പ്രവർത്തിക്കുന്ന ഒരാൾ മന്ത്രിയായിരിക്കണമോ എന്ന് ഈ സഭ തന്നെ തീരുമാനിക്കേണ്ടതാണ്. ആദ്യം ഞാൻ മി. ശിവരാമപിള്ളക്ക ഉത്തരം പറയുകയില്ലെന്നു വിചാരിച്ചിരുന്നതാണ്. എന്നാൽ അദ്ദേഹം എന്നെ നിർബന്ധിച്ചു. അതു കൊണ്ട് പറയുന്നതാണ്.

MR. K. SIVARAMA PILLAI: The allegations mentioned by me were made by one of the members of your party.

HON'BLE MR. T. M. VARGHESE: No party in regard to allegations. That is common to all.

ആകെ ൩൦ അപേക്ഷകൾ ഹൈസ്കൂളിനും ൩൮ എണ്ണം മിഡിൽസ്കൂളിനും അനുവാദത്തിനായി ലഭിച്ചു. അതിൽ ഹൈസ്കൂളിനു, ഹിന്ദുക്കളുടെ അപേക്ഷകൾ ഒൻപതു്, എട്ടെണ്ണം അനുവദിച്ചു. ഒന്നു് ചില വിവരങ്ങൾ അറിയുന്നതിനായി എഴുതി അയച്ചു. ക്രസ്ത്യാനികളുടെ അപേക്ഷകൾ ൨൧ എണ്ണം ഉണ്ടായിരുന്നതിൽ, ൧൩ എണ്ണം ഡിവിഷൻ ഇൻസ്പെക്ടറന്മാരും ഡയറക്ടരും റക്കമെൻറു ചെയ്തയച്ചു. അതിൽ ൧൨ എണ്ണം അനുവദിച്ചു. ഒന്നു് മററു പോലെ ചില വിവരങ്ങൾ അറിയാനായി തിരികെ അയച്ചു. മിഡിൽ സ്കൂളിനാണെങ്കിൽ ഹിന്ദുക്കളുടെ അപേക്ഷ ൧൧, അതിൽ ൧൦ അനുവദിച്ചു. ക്രിസ്ത്യാനികളുടേതു ൨൩. ൧൭ ഡയറക്ടർ റക്കമെൻറു ചെയ്തതു് അത്രയും അനുവദിച്ചു അതു പോലെ തന്നെ ഒരോ സ്കൂളിനും തമ്മിലുള്ള ദൂരം ഓരോ ക്ലാസിലും ഉള്ള കുട്ടികളുടെ എണ്ണം, സ്ഥലസൌകര്യം ഇവയൊക്കെ നോക്കിയാണു് ഇവ അനുവദിക്കേണ്ടതു്. ഇപ്പോഴത്തെ ചട്ടമനുസരിച്ചു് നാലു മുതൽ അഞ്ചു വരെ മൈൽ ഓരോ സ്കൂളിനും ദൂരം ഉണ്ടായിരിക്കേണ്ടതാണു്. കുട്ടികളുടെ എണ്ണം തന്നെ പ്രായമായവർ ഇത്ര മററുള്ളവർ ഇത്ര ഇതൊക്കെ അന്വേഷിച്ചറിഞ്ഞു് ഡിവിഷൻ ഇൻസ്പെക്ടരും അസിസ്ററൻറു ഇൻസ്പെക്ടരും ഡയറക്ടരും റക്കമെൻറു ചെയ്ത ശേഷം സംശയമുള്ളതു ചോദിച്ചറിഞ്ഞു്, സ്കൂളുകൾ അനുവദിക്കേണ്ടതായിട്ടാണിരിക്കുന്നതു. അങ്ങനെ ഇത്രയും സ്കൂളുകളെ ഓരോരുത്തർക്കു അനുവദിക്കാൻ സാധിക്കുകയുള്ളു. മറിച്ചും ചിലപ്പോൾ ചെയ്തേക്കാം. പക്ഷേ ഇതേവരെ അങ്ങനെ ചെയ്തില്ല. ഇതിൽ സമുദായതാൽപ്പര്യത്തെ അശേഷം നോക്കിയിട്ടില്ല. യൂണിവേഴ്സിററി ആയാലും സെക്കൻഡറി എഡ്യൂക്കേഷനായാലും ഈ വക സംഗതികളിൽ സാമുദായികചിന്ത ഗവണ്മെൻറിനു് ഉണ്ടാകുന്നതല്ലെന്നു ഞാൻ ധൈര്യമായി പറയുന്നു. പിന്നെ ഒന്നു പറയാനുള്ളതു് വിദ്യാഭ്യാസ പ്രചരണം നാട്ടിനു് അത്യാവശ്യമായിട്ടുള്ള ഒന്നാണു്. അതു ചെയ്യുന്നവർ മി. ആർ. ശങ്കർ പറഞ്ഞതു പോലെ രാജ്യത്തിനു് ഒരു വലിയ സേവനം അനുഷ്ഠിക്കുകയാണു ചെയ്യുന്നതു്. വിദ്യാഭ്യാസത്തിനു ആളുകൾക്കു സൌകര്യമുണ്ടാക്കി കൊടുക്കുകയും, അവയെ രാജ്യമാസകലം പ്രചരിപ്പിക്കുകയും ചെയ്യുന്നതിനേക്കാൾ ഒരു വലിയ സേവനം രാജ്യത്തിനു് ഒരു സമുദായം ചെയ്യാനില്ലെന്നുള്ളതിൽ സംശയമില്ല. അതു് പൊതുവേ രാജ്യത്തിൻെറ അഭിവൃദ്ധിയാണു്. അതിനു

രാജ്യവാസികൾ അവരോടു കടപ്പെട്ടിരിക്കുന്നതാണ്. എന്നാൽ ഇങ്ങനെ ഉള്ള കാര്യങ്ങൾ അടിസ്ഥാനമാക്കി, സമുദായികമായ ആനുകൂല്യങ്ങളെയോ രാഷ്ട്രീയാനുകൂല്യങ്ങളെയോ വഴിതെളിക്കുന്ന ഒന്നായിരിക്കും അതെന്നു കരുതി മററു സമുദായക്കാർക്ക് ലഭിക്കാവുന്നതിൽ കൂടുതൽ ആനുകൂല്യങ്ങൾ ഗവർമ്മെൻറിൽ നിന്നും അവർക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതു് അസ്ഥാനത്താണ്. മുമ്പു പറഞ്ഞ തത്വങ്ങൾ അടിസ്ഥാനമാക്കി പള്ളിക്കൂടങ്ങൾക്കു ആരു അപേക്ഷിച്ചാലും അതു് അനുവദിക്കുന്നതാണ്. അതിൽ സാമുദായിക പരിഗണന ഒട്ടും ഉണ്ടാകുന്നതല്ലതന്നെ. എന്നാൽ സമുദായങ്ങളുടെ ന്യായമായ അവകാശങ്ങളെ വിദ്യാഭ്യാസനയത്തിൽ വിസ്മരിക്കുന്നതല്ല. ഗവർമ്മെൻറിൻെറ നയം ഏതെങ്കിലും സമുദായത്തിൻെറ ന്യായമായ അവകാശങ്ങൾക്ക് ബാധകമാണെന്നു കാണുകയാണെങ്കിൽ അതിൻെറ പരിഹാരത്തിനു വേണ്ടി കാര്യക്ഷമതയ്ക്കു ഹാനികരമല്ലാത്ത വിധത്തിലുള്ള ന്യായമായ ഏതൊരു വിട്ടുവീഴ്ചയ്ക്കും ഗവർമ്മെൻറ് തയ്യാറാണ്. അല്ലാതെ സാമുദായികമായ പ്രത്യേക പരിഗണന വിദ്യാഭ്യാസ വിഷയത്തിൽ ആവശ്യപ്പെട്ടാൽ അതു തെററാണെന്നു തീരുമാനിക്കുന്നതിനെ നിവൃത്തിയുള്ളു.

പിന്നെ ഒന്ന് പറയുവാനുള്ളതു്, ഒരു സ്ക്കൂളോ കാളേജോ ഒരു സമുദായം നടത്തുന്നതു കൊണ്ടുള്ള ഗുണം ആ സമുദായത്തിനു മാത്രമല്ല എന്നു നാം ആലോചിക്കണം. എൻ. എസ്. എസ്. കാർ അല്ലെങ്കിൽ, എസ്. എൻ. ഡി. പി. ക്കാർ കാളേജു നടത്തുന്നു. അതിൻെറ ഗുണം ആർക്കാണ്. നിശ്ചയമായും ആ സമുദായക്കാർക്കു മാത്രമല്ല, അതിൻെറ ഗുണംഎല്ലാവർക്കും ഉണ്ടു. പിന്നെന്താണു? ഒരു അഭിമാനം മാത്രം. ഒരുകാളേജു നടത്തി വിദ്യാവിതരണം ചെയ്യുന്നു എന്നുള്ള ഒരഭിമാനം: ആനുകൂല്യം എല്ലാവർക്കും ഒരുപോലെയാണു. മാത്രമല്ല അതു നടത്തുന്ന സമുദായക്കാർ ഒരു ഭാരം വഹിക്കുന്നു എന്നുകൂടി ഉണ്ടു്. അതിനാൽ സാമുദായിക ചിന്ത ഈ കാര്യത്തിൽ ഉണ്ടായി എന്നു പറയാൻ പാടില്ലായിരുന്നു. അങ്ങനെ ഗവമ്മെൻറ് പ്രവർത്തിക്കുന്നതല്ലെന്ന് ഞാൻ ഉറപ്പു പറയുന്നു.

വേറൊന്നു പറയുവാനുള്ളതു പ്രൈവററ് സ്ക്കൂൾ അദ്ധ്യാപകന്മാരുടെ പണിമുടക്കാണ്. അവർ അങ്ങനെ ചെയ്തതു് വലിയ തെററാണ്. ഒരു ഫാക്ടറിയിലെയോ മില്ലിലെയോ തൊഴിലാളികൾ പണിമുടക്കി എന്നു പറഞ്ഞാൽ അതിൽ കുറച്ചെങ്കിലും അർത്ഥമുണ്ടു്. എന്നാൽ കുട്ടികൾക്ക് വിദ്യ അഭ്യസിപ്പിച്ചു കൊടുക്കേണ്ട അദ്ധ്യാപക

[Hon'ble Mr. T. M, Varghese.]

ന്മാർ സ്ക്കൂളുകളും അടച്ചുപൂട്ടി കുട്ടികളേയും വഴിതെററിക്കത്തക്ക വിധത്തിൽ, ഇങ്ങനെ പണിമുടക്കിനു പോയതു് ശരിക്കല്ലാ ന്യായീകരിക്കത്തക്കതല്ല. ഒന്നാമതു്, കുട്ടികളുടെ വിദ്യാഭ്യാസം മുടക്കി. രണ്ടാമതു, ആ കുട്ടികൾപോലും ഇതുകണ്ടു പിൻതുടരത്തക്കവിധം സ്ഥിതിഗതികൾ വഷളാക്കി. ഇതു് തീർച്ചയായും ഒരു വലിയ തെററാണു്. അവർ ചെയ്യേണ്ട ഒരു സംഗതി അല്ല ഇതു്.

ആ നടപടികൾ സ്വീകരിക്കാനോ അതു് ശരിയാണെന്നു പറയാനോ ഗവർണ്മെന്റിനു സാദ്ധ്യമല്ല. ആരുടെ എങ്കിലും പ്രേരണ കൊണ്ടോ വാഗ്ദാനം കൊണ്ടോ ആണു് അവർ സ്ട്രൈക്കു നിറുത്തിയതെന്നു് ചില ബഹു. മെമ്പറന്മാർ പറയുന്നതും ശരിയല്ല. ആരാണു അങ്ങിനെ വാഗ്ദാനം കൊടുത്തതു് എന്നെനിക്കു് അറിവില്ല. ഇങ്ങോട്ടു വന്നു പറഞ്ഞവരോടു് എന്തെങ്കിലും ആനുകൂല്യങ്ങൾ ചെയ്യാൻ സാദ്ധ്യമല്ലെന്നു് മാത്രമെ ഗവർമ്മെന്റു് പറഞ്ഞിട്ടുള്ളു. സ്ട്രൈക്കു് നടത്തിയ കാലത്തു് അവരെ വിക്റ്റിമൈസ് ചെയ്യുകയുണ്ടായി എന്നു ചിലർ ഇവിടെ പറഞ്ഞുകേട്ടു. എന്നാൽ വാസ്തവത്തിൽ അവരെ വിക്റ്റിമൈസ് ചെയ്തിട്ടില്ല. സ്ട്രൈക്കു് ചെയ്തകാലത്തു ശമ്പളം കൊടുത്തിട്ടില്ലായെന്നല്ലാതെ അവരെ യാതൊരു തരത്തിലും വിക്റ്റിമൈസ് ചെയ്തിട്ടില്ല.

MR K. A. MATHEW: ഈയിടെ അയച്ച ഒരു ലെററിൽ കാണുന്നതു് ഞാൻ വായിക്കാം.

"The grant for the days of the strike should be cut as a disciplinary action."

HON'BLE MR. T. M. VARGHESE: അതു് തെററാണു്. അധികൃതന്മാർ കാര്യം മനസ്സിലാക്കാതെ അയച്ചതായിരിക്കാം. ഗവർണ്മെന്റു അങ്ങനെ ചെയ്തിട്ടില്ല.

MR P. T. CHACKO: അതു് ബഹു: വിദ്യാഭ്യാസ മന്ത്രിയുടെ അറിവോടുകൂടി അയച്ചതല്ലെന്നാണോ പറയുന്നതു്?

HON'BLE MR. T. M. VARGHESE: ശമ്പളം കൊടുക്കേണ്ടാ എന്നു് വിദ്യാഭ്യാസമന്ത്രിയോ, വിദ്യാഭ്യാസഡയറക്ടരോ തീരുമാനിച്ചു കാണും. അവർ ജോലിക്കു വരാത്തതുകൊണ്ടു ശമ്പളം കൊടുത്തിട്ടില്ലാ എന്നേ ഉള്ളു. അല്ലാതെ ഒരു ശിക്ഷ എന്ന നിലയിൽ ശമ്പളം കൊടുക്കാതിരുന്നിട്ടില്ല.

പിന്നെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യത്തെ പററി പറഞ്ഞു. ഷിഫ്റ്റ് സിസ്ററം ഉള്ളിടത്തു ശമ്പളം കൂട്ടി കൊടുക്കുന്നുണ്ടു.

അതുപോലെ ഷിഫ്ററ് വരുമ്പോൾ എല്ലായിടത്തും ശമ്പളംകൂട്ടി കൊടുക്കുന്നതാണ്. ഇക്കാര്യത്തിൽ ചെയ്യാൻ കഴിവുള്ളതെല്ലാം ഗവണ്മെൻറു ചെയ്യും. ഒരുകാര്യം കൂടി പറയാം. ഗവർണ്മെൻറു നേരിട്ടു നടത്തുന്ന സ്കൂളുകൾക്കു ചെലവാക്കുന്നതിനേക്കാൾ കൂടുതൽ പ്രൈവററു ഏജൻസികൾ നടത്തുന്നതിന് ചെലവാക്കുവാൻ നിവൃത്തിയില്ല.

MR. K. A. MATHEW ഷിഫ്ററ് സിസ്ററം വരാത്തതു് അദ്ധ്യാപകന്മാരുടെ കുററമാണോ?

HON'BLE. MR. T. M. VARGHESE : അതു് പറയാം. ഷിഫ്ററ് ഉണ്ടെങ്കിലേ ൨൫ രൂപാശമ്പളം കൊടുക്കുകയുള്ളു. ഷിഫ്ററ് ഇല്ലെങ്കിൽ ൧൭ രൂപായാണു ശമ്പളം. സാധാരണ അഞ്ചു അദ്ധ്യാപകന്മാർ ആവശ്യമുള്ള ഒരു പള്ളിക്കൂടത്തിൽ ഷിഫ്ററ് ഉണ്ടെങ്കിൽ മൂന്നു അദ്ധ്യാപകന്മാർ മതിയാകും. അതുകൊണ്ടാണു അവർക്ക് ൨൫ രൂപാ കൊടുക്കാൻ കഴിയുന്നതു്. അഞ്ചുപേരുണ്ടെങ്കിൽ ഈ തുക കൊടുക്കാൻ സാദ്ധ്യമല്ല. അതു ന്യായവുമല്ല. ഗവണ്മെൻറു സ്കൂളുകൾ അങ്ങിനെയാണ് നടത്തുന്നതു്. പ്രൈവററ് സ്ക്കൂളുകളിലും ഷിഫ്ററു ഏർപ്പെടുത്തുമ്പോൾ അങ്ങിനെവേണമെന്നു് പറയുന്നതു് ന്യായമായിരിക്കും. സ്ട്രൈക്ക് നിറുത്തി പള്ളിക്കൂടത്തിൽ പഠിത്തം തുടങ്ങിയതിനു ശേഷമുള്ള ശമ്പളം കൊടുക്കുന്നതിന് ഗവർണ്മെൻറിനു് വിരോധമില്ല. അങ്ങനെ കൊടുക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. സ്ട്രൈക്കു നടത്തിയ കാലത്തേക്കു് ശമ്പളം വേണമെന്നു പറയുന്നതിൽ ന്യായമൊന്നുമില്ല. ഫാക്ടറികളിൽ ജോലിചെയ്യാത്തദിവസങ്ങളിൽ ശമ്പളം കൊടുക്കാതിരിക്കുന്നതു പോലെ ഇതിനേയും കണക്കാക്കിയാൽ മതി. ശമ്പളംകൊടുക്കാതെ ഫൈൻ ഈടാക്കുകയാണെങ്കിലെ അതൊരു ശിക്ഷയാവുകയുള്ളൂ.

സ്കൂളുകൾ നടത്തുന്ന കാര്യത്തിലും ഏതെങ്കിലും പ്രത്യേകസമുദായത്തിനു ആനുകൂല്യങ്ങൾ ഉണ്ടാകമെന്നു് ആരും തെററിദ്ധരിക്കേണ്ടതില്ല. ഏതെങ്കിലും സമുദായത്തിന് ആനുകൂല്യങ്ങൾ കൊടുക്കുകയില്ലെന്നു് ഗവണ്മെൻറിനു നിർബന്ധമുള്ളതായും ആരും തെററിദ്ധരിക്കേണ്ടതില്ല. രാജ്യത്തിൻെറ പുരോഗതിക്കാവശ്യമെന്നു തോന്നുന്ന ഒരു വിദ്യാഭ്യാസനയം സ്വീകരിക്കുന്നതിനും അതനുസരിച്ചു് പ്രവർത്തിക്കുന്നതിനും ഗവണ്മെൻറു തീരുമാനിച്ചിരിക്കുകയാണു. ഇക്കാര്യത്തിൽ ആർക്കും യാതൊരാശങ്കക്കും വകയില്ല.

[Hon'ble Mr. T. M. Varghese.]

ഇവിടെയുള്ള ബഹു: മെമ്പറന്മാരെല്ലാവരും ഇക്കാര്യം പ്രത്യേകം മനസിലാക്കി ജനതാമദ്ധ്യത്തിൽ വല്ല തെററിദ്ധാരണയുമുണ്ടെങ്കിൽ അതു നീക്കി കളയുന്നതിന ശ്രമിക്കേണ്ടതാണു്. ഞാൻ ഗുണദോഷിക്കുകയാണെന്നു ധരിക്കരുതു്. അതു എന്റെ ഒരു അപേക്ഷയാണു. ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കുന്നവരും സ്വാധീനശക്തിയുള്ളവരുമായ ബഹു. മെമ്പറന്മാർ പ്രസ്താവനകൾ കൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും മറെറല്ലാവിധത്തിലും വല്ല തെററിദ്ധാരണയും ജനങ്ങൾക്കുണ്ടെങ്കിൽ അതു് തീർക്കുകയാണു് വേണ്ടതു്. അല്ലാതെ ജനങ്ങളുടെ ഇടയിൽ അസമാധാനവും തെററിദ്ധാരണകളും ഇളക്കിവിടുന്ന പ്രസ്താവനകളും വിമർശനങ്ങളും നടത്തരുതെന്നൊരപേക്ഷയുണ്ടു്. എന്റെ അപേക്ഷ നിങ്ങൾ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. നാം ഒരുമിച്ചുപോയാലെ വിദ്യാഭ്യാസം ശരിയായവിധത്തിൽ നടത്താൻ സാധിക്കുകയുള്ളു. സത്യസന്ധതയോടും ആത്മാർത്ഥതയോടും നാം മുമ്പോട്ടുപോയാൽ നമ്മുടെ മാർഗ്ഗം സുഗമമായിരിക്കും. നിചമായ ഊടുവഴികളിൽ കൂടി നടക്കാതെ നാം ഒരുമിച്ചു നേർവഴികളിൽ കൂടി മുമ്പോട്ടു പോയാൽ ജാതിവ്യത്യാസവും മതവ്യത്യാസവും കക്ഷിവ്യത്യാസവും കൂടാതെതന്നെ നമുക്കു് നാം ഉദ്ദേശിക്കുന്ന ദിക്കിൽ എത്തിച്ചേരാൻ സാധിക്കും. ആത്മാർത്ഥതയോടു് കൂടി ഗവണ്മെന്റിനെക്കൊണ്ടു് പ്രവൃത്തിപ്പിക്കാൻ അധികാരവും അവകാശവുമുള്ള ഈ സഭ അതിന്റെ അധികാരങ്ങളും അവകാശങ്ങളും ശരിയായി മനസ്സിലാക്കി അവയെ ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ അതു് രാജ്യത്തോടു ചെയ്യുന്ന അക്ഷന്തവ്യമായ ഒരപരാധമായിരിക്കുമെന്നു ഓർമ്മിപ്പിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

The question that a sum of Rs. 1,93,59,97- be granted under Demand XIII Education was put and carried.

The demand was passed.

DEMAND No. XIV.

HON'BLE MR. K. M. KORAH : യുദ്ധാനന്തരപുനസ്സംവിധാന പദ്ധതി ഉൾപ്പെടെയുള്ള കൃഷിക്കായി ൨൧,൪൯,൭൭൦ രൂപായുടെ ധനാഭ്യർത്ഥന സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

MR P. NANOO : അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറിലേക്കുള്ള ൨൫,൪൯,൭൭൦ രൂപായിൽനിന്നും ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. സർ, നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് ഉപദ്രവകരമായിരിക്കുന്ന ചില കാര്യങ്ങളെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണ് ഞാൻ ഈ ഉപക്ഷേപംകൊണ്ടുദ്ദേശിക്കുന്നതു്. സമയം വളരെ പരിമിതമാകയാൽ അതിൽ പ്രധാനമായ ചില കാര്യങ്ങൾ മാത്രം ഞാൻ ഇവിടെ പ്രസ്താവിക്കാം. നിലം കൃഷിക്കാർക്ക് അടുത്തുള്ള പുരയിടം ഉടമസ്ഥന്മാരിൽ നിന്നും ഉണ്ടാകുന്ന ഉപദ്രവങ്ങളെപ്പററിയാണ് ഞാൻ ആദ്യമായി പറയാമെന്നു വിചാരിക്കുന്നതു്. നിലങ്ങൾക്ക് അടുത്തുള്ള പുരയിടങ്ങളിൽ നിൽക്കുന്ന ചോലവൃക്ഷങ്ങൾ നെൽകൃഷിക്ക് ക്രമത്തിലധികം ദോഷം ചെയ്യുന്നു. സാധാരണയായി നിലങ്ങൾക്കരികിൽ പുരയിടമുടമസ്ഥൻ നട്ടുവളർത്തുന്ന പുന്ന, മാവ്, പ്ലാവ്, പുളി മുതലായ വൃക്ഷങ്ങളുടെ ചോല ഈ സംസ്ഥാനത്തുള്ള നിലങ്ങളുടെ എട്ടിലൊരു ഭാഗമെങ്കിലും കൃഷിക്കുപയോഗമില്ലാത്തതാക്കിത്തീർക്കുന്നുണ്ട്. ഇതിൽനിന്നു രക്ഷപ്പെടാൻ കൃഷിക്കാരന് യാതൊരു മാർഗ്ഗവും ഇല്ലാതെയാണിരിക്കുന്നതു്. പുരയിടം ഉടമസ്ഥന്മാരോട് നിലം കൃഷിക്കാരൻ അപേക്ഷിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാകാറില്ല. നേരേമറിച്ച് അവർ ഈ ചോലവൃക്ഷങ്ങൾ കൂടുതൽ ദിനംപ്രതി എന്നവണ്ണം നട്ടുപിടിപ്പിച്ചുകൊണ്ടുമിരിക്കുന്നു. ഈ മരങ്ങളെ നേരിട്ടു വെട്ടിമുറിക്കുന്നതിനോ, അല്ലെങ്കിൽ പുരയിട ഉടമസ്ഥനെക്കൊണ്ട് മുറിപ്പിക്കുന്നതിനോ പുതിയതായി ചോലമരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനെ തടയുന്നതിനോ കൃഷിക്കാരനെ സഹായിക്കുന്ന യാതൊരു നിയമവും ഇപ്പോൾ ഇല്ലാതെയാണിരിക്കുന്നതു്. വിളവു വർദ്ധിപ്പിക്കണമെന്നു് ഗവൺമെൻറിന് ആഗ്രഹമുള്ളപക്ഷം ഈ ചോലവൃക്ഷങ്ങളിൽ നിന്നും നിലങ്ങളെ രക്ഷിക്കുന്നതിന് കൃഷിക്കാരെ സഹായിക്കുന്ന ഒരു നിയമം ഉണ്ടാക്കേണ്ടതു് ഏററവും അത്യാവശ്യമാണു. ഇപ്പോൾ കൃഷിക്ക് നാശംചെയ്യുന്ന ചോലമരങ്ങൾ മുഴുവൻ (കായ്ഫലം തെങ്ങൊഴിച്ച്) മുറിച്ചുമാററുന്നതിനും മേലാൽ നിലത്തിന്റെ വരമ്പിൽ നിന്നു ൫൦ അടി അകലത്തിൽ മാത്രമേ വൃക്ഷങ്ങൾ നടാവൂ എന്ന് പുരയിടം ഉടമസ്ഥന്മാരെ നിർബന്ധിക്കുന്നതിനും നിയമങ്ങൾ വേണം. ഇങ്ങനെ ചെയ്യുന്നപക്ഷം ഇപ്പോഴുള്ളതിന്റെ എട്ടിലൊന്നു

[Mr. P. Nanoo.]

സ്ഥലം കൂടെ കൂടുതലായി നെൽകൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. അതിപ്രധാനമായ ഈ സംഗതിയിൽ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. അടുത്തതായി എനിക്ക് പറയുവാനുള്ളതു് കരയിൽ നിന്നും ചെളിപ്പുപാഞ്ഞു് കൃഷിയ്ക്കു് നാശം ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ചാണ്, നിലം ഉടമസ്ഥന്മാർക്ക് അവർക്ക് അവകാശമില്ലാത്ത പുരയിടങ്ങളിൽ കയറി ചെളിപ്പിനെ തടയുന്നതിനു നിവൃത്തിയില്ല. പുരയിടം ഉടമസ്ഥന്മാർ അതു തടയുകയുമില്ല. അവരെക്കൊണ്ടു തടയിക്കുന്നതിന് ഇപ്പോൾ നിയമങ്ങളുമില്ല. നിലങ്ങളുടെ അടുത്തായി ചില സ്ഥലങ്ങളിൽ കരത്തോടും മററു പുറമ്പോക്കു സ്ഥലങ്ങളുമുണ്ട്. ഈ പുറമ്പോക്കുസ്ഥലങ്ങളേയും തോട്ടിനേയും അടുത്തുള്ള പുരയിടം ഉടമസ്ഥർ ആക്രമിച്ച് കൈവശപ്പെടുത്തി അവരുടെ ആവശ്യങ്ങൾക്കു ഉപയോഗിക്കുന്നതാണ് പതിവ്. തോടുള്ള സ്ഥലങ്ങളിൽ എവിടെ ചെന്നു നോക്കിയാലും ഈ തോടുകൾ ചേര ഇഴയുന്നതുപോലെ വളഞ്ഞു പുളഞ്ഞ് പോകുന്നതു കാണാം ന്യായരഹിതമായ പ്രവേശനങ്ങൾകൊണ്ടു വെള്ളം നേരെ ഒഴുകിപ്പോകുന്നില്ല പുരയിടം ഉടമസ്ഥന്മാർ തോടും തോട്ടുപുറമ്പോക്കും അപഹരിച്ചെടുക്കുന്നതിൻെറ ഫലമാണിതു്. സെറ്റിൽമെൻറ് അനുസരിച്ച് റിക്കാർട്ടിൽ കാണുന്നതു് മുഴുവനും ഇന്നു എവിടെയെങ്കിലും തോടും തോട്ടുപുറമ്പോക്കുമായി കാണുമോ എന്നു സംശയമാണ്. ഇങ്ങനെ തോടും തോട്ടുപുറമ്പോക്കും കുടികരകൃഷിക്കാരും നിലമുടമസ്ഥന്മാർതന്നെയും അപഹരിച്ചെടുത്തു് വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതുകൊണ്ടും, ചോലകൊണ്ടും, ചെളിപ്പുകൊണ്ടും കൃഷിക്കു വളരെ വലിയ നാശങ്ങളുണ്ടാകുന്നു. ഇതിനൊരു നിവാരണം ഉണ്ടാക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. (ബെൽ)

MR. PRESIDENT: ഡിമാൻഡുകൾ വോട്ടുചെയ്യുന്നതിനുള്ള സമയം കഴിഞ്ഞിരിക്കുന്നു. അതിനാൽ ബാക്കിയുള്ള ഡിമാൻഡുകൾ എല്ലാം പഴയപടി വായിച്ചു പാസ്സാക്കുന്നതാണ്.

The question that a sum of Rs. 21,49,77 be granted under Demand XIV Agriculture including postwar Reconstruction Schemes was put and carried.

The demand was passed.

DEMAND XV—FISHERIES—INCLUDING POSTWAR RECONSTRUCTION SCHEMES.

The question that a sum of Rs, 2,78,731 be granted under Demand XV Fisheries—including Postwar Reconstruction Schemes was put and carried.

The demand was passed.

DEMAND XVI—INDUSTRIES.

The question that a sum of Rs. 2,35,974 be granted under Demand XVI Industries was put and carried.

The demand was passed.

DEMAND XVIII—CO-OPERATIVE DEPARTMENT.

The question that a sum of Rs. 3,20,400 be granted under Demand XVIII Co operative Department was put and carried.

The demand was passed.

DEMAND XIX—UPLIFT OF BACKWARD COMMUNITES INCLUDING POSTWAR RECONSTRUCTION SCHEMES.

The question that a sum of Rs. 4,17,669 be granted under Demand XIX Uplift of Backward Communities including Postwar Reconstruction Schemes was put and carried.

The Demand was passed.

DEMAND XX—VILLAGE UNIONS, PANCHAYATS AND UPLIFT.

The question that a sum of Rs. 35,75,133 be granted under Demand XX Village Unions, Panchayats and Uplift was put and carried.

The Demand was passed.

DEMAND XXI—MEDICAL, AYURVEDA AND PUBLIC HEALTH INCLUDING POSTWAR RECONSTRUCTION SCHEMES.

The question that a sum of Rs. 62,47,971 be granted under Demand XXI—Medical, Ayurveda and Public Health including Postwar Reconstruction Schemes was put and carried.

The Demand was passed

DEMAND XXVI—PUBLIC WORKS DEPARTMENT INCLUDING WATER WORKS, MARAMAT, DRAINAGE, POSTWAR SCHEMES ETC.

The question that a sum of Rs. 1,87,49,065 be granted under Demand XXVI—Public Works Department including Water Works Maramat, Drainage, Postwar Schemes etc. was put and carried.

The Demand was passed.

DEMAND XXVII—ELECTRICITY AND TELEPHONE.

The question that a sum of Rs. 1,89,09,339 be granted under Demand XXVII—Electricity and Telephone was put and carried.

The Demand was passed.

DEMAND XXVIII—ARMY.

The question that a sum of Rs. 64,27,800 be granted under Demand XXVIII—Army was put and carried.

The Demand was passed.

DEMAND XXIX—FOOD AND OTHER CONTROL MEASURES.

The question that a sum of Rs. 10,48,614 be granted under Demand XXIX Food and other Control measures was put and carried.

The Demand was passed.

DEMAND XXX—MISCELLANEOUS.

The question that a sum of Rs. 10,53,944 be granted under Demand XXX Miscellaneous was put and carried.

The Demand was passed.

DEMAND XXXI—POSTWAR RECONSTRUCTION SCHEMES—EXCLUDING AGRICULTURE, EDUCATION, FISHERIES, MEDICAL, PUBLIC HEALTH, PUBLIC WORKS DEPARTMENT, UPLIFT OF BACKWARD COMMUNITIES, AND CERAMIC FACTORY.

The question that a sum of Rs. 4,60,814 be granted under Demand XXXI Postwar Reconstruction Schemes excluding Agriculture, Education, Fisheries, Medical, Public Health, Public Works Department, Uplift of Backward Communities and Ceramic Factory was put and carried.

The Demand was passed.

DEMAND XXXII—CAPITAL ACCOUNTS OUTSIDE THE REVENUE ACCOUNTS.

The question that a sum of Rs. 14,000 be granted under Demand XXXII Capital Accounts outside the Revenue Accounts was put and carried.

The Demand was passed.

DEMAND XXXIII—CAPITAL ACCOUNTS OUTSIDE THE REVENUE ACCOUNTS.

The question that a sum of Rs. 30,000 be granted under Demand XXXIII Capital Accounts outside the Revenue Accounts was put and carried.

The Demand was passed.

DEMAND XXXIV—ANCHAL DEPARTMENT.

The question that a sum of Rs. 11,70,522 be granted under Demand XXXIV Anchal Department was put and carried.

The Demand was passed.

DEMAND XXXV—STATE TRANSPORT SCHEMES.

The question that a sum of Rs. 80,34,621 be granted under Demand XXXV State Transport Scheme was put and carried.

The Demand was passed.

DEMAND XXXVI—CLAY REFINING AND PORCELAIN FACTORY.

The question that a sum of Rs, 13,08,828 be granted under Demand XXXVI Clay Refining and Porcelain Factory was put and carried.

The Demand was passed.

DEMAND XXXVII—CONTRIBUTION TO DISTRESS RELIEF FUND.

The question that a sum of Rs. 1,00,000 be granted under Demand XXXVII contribution to Distress Relief Fund was put and carried.

The Demand was passed.

DEMAND XXXVIII—DEBT HEADS—ADVANCES.

The question that a sum of Rs. 31,40,500 be granted under Demand XXXVIII Debt Heads—Advances was put and carried.

The Demand was passed.

DEMAND XXXIX—DEBT HEADS—ADVANCES.

The question that a sum of Rs. 1,50,000 be granted under Demand XXXIX Debt Heads—Advances was put and carried.

The Demand was passed.

DEMAND XL—DEBT HEADS—LOANS.

The question that a sum of Rs. 1,00,000 be granted under Demand XL Debt Heads—Loans was put and carried.

The Demand was passed.

DEMAND XLI—DEBT HEADS—LOANS INDUSTRIAL LOANS.

The question that a sum of Rs. 50,00,000 be granted under Demand XLI Debt Heads—Loans—Industrial Loans was put and carried.

The Demand was passed.

DEMAND III—STAMPS.

The question that a sum of Rs. 1,80,976 be granted under Demand III Stamps was put and carried.

The Demand was passed.

DEMAND VI—REGISTRATION.

The question that a sum of Rs, 8,37,491 be granted under Demand VI Registration was put and carried.

The Demand was passed.

DEMAND XII—PORTS.

The question that a sum of Rs. 37,541 be granted under Demand XII Ports was put and carried.

The Demand was passed.

DEMAND XVII—GEOLOGICAL DEPARTMENT.

The question that a sum of Rs. 82,618 be granted under Demand XVII Geological Department was put and carried.

The Demand was passed.

DEMAND XXII—STATE CHARITIES.

The question that a sum of Rs. 9,050 be granted under Demand XXII State Charities was put and carried.

The Demand was passed.

DEMAND XXIII CURRENCY AND MINT.

The question that a sum of Rs. 13,644 be granted under Demand XXIII Currency and Mint was put and carried.

The Demand was passed.

DEMAND XXIV - STATIONERY AND PRINTING.

The question that a sum of Rs. 13,48,806 be granted under Demand XXIV Stationery and Printing was put and carried.

The Demand was passed.

DEMAND XXV—MISCELLANEOUS DEPARTMENT.

The question that a sum of Rs. 7,28,618 be granted under Demand XXV Miscellaneous Department was put and carried.

The Demand was passed.

MR. PRESIDENT: മി. പി. എം. വർഗ്ഗീസ് ഇന്നു കാലത്തു പ്രസ്താവിച്ച പത്രപ്രസിദ്ധീകരണത്തെപ്പററി എന്റെ റൂളിംഗ് അടുത്ത സഭ കൂടുന്ന ആഗസ്റ്റ് ൨൪-ാം തീയതി ഞാൻ നല്കുന്നതാണ്. അഫി

ഷ്യൽ ലെജിസ്ലേറ്റിവ് ബിസിനസ്സിന് വച്ചിരുന്ന ആഗസ്റ്റ് ൨൧-ം ൨൨-ം ഒഴിവുദിവസങ്ങളായിത്തീന്നുകൊണ്ടു ആ കാര്യപരിപാടി ആഗസ്റ്റ് ൨൩-ം ൨൪-ം തീയതികളിൽ നടത്തുന്നതായിരിക്കും. നാൺഅഫിഷ്യൽ ബിസിനസ്സ് ൨൫-ാം തീയതിതന്നെ നടത്തുന്നതാണ്.

ഈ സഭ ഇപ്പോൾ പിരിഞ്ഞു് ആഗസ്റ്റ് ൨൫-ാം തീയതി കാലത്തു് ൧൧ മണിക്കു് വീണ്ടും കൂടുന്നതാണ്.

The House ros ate 5-8 P. M.

R. KERALAVARMA THIRUMULPAD
Ag. Secretary to the Legislative Assembly.